
വെട്ടത്തൂർ ഗ്രാമപഞ്ചായത്ത്

ജനകീയാസൂത്രണം

സമഗ്ര വികസന രേഖ



അധികാരം ജനങ്ങളിലേക്ക്

ഒൻപതാം പദ്ധതി ജനകീയ പദ്ധതി

116-7

ഒമ്പതാം പദ്ധതി ജനകീയ പദ്ധതി
വെട്ടത്തൂർ ഗ്രാമപഞ്ചായത്ത്
സമഗ്രവികസന രേഖ



എഡിറ്റർ
സി. അയ്യപ്പൻ മാസ്റ്റർ

എഡിറ്റോറിയൽ ബോർഡ്:

കെ മുഹമ്മദ് എന്ന മമ്മു
വാഴയിൽ രാധ
സി.പി. മുഹമ്മദ് കുട്ടി
ഫാത്തിമായൂസഫ്ഹാജി
പി. വേലായുധൻ
വി. സുലോചന
കെ. ഇബ്രാഹിം
കെ.കെ. കുഞ്ഞഹമ്മദ്ഹാജി
എം.കെ.അബ്ദുൾസത്താർ
കെ. മൊയ്തുട്ടി
എ. അബ്ദുൾഹക്കിം
കല്ലിങ്ങൽ മുഹമ്മദ്
ഒ.പി.സെയ്താലി
കെ.ടി. യൂസഫ്
ടി.എൻ. ഉണ്ണീൻ
എം. ഗോപാലൻ

വികസനരേഖ തയ്യാറാക്കാൻ സഹായിച്ചവർ

ടി. മുഹമ്മദ് കബീർ
പി. അബ്ദുസ്സലാംമാസ്റ്റർ
പി. വേലു
ടി.വി. ഉണ്ണികൃഷ്ണൻ
ടി.കെ. ഹസ്സൻമാസ്റ്റർ
എം. വിജയകുമാർ
പി. സുന്ദരൻ
കെ. റാബിയ
റുഖിയാമ്മ ടീച്ചർ
പി. രാധ
കെ.വി. മുഹമ്മദാലി
കെ.പി.ഉമ്മർ
എ. സത്താർഹാജി
ടി.വി. മുഹമ്മദ് A/S വാപ്പുട്ടി
പി.കെമുഹമ്മദ് A/S മാനു
എം. ഹംസക്കുട്ടി
മാടാമ്പാറമുഹമ്മദ്മാസ്റ്റർ
ബി.രാജഗോപാലൻമാസ്റ്റർ
എം. ചന്ദ്രൻമാസ്റ്റർ
ടി.എം.ആൻറണിമൈക്കിൾ
കെ.ഇ. ഉസ്മാൻമാസ്റ്റർ
സി. സുധാകരൻ
പി.ജെ.കുഞ്ഞിമോൻ
വി. മണികണ്ഠൻ

ഉള്ളടക്കം

- ആമുഖം.
- പഞ്ചായത്ത് പൊതുവിതരണം.
- സാമൂഹ്യസാംസ്ക്കാരികചരിത്രം.
- ഭൂപ്രകൃതി, ജനപ്രകൃതി, ജലവിഭവം.
- സാമൂഹ്യ - സാമ്പത്തിക മേഖലകൾ.
  - *കൃഷിയും ജലസേചനവും.*
  - *മൃഗസംരക്ഷണവും, മത്സ്യബന്ധനവും.*
  - *വ്യവസായം.*
  - *വിദ്യാഭ്യാസം.*
  - *കുടിവെള്ളം, പൊതുജനാരോഗ്യം.*
  - *ഗതാഗതം, ഊർജ്ജം, മാർക്കറ്റ്.*
  - *പാർപ്പിടം, സാമൂഹ്യക്ഷേമം.*
  - *സംസ്കാരം.*
  - *വനിത.*
  - *സഹകരണം.*
  - *പട്ടികജാതി, പട്ടികവർഗ്ഗക്ഷേമം.*
  - *വിഭവസമാഹരണം.*
  - *ടൂറിസം.*
- ഉപസംഹാരം.

മുൻ സാരഥികൾ



പി.മാനവേദതിരുമുൽപ്പാട്
(പ്രഥമപ്രസിഡണ്ട്)



ബാലയിൽ അബ്ദുമാസ്റ്റർ
(മുൻപ്രസിഡണ്ട്)




പി. മുഹമ്മദാലിഹാജി
(മുൻപ്രസിഡണ്ട്)



സി. കണ്ണൻ
(മുൻ പ്രസിഡണ്ട്)

ഭരണസമിതി അംഗങ്ങൾ



കാരാടൻമുഹമ്മദെന്ന മമ്മു
(പ്രസിഡണ്ട്)




വാഴയിൽ രാധ
(വൈസ് പ്രസിഡണ്ട്)



സി.പി.മുഹമ്മദ്കുട്ടി
(സ്റ്റാൻറിങ്ങ് കമ്മിറ്റി ചെയർമാൻ)



ഫാത്തിമായൂസഫ്ഹാജി
(മെമ്പർ)




പി.വേലായുധൻ
(മെമ്പർ)




വി.സുലോചന
(മെമ്പർ)



കെ.ആയിഷ
(മെമ്പർ)



കെ.ഇബ്രാഹിം
(മെമ്പർ)



കെ.കെ.കുഞ്ഞഹമ്മദ് ഹാജി
(മെമ്പർ)



എം.കെ.അബ്ദുൾസത്താർ
(മെമ്പർ)



അധികാരം ജനങ്ങളിലേക്ക്

പഞ്ചായത്ത് കൺവീനർ :-
കെ. മൊയ്തുട്ടി, വെട്ടത്തൂർ.

ആമുഖം

ഇന്ത്യ 1947ൽ സ്വാതന്ത്ര്യം നേടി. 1960കളിൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ രാജ്യത്തുടനീളം നിലവിൽ വന്നു. അക്കൂട്ടത്തിൽ തന്നെ നമ്മുടെ പഞ്ചായത്തും രൂപം കൊണ്ടു. കാര്യവട്ടം, വെട്ടത്തൂർ വില്ലേജുകൾ ഉൾപ്പെടുന്ന നമ്മുടെ പഞ്ചായത്ത് പാലക്കാട് ജില്ലയിൽപ്പെട്ടതായിരുന്നു. എന്നാൽ 1969ൽ മലപ്പുറം ജില്ല രൂപികരണത്തോടെ ഈ പഞ്ചായത്ത് മലപ്പുറം ജില്ലയുടെ ഭാഗമായിത്തീർന്നു.

ഇന്ത്യയുടെ ആത്മാവ് കുടികൊള്ളുന്നത് ഗ്രാമങ്ങളിലാണെന്നും അവയുടെ പുരോഗതിയിലൂടെ മാത്രമേ രാജ്യത്തന്റെ വികസനം പൂർത്തിയാവൂ എന്നുമുള്ള തിരിച്ചറിവ്, രാഷ്ട്രപിതാവായ മഹാത്മജിയുടെ ജീവിതം ഗ്രാമസ്വരാജിന് വേണ്ടി സമർപ്പിക്കാൻ പ്രേരിപ്പിച്ചു.

എന്നാൽ 1960 കളിൽ രൂപം കൊണ്ട പഞ്ചായത്ത്രാജ് സ്ഥാപനങ്ങൾ രാഷ്ട്രപിതാവിന്റെ വിഭാവനക്കനുസൃതമായിരുന്നില്ല. കാരണം. ആവശ്യമായ അധികാരങ്ങളോ. വിഭവങ്ങളൊ, പഞ്ചായത്തുകൾക്ക് നൽകിയിരുന്നില്ല.

ഇതിനൊരു പരിഹാരം വേണമെന്ന് ആഗ്രഹിക്കുകയും തുടക്കം കുറിക്കുകയും ചെയ്തത് അന്തരിച്ച നമ്മുടെ മുൻ പ്രധാനമന്ത്രി രാജീവ് ഗാന്ധിയായിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ മരണശേഷം അധികാരമേറ്റ കേന്ദ്രസർക്കാർ ഭരണഘടനയുടെ 73, 74 ഭേദഗതികൾ 1993 ൽ പാസ്സാക്കിയെടുത്ത് ഇന്നത്തെ ഗ്രാമപഞ്ചായത്തുകൾക്ക് രൂപം നൽകി.

കേരളത്തിന്റെ കേന്ദ്രസർക്കാർ പാസ്സാക്കിയ ഈ ബില്ല് നിയമമാക്കുന്നതിനു വേണ്ടി 1994 ന്റെ ആദ്യപകുതിയിൽ, കേരള നിയമസഭ പുലരുവോളം ചേർന്ന് പുലർച്ചെ 4.30ന് പാസ്സാക്കുകയുണ്ടായി. എന്നാൽ പദ്ധതി നടത്തിപ്പിൽ മാത്രം പോരാ, ആസൂത്രണത്തിലും ജനങ്ങൾക്ക് പങ്കാളിത്തം വേണമെന്ന കാഴ്ചപ്പാട്, കേരളത്തിൽ 'ഒമ്പതാംപദ്ധതി ജനകീയ പദ്ധതി' യാക്കാൻ സർക്കാർ തീരുമാനിച്ചു. ഇതിന്റെ വെളിച്ചത്തിൽ 'അധികാരം ജനങ്ങളിലേയ്ക്ക് എന്ന സർക്കാരിന്റെ ആശയം നടപ്പിലാക്കാൻ, ജനകീയാസൂത്രണ പ്രസ്ഥാനത്തിന് നമ്മുടെ പഞ്ചായത്തിലും തുടക്കം കുറിച്ചിരിക്കയാണ്.

ജനകീയാസൂത്രണത്തിന്റെ പ്രസക്തി

ദരിദ്രരും സാധാരണക്കാരുമായ ജനങ്ങളുടെ ഉന്നമനത്തിനായി രൂപപ്പെടുത്തുന്ന പദ്ധതികൾ വിജയിക്കണമെങ്കിൽ അവയുടെ രൂപീകരണത്തിലും നിർവ്വഹണത്തിലും ജനപങ്കാളിത്തം ഉണ്ടായേ മതിയാവൂ എന്ന കാഴ്ചപ്പാട് നമ്മെ ജനകീയ ആസൂത്രണ പ്രസ്ഥാനത്തിലേക്ക് നയിക്കുന്നു.

സംസ്ഥാനത്തിന്റെ ആസൂത്രണ പ്രക്രിയയിൽ ഒരു പുതിയ വെളിച്ചം പരത്തി കൊണ്ട് ജനപങ്കാളിത്തം ഉറപ്പു വരുത്തികൊണ്ടുള്ളതായിരിക്കണം കേരളത്തിന്റെ ഒമ്പതാം പദ്ധതിയെന്ന് സംസ്ഥാന ആസൂത്രണ സമിതിയും, സർക്കാരും തുരുമാനിച്ചതിന്റെ ഭാഗമായി നമ്മുടെ ഒമ്പതാം പദ്ധതി, ജനകീയ പദ്ധതിയായി രൂപപ്പെടാൻ പോവുകയാണ്.

ഈ പുതിയ വികസന കാഴ്ചപ്പാടിന്റെ ഭാഗമായി "ഒന്നും ശരിയാവില്ല" എന്ന വികലചിന്തയും മനോഭാവവും ജനങ്ങളിൽ നിന്ന് മാറ്റിയെടുത്ത്, പ്രതീക്ഷയും വിശ്വാസവും ഒരു പുതിയ ദിശാബോധവും വളർത്തിയെടുക്കുവാൻ പര്യാപ്തമായേക്കാവുന്ന വിധത്തിൽ നമ്മുടെ മുമ്പിൽ ഒമ്പതാം പദ്ധതിയും ജനകീയാസൂത്രണ പ്രസ്ഥാനവും വന്നു നിൽക്കുന്നു.

ഒമ്പതാം പദ്ധതിയുടെ 35-40 ശതമാനം തുക താഴെതട്ടുകളിൽ ആസൂത്രണം ചെയ്ത് നടപ്പാക്കുന്ന വിധത്തിലായിരിക്കണം എന്ന സർകാരിന്റെ തീരുമാനത്തിന്റെ ഭാഗമായി, ഒരു വലിയ പ്രവർത്തനത്തിന്റെ ഭാരിച്ച ഉത്തരവാദിത്തം ഇന്നു ഗ്രാമത്തെ സ്നേഹിക്കുന്ന, നാടിനെ സ്നേഹിക്കുന്ന നമ്മുടെ ചുമലിലാണ്.

ജനകീയാസൂത്രണ പ്രസ്ഥാനം, അധികാരവിശേന്ദ്രീകരണം യാഥാർത്ഥമാക്കുന്നതിനുള്ള ജനകീയ മുന്നേറ്റമാണ്. ഈ പ്രസ്ഥാനത്തിന്റെ പ്രഥമ പ്രവർത്തന ഘട്ടമായ വിശേഷ ഗ്രാമസഭകളിലെ വലിയ പങ്കാളിത്തം ഈ പ്രസ്ഥാനത്തിന്റെ വിജയത്തെ സൂചിപ്പിക്കുന്നു

ആസൂത്രണത്തിന്റെ രീതി

വസ്തുതകളിലെ അടിസ്ഥാനത്തിൽ മാത്രമെ ആസൂത്രണം സാദ്ധ്യമാകൂ. ഇതിനുള്ള ഈ ശരിയായ രീതി സർവ്വേകളും പഠനങ്ങളുമാ് ഇത്തരം പ്രവർത്തനങൾക്ക് സമയം കിട്ടാത്തതുകൊണ്ട് നിലവിൽ വിവിധ സ്രോതസ്സുകളിൽ നിന്ന് ലഭ്യമായ വസ്തുതകളെ അടിസ്ഥാനമാക്കി നമ്മുടെ പഞ്ചായത്തിന്റെ വികസന പ്രശ്നങ്ങളുടെ ആഴം അളന്നു തിട്ടപ്പെടുത്തി ഈ പ്രവർത്തനവും കാര്യക്ഷമമായിത്തന്നെ നടത്തുവാൻ നമ്മുക്ക് കഴിഞ്ഞിരിക്കുന്നു.

ഇതിനു പുറമെ നമ്മുടെ പഞ്ചായത്തിന്റെ ഭൂപ്രകൃതിയിൽ സ്ഥല ജല സസ്യ വിഭവങ്ങളും മൺതരങ്ങളും അടറിയുന്നതിന്ന് പഞ്ചായത്തിന്റെ കിഴക്കൻ അതിർത്തിയിൽ നിന്ന് പടിഞ്ഞാറെഅതിർത്തിയിലേക്ക് മലയും കുന്നും തോടും സമതലങ്ങളും താണ്ടി നാം നടത്തിയ പഠനപര്യടനം നമ്മുടെ പഞ്ചായത്തിന്റെ യഥാർത്ഥ ചിത്രം നമ്മുക്ക് ലഭ്യമാക്കിയിരിക്കുന്നു.

കൂടാതെ ഏതൊരു പ്രദേശത്തിന്നും അതിന്റെതായ സാമൂഹിക സാംസ്കാരിക ചരിത്രത്തനിമയുണ്ടാവുമെന്നും ഇവ ആ പ്രദേശത്തിന്റെ വികസനത്തിൽ ചെലുത്തിയ സ്വാധീനശക്തി അറിയുന്നതിനുള്ള മാർഗ്ഗം നമ്മെ, നമ്മുടെ ചരിത്രപഠനത്തിലേക്ക് നയിക്കുന്നു. അതിനായി പഴയ

കാരണവന്മാരോടുള്ള അഭിമുഖം വിവിധ പ്രസിദ്ധീകരണങ്ങളിൽ നിന്ന് ലഭിച്ച വിവരണങ്ങൾ എന്നിവ ശേഖരിച്ച് , ക്രോഡീകരിച്ച് നാം നമ്മുടെ പഞ്ചായത്തിന്റെ ചരിത്രം തയ്യാറാക്കിയിരിക്കുന്നു. ഈ ചരിത്ര പഠനം ഭാവിതലമുറയ്ക്ക് ഉപകരിക്കും എന്ന് നമ്മുക്കാശിക്കാം.

വികസന സെമിനാർ

നമ്മുടെ പഞ്ചായത്തിന്റെ ഇനയുള്ള പദ്ധതികൾ രൂപപ്പെടുത്തുന്നതിനുള്ള അടിസ്ഥാന രേഖയാണ് വികസന സെമിനാറിൽ അവതരിപ്പിക്കുന്ന വികസന റിപ്പോർട്ട്. ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ പ്രഥമ ഉൽപ്പന്നവും ഈ റിപ്പോർട്ടു തന്നെ.

വെട്ടത്തൂർ ഗ്രാമപഞ്ചായത്തിന്റെ സമഗ്ര വികസന യത്നത്തിൽ നിസ്വാർത്ഥരായ പ്രവർത്തിക്കുവാനും നടപ്പാക്കാനും തിരല്ലെടുക്കപ്പെട്ട ജനപ്രതിനിധികൾക്കൊപ്പം കൈകോർത്ത് പ്രവർത്തിക്കാൻ മുതോട്ട് വന്ന നാം ഓരോരുത്തരും നമ്മുടെ കർത്തവ്യം തികഞ്ഞ പ്രതിബദ്ധതയോടെ നിർവഹിക്കാം എന്ന ദൃഢപ്രതിജ്ഞയോടെ ഈ വികസനറിപ്പോർട്ടിനെ സ്വീകരിക്കാം. – നമ്മുക്ക് മുന്നേറാം.

പഞ്ചായത്തിന്റെ പൊതു വിവരണം

പഞ്ചായത്തിന്റെ പേര്	:	വെട്ടത്തൂർ ഗ്രാമപഞ്ചായത്ത്
ഉൾപ്പെടുന്ന വില്ലേജുകൾ	:	കാര്യവട്ടം, വെട്ടത്തൂർ
ബ്ലോക്ക് പഞ്ചായത്ത്	:	പെരിന്തൽമണ്ണ
താലൂക്ക്	:	പെരിന്തൽമണ്ണ
ജില്ല	:	മലപ്പുറം
അസംബ്ലി മണ്ഡലം	:	പെരിന്തൽമണ്ണ
പാർലിമെന്റ് മണ്ഡലം	:	പൊന്നാനി
വിസ്തീർണം	:	35.84 സ്കയർ കി.മി
അതിരുകൾ	:	വടക്ക് : അലനെല്ലൂർ, മേലാറ്റൂർ, കീഴാറ്റൂർ പഞ്ചായത്തുകൾ കിഴക്ക് : ചാവിലിത്തോട്, അലനെല്ലൂർ പഞ്ചായത്ത് തെക്ക് : താഴേക്കോട് പഞ്ചായത്ത്, പെരിന്തൽമണ്ണ മുനിസിപ്പാലിറ്റി പടിഞ്ഞാറ് : കീഴിറ്റൂർ,അങ്ങാടിപ്പുറംപഞ്ചായത്ത്, പെരിന്തൽമണ്ണ മുനിസിപ്പാലിറ്റി
ജനസംഖ്യ	:	23825
പുരുഷന്മാർ	:	11690
സ്ത്രീകൾ	:	12135
ജനസാന്ദ്രത	:	665
സാക്ഷരത	:	90 ശതമാനം
വാർഡുകൾ	:	10
പ്രസിഡണ്ടിന്റെ പേര്	:	കെ. മുഹമ്മദ് എന്ന മമ്മു
വൈസ് പ്രസിഡണ്ടിന്റെ പേര്	:	വാഴയിൽ രാധ
സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ	:	സി.പി.മുഹമ്മദ്കുട്ടി

സാമൂഹികസാംസ്ക്കാരിക ചരിത്രം

വെട്ടിപ്പിടിച്ചെടുത്ത ഊര് വെട്ടത്തൂരായി അറിയപ്പെടാൻ തുടങ്ങി എന്നാണ് പറയപ്പെടുന്നത്. വള്ളുവക്കോനാതിരിക്ക് ഇവിടുത്തെ ഭരണാധികാരികളായിരുന്ന മൂസ്സത്മാരിൽ നിന്ന് കപ്പം കിട്ടാതായി. തൃശൂരിൽ നിന്നും പണി അന്വേഷിച്ചെത്തിയ നായർ പടയാളികൾക്ക് ഈ പ്രദേശത്തെ മൂസ്സത്മാരിൽ നിന്നു കപ്പം പിരിക്കുന്ന ചുമതല ഏൽപിച്ചുവെന്നും എതിർത്തുനിന്ന മൂസ്സത്മാരുടെ തലവെട്ടി ദിവസേന ഒന്നു വീതം വെള്ളുവക്കോനാതിരിക്ക് അയച്ചുകൊടുക്കുകയും ചെയ്തുവെന്നും ഏഴാമത്തെ തലവെട്ടിയ സ്ഥലത്തിനെയാണ് ഇന്ന് ഏഴുതലയെന്നറിയപ്പെടുന്നതെന്നും പറയപ്പെടുന്നു. കപ്പം നൽകാതിരുന്ന മൂസ്സത്മാരെ കീഴ്പെടുത്തിയ നായർ പടയാളികൾക്ക് രാജാവ് ഈ പ്രദേശത്തെ ഭരണച്ചുമതല എൽപിച്ചുകൊടുത്തുവെന്നും അവരുടെ പിൻതലമുറക്കാരാണ് പിന്നീട് ഇവിടം വാണിരുന്ന പാതാരിനായന്മാർ എന്നുമാണ് പറയപ്പെടുന്നത്.

ഇവരുമായുള്ള ബന്ധുതയുടെ അടിസ്ഥാനത്തിലും മറ്റുമായി ഈ പ്രദേശത്തിന്റെ ജൻമികളായിവന്നത് മണ്ണാർമലകോവിലകം, കുതിരവട്ടത്ത് കോവിലകം, തളിപ്പറമ്പ് ദേവസ്വം, ആയിരം നാഴി കോവിലകം, തൃക്കീരി മന, RM പാലാട്ട് മഠപ്പുറം ദേവസ്വം എന്നിവരാണ്. ഭൂസ്വത്തുക്കളിൽ 90 ശതമാനവും ഇത്തരം ജന്മികുടുംബങ്ങളുടെ അധീനതയിലായിരുന്നു. 1970-ൽ കേരള നിയമസഭ പാസ്സാക്കിയെടുത്ത ഭൂപരിഷ്ക്കരണ നിയമം ബഹുഭൂരിപക്ഷം വരുന്ന സാധാരണ ജനവിഭാഗത്തെ ഭൂസ്വത്തുക്കളുടെ ഉടമകളാക്കി മാറ്റി. ഭൂബന്ധങ്ങളിൽ വന്ന ഈ മാറ്റം സാമൂഹ്യജീവിതത്തിലും കാര്യമായ മാറ്റങ്ങൾ വരുത്തി.

1921 ലെ ഖിലാഫത്ത് പ്രസ്ഥാനത്തിൽ പങ്കാളികളായ ഒട്ടധികം പേർ ഈ പഞ്ചായത്തിലുണ്ട്. എടുത്തു പറയത്തക്ക അനിഷ്ടസംഭവങ്ങളൊന്നും ഇവിടെ ഉണ്ടായിട്ടുള്ളതായി അറിവില്ല. അന്നത്തെ സംഭവങ്ങളെ സംബന്ധിച്ച് പ്രതിപാദിക്കാൻ കഴിവുള്ള ചേലപ്പറമ്പത്ത് കൃഷ്ണൻ നമ്പൂതിരി (മൂസ്സ് നമ്പൂതിരി), പള്ളിമറിയക്കുട്ടി തുടങ്ങിയ ധാരാളം പേർ ഇന്നും ജീവിച്ചിരിപ്പുണ്ട്.

1921-ൽ സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി നടത്തിയ ലഹളകളിൽ പങ്കെടുത്ത് വെല്ലൂർ ജയിലിലും, വിയ്യൂർ ജയിലിലും, നാട് കടത്തപ്പെട്ട് അന്തമാൻ കാരാഗൃഹങ്ങളിലും കഴിയേണ്ടി വന്ന ഒട്ടേറെ സ്വാതന്ത്ര്യസമരസേനാനികൾ ഇവിടെ ഉണ്ടായിരുന്നിട്ടുണ്ട്. അക്കാലത്ത് വെള്ളപ്പട്ടാളത്തിന്റെ നോട്ടപ്പുള്ളി യായി എന്നെന്നേക്കുമായി നാടുവിട്ടോടിയ ഒരു മഹൽ വ്യക്തിയാണ് ബഹുഃ കാരാടൻ അഹമ്മത് മുസ്ല്യാർ. പിൽക്കാലത്ത് തൃശ്ശിനാപ്പള്ളിയിലെ പെരുമ്പല്ലൂർ ആസ്ഥാനമായി മദ്രസ "സ്വിറാത്തുൽ മുസ്തകീം" എന്ന ഒരു സ്ഥാപനം അദ്ദേഹം സ്ഥാപിക്കുകയുണ്ടായി. തന്റെ ജീവിതം മുഴുവൻ പ്രസ്തുത സ്ഥാപനത്തിനു വേണ്ടിയും അഗതികളേയും അനാഥകളേയും സംരക്ഷിക്കുന്നതിനുവേണ്ടിയും അദ്ദേഹം ഉഴിഞ്ഞുവെക്കുകയായിരുന്നു.

1921-ലെ ലഹളക്കാലത്ത് പോലും ഹിന്ദു മുസ്ലീം ഐക്യത്തിനുവേണ്ടി മുന്നിൽ നിന്നുപ്രവർത്തിച്ചവരായിരുന്നു പുത്തങ്ങോട്ട് മമ്മത് ഹാജി, കാരാടൻ അഹമ്മദ് മുസ്ല്യാർ, ഉണ്ണീൻകുട്ടി ഹാജി തുടങ്ങിയവർ.

തേലക്കാട് ആലക്കുന്നും അതിനു പരിസരത്തുള്ള അയിർമടകളും അതുപോലെത്തന്നെ വെട്ടത്തൂരിലെ ഇരുമ്പനോടും നിരന്ന പറമ്പിലെ അയിർമടകളും പഴയകാലചരിത്രത്തിന്റെ മൂകസാക്ഷികളാണ്. തേലക്കാട്ടെ അയിർമടകളിൽ നിന്ന് പാറകൾ കുഴിച്ചെടുത്ത് ചൂടാക്കി ഇരുമ്പ് എടുത്ത് ആയുധങ്ങൾ ഉണ്ടാക്കിയിരുന്നുവത്രെ. അങ്ങിനെ ആ പ്രദേശത്തിന് ആലക്കുന്ന് എന്ന പേരും നിരന്നപറമ്പിലെ അയിർ മടകളിൽ നിന്നു പാറകുഴിച്ചെടുത്ത് ചൂടാക്കി ഇരുമ്പ് എടുത്ത് ആയുധങ്ങൾ ഉണ്ടാക്കിയിരുന്ന സ്ഥലത്തിനു ഇരുമ്പനോട് എന്നും പേര് പറയപ്പെടുന്നു. പ്രസ്തുത രണ്ട് പ്രദേശങ്ങളിലെ മണ്ണ് ഇന്നും കറുത്തു കാണുന്നു.

അതുപോലെതന്നെ വെട്ടത്തൂരിലെ തെക്കെഅതിർത്തിയിലുള്ള മലയടിവാരാളിൽ നന്നങ്ങാടി ത്തൊട്ടികളും ധാരാളമായി കണ്ടു വരുന്നു. ഇത് പഴയ കാല ശവ സംസ്ക്കാര രീതിയായിരുന്നുവെന്നാണ് പറയപ്പെടുന്നത്.

വെട്ടത്തൂരിൽ ആദ്യത്തെ പഞ്ചായത്ത് ബോർഡ് നിലവിൽ വരുന്നത് 1963 ലാണ്. അന്ന് പാലക്കാട് ജില്ലയുടെ ഭാഗമായിരുന്നു വെട്ടത്തൂർ പഞ്ചായത്ത്. മലുറം ജില്ലാരൂപീകരണത്തോടെയാണ് മലുറം ജില്ലയുടെ ഭാഗമാകുന്നത്. പഞ്ചായത്തിന്റെ ആദ്യ പ്രസിഡണ്ടായി ഇ.പി.മാനദേവൻ തിരുമുൽപ്പാട് തെരെഞ്ഞെടുക്കപ്പെട്ടു. അംഗങ്ങൾ 1. പി.അബ്ബു 2. കെ.വെള്ളൂർ 3. ബി.മുഹമ്മദ് 4. പി.മാനദേവൻ തിരുമുൽപ്പാട്. 5. പി. മുഹമ്മദാലിഹാജി 6. പി.മുഹമ്മദ് സാദിഖ് 7. കെ.പി.കുഞ്ഞിതങ്ങൾ 8. ടി.എം. ശാരദ (വനിത) ബി.മുഹമ്മദ് രാജി വെച്ച ഒഴിവിൽ കെ.പി.മൊയ്തുട്ടിമാനും കെ.പി.കുഞ്ഞിതങ്ങൾക്കു പകരം ടി.എൻ. ആലുഹാജിയും തെരെഞ്ഞെടുക്കപ്പെട്ടു. 79 വരെ ഈ പഞ്ചായത്ത് ഭരണസമിതി നില നിന്നു.

അടുത്ത പഞ്ചായത്ത് തെരെഞ്ഞെടുപ്പിൽ നാലാം വാർഡിൽ നിന്ന് പി.അബ്ബുള്ള പ്രസിഡണ്ടായി. അംഗങ്ങൾ 1. മുഹമ്മദാലി 2. അബ്ബുൾ ബഷീർ കുണ്ടുകാട്ടുപാറക്കൽ 3. മുഹമ്മദ് എന്ന കുഞ്ഞാപ്പഹാജി 4 മുഹമ്മദ് എന്ന ബാപ്പു കാപ്പുങ്ങൾ 5. വെളുത്തക്കൻ കാപ്പുങ്ങൾ 6. മുഹമ്മദാലിഹാജി പുത്തങ്ങോട് 7. പി.കെ. ഇയ്യാത്തുട്ടി അബ്ബുള്ള പ്രസിഡണ്ട് സ്ഥാനം രാജി വെച്ചതിനെ തുടർന്ന് മുഹമ്മദാലിഹാജി പ്രസിഡണ്ടായി തെരെഞ്ഞെടുക്കപ്പെട്ടു.

പിന്നീട് നടന്ന തെരെഞ്ഞെടുപ്പിൽ എട്ടാം വാർഡിൽ നിന്ന് തെരെഞ്ഞെടുക്കപ്പെട്ട മുഹമ്മാലിഹാജി വ ീണ്ടും പ്രസിഡണ്ടായി തെരെഞ്ഞെടുക്കപ്പെട്ടു. അംഗങ്ങൾ 1. കെ.പി.ഉമ്മർ 2. എം. മുഹമ്മദ് മുസ്തഫ 3. സി.കണ്ണൻ 4. കെ.അബ്ബുള്ള ഹാജി 5. കെ. വാസുദേവൻ 6. സയ. ആസ്യ 7. കെ.കെ.കുഞ്ഞഹമ്മദാജി 8. പി.കെ. ഇയ്യാത്തുട്ടി മുഹമ്മദാലിഹാജിയുടെ മരണശേഷം

സി.കണ്ണൻ പ്രസിഡണ്ടായി

ഇപ്പോൾ നിലവിലുള്ള പഞ്ചായത്ത് 1995 ഒക്ടോബറിൽ കെ. മുഹമ്മദ് എന്ന മമ്മു പ്രസിഡണ്ടായി അധികാരമേറ്റു. അംഗങ്ങൾ 1. ഫാത്തിമ യൂസഫ് ഹാജി 2. പി. വേലായുധൻ 3. സി.പി.മുഹമ്മദ് കുട്ടി 4. വി. സുലോചന 5. കെ. ആയിഷ 6. കെ. ഇബ്രാഹീം 7. കെ.കെ കുഞ്ഞഹമ്മദാജി 8. എം.കെ.അബ്ദുൾസത്താർ 9. വാഴയിൽ രാധ

കാപ്പുങ്ങൾ സെയ്താലികുട്ടി എന്ന ബാപ്പുഹാജി സംഭാവനയായി നൽകിയ സ്ഥലത്തു നിർമ്മിച്ച ഇപ്പോഴുള്ള പഞ്ചായത്തു കെട്ടിടം 1970ൽ അവുകാദർകുട്ടി നഹാ സാഹിബ് ഉതരഘാടനം ചെയ്തു. ഈ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നത് വരെ വെട്ടത്തൂരിലെ കെ.ഇ.മൊയ്തുപ്പഹാജിയുടെ കെട്ടിടത്തിലും അതിനു മുമ്പ് കെ.കെ.കുഞ്ഞാലൻ ഹാജിയുടെ കെട്ടിടത്തിലുമാണ് ഓഫീസ് പ്രവർത്തിച്ചിരുന്നത്. പിന്നീട് ഷോപ്പിംങ്ങ് കോംപ്ലക്സും സാംസ്കാരിക നിലയും സ്ഥാപിച്ചു. അക്വസിഷൻ വഴി പൊതു ശ്മശാനത്തിന് സ്ഥലം വാങ്ങിയെങ്കിലും ഇത് വരെ അതിന് ലൈലസൻസ് ലഭ്യമായിട്ടില്ല.

ടിപ്പുസുൽത്താൻ റോഡിന്റെ ഭാഗമായ കാര്യവട്ടം അലനെല്ലൂർ റോഡ് ഗതാഗത യോഗ്യമാക്കുന്നതിന്റെ ആദ്യപടിയായി കലുങ്ങുകളും പാലവും നിർമ്മിക്കുന്നതും മെറ്റലിംഗ് നടക്കുന്നതും പഞ്ചായത്ത് രൂപീകരണത്തിന് ശേഷമാണ്. ടിപ്പു സുൽത്താന്റെ സ്മാരകങ്ങളെറോണം റോഡിന്റെ ഇരുഭാഗങ്ങളിലുമുണ്ടായിരുന്ന മരങ്ങൾ മുറിച്ചു കൊണ്ടാണ് പ്രസ്തുത പണിക്കുള്ള തുക കണ്ടെത്തിയത്.

ഗതാഗതം, വിദ്യാഭ്യാസം, ആരോഗ്യം സാംസ്കാരിക രംഗം, ബാങ്കിംഗ് തുടങ്ങിയ മേഖലകളിൽ ഈ പ്രദേശത്തിന്റെ പുരോഗതിക്കു വേണ്ടി മുൻകൈ എടുത്തു പ്രവർത്തിച്ച സംഘടനകളും വ്യക്തികളും ഏരെയാണ്. 3 ഏക്കർ സ്ഥലവും ഇരുപത്തിഅയ്യായിരം രൂപയും നൽകി കൊണ്ട് കെ.കെ.കുഞ്ഞാലൻഹാജിയും പി.മുഹമ്മദാലി ഹാജിയും സ്പോൺസർ മാരായി വെട്ടത്തൂരിൽ ഹൈസ്ക്കൂളും ഒരു ഏക്കർ സ്ഥലം നൽകി കൊണ്ട് ഗവ: ദറുൽ ഡിസ്പൻസറിയും നമുക്ക് സ്ഥാപിച്ചെടുക്കാൻ കഴിഞ്ഞത് സന്നദ്ധതയുടെ ഉദാത്ത മാതൃകകളാണ്. 75000 രൂപ സർക്കാറിൽ കെട്ടിവെച്ച് കംപ്യൂട്ടർ എഡുക്കേഷൻ വെട്ടത്തൂർ ഹൈസ്ക്കൂളിൽ കൊണ്ടു വരുന്നതിലും പഞ്ചായത്തിലെ ജനങ്ങൾ ഈ സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. ചെറുതും വലുതുമായ ഇതു പോലെയുള്ള ഒട്ടേറെ ശ്രമങ്ങളിലുടെയാണ് മിക്ക വിദ്യാലയങ്ങളും ബാലവാടികളും ഗ്രന്ഥശാലകളും ഉണ്ടായത്.

വെട്ടത്തൂരിലേക്ക് ബസ്സ് റൂട്ട് അനുവദിക്കുന്നതിലും റോഡ് PWD ഏറ്റെടുത്ത് ടാർ ചെയ്യുന്നതിനും കറന്റ് കണക്ഷൻ ലഭ്യമാക്കുന്നതിനും വെട്ടത്തൂരിന് സ്വന്തമായി ഒരു സഹകരണ ബാങ്ക് ക്ഷീരസംഘം എന്നിവ ഉണ്ടാക്കുന്നതിനും മുൻകൈയെടുത്ത വെട്ടത്തൂർ ഡവലപ്മെന്റ് കൗൺസിലിന്റെ പ്രവർത്തനം സന്നദ്ധസംഘടനാ പ്രവർത്തനത്തിന് ഒരു മാതൃകയാണ്. ഇത്തരം പ്രവർത്തനങ്ങളുടെ മുന്നിൽ

നിന്നിരുന്നത് ദിവംഗതരായ ടി. മൊയ്തു മാസ്റ്റർ, കെ. ഹംസഹാജി, പി.മുഹമ്മദാലി ഹാജി എന്നിവരായിരുന്നു.

എഴുപതുകളിൽ പള്ളികുത്ത് മണ്ണാർമല വെട്ടത്തൂർ എന്നിവടങ്ങളിൽ രൂപീകൃതമായ മഹിളാസമാജങ്ങളാണ് ഈ പ്രദേശങ്ങളിലെ ബാലവാടികൾ സ്ഥാപിച്ചത്. കുഞ്ഞീരുച്ചറ്റീച്ചർ, പാത്തുമ്മ ടീച്ചർ, പി.കെ.ഇയ്യാത്തുട്ടി എന്നിവരായിരുന്നു ഇവയുടെ ആദ്യകാല പ്രവർത്തകർ.

വെട്ടത്തൂർ പഞ്ചായത്തിന്റെ ചരിത്രമെഴുതുമ്പോൾ അന്തരിച്ച മുൻ പ്രസിഡണ്ട് പുത്തങ്ങോട്ടു മുഹമ്മദാലി ഹാജിയെ പ്രത്യേകം പരാമർശിക്കാതെ പോകുന്നതു ശരിയല്ല. ഗ്രാമപഞ്ചായത്തുകൾ നിലവിൽ വരുന്നതിനു മുമ്പുതന്നെ വെട്ടത്തൂർ പഞ്ചായത്തിലെയും പരിസരപഞ്ചായത്തുകളിലെയും ആളുകൾ പ്രശ്നപരിഹാരത്തിന് ഒത്തുകൂടിയിരുന്നത് കോടതിതളമായിരുന്നു പുത്തൻകോട്ടെ പൂമുഖം. സങ്കീർണ്ണമായ ഒട്ടേറെ പ്രശ്നങ്ങൾക്ക് ഇവിടെ വച്ച് തീർപ്പ് കൽപ്പിച്ചിരുന്നു. തീരാത്ത പകയോടും വിദ്വേഷത്തോടും കൂടി പ്രശ്നങ്ങൾ അവതരിപ്പിക്കാൻ വരുന്ന കക്ഷികൾ ഹാജിയുടെ തീർപ്പിനു ശേഷം ചരിച്ചും സൗഹൃദം പുതുക്കിയുമായിരുന്നു പുത്തങ്ങോട്ടു നിന്നും പിരിഞ്ഞു പോയിരുന്നത്. കക്ഷിരാഷ്ട്രീയ ജാതി മത ഭേദമന്യേ അദ്ദേഹം ഇത്തരം കാര്യങ്ങൾ കൈകാര്യം ചെയ്തിരുന്നു.

കൊടക്കാട്ടു മൊയ്തുട്ടി സാഹിബും പഞ്ചായത്തിന്റെ പ്രഥമ പ്രസിഡണ്ടുമായിരുന്ന മാനവേദൻ തിരുമുൽപ്പാടും ഇതുപോലെ എടുത്തു പറയത്തക്ക വ്യക്തിത്വങ്ങളായിരുന്നു.

ഭൂപ്രകൃതി
ജനപ്രകൃതി
ജലവിഭവം
സസ്യാവരണം

ഭൂപ്രകൃതി

ഗ്രാമപഞ്ചായത്തിന്റെ തെക്കേ അതിർത്തിയിൽ കിഴക്കു പടിഞ്ഞാറായി നീണ്ടുകിടക്കുന്ന ഉയർന്ന മലനിരയും അത്രതന്നെ ഉയർന്നതല്ലെങ്കിലും അങ്ങിങ്ങായി പരന്നു കിടക്കുന്ന നിരവധി കുന്നിൻപ്രദേശങ്ങളും ഇവയ്ക്കിടയിലെ വിശാലമായ പാടശേഖരങ്ങളും ചേർന്നതാണ് ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രകൃതി.

പ്രാദേശികമായി ഈ മലകൾ പല വിവിധ പേരുകളിൽ അറിയപ്പെടുന്നു. ഒരു കാലത്ത് ഇവയൊക്കെ വൃക്ഷനിബിഡവനങ്ങളുമായിരുന്നു. ഇന്ന് ഇവയൊക്കെ തന്നെ വെട്ടി നിരത്തി കൃഷിക്കനുയോജ്യമാക്കിയിരിക്കുന്നു. ഈട്ടി, ഇരുൾ, മരുത്, തേക്ക് തുടങ്ങിയ മികച്ച മരങ്ങളുടെ സ്ഥാനത്ത് റബ്ബർ കശുമാവ് തുടങ്ങിയവയാണ് ഇന്നുള്ളത്.

മലനിരകളുടെ ചരിവു പ്രദേശങ്ങൾ വിവിധതരം കൃഷികൾക്കനുകൂലമാണെങ്കിലും ചെറുകുന്നുകൾ മിക്കതും ഒട്ടും കൃഷിക്കനുകൂലമല്ലാത്ത കരിമ്പാറകൂട്ടമോ ചെങ്കല്ലു നിറഞ്ഞ മൊട്ട കുന്നുകളോ ആണ്.

ഭൂപ്രകൃതി തരം തിരിച്ച്

1. ഉയർന്ന മലനിരകൾ :-

സമുദ്രനിരപ്പിൽ നിന്ന് ഒട്ടു വളരെ ഉയർന്ന പ്രദേശങ്ങളൊന്നുമല്ല ഇത്. ഇത് ആകെയുള്ള ഭൂവിസ്തൃതിയുടെ 25 ശതമാനം വരുന്നു. പ്രദേശത്തിന്റെ നല്ലൊരു ശതമാനം പാറ നിറഞ്ഞതാണെങ്കിലും പാറക്കു മുകളിലുള്ള മണ്ണടുക്ക് വിവിധതരം കൃഷിക്കനുയോജ്യമാണ്. പ്രധാനമായും റബ്ബർ, കശുമാവ് തെങ്ങ് തേക്ക് എന്നിവയാണ് ഇവിടത്തെ കൃഷി പുള, വാഴ തുടങ്ങിയവയും കൃഷി ചെയ്യുന്നു.

പ്രകൃതിദത്തജലസ്രോതസ്സുകളൊന്നും ഈ ഭൂവിഭാഗത്തിലില്ല. വർഷക്കാലത്ത് മാത്രം പ്രത്യക്ഷപ്പെടുന്ന നീരൊഴുക്കുകളേയും മഴയേയും ആശ്രയിച്ചാണ് ഇവിടത്തെ കുടിവെള്ള സൗകര്യവും ജലസേചന സൗകര്യവും നിലകൊള്ളുന്നത്.

2. മലഞ്ചെരിവുകൾ

ചെങ്കുത്തായ ചെരിവുകൾ അപൂർവ്വമാണ്. ഈ ഭൂവിഭാഗം വിസ്തൃതിയുടെ 28 ശതമാനം വരുന്നു. പാറ നിറഞ്ഞ പ്രദേശമാണെങ്കിലും പൊതുവിൻമേൽ മണ്ണ് ഫലഭൂയിഷ്ഠാണ്. ജലസ്രോതസ്സുകൾ ഇല്ല. തെങ്ങും റബ്ബറും കശുമാവും പ്രധാന കൃഷികളാണ്.

3. താഴ്വരകൾ

ഈ ഭൂവിഭാഗം ആകെ വിസ്തൃതിയുടെ 22 ശതമാനം വരുന്നു. പൊതുവിൽ നെൽകൃഷിക്കനുയോജ്യമായ മണ്ണാണെങ്കിലും പ്രധാന വിളകളുടെ പട്ടികയിൽ ഇന്ന് കാണുന്നത് കമുങ്ങും തെങ്ങും വാഴയും പൂളയുമാണ്. മലനിരകളിൽ നിന്ന് കുത്തിയൊലിച്ചെത്തുന്ന വെള്ളം ഈ പ്രദേശത്തെ ഫലഭൂയിഷ്ഠമാക്കുന്നു. മിക്കതും ജലലഭ്യപ്രദേശങ്ങളാണ്.

4. ചെറുകുന്നുകൾ

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി ചിതറി കിടക്കുന്ന കരിങ്കൽ നിറഞ്ഞ കുന്നുകളും ചെങ്കല്ലു കുന്നുകളും ചേർന്നതാണ് ഈ ഭൂവിഭാഗം. ഇത് ആകെവിസ്തൃതിയുടെ 25 ശതമാനം വരുന്നു. ഈ പ്രദേശങ്ങളൊന്നും തന്നെ ജലലഭ്യമേഖലയല്ല. വിസ്തൃതിയുടെ പകുതിയോളം വരുന്ന ചെങ്കൽ കുന്നുകളിൽ ധാരാളം പറങ്കിമാവുകൾ വളരുന്നു. അപൂർവ്വം പ്രദേശങ്ങളിൽ തെങ്ങുകൾ വളരുന്നുണ്ട്.

5. ജനപ്രകൃതി

1991 ലെ സെൻസസ് രേഖകൾ പ്രകാരം പഞ്ചായത്തിലെ ജനസംഖ്യ 23825 ആണ്. ഇതിൽ 11690 പുരുഷന്മാരും 12135 സ്ത്രീകളും ഉൾപ്പെടുന്നു. ആകെ ജനവാസമുള്ള വീടുകൾ 4718 ാണ്.

ജനസാന്ദ്രത

പഞ്ചായത്തിലെ ജനങ്ങൾ ഹിന്ദു, മുസ്ലീം, കൃസ്ത്യൻ മത വിഭാഗത്തിൽപ്പെടുന്നവരാണ്. ജനസംഖ്യയിൽ മഹാ ഭൂരിപക്ഷം വരുന്ന വിഭാഗം സാധാരണ കുടുംബങ്ങളാണ്. പ്രധാന ഉപജീവനമാർഗ്ഗം കൂലിപ്പണിയും.

മതസൗഹാർദത്തിന് കോട്ടം തട്ടുന്ന വിധത്തിലുള്ള യാതൊരു പ്രശ്നങ്ങൾക്കും പഞ്ചായത്ത് വേദിയായിട്ടില്ല. എല്ലാവിധ സാമൂഹ്യപ്രശ്നങ്ങളിലും സർവ്വമത സാഹോദര്യം വിളിച്ചോതുന്ന കൂടിച്ചേരലുകൾ ഒരപൂർവ്വദൃശ്യമല്ല. ആഘോഷങ്ങൾ വിവാഹങ്ങൾ ഉത്സവങ്ങൾ തുടങ്ങിയവയൊക്കെ

വിവിധ ജനവിഭാഗങ്ങളുടെ സംഗമവേദികളായി തീരുക സർവ്വസാധാരണമാണ്.

വിദ്യാഭ്യാസരംഗത്ത് ഒരു വലിയ കുതിച്ചു കയറ്റം പഞ്ചായത്തിൽ പ്രകടമായി കാണുന്നില്ല. 1974ൽ മാത്രമാണ് പഞ്ചായത്തിൽ ഒരു ഹൈസ്ക്കൂൾ സ്ഥാപിക്കപ്പെട്ടത്. അതുവരെ ഒട്ടു വളരെ ദൂരം താണ്ടി വേണമായിരുന്ന ഹൈസ്ക്കൂൾ വിദ്യാഭ്യാസം നേടൽ.

3. ജലപ്രകൃതി

ഖെപ്പെട്ട കണക്കുകൾ പ്രകാരം പഞ്ചായത്തിലെ ശരാശരി വർഷപാതം 242.25 ആണ്.

കാർഷികവൃത്തി പ്രധാനമായും ആശ്രയിക്കുന്നത് കാലവർഷത്തേയും തുലാവർഷത്തേയും തന്നെയാണ്. തുലാവർഷം കൃത്യമായി ലഭിക്കാതെ വരുന്ന വർഷങ്ങളിൽ കാര്യമായ കൃഷിനാശവും ഉൽപ്പാദനക്കുറവും കുടിവെള്ള ക്ഷാമവും അനുഭവിച്ചു വരുന്നു.

ജലസ്രോതസ്സുകളായ തോടുകൾ വർഷകാലങ്ങളിൽ മാത്രം ജലവാഹിനികളായും വേനൽകാലങ്ങളിൽ വറ്റി വരണ്ടുകിടക്കുന്ന കാഴ്ചയും ഇന്ന് സാധാരണയായിരിക്കുന്നു. പഞ്ചായത്തിലെ ഒട്ടു മിക്ക പ്രദേശങ്ങളും കുടിളെള്ള ക്ഷാമം അനുഭവിക്കുന്ന പ്രദേശങ്ങളാണ്.

സസ്യാവരണം

പഞ്ചായത്തിന്റെ വിവിധ ഭൂപ്രകൃതി വിഭാഗങ്ങളിലെ പ്രധാനവിളകളുടെ പട്ടിക താഴെകൊടുക്കുന്നു.

	ഭൂവിഭാഗം	പ്രധാനവിളകളും ഉപവിളകളും
1.	മലനിരവുകൾ	റബ്ബർ, തെങ്ങ്, കശുമാവ്, ഉ: പുള,ഇഞ്ചി തുടങ്ങിയവ
2.	മലഞ്ചെരിവുകൾ	രബ്ബർ, തെങ്ങ്, കശുമാവ് ഉ: പുള, ഇഞ്ചി, കുരുമുളക്
3.	താഴ്വരകൾ	നെല്ല് ഉ: കമുങ്ങ്, തെങ്ങ്, വാഴ, പുള
4.	ചെറുകുന്നുകൾ	തേക്ക്, കശുമാവ്

കാർഷിക രംഗത്ത് കനത്ത മുരടിപ്പ് അനുഭവപ്പെടുന്നു. വയൽ നികത്തി ഒാും കമുങ്ങും മറ്റും കൃഷി ചെയ്യുന്ന പ്രവണത ഏറിവരുന്നു.

സാമൂഹികസാമ്പത്തിക മേഖലകൾ

കൃഷിയും ജലസേചനവും

വെട്ടത്തൂർ തികച്ചും ഒരു കാർഷിക ഗ്രാമമാണ്. തെക്കു ഭാഗം 15 കി.മി. നീണ്ടു കിടക്കുന്ന തെക്കൻ മലയും കിഴക്കു ഭാഗം 2.25 കി.മി. നീണ്ടു കിടക്കുന്ന ചാവാലിതോടും മലകളുടെ താഴ്വരകളിലും ഇടക്കിടെയുള്ള കുന്നുകൾക്കിടയിലുള്ള 12 പാടശേഖരങ്ങളുമടങ്ങുന്നതാണ് വെട്ടത്തൂരിന്റെ ഭൂപ്രദേശം. പ്രധാനകൃഷി നെല്ല്, തെങ്ങ്, റബ്ബർ, വാഴ എന്നിവയാണ്. മുൻകാലങ്ങളിൽ നെല്ല് തെങ്ങ് എന്നിവയായിരുന്നു പ്രധാനകാർഷികവിളകൾ. ഇടവിളകൃഷിയായി ധാന്യങ്ങളും കിഴങ്ങ് വർഗങ്ങളും കൃഷി ചെയ്തിരുന്നു. കൃഷിയും അതിനോടനുബന്ധമായ മറ്റു തൊഴിൽ മേഖലയുമായിരുന്നു ഉപജീവനമാർഗ്ഗം.

മൊത്തം ഭൂപ്രദേശത്തിന്റെ ഏതാണ്ട് 22 ശതമാനം വയലോരവും 48 ശതമാനം കുന്നിൻപ്രദേശമടക്കമുള്ള പുരയിടങ്ങളും 30 ശതമാനം മലമ്പ്രദേശവുമാണ്. പുരയിടങ്ങളിൽ എന്തെങ്കിലും കൃഷിക്കനുയോജ്യമല്ലാത്ത സ്ഥലം വളരെ കുറവാണ്. മലമ്പ്രദേശത്തിൽ 10 ശതമാനം റിസർവ്വ് വനവും പ്രൈവറ്റ് ഫോറസ്റ്റുമാണ്. ബാക്കി സ്ഥലങ്ങൾ എല്ലാംതന്നെ ഏതെങ്കിലും തരത്തിലുള്ള കൃഷിക്കനുയോജ്യമായ സ്ഥലമാണ്. പ്രധാന തോടുകളായ ചാവാലിതോട്, തേലക്കാട് തോട്, അരിക്കത്തോട് എന്നിവ വടക്കോട്ടൊഴുകി മേലാറ്റൂരിലെ വെള്ളിയാർ പുഴയിലും പള്ളിക്കുത്ത് തോട് പടിഞ്ഞാറൊട്ടൊഴുകി കടലുണ്ടിപ്പുഴയുടെ ശാഖകളിലും ചെന്ന് ചേരുന്നു.

ഭൂഉടമസ്ഥരിൽ ഭൂരിഭാഗം പേരും ഒരു ഹെക്ടറിൽ താഴെ കൈവശമുള്ളവരാണ്. പട്ടിക താഴെ ചേർക്കുന്നു.

നമ്പർ	ഭൂപരിധി	കുടുംബാംഗങ്ങളുടെ എണ്ണം
1	ഒരു ഹെക്ടറിൽ താഴെ	4216
2	ഒരു ഹെക്ടറിനും രണ്ടു ഹെക്ടറിനും ഇടയിൽ	590
3	രണ്ടു ഹെക്ടറിനു മുകളിൽ	239

ആളോഹരി കൃഷിഭൂമി സംസ്ഥാനത്തിന്റേത് 0.07 ഹെക്ടറാണ്. പഞ്ചായത്തിന്റേത് 0.08 ഹെക്ടറാണ്.

മുൻകാലങ്ങളിൽ മഴയെ ആശ്രയിച്ച് മാത്രമായിരുന്നു കൃഷി, ഏറ്റവും ശ്രദ്ധയും പരിചരണവും നൽകിയിരുന്നത് നെലകൃഷിക്കായിരുന്നു. തോടുകളിൽ ചിറകെട്ടിയും കുളങ്ങളിൽ നിന്ന് തേവി നനച്ചും നെൽകൃഷിയെ സംരക്ഷിച്ചിരുന്നു.

കൃഷിഭൂമിയുടെ ഉടമസ്ഥർ വള്ളുവക്കോനാതിരിയുടെ സാമാന്തന്മാരായ മൂസ്സതുമാർക്കായിരുന്നു. അവരിൽ നിന്ന് പടയാളികളായ പാതാരി നായന്മാർക്കും അവരുടെ ബന്ധുക്കളായ തൃക്കീരി മന, ആയിരം നാഴി കോവിലകം, കുതിരവട്ടത്ത് കോവിലകം, തളിപ്പറമ്പ് ദേവസ്വം, മണ്ണാർമല കോവിലകം, ആർ.എം പാലാട്ട് മഠപ്പുറം ദേവസ്വം എന്നിവരിലും വന്നു ചേർന്നു.

ആകെ ഭൂമിയുടെ 22 ശതമാനം നെൽകൃഷി ചെയ്തിരുന്ന വയലുകളായിരുന്നു. പ്രകൃതികീടങ്ങളെ അതിജീവിക്കാൻ കഴിവുള്ള ആര്യൻ, അരിവാക്കാരി, കുമ്പളോൻ, തെക്കൻപീര, തവളക്കണ്ണൻ എന്നിവയായിരുന്നു പ്രധാനവിത്തുകൾ.കൊത്തമ്പാലച്ചീര, നവര, കയ്മ എന്നിവയും അപൂർവ്വമായി ഉപയോഗിച്ചിരുന്നു. മലമ്പ്രദേശം കാട് വെട്ടിത്തെളിച്ചുള്ള താണ്യൻ വിതക്കലും പറമ്പുകളിലുള്ള മോഡൻ കൃഷിയും സർവ്വസാധാരണമായിരുന്നു. NES ബ്ലോക്ക്, ഏലാ എന്നിവ മുഖേന പുതിയ നെൽവിത്തുകളും ജലസേചനത്തിനുള്ള മോട്ടോറുകളും എഴുപതുകളോടെ അവിടവിടെ പ്രത്യക്ഷപ്പെടാൻ തുടങ്ങി. ഇന്ന് റബ്ബർ കൃഷി ചെയ്തിട്ടുള്ള പറമ്പുകളിൽ പോലും മോട്ടോർ വെച്ച് നനച്ച് നെല്ലുണ്ടാക്കിയിരുന്ന പ്രവണത എഴുപതുകളിലും നിലനിന്നിരുന്നു.

പാടങ്ങളിൽ ഇടവിളയായി ചാമ, മുതിര, എള്ള്, പയർ എന്നീ ധാന്യങ്ങളും പൂളക്കിഴങ്ങ്, മധുരക്കിഴങ്ങ് നാട്ടക്കിഴങ്ങ് തുടങ്ങിയ കിഴങ്ങു വർഗ്ഗങ്ങളും വേനൽക്കാല പച്ചക്കറികളും എല്ലായിടങ്ങളിലും കൃഷി ചെയ്തിരുന്നു. പുരയിടങ്ങളിൽ കാവത്ത്, ചേന, ചേമ്പ്,മുക്കിഴങ്ങ്, ശർക്കരചേമ്പ് എന്നിവയും പറമ്പുകളിൽ ഇഞ്ചി, മുളക് എന്നിവ വളരെ വ്യാപകമായ തോതിലും കൃഷി ചെയ്തിരുന്നു. തെങ്ങ് കൃഷി വ്യാപകമായി ഇല്ലായിരുന്നുവെങ്കിലും വീട്ടുപയോഗത്തിനുള്ള നാളികേരം കാൽകഴുകുന്ന സ്ഥലത്തും പാത്രം കഴുകുന്ന സ്ഥലത്തും തെങ്ങു വെച്ചു കൊണ്ടെങ്കിലും ലഭ്യമാക്കുമായിരുന്നു. അവിടവിടങ്ങളിൽ കുരുമുളകു കൃഷിയും ചെറിയ തോതിലെങ്കിലുമുണ്ടായിരുന്നു.

പഞ്ഞമാസങ്ങളിൽ താള്, തകര, നൂറ്റ, ചാവൽ, പനമ്പൊടി എന്നിവ ആഹാരത്തിനുപയോഗിച്ചുരുന്നു. പണിയില്ലാത്ത ദിവസങ്ങളിൽ ചാവൽ കുഴിക്കാനും മുളങ്കുട്ട അടിച്ചു വാരാനും കാട്ടിൽ പോകുമായിരുന്നു. നിലമ്പൂർ കാടുകളിൽ മുളങ്കുട്ട അടിച്ചു വാരാൻ പോയിരുന്നവരിൽ ചിലർ ഇന്നും ജീവിച്ചിരുപ്പുണ്ട്.

ജലസേചനത്തോടുകളുടെ സംരക്ഷണത്തിനായി തോട്ടുവക്കിൽ കൈത വച്ച് സംരക്ഷിച്ചിരുന്നു. കുളങ്ങൾ തേവിയും മണ്ണു കയറ്റിയും സംരക്ഷിക്കുക, തോടുകളിൽ വാഴപിണ്ടി, മുളങ്കുറ്റി എന്നിവ ഉപയോഗിച്ച് താൽകാലിക തടയണ നിർമ്മിച്ച് ജലസേചനം ഉറപ്പാക്കുക, ഏത്തം കയറ്റൊറം പോള എന്നിവ കൊണ്ട് തേവി നനയ്ക്കുക എന്നിവയായിരുന്നു പ്രധാന ജലസേചന മാർഗ്ഗങ്ങൾ.

എലികളെ നശിപ്പിക്കാൻ മുളങ്കുറ്റി കെണി, ചാഴിയെ നശിപ്പിക്കാൻ വെണ്ണീറ് പറപ്പിക്കൽ, നീളമുള്ള വടികൊണ്ട് ഇളക്കി കൊടുക്കൽ, പുഴുവിനെ മുറംകൊണ്ട് വീശിപിടിക്കൽ എന്നിവയായിരുന്നു കീടനിയന്ത്രണ മാർഗ്ഗങ്ങൾ. പുഞ്ച, മോട്ടൻ എന്നിവയിലെ കിളിശല്യം ഒഴിവാക്കുന്നതിന് ടിന്നു

കൊട്ടിയും തുണി കൊണ്ട് ആൾരൂപമുണ്ടാക്കി വെച്ച് ഭീതിപ്പെടുത്തുകയുമാണ് ചെയ്തിരുന്നത്. മലമ്പ്രദേശങ്ങളിലെ കൃഷിയിടങ്ങളിൽ പന്നിശല്യം ഒഴിവാക്കുന്നതിന് ഏറുപടക്കം, പന്നിപ്പടക്കം എന്നിവക്കു പുറമെ കർഷകർക്ക് തോക്കിനു ലൈസൻസ് പോലും നൽകിയിരുന്നു. കൃഷിയിടങ്ങളിൾ ചാള വച്ച് കാവൽ കിടക്കുന്ന രീതിയും നിലവിലുണ്ടായിരുന്നു.

കാർഷികോത്പാന്നളുടെ പ്രധാന വിപണകേന്ദ്രങ്ങൾ കോഴിക്കോടും പാലക്കാടുമായിരുന്നു. അയൽ പ്രദേശങ്ങളായ അലനെല്ലൂർ, മേലാറ്റൂർ, പെരിന്തൽമണ്ണ എിവടങ്ങളിലെ ആഴ്ച ചന്തകളായിരുന്നു മറ്റു കേന്ദ്രങ്ങൽ. സമീപ പ്രദേശങ്ങളിലുള്ള ആഴ്ച ചന്തകളിലേക്ക് തലചുമടായി മറ്റു ദൂരസ്ഥലങ്ങളിലേക്ക് പോത്തും വണ്ടി. മൂരിവണ്ടി എന്നിവയിലുമാണ് സാധനങ്ങൾ വിറ്റഴിക്കാൻ കൊണ്ടു പോയിരുന്നത് .കാൽനടയാത്രക്കാരായ തലചുമടുക്കാർക്ക് സാധനങ്ങൾ ഇറക്കിവെച്ച് വിശ്രമിക്കുന്നതിനായി നാട്ടിലെ പ്രമാണിമാർ സ്പോൺസർ ചെയ്ത ചുമടുതാങ്ങികൾ പലയിടങ്ങളിലായി ഇന്നും നിലനിൽക്കുന്നുണ്ട്.

ആദ്യകാലങ്ങളിൽ കർഷകർക്കുണ്ടായിരുന്ന മാന്യതക്ക് കുറവു വന്നുവെന്ന തോന്നൽ, എഴുപതുളോടെ വന്ന ഗൾഫ് സ്വാധീനം, നെൽകൃഷി ലാഭകരമല്ലായത്, കൃഷിപ്പണിക്ക് ആളെ കിട്ടാനില്ലാത്ത അവസ്ഥ (പ്രത്യേകിച്ച് കൊയ്ത്ത്, നടീൽ എന്നിവക്ക്) നമ്മുടെ വിദ്യാഭ്യാസം നൽകുന്ന വികലമായ മൂല്യബോധവും സമൂഹത്തിൽ വളർന്നു കൊണ്ടിരിക്കുന്ന പുത്തൻപണക്കാരുടെ സംസ്കാരവും മൂലം നശിച്ച ജനങ്ങളുടെ കായികാദ്ധ്വാനത്തോടുള്ള പ്രതിപത്തി എന്നിവയുടെയൊക്കെ പ്രതിഫലമായി കൂടുതൽ പരിചരണം ആവശ്യമായ നെൽകൃഷിയിൽ നിന്ന് ജനങ്ങൾ ഒഴിഞ്ഞു മാറാൻ തുടങ്ങി. നെൽവയലുകളിൽ കമുങ്ങും തെങ്ങും ചിലയിടങ്ങളിൽ കടന്നു കയറി. കൂടുതൽ പരിചരണം ആവശ്യമില്ലാത്ത മരച്ചീനി, നേന്ത്രവാഴ എന്നിവയാണ് ഇന്ന് നെൽ വയലുകളിൽ കാണുന്ന പ്രധാന കൃഷി.

കാർഷിക വൃത്തിയോട് വന്ന സമീപനത്തിന്റെ ഭാഗമായി പറമ്പിൽ നെൽകൃഷി ചെയ്തിരുന്ന വിളകളുടെ കാര്യത്തിലും ഗണ്യമായ കുറവ് വരാൻ തുടങ്ങി. ഉപഭോഗപ്രവണത വർദ്ധിച്ചതിന്റെ ഒരു കാരണം ഇതുകൂടിയാണ്. പുരയിടകൃഷിയിൽ നിന്ന് തെങ്ങ് ഒഴികെയുള്ളത് അപ്രത്യക്ഷമായി കൊണ്ടിരിക്കുകയാണ്. തെങ്ങിന് കുറഞ്ഞ ശുശ്രൂഷ മതി എന്നതാവാം ഇതിനു കാരണം. ഭൂരിഭാഗം കർഷകരും വാഴ വെക്കുകയോ വാഴക്ക് പാട്ടത്തിന് കൊടുക്കുകയോ ചെയ്യുന്ന ഒരു രീതിയാണ് പഞ്ചായത്തിൽ നിലവിലുള്ളത്. പാട്ടത്തിനേറ്റു വാങ്ങുാവർ ഒരു വിള നെല്ലുൽപ്പാദിപ്പിക്കുന്നുവെന്നു മാത്രം.

എല്ലാ പാടശേഖരങ്ങളിലുമുണ്ടായിരുന്ന തലക്കുളങ്ങൾ, തോടുകൾ എന്നിവ സംരക്ഷിച് പോന്നിരുന്ന സ്ഥിതിക്കും വലിയ മാറ്റങ്ങളുണ്ടായി മിക്ക കുളങ്ങളും മണ്ണിടിഞ്ഞ് നാമാവശേഷമായികൊണ്ടിരിക്കയാണ്. തോടുകളും കുളങ്ങളും ശരിയായ രീതിയിൽ സംരക്ഷിക്കപ്പെടുന്നില്ല. കുളങ്ങൾ തൂർത്ത് കൃഷിചെയ്യുന്ന അവസ്ഥപോലും നിലവിലുണ്ട്.

ഭൂവിനിയോഗം

പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണം 3583 .69 ഹെക്ടറാണ്. ഇത് താഴ്വര, മലമ്പ്രദേശം, ചെരുവ്, മിതമായ ചെരുവുള്ള കുന്നുകൾ, തോട് എന്നിങ്ങനെയാണ് കാണപ്പെടുന്നത്.

താഴ്വരയിലെ വയൽപ്രദേശങ്ങളിൽ പശിമയുള്ള മണ്ണും ചിലയിടങ്ങളിൽ മണൽ കലർന്ന പശിമയുള്ള മണ്ണുമാണ് കാണുന്നത്. ബാക്കി കുന്നിൻ പ്രദേശങ്ങളിൽ ചരൽ കലർന്ന മണ്ണും വെട്ടുപാറയും ഉയർന്ന പ്രദേശങ്ങളിൽ കരിമ്പാറയും കാണുന്നു. പൊതുവെ പറഞ്ഞാൽ ഭൂരിഭാഗം പ്രദേശത്തും ഗുണനിലവാരം കുറഞ്ഞ മണ്ണാണ്. വർദ്ധിച്ച രാസവളപ്രയോഗം കാരണം മണ്ണിന്റെ അമ്ല സ്വഭാവം വർദ്ധിച്ചു വരുന്നതായി കാണുന്നു.

ആകെ വിസ്തൃതിയുടെ ഭൂരിഭാഗം തെങ്ങും ബാക്കി താഴ്ന്ന പ്രദേശങ്ങളിൽ നെല്ലുമായിരുന്നു കൃഷിചെയ്തു വന്നിരുന്നത് . കുടിയേറ്റ കർഷകരുടെ വരവോടെ ഉയർന്ന പ്രദേശങ്ങളിലും മറ്റും റബ്ബർ വ്യാപകമായി തുടങ്ങി. ഇപ്പോൾ ആകെ ഭൂമിയുടെ 22 ശതമാനം വരുന്ന വയലുകളിൽ നെല്ല്, വാഴ, പൂള എന്നിവയാണ് കൃഷി ചെയ്തു വരുന്നത്. അതിൽ തന്നെ 15 ശതമാനത്തോളം സമ്മിശ്ര കൃഷിയാണ് 45 ശതമാനത്തോളം വരുന്ന പറമ്പിന്റെ 35 ശതമാനം റബ്ബറും 45 ശതമാനം തെങ്ങും 10 ശതമാനം കമുങ്ങും കൃഷി ചെയ്തു വരുന്നു. ബാക്കി പ്രദേശങ്ങളിൽ കൂടുതൽ പരിചരണം ആവശ്യമില്ലാത്ത കശുമാവ്, പ്ലാവ്, തേക്ക് എന്നിവയും ചില ഭാഗങ്ങളിൽ കണ്ടു വരുന്നു. മൾബറി കൃഷി ഒരാൾ തുടങ്ങിയെങ്കിലും പരാജയമായിരുന്നു.

നെൽകൃഷി

വിളവിസ്തീർണ്ണം

നമ്പർ	വിള	വിസ്തീർണ്ണം ഹെക്ടറിൽ
1	നെല്ല് (ഒന്നാം വിള)	260
2	നെല്ല് (രണ്ടാം വിള)	398
3	നെല്ല് (മൂന്നാം വിള)	30

(അവലംബം 89 ബേസിക് ഡാറ്റാ രജിസ്റ്റർ – കൃഷിഭവൻ)

നെൽകൃഷിയുടെ ഉൽപ്പാദനം നാടൻവിത്തിനങ്ങൾക്ക് ഹെക്ടറിന് 1750–1900 കി.ഗ്രാമാണ് സങ്കരയിനം 3200–3500 കി.ഗ്രാം ലഭിക്കുന്നു. സങ്കരയിനം വിത്തുകളോടാണ് കൃഷിക്കാർക്ക് താത്പര്യം

ഐശ്വര്യ, ആതിര, ത്രിവേണി, ചുവന്ന ത്രിവേണി എന്നിവയാണ് കൃഷിഭവനിലൂടെ വിതരണം ചെയ്ത വിത്തിനങ്ങൾ.

വിളപരിവർത്തന രീതികൾ മുൻകാലങ്ങളിൽ നടപ്പാക്കി വന്നിരുന്നത് ഇപ്പോൾ പ്രയോഗത്തിലില്ല. നെൽകൃഷിക്കു ശേഷം വയൽ ഒന്നും ചെയ്യാതെ ഒഴിച്ചിടുകയാണ് പതിവ്. ഇത് മണ്ണിന്റെ ഗുണമേന്മ നഷ്ടപ്പെടാൻ ഇടയാകുന്നു.

മുഖ്യവിളയായ തെങ്ങിന്റെ വാർഷിക ഉൽപ്പാദനക്ഷമത 25-30 എണ്ണമാണ്. മണ്ണാർമല പ്രദേശളിലാണ് കൂടുതൽ വിളവ് ലഭിക്കുന്നത്. പ്രസ്തുത പ്രദേശത്തെ നാളികേരത്തിന് എണ്ണയുടെ അംശവും കൂടുതലാണ്. വിത്ത് തെരെഞ്ഞെടുക്കുന്നതിൽ അപാകത, ജലസേചനസൗകര്യകുറവ്, അശാസ്ത്രീയമായ വളപ്രയോഗം തുടങ്ങിയവയൊക്കെ തെങ്ങു കൃഷിയുടെ പ്രശ്നങ്ങളിൽപ്പെടുന്നു. കശുമാവിൻ തോട്ടം വെട്ടി കൂടുതൽ ലാഭകരം എന്ന കാഴ്ചപ്പാടോടെ തെങ്ങു വെച്ചവർ ഇന്ന് നിരാശയിലാണ്. തെങ്ങിന്റെ ഇടകൊത്തൽ, തേങ്ങയിടൽ തുടങ്ങിയവക്ക് കൃത്യസമയത്ത് ജോലിക്കാരെ കിട്ടാത്ത അവസ്ഥ കൂടി നിലനില്പുണ്ട്.

വളം

സഹകരണ മേഖലയിൽ ഒരു വളം ഡെപ്പോ ഇപ്പോൾ നിലവിലില്ല. 4 സ്വകാര്യ ഏജൻസികളാണ് ഈ രംഗത്തുള്ളത്. 90 ശതമാനവും രാസവളങ്ങളാണ് കൃഷിക്കുപയോഗിക്കുന്നത്. കച്ചവടക്കാർ പറയുന്ന രാസവളം വാങ്ങി ഉപയോഗിക്കുന്ന രീതിയാണ് നിലവിലുള്ളത്. ശാസ്ത്രീയമായ മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിലുള്ള വളപ്രയോഗം പഞ്ചായത്തിൽ നടന്നിട്ടേയില്ല. ജൈവവളങ്ങൾ വിരളമായേ ഉപയോഗിക്കുന്നുള്ളൂ. തമിഴ്നാട്ടിൽ നിന്ന് വരുന്ന വളപ്പെട്ടി പ്രയോഗം പഴയ കാർഷിക രോഗങ്ങൾക്കും കാരണമാകുന്നു എന്ന് കർഷകർ പറയുന്നു. ജൈവവളം കിട്ടാനുള്ള പ്രയാസം കിട്ടിയാൽ തന്നെ എത്തിക്കാനുള്ള അമിതമായ കൂലിചെലവും സൂക്ഷിച്ചുവെക്കാനുള്ള സ്ഥലത്തിന്റെ പ്രശ്നവും എല്ലാം കണക്കിലെടുത്ത് കടയിൽ പോയി രാസവളം വാങ്ങി ഇടുക എന്ന എളുപ്പപ്പണി രാസവളപ്രയോഗം അധികരിക്കാൻ ഇടയാക്കുന്നു.

കീടനാശിനികൾ

നെല്ല്, പച്ചക്കറികൾ, വാഴ എന്നിവക്കാണ് കീടനാശിനികൾ ഉപയോഗിക്കുന്നത് കീടനാശിനി ഉപയോഗിക്കുമ്പോഴുള്ള മുൻകരുതലുകളോ ശാസ്ത്രീയ രീതികളോ പരിഗണിച്ചു കാണാറില്ല. അറിവില്ലായ്മയാണ് കാരണം

കാർഷികോപകരണങ്ങൾ

കൃഷിഭവൻ മുഖേന പാടശേഖര സമിതികൾക്കായി അനുവദിച്ച ഒരു ട്രാക്ടർ, മുന്നു പവ്വർ ട്രില്ലർ എന്നിവക്കു പുറമെ സ്വകാര്യവ്യക്തികളുടെ മുന്നു ട്രാക്ടറുകളും ഒരു പവ്വർ ട്രില്ലറും മുന്നു മെതിയന്ത്രവും പതിനൊന്ന് തെങ്ങ് കയറ്റയന്ത്രവും 25 ഓളം സ്പ്രേയറുകളുമാണ് കാർഷികയന്ത്രോപകരണങ്ങളായി

ഇപ്പോൾ നിലവിലുള്ളത്. അമ്പതോളം ജോഡി ഉഴവുമാടുകളും പഞ്ചായത്തിലുണ്ട്. സമീപ പഞ്ചായത്തുകളിലെ യന്ത്രോപകരണങ്ങളും ഉഴവിനുപയോഗിക്കുന്നുണ്ട്. പഴയകാല കാർഷികോപകരണങ്ങൾ അപ്രത്യക്ഷമായികൊണ്ടിരിക്കുകയാണ്.

പാടശേഖരസമിതികൾ

കർഷകരെകൂട്ടി യോജിപ്പിച്ച് രൂപീകരിക്കപ്പെട്ട 12 പാടശേഖര സമിതികൾ പഞ്ചായത്തിൽ നിലവിലുണ്ട്. ഇവയുടെ പ്രവർത്തനം ഫലപ്രദമായ രീതിയിലല്ല നടക്കുന്നത്. പാടശേഖര സമിതികളുടെ വിശദാംശവും വിളക്രമവും താഴെ ചേർക്കുന്നു.

നമ്പർ	പാടശേഖരത്തിന്റെ പേര്	ഒന്നാം വിള	രണ്ടാം വിള	മൂന്നാം വിള
1	പള്ളികുത്ത്	നെല്ല്, വാഴ	നെല്ല്, വാഴ	വാഴ, പച്ചക്കറി, പൂള
2	പച്ചിരികാര്യവട്ടം	"	"	"
3.	മണ്ണാർമല	"	"	"
4.	മേൽകുളങ്ങര	"	"	"
5.	ചേലക്കോട്	"	"	"
6.	കിളിയം	"	"	"
7.	പുത്തംങ്കോട്	"	"	"
8.	എരൂത്ത്	"	"	"
9.	തേലക്കാട്	"	"	"
10.	കുട്ടാട്	"	"	"
11.	നിറൻകുഴി	"	"	"
12.	കാര	"	"	"

രണ്ടാം വിള മാത്രമേ പ്രധാനമായും നെൽകൃഷിയുള്ളു. രണ്ടാം വിള നെല്ലിൽ തന്നെ വാഴകന്ന് വെക്കുന്നതിനാൽ ഒന്നാം വിളയും മൂന്നാം വിളയും അസാദ്ധ്യമാകുന്നു. പഴയ കാല ഞാറ്റുപള്ള്യാൽ കവുങ്ങും തെങ്ങും വെച്ചത് കഴിച്ച് ബാക്കി സ്ഥലങ്ങളിൽ മരച്ചീനി, പച്ചക്കറി എന്നിവ കൃഷിചെയ്യുന്നു.

കൂലിനിരക്ക്

ശരാശരി പഞ്ചായത്തിലെ കൂലിനിരക്ക് 85 – 60 രൂപയാണ്. വിദ്യാഭ്യാസ നിലവാരത്തിൽ വന്ന മാറ്റവും കാർഷിക വൃത്തിയോടുള്ള താത്പര്യകുറവും കാരണം കാർഷിക ജോലിക്ക് ആളെ കിട്ടാതായി. കർഷക തൊഴിലാളികൾ മറ്റു തൊഴിൽ മേഖല തേടി പോകുന്നു.

കാർഷിക വായ്പ

രണ്ട് കാർഷിക വായ്പാ സംഘവും മറ്റൊരു ധനകാര്യസ്ഥാപനവും പഞ്ചായത്തിലുണ്ട്. കാർഷിക വായ്പാ സംഘങ്ങളിൽ നിന്ന് ആവശ്യക്കാരന് കാർഷിക വായ്പ ലഭ്യമല്ലാത്ത അവസ്ഥയുണ്ട്. അനുവദിക്കപ്പെടുന്ന കാർഷിക വായ്പ തന്നെ മറ്റാവശ്യങ്ങൾക്കുപയോഗിക്കുന്നുവെന്ന ആക്ഷേപവും നിലനിൽക്കുന്നു.

ജലസേചനം

മഴയെ ആശ്രയിച്ച് മാത്രം കൃഷി നടക്കുന്ന പഞ്ചായത്തിൽ രണ്ട് ഘട്ടങ്ങളിൽ മഴ ലഭിക്കുന്നു. ജൂൺ മുതൽ ആഗസ്റ്റ് കൂടിയുള്ള കാലവർഷവും സെപ്റ്റംബർ ഒക്ടോബർ മാസങ്ങളിൽ ലഭിക്കുന്ന തുലാവർഷവും. ശരാശരി വർഷത്തിൽ 242.25 മി.ലി. മഴ ഇവിടെ ലഭിക്കുന്നു. പഴമക്കാർ പറയപ്പെടുന്ന പുല്ലുവുക്കി, വരമ്പ്മുറിയൻ, കലംകവുത്തി തുടങ്ങിയ പ്രശസ്ത മഴകളൊന്നും ഇപ്പോൾ ലഭിക്കുന്നില്ല.

പഞ്ചായത്തിലെ നീരൊഴുക്ക് നാലു പ്രധാന തോടുകളുമായി ബന്ധപ്പെട്ടു കിടക്കുന്നു. നീർച്ചാലുകൾ പ്രധാനതോടുകളുമായി ചേർന്ന് മേലാറ്റൂരിലെ വെള്ളിയാർ പുഴയിലും കടലുണ്ടി പുഴയുടെ കൈവഴി പുഴയിലും ചെന്നു ചേരുന്നു.

പഞ്ചായത്തിലെ പ്രധാനതോടുകളുടെ നീളം ഏകദേശം 16.5 കി.മി. വരും. വിവിധ സ്ഥലങ്ങളിലായി 7 ക്രോസ്സ് ബാറുണ്ടെങ്കിലും ഒന്നും തന്നെ പ്രവർത്തനക്ഷമമല്ല. പല സ്ഥലങ്ങളിലും നാടൻ രീതിയുപയോഗിച്ച് കെട്ടി നിർത്തുകയാണ് പതിവ്. ചിലയിടങ്ങളിൽ കോൺക്രീറ്റ് കാലുകൾ കെട്ടി പലകയിട്ടും വെള്ളം കെട്ടി നിർത്തുന്നു. മണാർമലപീടികപ്പടിയിൽ താഴെയുള്ള പാടത്ത് തോട്ടിൽ ആവശ്യമായ സ്ഥലത്ത് ചിറ കെട്ടാതെ കോൺട്രാക്ടറുടെ സൗകര്യത്തിന് കെട്ടിയതു കാരണം പാടശേഖരത്തിലേക്ക് വെള്ളം കയറാത്ത അവസ്ഥ നിലനിൽക്കുന്നു,

പൂങ്കാവനം നീരുറവ കെട്ടി നിർത്തി വെട്ടത്തൂർ വില്ലേജിലെ മൂന്നു പാടശേഖരങ്ങളിലെ കൃഷിക്കുപയുക്തമാക്കാൻ വിഭാവനം ചെയ്ത് 1968 ൽ പ്രവർത്തനം ആരംഭിച്ച മലപ്പുറം ജില്ലയിലെ തന്നെ ഏറ്റവും വലിയ റിസർവോയർ നോക്കുകുത്തിയായി നിലനിൽക്കുന്നു. നിർമ്മാണത്തിലെ വൈകല്യം കാരണം ചോർച്ച അടക്കൽ പോലും അസാദ്ധ്യമാവുന്നു.

മണ്ണാർമല വല്യറയിലും, ചാവാലിതോട്ടിൽ അമ്പ്ണ്ണ പഴന്തോട്ടുങ്ങൽ, വഴങ്ങോടൻ കുളമ്പ് എന്നിവടങ്ങളിലും മുൻകാലങ്ങളിൽ നാടൻ ചിറകൾ കെട്ടി നിർത്താറുണ്ടായിരുന്നു. കൃഷി ജലസേചനാർത്ഥം കെട്ടി നിർത്തിയിരുന്ന പ്രസ്തുത ചിറകൾ കാരണം സമീപ പ്രദേശങ്ങളിലെ പാടശേഖരങ്ങളിലും കുളങ്ങളിലും കിണറുകളിലേയും ജലക്ഷാമം അനുഭവപ്പെടാറില്ലായിരുന്നു.

കുളങ്ങൾ

പഞ്ചായത്തിലെ എല്ലാ പാടശേഖരങ്ങളിലും മൂന്നും നാലും തലക്കുളങ്ങളും പുരയിടങ്ങളിലുള്ള മറ്റുകുളങ്ങളുമടക്കം ഏതാണ്ട് 150 കുളങ്ങളുണ്ട്. 25 സെന്റ് വരുന്ന അറത്തികുളവും 10 സെന്റ് ഉണ്ടായിരുന്ന വെട്ടത്തൂരിലെ പഴയ സർക്കാർ കുളവും തൂർന്ന് നാമാവശേഷമായി. കുളങ്ങളെല്ലാംതന്നെ കാലാകാലങ്ങളിൽ സംരക്ഷണപ്രവർത്തനം നടത്താത്തതു കാരണം നശിച്ചുകൊണ്ടിരിക്കുകയാണ്. കൃഷിഭവൻ മുഖേന നിർമ്മിച്ച ഒട്ടു മിക്ക കുളങ്ങളും വേനൽകാലത്ത് വറ്റുന്നവയാണ്. 60 സെന്റ് വരുന്ന കാപ്പിലെ വല്ലകുളമാണ് ഏറ്റവും വലിയ കുളം.

മണ്ണ് ജല സംരക്ഷണം

മുൻകാലങ്ങളിൽ വരമ്പുകളിട്ടും അതിരുകളിൽ മരങ്ങൾ വച്ചു പിടിപ്പിച്ചും പറമ്പുകളിലൂടെ കുത്തിയൊലിച്ചു വരുന്ന വെള്ളം ചാലുകളിൽ കുറ്റിയടിച്ച് മുള അലകു കൊണ്ട് മെടഞ്ഞ് വെള്ളത്തിന്റെ ഒഴുക്കിന്റെ വേഗത കുറച്ചുമാണ് മണ്ണ് ജലസംരക്ഷം നടത്തിയിരുന്നത്. കാർഷിക വൃത്തിയോടു വന്ന വിമുഖത കാരണം മണ്ണ് ജലസംരക്ഷണം ഇന്നു നടക്കുന്നില്ല.

കൃഷിഭവൻ മുഖേന മണ്ണ് സാമ്പിളുകൾ എടുത്ത് കൊണ്ടുപോയ പലർക്കും റിപ്പോർട്ട് ലഭിച്ചിട്ടില്ല. സാമ്പിൾ എടുക്കുന്നതു പോലും ശരിയായ രീതിയിലല്ല. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിലുള്ള രാസവളപ്രയോഗം പഞ്ചായത്തിൽ നടന്നിട്ടില്ല.

തോടുകളും കുളങ്ങളും സംരക്ഷിച്ച് ജലസേചനസൗകര്യമുണ്ടായിരുന്ന കാലത്ത് വേനൽക്കാല പച്ചക്കറികളും മറ്റും ധാരാളമായി കൃഷിചെയ്തു വന്നിരുന്നു. ഇന്ന് അവ കുറയുകയാണ് കാർഷിക ജലസേചനത്തിനാവശ്യമായ വൈദ്യുതിലഭ്യമല്ലായ്മ, ജൈവവളങ്ങളുടെ ലഭ്യത കുറവ്, വ്യാപകമായി വരുന്ന രോഗങ്ങൾ എന്നിവ ഉൽപ്പാദനകുറവിന്റെ കാരണങ്ങളാണ്. ജലസേചനസൗകര്യകുറവ്, പ്രതീക്ഷിക്കാതെയെത്തുന്ന കാറ്റും വാഴകൃഷിക്ക് വമ്പിച്ച നഷ്ടം വരുത്തി വയ്ക്കുന്നു

ചാഴി, ഓലചുരുട്ടിപ്പുഴു, കൊടപ്പുഴു എന്നിവയുടെ ശല്യവും വെള്ളക്കുല, മുഞ്ഞ രോഗം എന്നിവ നെല്ലിനും കൂമ്പു ചീയൽ തെങ്ങോലപ്പുഴു എന്നിവ തെങ്ങിനും കണ്ടു വരുന്ന കാർഷിക രോഗങ്ങളാണ്. ദ്രുതവാട്ടം കുരുമുളകിനും കുറുനാമ്പ്, ഇലപഴുക്കല എന്നിവ വാഴക്കും കണ്ടുവരുന്ന രോഗങ്ങളാണ്.

തട്ടുകളായി കിടക്കുന്ന നെൽ വയലുകളും തുണ്ടു വൽക്കരിക്കപ്പെട്ട ഭൂമികളും ആധുനിക കൃഷിയുപകരണങ്ങൾ ഉപയോഗിക്കുന്നതിനു തടസ്സമാണ്. കൃഷിക്കാരുടെ യോജിച്ച പ്രവർത്തനം സാധ്യമായാൽ തടസം മാറ്റിയെടുക്കാവുന്നതാണ്.

തക്കസമയങ്ങളിൽ നല്ലയിനം വിത്തുകളും നടീൽ വസ്തുക്കളും ലഭിക്കായ്ക, സർക്കാർ

ആനുകൂല്യങ്ങളെ കുറിച്ച് അറിവില്ലായ്മ ഇവയെല്ലാം കൃഷിയുടെ പുരോഗതിക്കു തടസ്സമായി നിൽക്കുന്നു. മേൽപറഞ്ഞവക്കെല്ലാം പുറമെ കൃഷി ഭവന്റെ പ്രവർത്തനവും ഒരു പോരായ്മയായി നിലനിൽകുന്നു. ചില വാർഡുകളിലെ ചുരുക്കം ചില പ്രദേശങ്ങളൊഴികെ പഞ്ചായത്തിന്റെ ഭൂരിഭാഗത്തും കൃഷിഭവന്റെ ധപവർത്തനം എത്തുന്നില്ല.

നിർദ്ദേശങ്ങൾ

1. പുങ്കാവനം റിസർവ്വോയർ ചോർച അടച്ച് കൃഷിക്കുപയുക്തമാകണം. ഏരൂത്ത്, കുട്ടാട്ട്, നിറംകുഴി പാടശേഖരങ്ങൾക്കുപകാരപ്രദമാകുന്ന ഒന്നാണ് പ്രസ്തുത പദ്ധതി . നെൽകൃഷി മൂന്നു പ്രാവശ്യം നടത്താനുള്ള സൗകര്യം ലഭിക്കും . പരിസരപ്രദേശങ്ങളിലെ കുടിവെള്ളക്ഷാമത്തിനും കുറച്ചൊക്കെ പരിഹീാരമാകും

2. പഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങളിലേയും മണ്ണ് പരിശോധന നടത്തി ആവശ്യമായ വളപ്രയോഗത്തെ പറ്റി കൃഷിക്കാർക്ക് ധാരണ നൽകാൻ കഴിയണം

3. പഞ്ചായത്തിലെ മുഴുവൻ റോഡുകളും കുളങ്ങളും കരഷകരുടെ സഹകരണത്തോടെ സംരക്ഷിക്കണം. തോടുകളിൽ നിലവിലുള്ള ചീർപ്പുകൾ നന്നാക്കിയെടുക്കണം.

4. തെക്കൻമല ജലസേചനപദ്ധതി, മണ്ണാർമലതോട് പള്ളിക്കുത്ത് തോട് സൈഡ് കെട്ടൽ എന്നിവ മൈനർ ഇരിഗേഷന്റെ പരിഗണനയിൽ ഇരിക്കുന്ന പദ്ധതികളാണ്.

5. സഹകരണ ജലസേചന രീതി ഉപയോഗപ്പെടുത്താവുന്നതാണ്. തെങ്ങ് ജലസേചനത്തിന് കൃഷി ഭവൻ പദ്ധതി ഉപയോഗപ്പെടുത്താവുന്നതാണ്.

6. ഗ്രൂപ്പ് ഫാമിങ്ങ് നെല്ലിനും, തെങ്ങിനും വ്യാപകമാക്കണം. നിലവിലുള്ള കർഷക സമിതികളെ പുനരുജ്ജീവിപ്പിച്ച് ഇതിനു തയ്യാറാക്കണം. വേനൽകാല പച്ചക്കറികൾ സഹകരണാടിസ്ഥാനത്തിൽ ഉണ്ടാക്കുവാൻ കഴിയണം. അവ അവശേഷിക്കുന്ന നെൽപ്പാടങ്ങളേയെങ്കിലും നിലനിർത്തണം. ഇവയ്ക്ക് കൃഷി ഭവന്റെ നിർദ്ദേശങ്ങൾ ഗുണകരമാവണം.

7. പ്രാദേശികമായി വിത്തുൽപ്പാദിപ്പിക്കുന്നതിന് പാടശേഖരസമിതികളെ ചുമതലപ്പെടുത്താവുന്നതാണ്. നടീൽ വസ്തുക്കൾ ലഭ്യമാക്കുന്നതിന് കൃഷിഭവന്റെ സഹായത്തോടെ നേഴ്സറി തുടങ്ങാവുന്നതാണ്, മാവ്, പ്ലാവ് തുടങ്ങിയ ഫലവൃക്ഷതൈകൾ, മറ്റു വിളകൾക്ക് ഭീഷണിയാകാതെ വ്യാപിപ്പിക്കുവാൻ കഴിയണം. പ്രാദേശികമായി ഇവ ഉണ്ടായാലേ വിശ്വാസ്യതയും, കൃത്യതയും ഉണ്ടാവു.

8. നമ്മുടെ പഞ്ചായത്തിലുള്ള ഔഷധസസ്യങ്ങൾ കണ്ടെത്തി അവ സംരക്ഷിചെടുക്കുന്നതിനുള്ള നടപടിയുണ്ടാവണം. ഔഷധസസ്യ കൃഷി വ്യാപിപ്പിക്കുന്നതിനും കഴിയണം. കച്ചോലം, ഇഞ്ചി, മഞ്ഞൽ എന്നിവ വളരെ ലാഭകരമായി കൃഷി ചെയ്യാൻ കഴിയും.

9. ഗുണമേന്മയുള്ള വിത്തുകൾ ശേഖരിച്ച് ജൈവവളത്തിനും ജൈവകീടനാശിനിക്കും പ്രാധാന്യം നൽകി സഹകരണാടിസ്ഥാനത്തിൽ പച്ചക്കറി കൃഷി വ്യാപിപ്പിക്കാൻ കഴിയണം. വാർഡടിസ്ഥാനത്തിൽ അയൽ കൂട്ട സംവിധാനം ഏർപ്പെടുത്തി അടുക്കളത്തോട്ടനിർമ്മാണം വ്യാപകമാക്കണം. ഹൈസ്ക്കൂളിൽ കൃഷിത്തോട്ടം നടപ്പിലാക്കാൻ കഴിയും. സ്ക്കൂൾ പച്ചക്കറി കൃഷി പരിപാടി കാര്യക്ഷമമാക്കണം. തരിശുഭൂമി പാട്ടത്തിനു ലഭ്യമാക്കി തൊഴിൽരഹിതരായ യുവതിയുവാക്കൾക്ക് പച്ചക്കറി കൃഷി - കാർഷിക സമിതിയുടെ സഹകരണത്തോടെ കൃഷിഭവന്റെ നിലവിലുള്ള സ്കീമുകൾ ഉപയോഗപ്പെടുത്തി പരിപാടി നടപ്പാക്കാവുന്നതാണ്.

10. കീടനാശിനി പ്രയോഗത്തിന് പരിശീലനം നൽകാം. ബോധവൽകരണ ക്ലാസ്സുകൾ നടത്തി സുരക്ഷാസംവിധാനം അളവ് എന്നിവ കൃത്യമാക്കാൻ കഴിയണം. ജൈവ കീടനാശിനി പ്രയോഗം കീടനിയന്ത്രണ രീതി എന്നിവ പ്രചരിപ്പിക്കാൻ കഴിയണം.

11. പച്ചിലവളം ജൈവ വളം എന്നിവയുടെ ഉൽപ്പാദനത്തിനും വിതരണത്തിനും പരിപാടിയുണ്ടാവണം. ശീമക്കൊന്ന, ഡയിഞ്ച എന്നിവ വ്യാപകമായി വളർത്താവുന്നതാണ്. ജൈവവള പ്രയോഗത്തിന് പ്രോത്സാഹനവും സഹായവും ലഭ്യമാകണം.

12. തെങ്ങ് കൃഷിക്ക് കമ്മ്യൂണിറ്റി ഇറിഗേഷൻ, ഗ്രൂപ്പ് ഇറിഗേഷൻ, ഡ്രിപ്പ് ഇറിഗേഷൻ, സ്പ്രിംഗളർ ഇറിഗേഷൻ എന്നിവയുടെ സാദ്ധ്യത പ്രയോജനപ്പെടുത്താം. തുടക്കം മുതൽ മുതൽമുടക്ക് ആവശ്യമായതിനാൽ ലോണുകൾ ലഭ്യമാക്കാൻ കഴിയണം. നിലവിലുള്ള പദ്ധതികൾ പ്രയോജനപ്പെടുത്താവുന്ന താണ്.

13. വിളകൾക്ക് ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി നടപ്പാക്കണം. കർഷക ധനസഹായത്തിനുള്ള പരിധി കുറക്കൽ വൈദ്യുതി സൗജന്യ നിരക്കിൽ ലഭ്യമാക്കൽ, ജലസേചനത്തിനുള്ള മണ്ണെണ്ണയുടെ അളവ് കൂട്ടൽ എന്നിവ കൃഷിയെ പരിപോഷിപ്പിക്കാൻ സഹായിപ്പിക്കുന്ന ഘടകങ്ങളാണ്.

14. തേങ്ങ, നെല്ല്, പച്ചക്കറി എന്നിവയ്ക്ക് പഞ്ചായത്ത് തലത്തിൽ വിപണനകേന്ദ്രങ്ങൾ വേണം. സഹകരണാടിസ്ഥാനത്തിലും ഇതാകാം. കേര സംസ്കരണ യൂണിറ്റ്, പച്ചക്കറികൾക്ക് പുതു മാർക്കറ്റ്, ചന്ത എന്നിവ നടപ്പാക്കാനുള്ള ഭൗതിക സാഹചര്യം നിലവിലുണ്ട്. ഉൽപ്പന്നങ്ങൾ സഹകരണ യൂണിറ്റു കൾ ശേഖരിച്ചാൽ ഇടത്തട്ടുകാരനെ ഒഴിവാക്കാം. ഉൽപ്പന്നങ്ങളുടെ സംഭരണ കേന്ദ്രങ്ങൾക്കും സാദ്ധ്യതയുണ്ട്.

15. കൂൺ കൃഷി, കപ്പ കൃഷി , വെറ്റില, കമുങ്ങ് മുതലായ കൃഷികൾക്കും അനുയോജ്യമായ സാഹചര്യം നിലവിലുണ്ട്. തരിശുഭൂമിയിൽ കശുമാവ് കൃഷി നടത്താം. തെങ്ങിൽ കുരുമുളക് വച്ച് പിടിപ്പിക്കാം. ഈ സാദ്ധ്യതകൾ ഉപയോഗപ്പെടുത്താൻ പരപാടിയുണ്ടാവണം.

16. കർഷകരെ അംഗീകരിക്കുന്ന തരത്തിലുള്ള അവാർഡുകൾ പഞ്ചായത്തു തലത്തിൽ ഏർപ്പെടുത്തണം.

17. കാർഷിക പരിപാടികൾ സജീവമാക്കുന്നതിനും മറ്റുമായി പഞ്ചായത്തുതല സമിതി ഉണ്ടാക്കുന്നത് നന്നായിരിക്കും.

18. കൃഷിഭവന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തണം. അഗ്രോ ക്ലിനിക്കുകൾ അനിവാര്യമാണ് കാർഷിക പരിശീലനങ്ങളും ക്രമമായി നടക്കണം.

"ഓരോരുത്തരും അവനവന്റെ ഓരോ തുണ്ട് ഭൂമിയിലും അവനവന് ആവശ്യമായവ ഉൽപ്പാദിപ്പിക്കുക " എന്നതാവട്ടെ നമ്മുടെ മുദ്രാവാക്യം.

മൃഗസംരക്ഷണവും,മൽസ്യബന്ധനവും

മൃഗസംരക്ഷണം

പഞ്ചായത്തിലെ പ്രധാനവളർത്തുമൃഗങ്ങൾ പശു, ആട്, എന്നിവയാണ്. നാമമാത്രമായിഉഴവുപോത്തുകൾ, കാളകൾ, എരുമകൾ എന്നിവയും വളർത്തിവരുന്നു. പക്ഷികളിൽപ്രധാനമായും കോഴികളെയാണ് വളർത്തുന്നത്. ചിലവീടുകളിൽവിനോദത്തിനുവേണ്ടി പ്രാവ്, തത്ത, ലൗബേർഡ്സ് എന്നിവയും മുയലും വളർത്തുന്നുണ്ട്. ഇപ്പോൾ പഞ്ചായത്തിൽ 619 പശുക്കളും 421 ആടുകളും 446 കാളകളും 13 എരുമകളും 65 പോത്തുകളും ആണ് ഉള്ളത്. പഞ്ചായത്തിലെ 80% വീടുകളിലും നാടൻ കോഴികളെ വളർത്തുന്നുണ്ട്.

നെൽകൃഷികുറഞ്ഞതു കാരണം വേണ്ടത്ര തീറ്റ ലഭിക്കാത്തതിനാലും, കാർഷികരംഗത്ത് യന്ത്രവൽക്കരണം വന്നതിനാലും വളർത്തുമൃഗങ്ങളുടെ എണ്ണം കുറഞ്ഞുവരുന്നു. കോഴിവളർത്തലിൽനിന്നും പല കുടുംബങ്ങളും ഒഴിഞ്ഞുനിൽക്കുന്നത് കോഴികളെ ഇടയ്ക്കിടെ ബാധിക്കുന്ന 'കോഴിവസന്ത'എന്ന രോഗം കാരണമാണ്.

മുൻകാലങ്ങളിൽ വീട്ടാവശ്യത്തിന് പാൽലഭ്യമാക്കുന്നതിന് നാടൻപശുക്കളേയും എരുമകളേയും വളർത്തിയിരുന്നു. ഉഴവുകാളകളേയും, ഉഴവുപോത്തുകളെയും ഇപ്പോൾ വളർത്തിവരുന്നത് കർഷകതൊഴിലാളികളും ചെറുകിടകർഷകരുമാണ്. ഉപജീവനമാർഗ്ഗം എന്ന നിലയിലാണ് കർഷകത്തൊഴിലാളികൾ ഉഴവുമൃഗങ്ങളെ വളർത്തിവരുന്നത്.

പഞ്ചായത്തിൽ പ്രതിദിനം 1038ലിറ്റർപാൽ ഉൽപ്പാദിപ്പിക്കുന്നു. ഉൽപ്പാദിപ്പിക്കുന്ന പാലിന് വേണ്ടത്ര വിപണിയില്ലായ്മ, പുല്ല്,വൈക്കോൽ എന്നിവയുടെ ദൗർലഭ്യം, കാലിത്തീറ്റയുടെ വിലവർധനവ്, ചികിൽസാസൗകര്യങ്ങളുടെ കുറവ്, കാലിവളർത്തലിനെക്കുറിച്ച് ബോധവൽക്കരണമില്ലായ്മ ഇവയെല്ലാം ഈ തൊഴിലിൽനിന്ന് ഗ്രാമീണരെഅകറ്റിനിർത്തുന്ന ഘടകങ്ങളാണ്.

പഞ്ചായത്തിൽ വെട്ടത്തൂർ, മണ്ണാർമല എന്നീ കേന്ദ്രങ്ങളിൽ പാൽസൊസൈറ്റികൾ ഉണ്ട്. ഇതിൽ മണ്ണാർമലയിലെ സൊസൈറ്റി പ്രവർത്തനരഹിതമാണ്. പ്രവർത്തിക്കുന്ന വെട്ടത്തൂർ മിൽക്ക് സൊസൈറ്റിക്ക് വേണ്ടത്ര സംഭരണകേന്ദ്രങ്ങൾ ഇല്ലാത്തതിനാൽ പ്രദേശത്തുള്ള ഉല്പാദകർക്ക് മുഴുവൻ സൊസൈറ്റി പ്രയോജനപ്പെടുന്നില്ല.

വളർത്തുമൃഗങ്ങളും പക്ഷികളും

ഇനം	1987	1996
പശു	2366	619
കാള	-	466
എരുമ	-	13
പോത്ത്	775	65
ആട്	801	421
കോഴി	22144	ലഭ്യമല്ല
താറാവ്	27	792

മണ്ണാർമലയിൽ ഒരുമൃഗാശുപത്രിയും വെട്ടത്തൂരിൽ അതിന്റെ സബ്സെന്ററും പ്രവർത്തിച്ചുവരുന്നു. ആശുപത്രിയുടേയും സബ്സെന്ററിന്റേയും പ്രവർത്തനം കൂടുതൽ വിപുലപ്പെടുത്തണം. കാലികൾക്ക് അസുഖം വന്നാൽ ചികിത്സാകേന്ദ്രങ്ങൾ അവയെ എത്തിക്കുന്നതിന് ഉൾപ്രദേശത്തുള്ളവർക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.

കാലികളിൽ സാധാരണയായി കണ്ടുവരുന്ന രോഗങ്ങൾ അകിടുവീക്കം, കുളമ്പീരി, മുടന്തൻപനി, ഉദരസംബന്ധമായ രോഗങ്ങൾ എന്നിവയാണ്. രോഗപ്രതിരോധനനടപടികളെക്കുറിച്ചും ശുചിത്വത്തെക്കുറിച്ചും കർഷകരിൽ കൂടുതൽ ബോധവൽക്കരണം നടത്തേണ്ടതാണ്. പഞ്ചായത്തിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള മൂന്നുഗോബർഗ്യാസ് പ്ലാന്റുകളിൽ ഒന്നുംതന്നെ ഇപ്പോൾ പ്രവർത്തനക്ഷമമല്ല. കർഷകരിൽ പ്ലാന്റിന്റെ പ്രവർത്തനം സംബന്ധിച്ച് വേണ്ടത്ര അറിവില്ലായ്മ പ്രശ്നമാണ്. പഞ്ചായത്തിലെ പല കർഷകർക്കും ഗോബർഗ്യാസ് പ്ലാന്റിന്റെ സാധ്യതകളെക്കുറിച്ച് അറിവില്ല.

മുൻകാലങ്ങളിൽ എല്ലാ വീടുകളിലും കോഴിവളർത്തൽ ഉണ്ടായിരുന്നു. ആടുവളർത്തലിനെ മാത്രം ആശ്രയിച്ചു ജീവിക്കുന്ന ഏതാനും കുടുംബങ്ങൾ പഞ്ചായത്തിലുണ്ട്. മറ്റു വളർത്തുമൃഗങ്ങളെ അപേക്ഷിച്ച് ആടുകളിൽ രോഗങ്ങൾ പൊതുവെകുറവാണ് എന്നതും ഈ രംഗത്തെ സാധ്യതകൾ വർദ്ധിപ്പിക്കാൻ സഹായിക്കും.

ചിലവീടുകളിൽ താറാവുകളെയും വളർത്തിവരുന്നുണ്ട്.

പ്രധാനപ്രശ്നങ്ങൾ

1. ഉള്ളവ അത്യുല്പാദനശേഷിയുള്ളവയല്ല.
2. കാലിത്തീറ്റയ്ക്ക് വിലകൂടുതലും ലഭ്യതക്കുറവും.

3. പുല്ല്, വൈക്കോൽ എന്നിവയുടെ ലഭ്യതക്കുറവ്.
4. പാൽ, വിപണനത്തിന് വേണ്ടത്രസൗകര്യമില്ല.
5. മേച്ചിൽസ്ഥലങ്ങൾ കുറഞ്ഞുവരുന്നു.
6. മൃഗാശുപത്രിയുടെ സേവനം മതിയായതോതിൽ ലഭിക്കുന്നില്ല.
7. കാലികൾക്ക് പലതരം രോഗങ്ങളും കണ്ടുവരുന്നു.
8. മൃഗസംക്ഷണത്തെക്കുറിച്ചുള്ള ബോധവൽക്കരക്കുറവ്.
9. കോഴിത്തീറ്റക്ക് വിലകൂടുതലാണ്.
10. 'കോഴിവസന്ത' രോഗംതടയാൻ ഫലപ്രദമായി സാധിക്കാത്തതിനാൽ കോഴിവളർത്തലിനോട് താല്പര്യം കുറയുന്നു.
11. പേപ്പട്ടിശല്യം വ്യാപകമാണ്.
12. കോഴിവളർത്തലിനാവശ്യമായ കോഴിക്കുഞ്ഞുങ്ങൾ കുറഞ്ഞചെലവിൽ ലഭ്യമല്ല.
13. കാലിവളർത്തുന്നതിനും, കോഴിവളർത്തൽ യൂണിറ്റ് ആരംഭിക്കുന്നതിനും മതിയായസാമ്പത്തികസഹായം ലഭ്യമല്ല.
14. മേൽത്തരം ആടുകളുടെ ഇനം ലഭ്യമാവുന്നില്ല.

സാധ്യതകൾ.

1. വെട്ടത്തൂർ പഞ്ചായത്ത് മൊത്തം പ്രവർത്തനാധികാരമുള്ള ക്ഷീരവ്യവസായസഹകരണസംഘം രൂപീകരിക്കുക.
2. നിലവിലുള്ള വെട്ടത്തൂർ ക്ഷീരവ്യവസായ സഹകരണസംഘത്തിന് കൂടുതൽ സംഭരണകേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.
3. കാലിത്തീറ്റ കർഷകർക്ക് കുറഞ്ഞചെലവിൽ ലഭ്യമാക്കുക.
4. തീറ്റപ്പുല്ല് കൃഷിചെയ്യുന്നതിനാവശ്യമായ മേൽത്തരം വിത്തിനങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുക.
5. വെട്ടത്തൂരിൽ നിലവിലുള്ള സബ്സെൻറർ മൃഗാശുപത്രിയാക്കി മാറ്റുക. കാപ്പിൽ സബ്സെറർ ആരംഭിക്കുക. മണ്ണാർമലമൃഗാശുപത്രിയുടെ സബ്സെൻറർ പട്ടിക്കാട് ചുങ്കത്ത് സ്ഥാപിക്കുക.
6. പഞ്ചായത്ത് തലത്തിൽ കന്നുകാലികൾക്ക് മൊത്തം ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുക
7. അത്യുല്പാദനശേഷിയുള്ള പശുക്കളെ വളർത്തുന്നതിന് സാമ്പത്തികസഹായവും, പരിപാലനത്തിനാവശ്യമായബോധവൽക്കരണവും നടത്തുക.
8. കോഴിത്തീറ്റ കുറഞ്ഞനിരക്കിൽ ലഭ്യമാക്കുക.
9. കോഴികൾക്ക് പ്രതിരോധവാക്സിൻ കൊടുക്കുന്നതിനെക്കുറിച്ച്ബോധവൽക്കരണം നടത്തുകയും, അതിനുള്ള പരിശീലനം ഗ്രാമീണർക്കു നൽകുകയും ചെയ്യുക.
10. കോഴിവളർത്തുന്നതിനുള്ള സാഹചര്യങ്ങൾക്കായി ഒരു സഹകരണസംഘം ആരംഭിക്കുക. സംഘം മുഖേനകുറഞ്ഞ വിലക്ക് കോഴിക്കുഞ്ഞുങ്ങളേ ലഭ്യമാക്കുക.
11. വെട്ടത്തൂർ, കീഴാറ്റൂർ, മേലാറ്റൂർ എന്നീ പഞ്ചായത്തുകളിൽ കോഴിവളർത്തുന്നതിനാവശ്യമായ

കോഴിക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കുന്നതിന് സഹകരണാടിസ്ഥാനത്തിൽ ഒരു ഹാച്ചറി ആരംഭിക്കുക.

12. കോഴിവളർത്തൽ യൂനിറ്റ് ആരംഭിക്കുന്നതിന് മതിയായസാമ്പത്തിക സഹായം ലഭ്യമാക്കുക.
13. പഞ്ചായത്തിലെ സ്ക്കൂളുകളിൽ പൗൾട്രി ക്ലബ്ബുകൾ ആരംഭിക്കുക.
14. പഞ്ചായത്തിലെ പേപ്പട്ടിശല്യം തടയുക. നായ വളർത്തുന്നവർക്ക് ലൈസൻസ് നൽകുക.
15. തൊഴുത്ത് നിർമാണത്തിന് ബന്ധപ്പെട്ടവർക്ക് ആവശ്യമായ ധനസഹായം നൽകുക.

മത്സ്യബന്ധനം.

പഞ്ചായത്തിലെ തോടുകളിലും, കുളങ്ങളിലും മുമ്പ് പലതരം മത്സ്യഇനങ്ങളുമുണ്ടായിരുന്നു. കണ്ണൻ, മുയ്യ്, മനഞ്ഞിൽ, ആരൽ, തൊണ്ണ, കടുങ്ങാലി, പരൽ, കരുതല എന്നിവയാണ് സാധാരണ കണ്ടുവന്നിരുന്നവ.

മുൻകാലങ്ങളിൽ കന്നിക്കൊയ്ത്ത് നടക്കുന്ന സന്ദർഭത്തിൽ പാടങ്ങളിൽ ധാരാളം ആളുകൾ ഒരുമിച്ചുകൂടി ഉൽസവപ്രതീതിയോടെ മീൻപിടിച്ചുവന്നിരുന്നു. അന്ന് മുകളിൽ സൂചിപ്പിച്ച എല്ലായിനത്തിൽപ്പെട്ട മത്സ്യങ്ങളും ലഭിച്ചിരുന്നു. കാലവർഷാരംഭത്തിൽ ജലാശയങ്ങളിൽ നിന്ന് പുറത്ത് ചാടാനുളള വെമ്പലിൽ പാടങ്ങളിലും, പള്ളയ്യാലുകളിലും ഉളള വെളളത്തിൽ കളിച്ചുപുളയ്ക്കുന്ന മത്സ്യങ്ങളെ പെട്രോമാക്സും വാളുമായി എത്തുന്ന ഗ്രാമീണർ പിടിച്ചിരുന്നു. ചൂണ്ടയിട്ടും, ചട്ടിക്കണിവെച്ചും (തീറ്റവെച്ച മത്സ്യങ്ങളെ ആകർഷിക്കുന്ന പ്രത്യേക തരം കെണി) മീൻപിടിക്കുന്ന രീതി പഞ്ചായത്തിൽ ഇപ്പോഴും നിലവിലുണ്ട്. തുലാവർഷക്കാലത്ത് തോടുകളിൽ ഒഴുകിയെത്തുന്ന കലക്കവെളളത്തിൽ വലകുത്തി(വട്ടവല)യാൽ ഇഷ്ടംപോലെ ചെറുതരം മത്സ്യങ്ങൾ മുമ്പുലഭിക്കുമായിരുന്നു. വീശുവല, തണ്ടാടി എന്നിവ ഉപയോഗിച്ച് മീൻപിടിക്കുന്ന രീതി ഇപ്പോഴും നിലവിലുണ്ട്.

കീടനാശിനികളുടെയും, രാസവളങ്ങളുടെയും അമിതമായപ്രയോഗംമൂലം ജലാശയങ്ങളിലെ മത്സ്യങ്ങൾക്ക് പ്രത്യേകതരം രോഗങ്ങൾ കണ്ടുവരുന്നു. രോഗകാരണവും, രൂക്ഷമായ വരൾച്ചയെതുടർന്ന് മുമ്പ് വറ്റാതിരുന്ന പല ജലാശയങ്ങളാവറ്റുന്നതുകൊണ്ടും മുമ്പ് കണ്ടിരുന്ന പല മത്സ്യം ഇനങ്ങളും നാമാവശേഷമാവുകയോവിരളമാവുകയോ ചെയ്തിട്ടുണ്ട്.

കടൽമത്സ്യങ്ങൾപെരിന്തൽമണ്ണ മാർക്കറ്റിൽ നിന്നും കൊണ്ടുവന്ന് തലച്ചുമടായി വീടുകളിലെത്തിച്ച് വിൽക്കുന്ന രീതിയാണ് പഞ്ചായത്തിൽ നിലവിലുളളത്. പട്ടിക്കാട് , ചുങ്കം, വെട്ടത്തൂർ എന്നീ സ്ഥലങ്ങളിൽ സ്ഥിരമായ മത്സ്യവിൽപനകേന്ദ്രങ്ങൾ ഉണ്ട്. മത്തി, അയല, ചമ്പാൻ, കിളിമീൻ, വത്തൽ എന്നിവയാണ് സാധാരണ വിറ്റുവരുന്ന മതസ്യങ്ങൾ.

കടൽമൽസ്യങ്ങൾ പഞ്ചായത്തിൽ പലപ്പോഴും അഴുകിതുടങ്ങിയവയാണ് ലഭിക്കുന്നത്. ഇത്

വ്യവസായം

വ്യവസായമേഖലയിൽ വളരെ കൊല്ലങ്ങൾക്കു മുമ്പു തന്നെ തുടക്കമിടാൻ കഴിഞ്ഞുവെങ്കിലും കാര്യമായ നേട്ടമൊന്നും കൈവരിക്കാനായില്ല. 1921ന് മുമ്പ് കോയമ്പത്തൂർകാരനായ നാട്ടുവട്ടച്ചെട്ടി, ചുങ്കത്ത് കമ്പനിത്തൊടികയിൽ ക്രൂഡ് ഓയിൽ ഉപയോഗിച്ച് പ്രവർത്തിച്ചിരുന്ന ഒരു ഈർച്ചമിൽ ആരംഭിച്ചിരുന്നു. ഇത് ലഹളഭയന്ന് നിർത്തൽ ചെയ്തു. 30ലധികം കൊല്ലന്മാർ ഒന്നിച്ചിരുന്ന് പണിയായുധങ്ങൾ നിർമ്മിച്ചിരുന്ന മറ്റൊരു തൊഴിൽ ശാലയും പ്രസ്തുത കാലഘട്ടത്തിൽ ചുങ്കത്തുതന്നെയുണ്ടായിരുന്നു. ഈ പണിയായുധങ്ങൾ പെരിന്തൽമണ്ണ, പട്ടാമ്പി, തൃത്താല എന്നീ സ്ഥലങ്ങളിലാണ് വിപണനം ചെയ്തിരുന്നത്. ഇപ്പോൾ ഒറ്റയൊറ്റയായിട്ടാണ് ഈ പണി ചെയ്തുവരുന്നത്. മരപ്പണിരംഗത്ത് കൂട്ടായ്മില്ലായിരുന്നെങ്കിലും ഇപ്പോൾ അങ്ങിങ്ങായി ചില ഫർണീച്ചർ നിർമ്മാണ കടകൾ ഉണ്ടായിട്ടുണ്ട്. ഒരു കാലത്ത് പൂൽത്തൈല നിർമ്മാണത്തിന് പേരുകേട്ട സ്ഥലമായിരുന്നു - എന്നാൽ മണ്ണാർമലയിലെ മലവാരം റിസർവ്വനമായതോടെ എല്ലാം തകർന്നു. വ്യവസായരംഗത്ത് കാര്യമായ മാറ്റം വരുത്തേണ്ടതുണ്ട്.

കാർഷികവ്യവസായമേഖല

കാർഷികല്പന്നങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള വ്യവസായം പഞ്ചായത്തിലില്ല. എള്ളും കൊപ്രയും ഉപയോഗിച്ച് എണ്ണ ഉല്പാദിപ്പിക്കാൻ സാധ്യതയുള്ളതിനാൽ മുമ്പുതന്നെ നാടൻ ചക്കടുകൾ പ്രവർത്തിച്ചിരുന്നു. ഇന്ന് ആസ്ഥാനത്തു 3 എണ്ണയാട്ടുമില്ലുകളായായി. നെല്ലുകുത്തിജീവിതം നയിച്ചിരുന്ന സ്ത്രീകൾ ഉണ്ടായിരുന്നു. ഇന്ന് സ്ഥാനത്ത് 16 റൈസുമില്ലുകൾ സ്ഥാനം പിടിച്ചിരിയ്ക്കുന്നു. തൊപ്പികുടനിർമ്മാണം, പായനെയ്ത്ത്, പനമ്പ്, കൊട്ട, വട്ടി, മുറംനിർമ്മാണം എന്നിവ പരമ്പരാഗത തൊഴിലുകളായിരുന്നു. അവ ഇന്ന് മുരടിച്ചിരിക്കുകയാണ്. അലുമിനിയം, പ്ലാസ്റ്റിക് എന്നിവയുടെ ആവിർഭാവം ഇതിനുകാരണമായി. മുൻകാലങ്ങളിൽ മനുഷ്യപ്രയത്നത്താൽ മരങ്ങൾ ഈർന്ന് ഉരുപ്പടികളാക്കുകയായിരുന്നു. ആ സ്ഥാനത്ത് ഇന്ന് 5 ഈർച്ചമില്ലുകൾ സ്ഥാനം പിടിചിരിക്കുന്നു. 3 എണ്ണം 1-ാം വാഡിലും 1 എണ്ണം രണ്ടാം വാർഡിലും പ്രവർത്തിച്ചുവരുന്നു. തേക്ക്, പിലാവ്, തെങ്ങ് എന്നീ മരങ്ങൾ ഈർന്ന് ഭവനനിർമ്മാണത്തിനും ഗാർഹികോപകരണ നിർമ്മാണത്തിനും ഉള്ള ഉരുപ്പടികൾ രൂപപ്പെടുത്തുകയാണിവിടെ.

ചെറുകിടവ്യവസായവേഖല

ഒന്നാംവാർഡിൽചുങ്കത്തുപ്രവർത്തിച്ചിരുന്ന തീപ്പെട്ടിക്കമ്പനി അടച്ചുപ്പൂട്ടേണ്ടിവന്നു. ഇവിടെ ഒരു പ്ലാസ്റ്റിക്ക് വർക്ക്സ്, പ്രിൻറിംഗ്പ്രസ്സ് എന്നിവ പ്രവർത്തിച്ചുവരുന്നു. 'കിഡ്ഡീസ്' എന്ന പേരിൽ ഒരു മിഠായികമ്പനി പ്രവർത്തിക്കുന്നുണ്ട്.

പലപ്പോഴും ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

പ്രധാനപ്രശ്നങ്ങൾ

1. മൽസ്യകൃഷിക്കാവശ്യമായ മൽസ്യക്കുഞ്ഞുങ്ങളെ ലഭിക്കുന്നില്ല.
2. പല ജലാശയങ്ങളിലും വേനൽക്കാലത്ത് വേണ്ടത്ര വെള്ളം ലഭിക്കുന്നില്ല.
3. മത്സ്യംവളർത്തുന്നതിനുള്ള സർക്കാർ സ്കീമുകളെക്കുറിച്ച് അറിവില്ലായ്മ.
4. കടൽമൽസ്യങ്ങൾ ഭക്ഷ്യയോഗ്യമല്ലാത്ത അവസ്ഥയിലാണ് പഞ്ചായത്തിൽ ലഭിച്ചുവരുന്നത്.
5. ജലാശയങ്ങളിലെ മൽസ്യങ്ങൾക്ക് മൽസ്യരോഗം കണ്ടുവരുന്നു.
6. വയലുകളിലും, മറ്റുംപ്രയോഗിക്കുന്ന കീടനാശിനികൾ തോടുകളിലും മറ്റുമുള്ള മൽസ്യസമ്പത്ത് നശിപ്പിക്കുന്നു.

സാധ്യതകൾ

1. ശുദ്ധമൽസ്യകൃഷിനടത്തുന്നതിനുള്ള സാധ്യതകൾ ഉപയോഗപ്പെടുത്തുക.
2. സ്വകാര്യവ്യക്തികൾക്ക് മൽസ്യകൃഷി ആരംഭിക്കുന്നതിന് സാമ്പത്തികസഹായം ലഭ്യമാക്കുക.
3. നല്ലതരം മൽസ്യക്കുഞ്ഞുങ്ങളെ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുക.
4. മൽസ്യകൃഷിയെക്കുറിച്ച് വ്യാപകമായ ബോധവൽക്കരണം നടത്തുക.
5. മത്സ്യരോഗങ്ങളെക്കുറിച്ച് പഠനം നടത്തുകയും പരിഹാരനടപടികൾ സ്വീകരിക്കുകയും ചെയ്യുക.
6. പൂങ്കാവനം റിസർവോയർചോർചൊഴിവാക്കി മത്സ്യകൃഷി ആരംഭിക്കാനുള്ള സജ്ജീകരണം ഏർപ്പെടുത്തുക.
7. കടൽമത്സ്യങ്ങൾ വിപണനം നടത്തുന്ന താഴെതലംവരെ ഫ്രീസർ സംവിധാനം ഏർപ്പെടുത്തണം
8. പഞ്ചായത്തിലെ പ്രധാന കേന്ദ്രങ്ങളിൽ മത്സ്യവില്പനകേന്ദ്രങ്ങൾ ആരംഭിക്കുക.
9. മൽസ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഒരു സഹകരണസംഘം ആരംഭിക്കുക.

അഞ്ചാം വാർഡിൽ ഒരു സോപ്പ് നിർമ്മാണ - (മൈത്രീ) ക്കമ്പനിയുണ്ട്. ഒരു ഗ്രാനൈറ്റ് ഫാക്ടറിയും ഉണ്ട്.

പ്രശ്നങ്ങൾ

- വ്യവസായത്തിനാവശ്യമായ അടിസ്ഥാനസൗകര്യക്കുറവ്
- വ്യവസായത്തെസംബന്ധിച്ചബോധമില്ലായ്മ
- പണവും സൗകര്യങ്ങളും ഉണ്ടെങ്കിലും സംരംഭകരുടെ ഉൽക്കണ്ഠമാറ്റാനുള്ള നടപടിക്കുറവ്.
- ഉയർന്ന സാങ്കേതിക വിദഗ്ദരുടെ അപര്യാപ്തത.
- വോൾട്ടേജ്ക്ഷാമം.
- മാർക്കറ്റ് ഇല്ലായ്മ.
- വായ്പകിട്ടാനുള്ള ബുദ്ധിമുട്ട്.
- വ്യവസായലൈസൻസ് കിട്ടാനുള്ള ബുദ്ധമുട്ട്.
- കാർഷിക പല്പന്നങ്ങൾ ഉപയോഗപ്പെടുത്തിയുള്ള വ്യവസായങ്ങളുടെ കുറവ്.
- ഗതാഗതസൗകര്യങ്ങളുടെ അപര്യാപ്തത.
- ഉല്പന്നങ്ങളുടെ ലഭ്യതക്കുറവ്
  ഇന്ധനക്ഷമം

സാദ്ധ്യതകൾ

- മിനിഇൻറസ്ട്രിയൽഎസ്റ്റേറ്റ് സ്ഥാപിക്കൽ.
- വ്യവസായസെൽരൂപീകരിക്കൽ.
- വ്യവസായത്തെക്കുറിച്ച് ബോധവൽക്കരണം.
- (നമ്മുടെ പഞ്ചായത്തിലെ ഉൽപ്പന്നങ്ങൾ ഉപയോഗിക്കേണ്ടവിധം എന്നിവഇ
- പഞ്ചായത്ത് വിപണനമാർക്കറ്റ് രൂപീകരിക്കുക.
- വ്യവസായസംരംഭകരെ കണ്ടെത്തുക.
- വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുക. (കൊപ്രനിർമ്മാണയൂണിറ്റ്, കയർനിർമ്മാണയൂണിറ്റ്, ചിരട്ടകൊണ്ടുള്ള കരകൗശലനിർമ്മാണയൂണിറ്റ്, ചിപ്സ് നിർമ്മാണയൂണിറ്റ്, ചക്ക, മാങ്ങസംസ്ക്കരണ യൂണിർ്, പായനെയ്ത്ത്യൂണിറ്റ്, വട്ടി, കൊട്ട, മുറം, പനമ്പ്നിർമ്മാണ യൂണിറ്റ്)
- റെഡിമെയിഡ്നിർമ്മാണം.
- പേപ്പർപ്ലെയിറ്റ് നിർമ്മാണം.
- ഒട്ടുപാൽ (റബ്ബർ)ഉപയോഗിച്ച് ഗ്ലൗസ്, റബ്ബർബാൻറ്, ബലൂൺ എന്നിവ ഉണ്ടാക്കൽ.
- ഫോട്ടോകോപ്പി.
- ബ്രെയിസർ, ഷെഡ്ഡിനിർമ്മാണം.

- ഫർണീച്ചർ നിർമ്മാണം.
- കറിപൗഡർനിർമ്മാണം.
- മൊസൈക്ക്ടൈൽസ്ഡക്കറേഷൻ.
- കാറ്ററിങ്ങ്യൂണിറ്റ്.
- ബ്യൂട്ടിഷാപ്പ്.
- കാർഷികസംരംഭങ്ങൾ.
- ഫാൻസിവസ്തുക്കളുടെനിർമ്മാണം.
- ശീലക്കുടനിർമ്മാണം.
- മെഴുകുതിരി നിർമ്മാണം.
- ചെരിപ്പ് നിർമ്മാണം.
- സോപ്പു നിർമ്മാണം.

മേൽപറഞ്ഞനിർദ്ദേശങ്ങൾ ചർച്ചയുടെ അടിസ്ഥാനത്തിൽ മുൻഗണനാക്രമംനിശ്ചയിച്ച് നടപ്പാക്കിയാൽ അടുത്ത ഏതാനും വർഷങ്ങൾക്കുളളിൽ നമ്മുടെ പഞ്ചായത്തിലെ ചെറുകിടവ്യവസായരംഗത്ത് പുരോഗതി ഉണ്ടാക്കാൻ കഴിയും. നമ്മുടെ പഞ്ചായത്തിലേക്കാവശ്യമായ നിത്യോപയോഗസാധനങ്ങൾ ഇവിടെത്തന്നെ ലഭ്യമാക്കുന്ന വസ്തുക്കൾ ഉപയോഗിച്ച് നിർമ്മിക്കാനും, കാർഷികവിളകളെപ്രോത്സാഹിപ്പിക്കുന്നതോടൊപ്പം നല്ലൊരുശതമാനം തൊഴിലില്ലാത്തവർക്ക് തൊഴിൽ നൽകാനും കഴിയും.

വിദ്യാഭ്യാസം

പാലക്കാട് ജില്ലയോട് ചേർന്നുകിടക്കുന്ന വെട്ടത്തൂർ പഞ്ചായത്ത് സ്വാതന്ത്ര്യ ലബ്ധിക്ക് മുൻപ് പൊതുവെ വിദ്യാഭ്യാസപരമായി പിന്നിലായിരുന്നു. ദാരിദ്ര്യംകൊണ്ട് പഠനം നേരത്തെ അവസാനിപ്പിച്ച് സംസ്ഥാനത്തിനു വെളിയിൽ ഖനികളും ഫാക്ടറികളിലും കൂലിവേലയെടുക്കാൻ പോകുന്നത് അക്കാലങ്ങളിൽ സാർവത്രികമായിരുന്നു. പട്ടികജാതി - പട്ടികവർഗ്ഗവിഭാഗം സ്ക്കൂളുകളിൽ പോകുന്നതും വിദ്യാഭ്യാസം തേടുന്നതും വളരെ അപൂർവ്വമായിരുന്നു. സാമ്പത്തികമായും, സാമൂഹികമായും പിന്നോക്കം നിന്നിരുന്ന ജനങ്ങൾ പൊതുവേയും, സ്ത്രീകൾ പ്രത്യേകിച്ചും സ്ക്കൂൾ പഠനത്തിൽ വിമുഖരായിരുന്നു. ഈ കാരണങ്ങൾ എല്ലാം പഞ്ചായത്തിന്റെ വിദ്യാഭ്യാസമേഖലയിലെ പിന്നോക്കാവസ്ഥയ്ക്ക് കാരണമായി. സ്വാതന്ത്ര്യ ലബ്ധിക്കു ശേഷം ഗൾഫ് മേഖലയിലേക്കുള്ള തൊഴിൽ തേടി പോകൽ, പഞ്ചായത്തിലെ ജനങ്ങളുടെ സാമ്പത്തികപിന്നോക്കാവസ്ഥ ഒരു പരിധിവരെ പരിഹരിക്കാനും, ഭൗതികരംഗത്ത് വിപ്ലവകരമായമാറ്റത്തിനും കാരണമായി. സാമൂഹികമായി പിന്നോക്കം നിന്നിരുന്ന ജനവിഭാഗങ്ങളിൽ രാഷ്ട്രീയസാമൂഹികസംഘടനകളുടേയും, ക്ലബ്ബുകളുടേയും നിരന്തരപ്രവർത്തനം തങ്ങളുടെ അവകാശങ്ങളെക്കുറിച്ച് ബോധമുളവാക്കാനും കുട്ടികളെ വിദ്യാഭ്യാസം നേടാൻ പ്രേരിപ്പിക്കുന്നതിനും കാരണമായി. ധാരാളം നിരക്ഷരർ ഉണ്ടായിരുന്ന ഈ പഞ്ചായത്തിൽ സാക്ഷരതാപ്രവർത്തനത്തിന്റെ ഫലമായി നിരക്ഷരുടെ എണ്ണം ഗണ്യമായികുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇന്ന് ഉയർന്ന മേഘലകളിൽ ജോലി നോക്കുന്ന ഒട്ടനവധി ആളുകൾ ഈ പഞ്ചായത്തിലുണ്ട്. വിദ്യാഭ്യാസരംഗത്തെ മുരടിപ്പ് മാറ്റാനും അന്ധവിശ്വാസങ്ങളും, അനാരാചങ്ങളും ജനമനുസ്സുകളിൽനിന്ന് നീക്കം ചെയ്യാനും അശ്രാന്തപ്രയത്നം ചെയ്തവരിൽ ദേശീയഅവാർഡ് നേടിയ അദ്ധ്യാപിക ശ്രീമതി കുഞ്ഞീരുമ്മുടീച്ചർ, സംസ്ഥാന അവാർഡ് നേടിയ കരുവാത്ത് മുഹമ്മദ് എന്ന കുഞ്ഞാപ്പമാസ്റ്റർ, മണ്ണാർമലയിലെ ഫാത്തിമാടീച്ചർ, കാര്യാവട്ടംകൊടക്കാട് മൊയ്തുപ്പ മൊല്ലാക്ക, വെട്ടത്തൂരിലെ വടക്കേതിൽ ഹൈദു ഹാജി എന്നിവരെ ഈ സന്ദർഭത്തിൽ അനുസ്മരിക്കേണ്ടതുണ്ട്.

നിലവിലുള്ള സ്ഥാപനങ്ങൾ

23825 പേർ ജീവിക്കുന്ന പഞ്ചായത്തിൽ ഇപ്പോൾ അഞ്ച് എൽ.പി. സ്ക്കൂളുകളും നാല് യു.പി. സ്കൂളുകളും ഒരു ഹൈസ്കൂളും ഉണ്ട്. ഇതിൽ എൽ.പി.വിഭാഗത്തിൽ ഒന്നും യു.പി വിഭാഗത്തിൽ മൂന്നും സ്വകാര്യമേഖലയിലും, അവശേഷിക്കുന്നവ സർക്കാർ മേഖലയിലുമാണ് പ്രവർത്തിക്കുന്നത്. ഏക ഹൈസ്കൂൾപഞ്ചായത്തിന്റെ കിഴക്കെ അറ്റത്ത് വെട്ടത്തൂരിലാണ് സ്ഥിതിചെയ്യുന്നത്. പഞ്ചായത്തിലെ പടിഞ്ഞാറുഭാഗത്തെ കുട്ടികൾ ഹൈസ്കൂൾ പഠനത്തിന് തൊട്ടടുത്തുള്ള കീഴാറ്റൂർ പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന പട്ടിക്കാട് ഗവ: ഹൈസ്കൂളിനെയാണ് മുഖ്യമായും ആശ്രയിച്ചിരിക്കുന്നത്. ഇംഗ്ലീഷ്മീഡിയം സ്കൂളുകളിൽ പഠിക്കുന്നതിന് പഞ്ചായത്തിലെ 100 ഓളം വിദ്യാർത്ഥികൾ 7KM അകലെയുള്ള പെരിന്തൽമണ്ണയിലെ സ്വകാര്യസ്ഥാപനങ്ങളിലേക്ക്

പോകുന്നുണ്ട്. പഞ്ചായത്തിൽ 10 വാർഡുകളിലായി ആകെ 13 അംഗനവാടികൾ ഉണ്ട്. ദൂരക്കൂടുതൽമൂലം പ്രീപ്രൈമറി വിദ്യാഭ്യാസം നേടാൻ കഴിയാത്ത സാധാരണക്കാരായ ഒട്ടനവധി കുട്ടികൾ പഞ്ചായത്തിൽ ഉണ്ട്. സ്വകാര്യമേഖലയുൽ ഉള്ള പ്രശസ്തമായ ശാന്തപുരം ഇസ്ലാമിയ കോളേജും .ജാമിഅനൂരീയ, അറബിക് കോളേജും ഈ പഞ്ചായത്തിലാണ്. രണ്ടാംവാർഡിൽ ഒരു സ്വകാര്യ ഇംഗ്ലീഷ് മീഡിയം എൽ.പി സ്കൂളുകളും മണ്ണാർമലയിൽ ഒരു ഇംഗ്ലീഷ് മീഡിയം നഴ്സറി സ്കൂളുകളും ഉണ്ട്. ഉപരിപഠനത്തിനും സാങ്കേതികപരിശീലനത്തിനും പഞ്ചായത്തിനകത്ത് ഒറ്റസ്ഥാപനവുമില്ല.

സ്ഥാപനങ്ങളിലെ ഭൗതീകസാഹചര്യങ്ങൾ

പഞ്ചായത്തിലെ സ്ഥാപനങ്ങളിൽ ജി.എം.യു.പി.എസ് വെട്ടത്തൂരിനും ഏക ഹൈസ്കൂളായ ജി.എച്ച്.എസ്. വെട്ടത്തൂരിനും ആവശ്യമായ കെട്ടിടങ്ങൾ ഇല്ല. സ്കൂൾ പി.ടി.എ.കൾ നിർമ്മിച്ച താൽക്കാലിക ഷെഡുകളിലാണ് പലക്ലാസുകളും പ്രവർത്തിക്കുന്നത്. പി.ടി.എം.യു.പി.എസ്. മണ്ണാർമ്മലക്കും, ജി.എം.യു.പി.എസ്. വെട്ടത്തൂരിനും, യു.പി.എസ് വെട്ടത്തൂരിനും ആവശ്യമായ മൂത്രപ്പുരകൾ ഇല്ല. മൂന്ന് സ്കൂളുകളിൽ കക്കൂസ് ഇല്ല. മിക്ക സ്കൂളുകളിലും കുടിവെള്ള സൗകര്യവും, വൈദ്യുതിസൗകര്യവും, കളിസ്ഥലവും, ചുറ്റുമതിലും ഇല്ല.

നമ്പർ	വിദ്യാലയത്തിന്റെ പേർ	മാനേജ്മെന്റ്	LP/UP/HS	ഓഫീസ് കെട്ടിടം	ലൈബ്രറി	സ്കൂൾ കിച്ചൻ	ഫർണിച്ചർ	ഡ്രിങ്കിങ് വാട്ടർ	ടോയ്ലറ്റ്	ചുറ്റുമതിൽ
1	GMLPS പളളിക്കുന്ന്	ഗവ:	L.P.	✓	✓	✓	✗	✓	✓	✓
2.	AMLPS മണ്ണാർമല	എയിഡഡ്	L.P.	✓	✓	✗	✗	✗	✗	✗
3.	PTMUPS മണ്ണാർമല	എയിഡഡ്	U.P.	✓	✗	✗	✗	✗	✗	✓
4.	AUPS പച്ചീരി	"	U.P.	✓	✓	✓	✓	✗	✗	✓
5.	GLPS നേലക്കാട്	ഗവ:	U.P.	✓	✓	✓	✗	✗	✗	✗
6.	GLPS മേൽക്കുളങ്ങര	"	L.P.	✓	✓	✓	✗	✗	✗	✗
7.	GMUPS വെട്ടന്നൂർ	"	U.P.	✗	✗	✓	✗	✗	✗	✗
8.	GHS വെട്ടന്നൂർ	"	H.S.	✗	✓	✓	✓	✓	✓	✓
9.	AMUPS വെട്ടന്നൂർ	എയിഡഡ്	U.P.	✓	✗	✗	✗	✓	✗	✗
10	GLPS കാര	ഗവ:	L.P.	✓	✓	✓	✗	✗	✗	✗

പഞ്ചായത്തിലെ സ്കൂളുകളിലെ പഠനനിലവാരുവും വിജയശതമാനവും

നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഉണ്ടായിരുന്നതിനെക്കാൾ ഭൗതിക സൗകര്യത്തിൽ മെച്ചപ്പെട്ടിട്ടുണ്ടെങ്കിലും അതനുസരിച്ച് പഠനനിലവാരത്തിലും എസ്.എസ്.എൽ.സി വിജയശതമാനത്തിലും പഞ്ചായത്തിലെ സ്കൂളുകൾ ഉയർന്നിട്ടില്ല.. പഞ്ചായത്തിലെ സ്കൂളുകളുടെ നിലവാരതകർച്ചക്കും വിജയശതമാനതകർച്ചക്കും പലകാരണങ്ങളും ചൂണ്ടികാണിക്കാനാവും. കുട്ടികളുടെ പഠനകാര്യത്തിൽ രക്ഷിതാക്കളുടെ ശ്രദ്ധക്കുറവ്, പ്രൈമറിസ്കൂളുകളിൽ നിന്നും വരുന്ന കുട്ടികളുടെ നിലവാരമില്ലായ്മ, സാദ്ധ്യായ ദിവസങ്ങളുടെ നഷ്ടം, ക്ലാസുകളിലെ കുട്ടികളുടെ എണ്ണപ്പെരുപ്പം, അദ്ധ്യാപകർക്ക് കാലാനുസൃതമായ പുന:പരിശീലനത്തിന്റെ കുറവ്, ഫർണീച്ചറുകളുടേയും പഠനോപകരണങ്ങളുടേയും അപര്യാപ്തത, നിലവിലുള്ള മൂല്യനിർണ്ണയരീതിയിലെ അശാസ്ത്രീയത, അനാരോഗ്യകരമായ അദ്ധ്യാപക - വിദ്ധ്യാർത്ഥി, അദ്ധ്യാപക - രക്ഷാകത്തൃ ബന്ധം, പാഠപുത്കങ്ങൾ സമയത്ത് ലഭ്യമാകായ്ക, തദ്ദേശവാസികളായ അദ്ധ്യാപകരുടെ കുറവ് നികത്താതെകിടക്കുന്ന അദ്ധ്യാപകതസ്തീകകൾ, സകട്ടൾ ലൈബ്രറി, ലബോറട്ടറി എന്നിവയുടെ നിർജ്ജീവത ലിറ്ററിക്ലബുകൾ, സയൻസ് ക്ലബ്ബുകൾ, സാഹിത്യസമാജങ്ങൾ എന്നിവയുടെ പ്രവർത്തനങ്ങൾ തുടങ്ങി ഒട്ടനവധി ചെറുതും വലുതുമായ കാരണങ്ങളാൽ നിലവിലുള്ള ഈ നിലവാര തകർച്ചയും വിജയശതമാന താഴ്ചയ്ക്കും ഹേതുവായി.

വിദ്യാർത്ഥികളുടെ സ്ഥിതിവിവിരം

നമ്പർ	സ്കൂൾ	മാനേജ്	വിദ്യാർത്ഥികൾ		ആകെ
			ആൺ	പെൺ	
1.	GMLPS പളളിക്കുത്ത്	ഗവൺമെൻറ്	139	116	255
2.	AMLPS മണ്ണാർമല	എയിഡഡ്	86	83	169
3.	PTMUPS മണ്ണാർമല	,,	107	83	190
4.	AUPS പച്ചീരി	,,	348	336	684
5.	GLPS തേലക്കാട്	ഗവ:	81	65	146
6.	GMUPS വെട്ടത്തൂർ	,,	654	597	1251
7.	GMLPSമേൽക്കുളങ്ങര	,,	509	455	964
8.	GHS വെട്ടത്തൂർ	,,	452	510	972
9.	AMUPSവെട്ടത്തൂർ	എയിഡഡ്	654	597	1251
10.	GLPS കാര	ഗവ:	81	91	172

L.P., U.P., H.S. വിഭാഗത്തിലെ പെൺകുട്ടികളുടെ വിവരം

പട്ടിക III

ആകെവിദ്യാർത്ഥികൾ	ആൺ	പെൺ	%	ആൺ	പെൺ	%	ആൺ	പെൺ	%
4970	462	447	18%	1618	1471	62%	426	510	20%

പട്ടിക 4

ഗവ: സ്കൂളിലെ അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും കണക്ക്

ആകെ അധ്യാപകർ പഞ്ചായത്തിൽ	ഗവവിദ്യാലയങ്ങളിലെ അധ്യാപകരുടെ എണ്ണം	%	പഞ്ചായത്തിലെ വിദ്യാർത്ഥികളുടെ എണ്ണം	ഗവ:സ്കൂൾ വിദ്യാർത്ഥികളുടെ എണ്ണം	ശതമാനം
286	122	43%	5070	2672	52%

വിദ്യാഭ്യാസരംഗത്തെ പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ ഒന്ന്, രണ്ട്, എട്ട് വാർഡുകളിൽ പ്രാഥമിക വിദ്യാഭ്യാസത്തിന് കുട്ടികൾക്ക് വളരെ കൂടുകൽ ദൂരം സഞ്ചരിക്കേണ്ടിവരുന്നു.
2. ഉപരിപഠനത്തിനും സാങ്കേതികപരിശീലനത്തിനും അനുഗുണമായ ഒറ്റസ്ഥാപനവും പഞ്ചായത്തിലല്ല.
3. ഒന്ന്, രണ്ട്, എട്ട്, ഒൻപത് വാർഡുകളിൽ അംഗനവാടിയിലേക്ക് ഉള്ള ദൂരക്കൂടുതൽ പ്രീപ്രൈമറി വിദ്യാഭ്യാസത്തിന് പ്രയാസം ഉണ്ടാക്കുന്നു.
4. സ്കൂളുകളിലെ പഠനനിലവാരവും , എസ്.എസ്.എൽ.സി. വിജയശതമാനവും സൃപ്തികരമല്ല.
5. അധ്യാപക - വിദ്യാർത്ഥി അനുപാതം സന്തുലിതമല്ല.
6. പഞ്ചായത്തിലെ സർക്കാർ സ്കൂളുകളുടെ ഭൗതീക സൗകര്യങ്ങൾ ഒട്ടും തൃപ്തികരമല്ല.

പരിഹാരനിർദ്ദേശങ്ങൾ

1. ഒന്നാം വാർഡിൽ ശാന്തപുരം ഭാഗത്തും, രണ്ടാം വാർഡിൽ പൂഞ്ചോലക്കൽ പാറഭാഗത്തും എട്ടാംവാർഡിൽ പൂരോണക്കുന്ന് ഭാഗത്തും ഓരോ എൽ.പി. സ്കൂളുകൾ സ്ഥാപിക്കുക.
2. പഞ്ചായത്തിലെ ഏക ഹൈസ്കൂളായ ജി.എച്ച്.എസ്.വെട്ടത്തൂർ ഒരു വൊക്കേഷണൽ ഹയർ സെക്കൻററി ആക്കി ഉയർത്തുക.
3. പഞ്ചായത്തിൽ സഹകരണമേഖലയിൽ ഒരു സാങ്കേതിക പരിശീലനകേന്ദ്രം ആരംഭിക്കാവുന്നതാണ്.
4. ഒന്നാം വാർഡിൽ പളളിക്കുത്ത് ഹരിജൻ കോളനിയിലും, രണ്ടാംവാർഡിൽ പൂഞ്ചോലക്കൽ പാറഭാഗത്തും എട്ടാംവാർഡിൽ ഹൈസ്കൂൾപടി - നിരന്ന പറമ്പ് ഭാഗത്തും ഒൻപതാംവാർഡിൽ മഠത്തൊടികോളനിയിലും പുതുതായി ഓരോ അംഗനവാടികൾ ആരംഭിക്കുക.
5. പഞ്ചായത്തല സ്കൂൾ കോപ്ലക്സുകളിൽ രക്ഷിതാക്കളുടെ പ്രതിനിധികളെക്കൂടി ഉൾപ്പെടുത്തി. അതിൽ നിന്നും തിരഞ്ഞെടുക്കുപ്പടുന്ന ഒരു ടീം സ്കൂളുകൾ സന്ദർശിക്കുകയും അക്കാദമിക്ക് നിലവാരംപരിശോധിക്കുകയും ചെയ്യുന്ന ഒരു സംവിധാനം ഉണ്ടാക്കാവുന്നതാണ്.
6. പ്രാഥമികതലത്തിലെങ്കിലും അധ്യാപക വിദ്യാർത്ഥി അനുപാതം കുറക്കുക.
7. സർക്കാർ സ്കൂളുകളിലെ ഭൗതീകസൗകര്യങ്ങൾ ഒരുക്കുന്നതിന് ആവശ്യമായതുകയുടെ 25% സ്കൂൾ പി.ടി.എയുടെയും മറ്റു ജനകീയസമിതികളുടെയും സഹായത്താൽ ലഭ്യമാക്കാവുന്നതാണ്.

മേൽപറഞ്ഞ വസ്തുതകൾ ചർച്ചചെയ്ത് മുൻഗണനാടിസ്ഥാനത്തിൽ നടപ്പിലാക്കാൻ കഴിഞ്ഞാൽ നമ്മുടെ പഞ്ചായത്തിലെ വിദ്യാഭ്യാസരംഗം മേൻമയേറിയതാക്കാൻ നമുക്കു കഴിയും. അതിനായി നമുക്കൊരുമിക്കാം.

കുടിവെള്ളവും പൊതുജനാരോഗ്യവും

'ആരോഗ്യം അനുഗ്രഹം ആരോഗ്യമുള്ള ജനത രാഷ്ട്രത്തിന്റെ സമ്പത്ത്, ആരോഗ്യമുള്ള ശരീരത്തിലേ ആരോഗ്യമുള്ള മനസ്സുള്ളൂ' ആരോഗ്യമുള്ള ശരീരത്തിന് ശുദ്ധജലം അനിവാര്യമത്രേ! മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളിൽപ്പെട്ട ഏറ്റവും പ്രധാന ഘടകമായ കുടിവെള്ളത്തിന്റെ ക്ഷാമമാണ് പഞ്ചായത്ത് നേരിടുന്ന പ്രധാനപ്രശ്നം.

കേരളവാട്ടർഅതോറിറ്റിയുടേയോ, പഞ്ചായത്തിന്റെയോ യാതൊരുവിധ ശുദ്ധജല വിതരണപദ്ധതിയും പഞ്ചായത്തിലില്ല. 100% ജനങ്ങളും കിണറുകളെയാണ് കുടിവെള്ളത്തിന് ആശ്രയിക്കുന്നത്. 98% സ്വകാര്യകിണറുകളും 2% പൊതുകിണറുകളുമാണ് ഉള്ളത്. പഞ്ചായത്തിലെ 4718 കുടുംബങ്ങൾക്ക് 2000ത്തോളം കിണറുകൾമാത്രമാണുള്ളത്. ഇതിൽ 50%വും വർഷത്തിൽ ആറോ ഏഴോമാസം മാത്രം ജലലഭ്യതയുള്ളതാണ്. പഞ്ചായത്തിലെ 27 പൊതുകിണറുകളുടേയും 19 കുഴൽകിണറുകളുടേയും നിലയും വ്യത്യസ്തമല്ല. കുഴൽ കിണർ അറ്റകുറ്റപണികൾ ആവശ്യമുള്ളതും, വെള്ളത്തിന് രുചിഭേദം അനുഭവപ്പെടുന്നവയുമാണ്.

പട്ടിക 1

ശുദ്ധജലസ്രോതസ്സുകൾ					
കിണറുകൾ				കുഴൽകിണറുകൾ	മൊത്തം കിണറുകൾ
പൊതുകിണറുകൾ		സ്വകാര്യകിണറുകൾ			
വെള്ളമുള്ളത്	വെള്ളമില്ലാത്തത്	വെള്ളമുള്ളത്	വെള്ളമില്ലാത്തത്		
10	17	1006	998	19	2050

പഞ്ചായത്തിലെ 10 വാർഡുകളിലും ജലക്ഷാമത്തിന്റെ ഏറ്റക്കുറിച്ചലുകളുണ്ടെങ്കിലും ഇതനുഭവപ്പെടാത്ത ഒറ്റ വാർഡുകളുമില്ല. ജലലഭ്യതയുള്ള സ്ഥലങ്ങളുടെ അഭാവവവും സാമ്പത്തികപരാധീനതകളും പുതിയ ശുദ്ധജലസ്രോതസ്സുകൾ കണ്ടെത്തുന്നതിനു തടസ്സമാകുന്നു. പഞ്ചായത്തിൽ ജലജന്യരോഗങ്ങൾ ഉണ്ടായക്കണക്ക് ലഭ്യമല്ല. ഏങ്കിലും വിശേഷാൽഗ്രാമസഭാ റിപ്പോർട്ടും മറ്റുവിലയിരുത്തുകളും 1995 - 96 വർഷത്തിൽ സുമാർ 1200 പേർക്ക് ജലജന്യരോഗങ്ങൾ ഉണ്ടായതായി കണക്കാക്കപ്പെടുന്നു. മഞ്ഞപ്പിത്തംപോലെയുള്ള അപകടകാരിയളായരോഗങ്ങൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കാണപ്പെടുന്നു. ജലസംരക്ഷണത്തിന്റെ അഞ്ജത, സൗകര്യങ്ങളുടെ ലഭ്യതക്കുറവ് എന്നിവ ഇതിലേയ്ക്കു നയിക്കുന്ന കാരണങ്ങളാണ്.

ബോധവൽക്കരണം അനിവാര്യമാണ്. 2 കി. മീ. ദൂരം വരെ കുടിവെള്ളത്തിനായി സഞ്ചരിക്കേണ്ടിവരുന്നത് പ്രധാന പ്രശ്നമാണ്. സമീപ പ്രദേശങ്ങളിലുള്ള പൊതു കുളങ്ങളും, സ്വകാര്യകുളങ്ങളും ശുദ്ധജലസ്രോതസ്സുകളാക്കിയാൽ ഇതിനൊരുപരിഹാരം കാണാൻ കഴിയും. വിശേഷാൽ ഗ്രാമസഭകളിലൂടെവന്ന നിർദ്ദേശങ്ങളും കുടിവെള്ളക്ഷാമംപരിഹരിയ്ക്കേണ്ടതിന്റെ ആവശ്യകതക്ക് അടിവരയിടുന്നു

കുടിവെള്ളക്ഷാമബാധിതപ്രദേശങ്ങളും പരിഹാരനിർദ്ദേശങ്ങളും

ഒന്നാംവാഡ്

കൂരികുന്ന്, കിഴക്കേ പള്ളിക്കുത്ത്, തെക്കൻ പൂളക്കൽകോളനി, പാറപ്പുറം, പി.സി. കോളനി, എൽ. പി. സ്കൂൾ മേഖല, കരുവാരുകോളനി, കരുവമ്പാറകുന്ന്, ശാന്തപുരംമുക്രി കോളനി എന്നീ സ്ഥലങ്ങൾ കുടിവെള്ളക്ഷാമമേഖലകളാണ്. ഈ മേഖലകളിൽ വ്യാപകമായി പാറകൾ ഉള്ളതിനാൽ കിണറുകൾ കുഴിക്കാൻ പ്രയാസം നേരിടുന്നു. സ്വകാര്യ വ്യക്തികൾ കുഴിച്ച കുഴൽകിണറുകൾപൊലും പരാജയമായിരുന്നു. വെള്ളം കിട്ടാവുന്ന തൊട്ടടുത്ത പാടശേഖരങ്ങളിൽ കിണറുകൾ കുഴിച്ച് ടാങ്ക് കെട്ടി പൈപ്പ്ലൈൻ വഴി ജലവിതരണം നടത്താവുന്നതാണ്. അതിനാവശ്യമായ ഭൂമിയും സേവനങ്ങളും ഈ പ്രദേശത്തുകാർ വാഗ്ദാനം ചെയ്തിട്ടുണ്ട്. പാറപ്പുറം, മുക്രികോളനി തുടങ്ങിയ ഒറ്റപ്പെട്ടസ്ഥലങ്ങളിൽ കുഴൽകിണർ കുഴിക്കാൻ പറ്റുമോയെന്ന് വിദഗ്ദപരിശോധന നടത്തേണ്ടതുണ്ട്. കരുവാമ്പാറമേഖലയിൽ നിലവിലുള്ള പൊതുകിണർ റിംഗ് ഇറക്കി സംരക്ഷിക്കേണ്ടതാണ്.

രണ്ടാം വാർഡ്

കോരത്തുപാറകോളനിയിലാണ് കുടിവെള്ളക്ഷാമംഅതിരൂക്ഷം. നെടുമ്പ്രത്ത് കുളവുമായി ബന്ധപ്പെടുത്തി ഒരു ചെറുകിടജലസേചനപദ്ധതി ആരംഭിച്ചാൽ ഇവിടുത്തെ പ്രശ്നത്തിന് പരിഹാരമാകും. അംഗനവാടി പ്രദേശം, ചോലയിൽത്തൊടിമേഖല, ഓട്ടക്കല്ലുതൊടികോളനി, പൂഞ്ചോലക്കൽ പാറ, ആലുങ്ങൾ ജങ്ക്ഷൻ, ആശാരിപ്പടി, കാര്യാവട്ടം ജങ്ക്ഷൻ എന്നിവിടങ്ങളിലേക്കും ഇതുപകരിക്കും.

മൂന്നാം വാർഡ്

കയ്പള്ളിക്കര, മൊട്ടക്കുന്ന് - വൈനിക്കാട് പറമ്പ് ഭാഗം, വാടയിൽഹരിജൻ കോളനി, (കുന്നത്തുപാറ)റോഡിനു സമീപം, പള്ളിപ്പടി മദീനാറോഡിന് സമീപം, പീടികപ്പടിഭാഗം, കിനാത്തിപ്പടി, ആലുംകുന്നത്ത് കോളനി എന്നിവിടങ്ങളിലാണ് കുടിവെള്ളക്ഷാമം. പുത്തൻകുളത്തിലുള്ള കിണറിന് റിംഗ് ഇറക്കി മൊട്ടക്കുന്ന് പരിസരത്ത് ടാങ്ക് കെട്ടി പൈപ്പ്ലൈൻ വഴി വെള്ളമെത്തിച്ചാൽ മൊട്ടക്കുന്ന് - വൈനിക്കാട് പറമ്പ് ഭാഗത്തെ ജലക്ഷാമത്തിന് പരിഹാരം കാണാം. മറ്റുഭാഗങ്ങളിൽ കുഴൽകിണറുകൾ വേണ്ടിവരും.

നാലാം വാർഡ്

കുറുപ്പത്ത്കര, പീടികപ്പടിഭാഗങ്ങളിലെ കുടിവെള്ളക്ഷാമംപരിഹരിക്കാൻ കുണ്ടംതോടിൽ ചിറകെട്ടി ചെറുകിടജലസേചനപദ്ധതിക്ക് രൂപം നൽകിയാൽ മതിയാകും. കൊങ്ങനാർകുളം ശുചിയാക്കി അനുയോജ്യമായ സ്ഥലത്ത് ടാങ്ക് സ്ഥാപിച്ച് പൈപ്പ് ലൈൻവഴി ജലവിതരണം നടത്തിയാൽ മൂച്ചിക്കൽ, പൊരുപ്പത്ത്, മുണ്ടംതൊടികക്കര, വല്ലിതൊടികകുന്ന് എന്നീ പ്രദേശങ്ങൾക്ക് പ്രയോജനമാകും. കല്ലിടുക്ക് കുളം വൃത്തിയാക്കി പാലക്കുന്നത്ത് ടാങ്ക് കെട്ടി പൈപ്പ് ലൈൻവഴി വിതരണം നടത്തിയാൽ പച്ചീരിസ്കൂൾമേഖലയിലും കുടിവെള്ള പ്രശ്നത്തിന് പരിഹാരമാകും. അല്ലെങ്കിൽ കുഴൽകിണറുകൾ തന്നെ പ്രസ്തുതപ്രദേശങ്ങളിൽ വേണ്ടിവരും.

അഞ്ചാംവാർഡ്

ചെരങ്ങരകുന്ന്, കുന്നങ്കാട് പ്രദേശങ്ങളിലെ ജലക്ഷാമപരിഹാരത്തിനായ് തൊട്ടടുത്തുള്ള ഒരു സ്വകാര്യവ്യക്തിയുടെ കിണർവിപുലീകരിച്ച് അനുയോജ്യമായസ്ഥലത്ത് ടാങ്ക് നിർമ്മിച്ച് ജലവിതരണം നടത്താവുന്നതാണ്. പാലക്കുണ്ടുപറമ്പ്കോളനിയിലെ ക്ഷാമത്തിന് ഇപ്പോൾ പൊതുവായി ഉപയോഗിച്ചുകൊണ്ടിരിക്കുന്ന കിണർ വിപുലപ്പെടുത്തിയാൽ മതി. കുന്നത്ത് കോളനി, തിരുത്തിയിൽ കോളനി, കാവണ്ണയിൽ കോളനി എന്നിവിടങ്ങളിൽ പൊതു കിണറുകളോ, കുഴൽകിണറുകളോ വേണ്ടിവരും.

ആറാംവാർഡ്

പൊട്ടച്ചിറക്കുന്ന്, കരുവാത്തകുന്ന്, ആലക്കുന്ന്, നെല്ലിക്കുന്ന്, പുത്തൻപുരക്കൽകുന്ന്, മേൽക്കുളങ്ങര പീടികപ്പടി, മുക്കനങ്ങാട് കാരക്കാട് ഹരിജൻ കോളനി എന്നിവിടങ്ങളിൽ വർഷക്കാലത്തുപോലും ശുദ്ധജലക്ഷാമം നേരിടുന്നു. പൊതുകുളങ്ങൾ, സ്വകാര്യകുളങ്ങൾ, കുഴൽകിണറുകൾ എന്നിവ ഉപയോഗിച്ച് ചെറുകിടജലസേചനപദ്ധതി ആവിഷ്കരിച്ചാൽ മാത്രമേ ഈ മേഖലകളിലെ ജലക്ഷാമത്തിന് അറുതിവരുത്തുവാൻ കഴിയുകയുള്ളൂ.

ഏഴാം വാർഡ്

ജലസംഭരണിയായ വല്ലക്കുളംസംരക്ഷിച്ച് ഒടുവംകുണ്ട് പ്രദേശത്ത് ടാങ്ക് നിർമ്മിച്ചാൽ ഈ വാർഡിലെ ഏതാനും പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ കഴിയും. കുണ്ടുവാഴപറമ്പ്, പളളിപ്പീടികപ്പടി, കിളിയം, കുണ്ടപ്പാടം, ഒടുവൻകുണ്ടുമേഖലകളിലെ ജലക്ഷാമം പരിഹരിക്കാൻ പൊതു കിണറുകളോ, കുഴൽകിണറുകളോ നിർമ്മിക്കുകയും സ്വകാര്യവ്യക്തികൽക്ക് കിണർ നിർമ്മിക്കാൻ സഹായം ലഭ്യമാക്കുകയും ചെയ്താൽ പ്രസ്തുതപ്രദേശങ്ങളിലെ ജലക്ഷാമം പരിഹരിക്കാം.

എട്ടാം വാർഡ്

തെക്കൻമലയിലാണ് കുടിവെള്ളക്ഷാമം രൂക്ഷം. ഈ പ്രശ്നം പരിഹരിക്കാൻ കേരള ചെറുകിടജലസേചനവകുപ്പിൽ നിന്നും ജലസേജനപദ്ധതിയനുസരിച്ച് അംഗീകാരം കിട്ടിയിട്ടുണ്ട്. പൊതുജനങ്ങൾ പദ്ധതി ആവിഷ്കരിക്കാൻ വേണ്ട സ്ഥലം വാങ്ങിയിട്ടുണ്ടു്. പദ്ധതിച്ചെലവിന് 2,90,000 രൂപ എസ്റ്റിമേറ്റായിട്ടുണ്ട്. എന്നാൽ ഈ തുക അപര്യാപ്തമായതിനാൽ കരാറുകാർ മുന്നോട്ടുവരുന്നില്ല. ആവശ്യമായ തുക വർദ്ധിപ്പിച്ച് നിലവിൽ ഉദ്ദേശിക്കുന്ന പദ്ധതിയിൽ നിന്നും വ്യത്യസ്തമായി 150മീ. അകലെയുള്ള വെട്ടത്തൂർ ജങ്ക്ഷൻവരെ പൈപ്പ്ലൈൻനീട്ടിയാൽ കൂടുതൽ ജനങ്ങൾക്ക് ഉപകാരപ്രദമാവും.

ആലിക്കൽപാറ, നിരന്നപറമ്പ്, മാണിക്യംകുന്ന്, വെട്ടത്തൂർ ജങ്ക്ഷൻ എന്നിവിടങ്ങളിൽ കുഴൽകിണറുകളോ പൊതുകിണറുകളോ വേണ്ടിവരും.

ഒമ്പതാം വാർഡ്

അർത്തിക്കുളം ഉപയോഗയോഗ്യമാക്കി ചെറുകിടജലസേചനപദ്ധതിക്ക് രൂപം കൊട ഉത്ത് പ്രാവർത്തികമാക്കിയാൽ ഈ വാർഡിലെ കുടിവെള്ളക്ഷാമം ഏറെക്കുറെ പരിഹരിക്കുവാൻ കഴിയും. പരിയാപുരംകോളനി, നീറംകുഴികോളനി എന്നിവിടങ്ങളിലെ കുഴൽക്കിണർ ഉപയോഗയോഗ്യമാക്കണം. എഴുതല, കൂർത്താർതൊടിമേഖല, വടക്കൻ അബ്ദുവിന്റെ വീടിനു സമീപം, മഠത്തൊടി കോളനി, മില്ലുംപടി, എന്നിവിടങ്ങളിൽ കുഴൽകിണർതന്നെ വേണ്ടിവരും.

പത്താം വാർഡ്

വിത്തനോട് കോളനിയിലും, കീഴേക്കളംകോളനിയിലും കുടിവെള്ളപരിഹാരത്തിനായി ചാവാലിത്തോട്ടിൽ കിണർനിർമ്മിച്ച് ശുദ്ധജലപദ്ധതിക്ക് രൂപം നൽകണം. തോരക്കാട്ടിൽകോളനിയിലും സമീപപ്രദേശത്തുള്ളവർക്കും വേണ്ടി ഒരു മിനിവാട്ടർ സ്കീം ഏർപ്പെടുത്തണം. കണ്ണംതൊടി, വാക്കയിൽ, നിരന്നപറമ്പ് എന്നിവിടങ്ങളിലെ ജലക്ഷാമം പരിഹരിക്കാൻ അമ്പിണ്ണിയിൽ ചാവാലിത്തോട്ടിൽ കിണർകുഴിച്ച് ജലവിതരണം നടത്താനുള്ള പദ്ധതി ആവിഷ്കരിക്കാം. അയ്യപ്പൻകുന്നിലെ ജലക്ഷാമം പരിഹരിക്കാൻ കാരപാലത്തിനടുത്ത് ചാവാലിത്തോട്ടിൽ മിനി വാട്ടർ സ്കീം ആരംഭിക്കണം. നിലവിലുള്ള കുഴൽകിണറുകൾ റിപ്പയർ ചെയ്യിക്കണം. ഒറ്റപ്പെട്ടമേഖലകളിൽ കിണറുകളോ, കുഴൽകിണറുകളോ നിർമ്മിക്കണം.

പഞ്ചായത്തുതല പദ്ധതി

'വല്ലക്കുളം ശുദ്ധജലപദ്ധതി വിപുലീകരിക്കുന്നതോടെ വെട്ടത്തൂർ വില്ലേജിലെ അഞ്ചുവാഡ്കളിലേക്കും കാര്യാവട്ടംവില്ലേജിലെ ചിലഭാഗങ്ങളിലേക്കും ശുദ്ധജലം എത്തിക്കാം

'അമ്പിണ്ണിശുദ്ധജലപദ്ധതി'വിപുലീകരിക്കുകയാണെങ്കിൽ 8,9,10 വാഡുകളിലെ ശുദ്ധജലവിതരണം സാധ്യമാകും.

'കൂരികുന്നിനടുത്ത് പാടശേഖരത്തിൽ' കുളം നിർമ്മിച്ച് ശുദ്ധ ജലപദ്ധതിക്ക് രൂപം നൽകിയാൽ കാര്യാവട്ടംവില്ലേജിലെ 1,2,3,4 വാഡുകളിലെ ജലക്ഷാമം തീർക്കാൻ കഴിയും.

ബ്ലോക്കുപദ്ധതി

തൃതപ്പുഴയിലും, ഒലിപ്പുഴയിലും ശുദ്ധജലം ശേഖരിച്ച് വൻകിടജലസേചനപദ്ധതികൾ ആവിഷ്കരിക്കുകയാണെങ്കിൽ വെട്ടത്തൂർ പഞ്ചായത്തിലേയും· സമീപപഞ്ചായത്തുകളിലേയും കുടിവെള്ളക്ഷാമം പരിഹരിക്കാൻ കഴിയും

ജലജന്യരോഗങ്ങൾ വരാതിരിക്കാൻ ജലസംരക്ഷണയത്നങ്ങൾ നടത്താം. കിണറുകൽ വലയിട്ടുമൂടുക, ക്ലോറിനേറ്റ് ചെയ്യുക, ചിരട്ടക്കരിയിട്ടു സംരക്ഷിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ വാഡു ജലസംരക്ഷണസമിതികൾമുഖേന വർഷത്തിൽ രണ്ടുതവണയെങ്കിലും സംഘടിപ്പിച്ച് ജലസ്രോതസ്സുകൾ ഗുണനിലവാരമുള്ളവയാക്കാം.

കുഴൽകിണറുകൾ നിർമ്മിക്കുമ്പോൽ വെള്ളം ധാരാളം കിട്ടും എന്ന ഉറപ്പുവരുത്തുകയും രുചിഭേദം വരാതിരിക്കാൻ പി.വി.സി. പൈപ്പുകൾ ഉപയോഗിക്കുകയും ചെയ്യേണ്ടതാണ്.

പഞ്ചായത്തിലെപൊതുസ്വകാര്യമേഖലകൾക്ക് ഉപയോഗപ്പെടുത്താവുന്ന തരത്തിൽ പഞ്ചായത്തിലെ ഭൂഗർഭജലമേഖലകൾ കണ്ടെത്തി ജലഭൂപടം തയ്യാറാക്കുക.

ഭൂജലസംരക്ഷണത്തിനും, ദുരുപയോഗം തടയുന്നതിനും മലിനീകരണപ്രവർത്തനങ്ങളിൽ നിന്ന് വിട്ട് നിൽക്കുന്നതിനും ആവശ്യമായ ബോധവൽക്കരണം നടത്തുക.

പഞ്ചായത്തിലെ ഭൂജലനിരപ്പുയർത്തുന്നതിനും, മണ്ണിന്റെ ജലശേഷിവർദ്ധിപ്പിക്കുന്നതിനാവശ്യമായ കയ്യാല നിർമ്മാണം എന്നിവ വിപുലപ്പെടുത്തുന്നതിന് നിലവിലുള്ള പദ്ധതികൾ ഉപയോഗപ്പെടുത്തി ആവശ്യമായ ബോധവൽക്കരണം നടത്താനും പഞ്ചായത്തുതലത്തിൽ നടപടിസ്വീകരിക്കുകയും ചെയ്യാവുന്നതാണ്.

ആരോഗ്യം

ആരോഗ്യമുളള ജനത രാജ്യത്തിന്റെ സമ്പത്ത്. 2000മാണ്ടിൽ എല്ലാവർക്കും ആരോഗ്യം' എന്നീ മുദ്രാവാക്യങ്ങൾ ആരോഗ്യത്തിന്റെ മഹത്വത്തിലേക്കും ആവശ്യകതയിലേക്കും വിരൽ ചൂണ്ടുന്നു. നമ്മുടെ പഞ്ചായത്തിലെ ആരോഗ്യരംഗത്തെ വിശകലനം ചെയ്യുമ്പോൾ, ഈ മേഖലയിൽ വേണ്ടത്ര സൗകര്യങ്ങൾ നമുക്കുണ്ടായിട്ടില്ല എന്നു കാണാം.

പാരമ്പര്യനാട്ടുവൈദ്യൻമാരെ മാത്രം ആശ്രയിച്ച് ചികിത്സാരംഗത്ത് ആശ്വാസംകണ്ടെത്തിയ നമുക്ക്, 1972ൽ തേലക്കാട് പഞ്ചായത്താഫീസ് കെട്ടിടത്തിൽ ആരംഭിച്ച പ്രാഥമികാരോഗ്യകേന്ദ്രമാണ് ആധുനിക ചികിത്സാരംഗത്തേക്ക് തെല്ലൊരു വെളിച്ചം നേടിത്തന്നത്. ഇതുകൂടാതെ വെട്ടത്തൂരിലും, മണ്ണാർമല ജങ്ക്ഷനിലും ഓരോ കുടുംബക്ഷേമകേന്ദ്രവും, തേലക്കാട്, മണ്ണാർമല എന്നിവിടങ്ങളിൽ ഓരോ എ.പി.പി സെൻററുകളും നിലവിൽ വന്നു. സ്വകാര്യമേഖലയിൽ നടത്തുന്ന ഒരു അലോപ്പതി ആശുപത്രിയും രണ്ട് ഹോമിയോ ഡിസ്പൽസറികളും പഞ്ചായത്തിലുണ്ട്. ഇവ പര്യാപ്തമല്ലാത്തതിനാൽ പലരും പെരിന്തൽമണ്ണ, അലനല്ലൂർ എന്നിവിടങ്ങളിലുളള ആശുപത്രികളെയാണ് ആശ്രയിക്കുന്നത്.

ആരോഗ്യസ്ഥാപനങ്ങളുടെ കുറവും, ഉളളവയുടെ കാര്യക്ഷമതയില്ലായ്മയും പഞ്ചായത്തിലെ ആരോഗ്യമേഖലയുടെ പിന്നോക്കാവസ്ഥക്ക് കാരണമായി. 1995 - 96 കാലത്ത് റിപ്പോർട്ട് ചെയ്യപ്പെട്ട രോഗ വിവരം താഴെക്കൊടുക്കുന്നു. (പ്രാഥമികാരോഗ്യകേന്ദ്രത്തിലെ കണക്ക്)

ജലജന്യരോഗങ്ങൾ - 1200
വായുജന്യരോഗങ്ങൾ - 140
പ്രാണിജന്യരോഗങ്ങൾ - 48
വാതരോഗങ്ങൾ - 2415
പകർച്ചവ്യാധി - 2520
മറ്റുരോഗങ്ങൾ - 17936
കുഷ്ഠരോഗംബാധിച്ച് ചികിത്സയിൽകഴിയുന്നവർ - 6

ാൻസർരോഗം പിടിപ്പെട്ട് ചികിത്സയിൽ കഴിയുന്ന മരിച്ചവരും ഉണ്ട്. തിമിരം, ദന്തരോഗം എന്നിവ പിടിപെട്ട ആളുകളും ഉണ്ട്. കോളനിയിൽ ത്വക്രോഗബാധിതരും ഉണ്ട്.

പഞ്ചായത്തിലെ ജനനനിരക്ക് സംസ്ഥാന ശരാശരിയേക്കാൾ കൂടുതലും (21) മരണനിരക്ക് സംസ്ഥാനശരാശരിയേക്കാൾ കുറവും (3.9) ആണ്. ശിശുമരണനിരക്ക് സംസ്ഥാനശരാശരിയേക്കാൾ കുറവാണ്. മാതൃമരണം ഇല്ല. അംഗവൈകല്യനിരക്ക് 1000ത്തിന് 5.12(122) ആകുന്നു. ശരാശരികുടുംബവലിപ്പം 5 മാത്രമാണ്.

രോഗികളെ കിടത്തി ചികിത്സാക്കാനുളള സൗകര്യങ്ങൾ പഞ്ചായത്തിലില്ല. ഗ്രാമസഭകളിൽ

നിന്നും ഉയർന്നുവന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഒരു സമഗ്ര ആരോഗ്യ പരിപാടിനടപ്പിലാക്കുകവഴി 2000-ാമാണ്ടോടെ എല്ലാവർക്കും ആരോഗ്യം എന്നലക്ഷ്യം കൈവരിക്കേണ്ടതുണ്ട്.

സ്ഥാപനങ്ങളും സേവനങ്ങളും

ക്രമ നമ്പർ	സ്ഥാപനങ്ങൾ	വാഡ്	സ്ഥാപിച്ചവർഷം	ജീവനക്കാരുടെ എണ്ണം	സ്ഥാപനപരമായ പ്രശ്നങ്ങൾ
1	P.H.C വെട്ടത്തൂർ	8	1972	15	വെളളം, കെട്ടിടം, ഫർണീച്ചർ, എന്നിവകുറവാണ്
2	F.W.C വെട്ടത്തൂർ	9	1967	1	കെട്ടിടം ജീർണാവസ്ഥയിലാണ്, വെളളമില്ല.
3	I.P.Pസെൻറർ തലേക്കാട്	5	1993	1	വെളളമില്ല.
4	I.P.P സെൻറർ മണ്ണാർമല	3	1990	1	വെളളമില്ല, വൈദ്യുതിയില്ല
5	F.W.C മണ്ണാർമല	1	1967	1	കെട്ടിടംജീർണ്ണാവസ്ഥയിലാണ്

പ്രാഥമികാരോഗ്യകേന്ദ്രത്തിൽ ഡോക്ടറുടെ സേവനം ലഭ്യമല്ല. താല്ക്കാലികനിയമനങ്ങളാണ് നടത്തുന്നത്. അടിസ്ഥാനസൗകര്യങ്ങളായ വെളളം, മരുന്ന്, ഫർണീച്ചർ എന്നിവ പര്യാപ്തമല്ല. ഈ സെൻററിൽ ചുരുങ്ങിയത് 20 ബെഡ്ഡുകളും ഉളള ഒരു വാർഡും, ഒരു മുഴുവൻ സമയ ഡോക്ടറുടെ സേവനവും ആവശ്യത്തിനുളള മരുന്നും ലഭ്യമാകുകയാണെങ്കിൽ ഈ ഗ്രാമത്തിലെ ദരിദ്രരായ ജനങ്ങൾക്ക് അനുഗ്രഹമാകും. വെളള സൗകര്യം ഉണ്ടാകേണ്ടതുണ്ട്.

9 വാഡിലെ എഫ്.ഡബ്ളു. സെൻറർ, അറ്റക്കുറ്റപ്പണികൾ ചെയ്യിച്ച് ജീവനക്കാർക്ക് താമസിക്കാൻ വേണ്ട സൗകര്യങ്ങൾ ഒരുക്കേണ്ടതാണ്. പഞ്ചായത്തിലെ എല്ലാ എഫ്.ഡബ്ളിയു. സെൻറികളിലും ഐ.പി.പി.സെൻററുകളിലും പ്രാഥമിക സൗകര്യങ്ങൾ മെച്ചപ്പെടുത്തി ആവശ്യത്തിന് സ്റ്റാഫിനെ നിയമിക്കുകയും ആഴ്ചയിലൊരിക്കലെങ്കിലും ഡോക്ടറുടെ സേവനം ലഭ്യമാക്കുകയും

വേണം. ലേഡീഡോക്ടരുടെ സേവനവും ലഭ്യമാക്കേണ്ടതുണ്ട്. കുട്ടികളുടേയും ഗർഭിണികളുടേയും സൗകര്യാർത്ഥമാണ് ഇത് ആവശ്യപ്പെടുന്നത്.

കക്കൂസ്

പൊതുജനാരോഗ്യത്തിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് കക്കൂസ്. 4718വീടുകളിൽ 3000ത്തോളം വീടുകളിലും കക്കൂസില്ല എന്നാണ് ഗ്രാമസഭകളിൽ നിന്നും കിട്ടിയ റിപ്പോർട്ട്. ഇതിനാൽ വയറിളക്കം, വിരശല്യം തുടങ്ങിയ രോഗങ്ങൾ പൊതുവായികണ്ടുവരുന്നു. 1995 - 96 വർഷത്തെ കണക്കുപ്രകാരം 12ങ്കിൽപരം പേർക്ക് ജലജന്യരോഗങ്ങൾ ബാധിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നു.

ഗ്രാമസഭകളിൽ വന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ കക്കൂസ് നിർമ്മാണത്തിൽ അനുഭവപ്പെടുന്ന പ്രയാസങ്ങളും അവയ്ക്കുള്ള പരിഹാരങ്ങളും താഴെകാണും പ്രകാരം സംഗ്രഹിക്കാം.

പ്രശ്നങ്ങൾ	പരിഹാരമാർഗ്ഗം
1. സാമ്പത്തികപരാധീനത	സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ തുടങ്ങിയവയുടെ സഹായത്താൽ സാമ്പത്തിക സമാഹരണം നടത്താവുന്നതാണ്.
2. സ്ഥലപരിമിതി (കോളനി ന്നമറ്റു സ്ഥാപനങ്ങളിലും)	പൊതുവായി സെപ്റ്റിടാങ്കുകൾ നിർമ്മിച്ച് ഇത് പരിഹരിക്കാവുകളിലും ജനങ്ങൾ തിങ്ങിപ്പാർക്കുന്നതാണ്.
3. നിലവിലുള്ള പദ്ധതികളെക്കുറിച്ചുള്ള അജ്ഞത.	പദ്ധതികളെക്കുറിച്ചുള്ള ബോധവൽക്കരണവും, നേടിക്കൊടുക്കുന്നതിനാവശ്യമായസന്നദ്ധസേവനവും.
4. ആവശ്യകതവേണ്ടത്ര ബോധ്യപ്പെടാത്തതിനാൽ	ആരോഗ്യബോധവൽക്കരണയൂണിറ്റിന്റെ പ്രവർത്തനം വിപുലമാക്കുക, ആരോഗ്യപ്രവർത്തകരേയും, ഉദ്യോഗസ്ഥരേയും, ഉൾപ്പെടുത്തി ചർച്ചാക്ലാസുകൾ സംഘടിപ്പിക്കുക, ഫീൽഡ് പബ്ലിസിറ്റി വിഭാഗത്തിന്റെ പ്രദർശനങ്ങൾ, സ്ലൈഡ് എന്നിവ പ്രദർശിപ്പിക്കുക, പുതുതായി നിർമ്മിക്കുന്ന വീടുകൾക്ക് കക്കൂസ് നിർബന്ധമായും ഉണ്ടാക്കിപ്പിക്കുക.

പരിസരശുചിത്വം

വൻകിടവ്യവസായങ്ങളൊന്നും ഇല്ലാത്തതിനാൽ അത്തരത്തിലുള്ള മലിനീകരണം ഇല്ല. എന്നിരുന്നാലും പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ നിന്നും ശുചീകരണത്തിന്റെ അഭാവത്തെക്കുറിച്ചുള്ള പരാതികൾ ഗ്രാമസഭകളിൽ ഉയർന്നുവന്നിട്ടുണ്ട്. കൊതുക്, ഈച്ച എന്നിവയുടെ ശല്യം വർദ്ധിച്ചുവരുന്നതായി കാണുന്നു.

പഞ്ചായത്തിലെ പ്രധാനറോഡിന്റെ ഇരുവശങ്ങളിലും പ്രധാനകവലകളിലുമാണ് ജനങ്ങൾ തിങ്ങിപ്പാർക്കുന്നതും കച്ചവട സ്ഥാപനങ്ങളും,ഹോട്ടലുകളും,മീൻ വില്പനസ്ഥലങ്ങളും,അറവു ശാലകളും സ്ഥിതിചെയ്യുകയും ചെയ്യുന്നത്.ഇത് മൂലം ഈ പ്രദേശങ്ങളിൽ പരിസരമലിനീകരണം കൂടുതലാണ്.പരിസര ശുചീകരണത്തിന് പഞ്ചായത്തിൽ സ്ഥിരമായി ജീവനക്കാരെ നിയമിക്കുകയും ആവശ്യമായ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യേണ്ടതുണ്ട്.ഗ്രാമസഭകളിൽ വിവിധ വാർഡുകളിൽ നിന്നും ഉയർന്നു വന്ന പ്രശ്നങ്ങളും പരിഹാരങ്ങളും താഴെ കാണിക്കുന്നു.

i-ാം വാർഡിൽ ചുങ്കത്ത് റോഡരികിൽ ചപ്പ് ചവറുകളും കടകളിൽ നിന്നുള്ള പാഴ് വസ്തുക്കളും ഹോട്ടലിൽ നിന്നുള്ള പാഴ് ജലവും കെട്ടി നിന്ന് പരിസരമലിനീകരണം നേരിടുന്നു.ഇത് പരിഹരിക്കാൻ ചപ്പുചവറുകൾ നിക്ഷേപിക്കാൻ സൗകര്യം ഉണ്ടാക്കുകയും,ഡ്രൈനേജ് സൗകര്യം മെച്ചമാക്കുകയും ചെയ്യണം.പഞ്ചായത്ത് മാർക്കറ്റിൽ അറവ് ശാലയും,മൽസ്യ വാൽപന കേന്ദ്രവും ശാസ്ത്രീയമായി ക്രമീകരിക്കണം.കക്കൂസ് നിർമ്മിക്കാൻ സാമ്പത്തിക ശേഷി ഇല്ലാത്ത കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം നൽകണം.കൊതുക് നിവാരണത്തിനാവശ്യമായ നടപടികൾ സ്വീകരിക്കണം.വാർഡിൽ ഒരു പൊതു ശ്മശാനം അനുവദിച്ചുകിട്ടാനപേക്ഷിച്ചിട്ടുണ്ട്.പുഴയ്ക്കൽ ഒരു കംഫർട്ട് സ്റ്റേഷൻ നിർമ്മിക്കുകയാണെങ്കിൽ യാത്രക്കാർക്കും,പൊതുജനങ്ങൾക്കും വളരെ ഉപകാരമായിരിക്കും.

ii-ാം വാർഡിൽ പ്രധാനമായും പരിസരമലിനീകരണ ഭീഷണികളുള്ളത് കോളനികളിലാണ്.കോളനികളിൽ എല്ലാ വീടുകളിലും കക്കൂസുകൾ നിർമ്മിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം.വാർഡിൽ ഒരു പൊതു ശ്മശാനം അനുവദിക്കേണ്ടതുണ്ട്.കൊതുക് നിവാരണ മാർഗ്ഗങ്ങൾ,പരിസര ശുചീകരണ ബോധവൽക്കരണം എന്നിവ നടത്തേണ്ടതുണ്ട്.

iii-ാം വാർഡിൽ 60% വീടുകളിലും കക്കൂസ് ഇല്ല.ഇതുമൂലം തുറസ്സായ സ്ഥലങ്ങളിൽ മലമൂത്ര വിസർജ്ജനം നടത്തുക വഴി പരിസര മലിനീകരണം നടക്കുന്നു.ഇതിന് പരിഹാരം എല്ലാ വീടുകളിലും കക്കൂസുകൾ നിർമ്മിക്കാനാവശ്യമായ ധനസഹായം വിവിധ ഏജൻസികൾ മുഖേന ലഭ്യമാക്കുക എന്നതാണ്.വാർഡിൽ ഒരു പൊതു ശ്മശാനം അനുവദിക്കേണ്ടതുണ്ട്.

iv-ാം വാർഡിൽ 250 കക്കൂസുകൾ എങ്കിലും നിർമ്മിക്കുന്നതിന് ധനസഹായം ലഭ്യമാക്കേണ്ടതുണ്ട്.മുച്ചിക്കൽ,പൊരുപ്പം,പീടികപ്പടി എന്നിവിടങ്ങളിലെ അറവ് ശാലകളിൽ

ശാസ്ത്രീയമായ സൗകര്യങ്ങൾ ഏർപ്പെടുത്തണം.ഒരു പൊതു ശ്മശാനം അനുവദിക്കണം.

v-ാം വാർഡിൽ ഭൂരിഭാഗം വീടുകളിലും കക്കൂസ് ഇല്ല.ചുരുങ്ങിയത് 300 കക്കൂസുകൾ എങ്കിലും നിർമ്മിക്കാൻ സാമ്പത്തിക സഹായം ലഭ്യമാക്കേണ്ടതുണ്ട്.തേലക്കാട് ഡ്രൈനേജ് സൗകര്യം മെച്ചപ്പെടുത്തേണ്ടതുണ്ട്.പൊതു ശ്മശാനം അനുവദിക്കേണ്ടതുണ്ട്.കൊതുക് നിവാരണമാർഗ്ഗങ്ങൾ നടപ്പിലാക്കണം.

vi-ാം വാർഡിൽ 70% ആളുകളും കർഷക തൊഴിലാളികൾ ആയതിനാൽ സ്വന്തമായി കക്കൂസ് നിർമ്മിക്കാൻ സാമ്പത്തികശേഷി ഇല്ലാത്തവരാണ്.അതിനാൽ ചുരുങ്ങിയത് 350 കക്കൂസുകൾ എങ്കിലും വാർഡിൽ സ്ഥാപിക്കാൻ വിവിധ ഏജൻസികൾ വഴി സാമ്പത്തിക സഹായം ലഭ്യമാക്കേണ്ടതുണ്ട്.വാർഡിൽ ഒരു പൊതു ശ്മശാനം അനുവദിക്കേണ്ടതുണ്ട്.

vii-ാം വാർഡിൽ 200 കുടുംബങ്ങൾ എങ്കിലും സ്വന്തമായി കക്കൂസ് നിർമ്മിക്കാൻ കഴിവുളളവരല്ല.ഇവർക്ക് കക്കൂസ് നിർമ്മിക്കാനാവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കേണ്ടതുണ്ട്.കാപ്പിൽ റോഡിന്റെ ഇരുവശങ്ങളിലും ഡ്രൈനേജ് സൗകര്യം മെച്ചപ്പെടുത്തണം.കൊതുക് നിവാരണ നടപടികൾ സ്വീകരിക്കണം.അറവ് ശാലകൾ ശാസ്ത്രീയമായി ക്രമീകരിക്കണം.

viii-ാം വാർഡിൽ 80% വീടുകളും കക്കൂസ് ഇല്ലാത്തവയാണ്.അതിനാൽ സാമ്പത്തികശേഷി ഇല്ലാത്ത 250ൽ പരം കുടുംബങ്ങൾക്ക് കക്കൂസ് നിർമ്മിക്കാൻ ധനസഹായം ലഭ്യമാക്കേണ്ടതുണ്ട്.വെട്ടത്തൂർ ജംഗ്ഷൻ,തെക്കമ്മല ജംഗംഷൻ,ഹൈസ്കൂൾ പടി എന്നിവിടങ്ങളിൽ പൊതു കക്കൂസ് നിർമ്മിക്കേണ്ടതുണ്ട്.വെട്ടത്തൂർ പൂങ്കാവനം റിസർവോയറിന് താഴെ റോഡരികിൽ വാഹനം നിർത്തിയിട്ട് കഴുകുന്നതിനാൽ താഴെയുളള തോട്ടിലെ ജലം മലിനമായി പരിസരമലിനീകരണം നടക്കുന്നു.ഇത് നിയമം മൂലം തടയേണ്ടതുണ്ട്.

ix-ാം വാർഡിൽ സാമ്പത്തിക പരാധീനതയുളള 250 കുടുംബങ്ങൾക്ക് കക്കൂസ് നിർമ്മിക്കാൻ ധനസഹായം ലഭ്യമാക്കേണ്ടതുണ്ട്.കൊതുക് നിവാരണത്തിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.വാർഡിൽ അലഞ്ഞുതിരിഞ്ഞു നടക്കുന്ന പട്ടികളെ നശിപ്പിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.അറവ് ശാലകൾ ശാസ്ത്രീയമായി ക്രമീകരിക്കണം.

x-ാം വാർഡ്- 6 ഹരിജൻ കോളനികൾ ഉളള ഈ വാർഡിൽ ഭൂരിഭാഗം ജനങ്ങളും സാമ്പത്തികശേഷി കുറഞ്ഞവരാണ്.ആയതിനാൽ സ്വന്തമായി കക്കൂസ് ഉണ്ടാക്കാൻ കഴിയാത്ത 300ൽ പരം കുടുംബങ്ങൾക്ക് കക്കൂസ് നിർമ്മിക്കാൻ സാമ്പത്തികസൗകര്യം ലഭ്യമാക്കേണ്ടതുണ്ട്.ഹരിജൻ കോളനികളിൽ പരിസരശുചീകരണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ബോധവൽക്കരണം നടത്തേണ്ടതുണ്ട്.അറവ് ശാലകൾ ശാസ്ത്രീയമായി ക്രമീകരിക്കുകയും

അലഞ്ഞുതിരിഞ്ഞു നടക്കുന്ന പട്ടികളെ നശിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.വാർഡിൽ ഒരു പൊതു ശ്മശാനവും അനുവദിക്കേണ്ടതുണ്ട്.

പൊതുവായ നിർദ്ദേശങ്ങൾ

1.ആരോഗ്യസംരക്ഷണ സമിതി

പഞ്ചായത്തിലെ ആരോഗ്യരംഗത്തുള്ള പ്രശ്നങ്ങൾ പഠിക്കുന്നതിനും പരിഹരിക്കുന്നതിനും നിലവിലുള്ള പ്രധാന ആരോഗ്യസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും,പുതിയവ നേടുന്നതിനും ആവശ്യമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കാൻ പഞ്ചായത്ത് മെമ്പർമാരും പഞ്ചായത്തിലെ ആരോഗ്യമേഖലയിലെ പ്രവർത്തകരും,ഈ വിഷയത്തിൽ താൽപര്യമുലള്ള സാമൂഹ്യപ്രവർകരെയും ഉൾകൊളളിച്ച് പഞ്ചായത്ത് തലത്തിലും വാർഡ് തലത്തിലും സമിതികൾ രൂപീകരിക്കാം.

2.ആയുർവേദിക് ഡിസ്പെൻസറി

പഞ്ചായത്തിലെ ജനങ്ങളിൽ നല്ലൊരു വിഭാഗം ആളുകൾ പാർശ്വഫലങ്ങളില്ലാത്ത ആയുർവേദ ചികിത്സാരീതിയെ ആശ്രയിക്കുന്നവരാണ്.സ്വകാര്യമേഖലയിൽ രണ്ട് ആയുർവേദിക് ഡിസ്പെൻസറിയും 5-ഓളം മരുന്നു ശാലകളും പഞ്ചായത്തിൽ ഉണ്ടെങ്കിലും ഇതു വളരെ ചിലവേറിയതാണ്.അതുകൊണ്ട് പഞ്ചായത്തിൽ ഒരു ഗവ:ആയുർവേദിക് ആശുപത്രി സ്ഥാപിക്കുക.

3.ഔഷധസസ്യനെഴ്സറി

21-ാം നൂറ്റാണ്ട് സസ്യ ഔഷധങ്ങളുടെ സുവർണ്ണ കാലഘട്ടമായിരിക്കുമെന്ന് ലോകമെമ്പാടും അംഗീകരിച്ചിരിക്കുന്ന ഇക്കാലത്ത് പഞ്ചായത്തിലെ കൃഷിഭവന്റെ സഹായത്തോടെ പ്രധാന ഔഷധസസ്യങ്ങളുടെ ഒരു നെഴ്സറി ആരംഭിക്കാവുന്നതാണ്.

4.ഹോംക്ളിനിക്ക്

എല്ലാവർക്കും ഔഷധസസ്യം,എല്ലാവർക്കും ആരോഗ്യം എന്ന ലോകാരോഗ്യസംഘടനയുടെ മുദ്രാവാക്യം നമുക്കും ഏറ്റുവിളിക്കാം.പഞ്ചായത്ത് ഔഷധസസ്യ നെഴ്സറിയിൽ നിന്ന് ഓരോ വീടുകളിലേക്കും ഔഷധസസ്യങ്ങൾ വ്യാപിപ്പിക്കുകയും പാർശ്വഫലമില്ലാത്തതും

ഗുണയുക്തവുമായ സസ്യ ഔഷധങ്ങൾ പരമാവധി പലപ്രദമായ രീതിയിൽ ഉപയോഗിക്കുവീൻ ആവശ്യമായ പരിശീലനങ്ങളും ബോധവൽക്കരണവും നടത്തിയാൽ ഓരോ വീടും ഓരോ

ക്ളിനിക്കുകളീയി മാറ്റാം.

5.രക്തദാനസേന

പഞ്ചായത്തിലെ മുഴുവൻ അംഗങ്ങളുടെയും രക്തപരിശോധന നടത്തി രക്തദാനത്തെക്കുരിച്ചുള്ളബോധവൽക്കവണം നടത്തി രക്തദാനം ചെയ്യാൻ തയ്യാറുള്ളവരുടെ ഒരു സേനക്ക് രൂപം നൽകാം.

6.ഹെൽത്ത് കാർഡ്

പഞ്ചായത്തിന്റെ നേതൃത്വത്തിൽ പഞ്ചായത്തിലെ മുവുവൻ ജനങ്ങളെയും ഉൾപ്പെടുത്തി സൗജന്യപരിശോധനാക്യാമ്പുകൾ നടത്തി അവരുടെ രോഗങ്ങളും മറ്റു ആവശ്യവിവരങ്ങളും ഉൾപ്പെടുത്തി ഹെൽത്ത്കാർഡ് വിതരണം ചെയ്യാം.ചികിത്സാരംഗത്ത് വളരെ ഗുണം ചെയ്യുന്ന ഒരു സംവിധാനമാണ് ഹെൽത്ത്കാർഡ്.ചികിത്സക്കായി എത്തുന്ന വ്യക്തിയുടെ മുൻകാല ആരോഗ്യത്തെക്കുറിച്ചുള്ള വിവരങ്ങൾ,രോഗനിർണ്ണയം വേഗത്തിലും കുറ്റമറ്റതും ആക്കാൻ സഹായിക്കും.ആരോഗ്യപ്രവർത്തകരെയും,സന്നദ്ധപ്രവർത്തകരെയും ഒരുമിപ്പിച്ച് ഇത് നടപ്പിലാക്കാവുന്നതാണ്.രക്തഗ്രൂപ്പ് തുടങ്ങിയ അടിസ്ഥാനവിവരങ്ങൾ എല്ലാ കാർഡിലും രേഖപ്പെടുത്തുകയും ചെയ്യണം.

7.വൈദ്യസഹായനിധി

പഞ്ചായത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ആളുകളുടെ സഹായത്തിന്നായിഒരു വൈദ്യ സഹായ നിധിക്ക് പഞ്ചായത്ത് വാർഡ് തലങ്ങളിൽ രൂപം കൊടുക്കാം.ചികിത്സാർ ഒപ്പട്ടെന്ന് വൻ തുക ആവശ്യമായി വരുന്നവർക്ക് ഗഡുക്കളായി അടക്കാവുന്ന വായ്പയായും,നിത്യരോഗികളായി കിടക്കുന്ന ആളുകളുടെ ചികിത്സാസഹായനിധിയായും ഇത് ഉപയോഗിക്കാം.

8.സ്കുൾതലബോധവൽക്കരണവും പ്രഥമ ശുശ്രൂഷാപരിശീലനവും

പഞ്ചായത്തിലെ മുഴുവൻ സ്കൂളിലേയും അധ്യാപികാപ്രതിനിധികളെയും മറ്റു സാമൂഹ്യ സന്നദ്ധ പ്രവർത്തകരെയും ഉൾപ്പെടുത്തി സ്കൂൾ തലത്തിൽ ശുചിത്വം,ആരോഗ്യം എന്നിവയെക്കുറിച്ചും മിഠായി,ഐസ് എന്നിവയിലൂടെയുള്ള മയക്കുമരുന്നു ലോബികളുടെ പ്രവർത്തനത്തെക്കുറിച്ചും കുട്ടികളെ ബോധവത്കരിക്കുന്നതിനും,സ്കൂൾതലത്തിൽ ആവശ്യമായി വരുന്ന പ്രഥമശുശ്രൂഷാ പ്രവർത്തനങ്ങൾക്കും പരിശീലനം നൽകാവുന്നതാണ്.

9.ഗ്രാമശുചീകരണ വാരം

ആരോഗ്യസംരക്ഷണത്തിൽ ശുചീകരണത്തിനുള്ള പങ്ക് ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനുവേണ്ടി വർഷത്തിൽ ഒരിക്കൽ ഗ്രാമ ശുചീകരണ വാരമായി ആചരിക്കുകയും,ഈകാലയളവിൽ ഗ്രാമത്തിലെ എല്ലാ വീടുകളും,വിദ്യാലയങ്ങളും,ആശുപത്രി കളും, ചന്ത,ശുദ്ധജല സ്രോതസ്സുകൾ മറ്റു സ്ഥലങ്ങൾ എന്നിവിടങ്ങളിലും ശുചീകരണം നടത്തി എന്ന് ഉറപ്പ് വരുത്തേണ്ടതും ആകുന്നു.

10.ലഹരി വിമുക്ത ഗ്രാമം

ജനങ്ങളുടെ ആരോഗ്യം നശിപ്പിക്കുന്നതും,കുടുംബസമാധാനം തകർക്കുന്നതുമായ മദ്യം,മയക്കുമരുന്ന്,പുകവലി തുടങ്ങിയ ലഹരി പദാർത്ഥങ്ങളിൽ നിന്നും പഞ്ചായത്തിനെ മോചിപ്പിക്കാൻ ആവശ്യമായ ബോധവത്ക്കരണവും,നിയമനടപടികളും നടത്തേണ്ടതാണ്.

11.ബോധവത്ക്കരണം

ആരോഗ്യം,ശുചിത്വം തുടങ്ങിയ കാര്യങ്ങളിൽ വിപുലമായ ബോധവത്ക്കരണം നടത്താൻ പഞ്ചായത്തുകൾക്ക് സാധിക്കും.പഞ്ചായത്തിലെ ആരോഗ്യപ്രവർത്തകരുടെയും,ആരോഗ്യസംരക്ഷണ സമിതിയുടെയും ആഭിമുഖ്യത്തിൽ വിവിധ സന്നദ്ധ സംഘടനകളെയും,ക്ലബുകളെയും ഉപയോഗപ്പെടുത്തി വിപുലമായ ബോധവത്ക്കരണ ക്ലാസ്സുകളും,സൗജന്യ രോഗചികിത്സാ ക്യാമ്പുകളും നടത്താവുന്നതാണ്.ഇത് പഞ്ചായത്തിലെ എല്ലാ ഭാഗങ്ങളിലും നടത്തപ്പെടുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

12.രോഗപ്രതിരോധ പ്രവർത്തനങ്ങൾ

പഞ്ചായത്തിൽ വിൽപന നടത്തുന്ന മത്സ്യം.മാംസം എന്നിവ ഗുണനിലവാരം ഉള്ളതാണ് എന്ന് ഉറപ്പ് വരുത്തുക.ഹോട്ടലുകൾ മറ്റു വിൽപനശാലകൾ എന്നിവയുടെ പ്രവർത്തനം തൃപ്തികരമാമെന്ന് ഉറപ്പ് വരുത്തുക.പഞ്ചായത്തിലെ അലഞ്ഞു നടക്കുന്ന പട്ടികളെ നശിപ്പിക്കുക.പഞ്ചായത്തിൽ വർദ്ധിച്ചുവരുന്ന കൊതുക്,ഈച്ച എന്നിവയെ നശിപ്പിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുക.സർക്കാർ തലത്തിൽ നടത്തിക്കൊണ്ടിരിക്കുന്ന പ്രതിരോധകുത്തിവെയ്പ്പ് വിജയിപ്പിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുക എന്നീ കാര്യങ്ങൾ പഞ്ചായത്തുകൾക്ക് പ്രാവർത്തികമാക്കാവുന്ന മറ്റു പ്രവർത്തനങ്ങളാണ്.

13.സാമൂഹ്യസന്നദ്ധസേന

പഞ്ചായത്തിലെ ജനങ്ങളുടെ ആരോഗ്യമേഖലയുടെ വളർച്ചക്കും ശുചിത്വം നില നിർത്താൻ ആവശ്യമായ സൗകര്യങ്ങൾ നേടിയെടുക്കാൻ നിലവിലുള്ള പദ്ധതികളെക്കുറിച്ച് അറിവും,പ്രവർത്തന സന്നദ്ധതയും ഉള്ള സാമൂഹ്യ സന്നദ്ധസേനകൾക്ക് പഞ്ചായത്ത്-വാർഡ് തലത്തിൽ രൂപം കൊടുക്കുക.

14.പൊതുശ്മശാനം

8-ാം വാർഡിൽ സ്ഥിതിചെയ്യുന്ന പഞ്ചായത്ത് പൊതു ശ്മശാനം പഞ്ചായത്തിലെ ജനങ്ങൾക്ക് ഉപകരിക്കാൻ പറ്റാത്ത നിലയിലാണ്.ലൈസൻസ് ലഭിക്കാത്തതാണ് കാരണം.

15.ബ്ലോക്ക് ജില്ലാതല പദ്ധതി

മരുന്നുകളുടെ വർദ്ധിച്ചു വരുന്ന വിലയാണ് ആരോഗ്യ രംഗം നേരിടുന്ന പ്രധാന പ്രശ്നങ്ങളിൽ ഒന്ന്.ഈ പ്രശ്നം പരിഹരിക്കുന്നതിന് നിലവിലുള്ള രോഗങ്ങൾക്ക് അത്യാവശ്യമുള്ള ആയുർവ്വേദ-അലോപ്പതി മരുന്നുകൾ സർക്കാർ തലത്തിൽ നിർമ്മിച്ച് ജില്ലയിലെ മുഴുവൻ പഞ്ചായത്തുകൾക്കും ആദായനിരക്കിൽ വിതരണം ചെയ്യുക.

ഒരു മദ്യവിമുക്ത ജില്ലക്ക് ആവശ്യമായ ബോധവൽക്കരണ-നിയമനടപടികൾക്ക് രൂപം കൊടുക്കുക.

ഗതാഗതം

ഒരു പ്രദേശത്തിന്റെ വളർച്ചക്ക് റോഡിന്റെ പങ്ക് വളരെ വലുതാണ്.നമ്മുടെ പൂർവ്വികർ ഇതു മനസ്സിലാക്കിത്തന്നെ അതാതു കാലത്തെ ആവശ്യത്തിനനുസരിച്ച് റോഡുകളും, നടപ്പാതകളും, നടപ്പാലങ്ങളും നിർമ്മിക്കുന്നതിന് മുൻഗണന നൽകിയിരുന്നു.

സ്വാതന്ത്ര്യം കിട്ടിയ കാലഘട്ടത്തിനു മുമ്പുള്ള ഈ പഞ്ചായത്തിലെ റോഡുകൾ ആയിരുന്നു മുള്ള്യാകുർശ്ശി-കാളികാവ് റോഡ്,മുള്ള്യാകുർശ്ശി-ഒലിപ്പുഴ റോഡ്,മുള്ള്യാകുർശ്ശി-പെരിന്തൽമണ്ണ റോഡ്,കാര്യാവട്ടത്തുനിന്നും പുറപ്പെടുന്ന കാര്യാവട്ടം-അലനല്ലൂർ ടിപ്പുസുൽത്താൻ റോഡ്,പെരിന്തൽമണ്ണയും അലനല്ലൂരുമായി ബന്ധിപ്പിക്കുന്ന പച്ചീരിപ്പാറവഴിയുള്ള മാട് റോഡ് എന്നിവ.

1960-65 കാലഘട്ടത്തിലാണ് മുള്ള്യാകുർശ്ശി-കാളിക്കാവ് എന്നറിയപ്പെട്ടിരുന്ന ഇന്നത്തെ ചുങ്കം-മേലാറ്റൂർ റോഡ് ടാർ ചെയ്തത്.1984ൽ ആണ് കാര്യാവട്ടം അലനല്ലൂർ (ടിപ്പുസുൽത്താൻ റോഡ്) റോഡ് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കിയത്.കാര്യാവട്ടം-മാനത്തുമംഗലം റോഡ് 1994ലും അരക്കുപറമ്പ്-കൊളപ്പറമ്പ് റോഡ് 1990-91 കാലത്തും ടാർ ചെയ്തു.മൊത്തം പഞ്ചായത്തിൽ 16 1 Kmടാർ ചെയ്ത PWD റോഡുകളുണ്ട്.

പഞ്ചായത്തിൽ ആകെയുള്ള 72 Km ഗ്രമീണറോഡുകളിൽ 13 Km റോഡുകൾ ടാർ ചെയ്തതും 59Km റോഡുകൾ ടാർ ചെയ്യാത്തവയുമാണ്.ടാർ ചെയ്ത 2 Km പ്രൈവറ്റ് റോഡും പഞ്ചായത്തിൽ ഉണ്ട്.മൊത്തം റോഡുകളിൽ 23.5Km ദൂരം വരുന്ന റോഡുകൾ ഏറെക്കുറെ വാഹനഗതാഗതത്തിന് (യാത്രയ്ക്ക) പറ്റിയ റോഡുകളാണ്. 48.5Km ദൂരം വരുന്ന റോഡുകൾ സഞ്ചാരയോഗ്യ മല്ലാത്തവയുമാണ്.

PWD ഏറ്റെടുത്ത റോഡുകളിൽ കാര്യാവട്ടം-മാനത്തുമംഗലം റോഡിലും,വെട്ടത്തൂർ കുളപ്പറമ്പ് റോഡിലും ബസ്സ് ഗതാഗതം ഇല്ല.ഗ്രാമീണ റോഡുകളിൽ പട്ടിക്കാട്-മണ്ണാർമല ജംഗ്ഷൻ-പീടികപ്പടി റോഡിൽ ബസ്സ് ഗതാഗതം ഉണ്ട്. [പഞ്ചായത്തിലുള്ള ഗ്രാമീണ റോഡുകളുടെ വിവരം പട്ടിക-1ൽ ചേർത്തിട്ടുണ്ട്.]

ഗ്രാമീണ റോഡുകൾ

പട്ടിക 1

SL No.	റോഡിന്റെ പേര്	വാർഡ് നമ്പർ	തരം			താർ		നീളം	വീതി	വെള്ളം ഒഴുകുന്നതിനുള്ള സൗകര്യം
			കച്ച	ഷോർ	മെറ്റൽ	PWD	ബിറ്റുമിനസ്			
1.	കരുവംപാറ കി പളളിക്കുത്ത്	1	✓					2.250	4.5മീ.	✗
2.	ചുങ്കം - കല്ലംചിറ	1	✓				✓	1.500	5മീ.	✓✗
3.	മിനിആശുപത്രി	1	✓					0.700	4മീ.	✓
4.	ഹരിജൻകോളനി	1	✓					0.500	4മീ.	✗
5.	ചുങ്കം - റെയിൽവെ	1	✓					0.600	4മീ.	✗
6.	ശാന്തപുരം - മുത്രികോളനി	1	✓					0.800	4മീ.	✗
7.	പളളിപ്പടി - കുരിക്കുന്ന്	1		✓			✓	1.500	5മീ.	✓
8.	കുരികുന്ന് ഹരിജൻ കോളനി	1	✓					0.500	4മീ.	✗
9.	പട്ടിക്കാട്. ജെ.എൻ	2-4					✓	1.500	8മീ.	✓
10.	പീടികപ്പടി - പച്ചീരിപ്പാറ	4		✓	✓		✓	2.750	8മീ.	✓✗
11.	പീടികപ്പടി - പുതുപറമ്പ്കോളനി	3	✓	✓				1.800	6മീ.	✗
12.	കാലാവട്ടംവില്ലേജ് - ഓട്ടക്കല്ല്തൊടി കോളനി	2		✓				1.200	5മീ.	✗
13.	കാലാവട്ടം - കന്നിപ്പാറ	2	✓					1.000	4മീ.	✗
14.	" കാരക്കുന്ന്	2	✓					0.500	4മീ.	✗
15.	വാടയിൽകോളനിവീട്	3		✓				1.200	6മീ.	✗
16.	പളളിപ്പടി-കോലോത്തുചാള-പുതുപറമ്പ് കോളനി	3+2	✓					2.000	5മീ.	✗
17.	പളളിപ്പടി - കിനാത്തിയിൽപടി	3	✓					0.250	4മീ.	✓
18.	പച്ചീരി - വേങ്ങൂർസ്കൂൾപടി	4	✓					2.000	6മീ.	✗
19	പച്ചീരി - മുണ്ടക്കാതൊടി	4	✓					0.250	4മീ.	✗
20	പച്ചീരി - മേലോടംകോളനി	4	✓					1.000	4മീ.	✗
21	വാടയിൽഹരിജൻ-പച്ചിരി പളളിപ്പടിറോഡ്	3	✓					3കി.മീ.	8മീ.	✗
22	തേലക്കാട്-ലോബ്സൺ-താഴെക്കോട്	5	✓					5.000	4മീ.	✓✗
23	തേലക്കാട് - ചെമ്മണിയോട്	5		✓	✓			1.500	8മീ.	✓
24	താമരത്തിൽകുന്ന്-തിരുണിയിൽ കോളനി	5	✓					1.000	6മീ.	✗
25	കാവണ്ണയിൽഹരിജൻകോളനി	5	✓					1.000	6മീ.	✗
26	പഞ്ചായത്ത്പടി തിരുത്തിയിൽപോടം	5	✓					0.900	3മീ.	✗

27	ചെരങ്ങരകുന്ന് പിലാക്കൽതോട്	5	✓					0.400	4മീ.	✗
28	തേലക്കാട് സബ്സെൻറർ - കുന്നങ്കാട്റോഡ്	5	✓					0.400	3മീ.	✗
29	കാപ്പ്മേൽ-കുളങ്ങര എച്ച്.സി.	6					✓	2.400	6മീ.	✓
30	പുളിക്കൽപാറ-മുക്കനങ്ങാട്	6	✓					0.650	8മീ.	✗
31	പളളിക്കുന്ന്ഉകുണ്ടമണി	6	✓					3.500	3മീ	✗
32	കരുവാത്തകുന്ന്-കുണ്ടപ്പാടം	6-7	✓					0.600	3.5മീ.	✗
33	പൊട്ടച്ചിറ - കിളിയംഎച്ച്.സി.	7		✓				2.500	8മീ.	✗
34	കാപ്പ് - കാഞ്ഞിരംപാറ	7		✓				0.600	8മീ.	✓
35	കുന്തംകല്ല് - കല്ലാപാലം	7	✓					1.200	4.മീ.	✗
36	കാപ്പ് - പൊതാക്കല്ല്	7-8	✓				✓	1.800	4മീ.	✓✗
37	പൊതാകല്ല് -കൊളംപറമ്പ്	9		✓				0.500	4മീ.	✓
38	കാപ്പ് - പുരോണകുന്ന്	8	✓					1.000	5മീ.	✗
39	കാപ്പ് - വല്ലക്കുളം	7	✓					0.300	3മീ.	✗
40	കാപ്പ്മദ്രസ്സ - ഒറവുങ്ങൽ	7	✓					1.500	3മീ.	✗
41	കാപ്പ്സ്കുൾപടി-വല്ലക്കുളം	7	✓					0.500	3മീ.	✗
42	ഒടുവ - കുണ്ട് - നെടുമ്പാറ	8		✓				1.000	3മീ.	✗
43	ഒടുവംകുണ്ട് - പുരോണക്കുന്ന്	8	✓					1.500	3മീ.	✗
44	പരോണക്കുന്ന് - ആലക്കൽപാറ	8	✓					0.500	3മീ.	✗
45	ഹൈസ്കുൾകുന്ന് - പുക്കാട്ടുകുന്ന് പാടം	8		✓				1.000	5മീ.	✓
46	പുക്കാട്ടുകുന്ന്വാപ്പുട്ടിഹാജിപടി	8	✓					0.500	5മീ.	✗
47	വെട്ടത്തൂർ - തെക്കംമല	8			✓		✓	3.000	8മീ.	✓
48	നിരന്നപറമ്പ് - മരുതാംപാറകുന്ന്	8	✓					0.500	3.5മീ.	✗
49	നിരന്നപറമ്പ് - കാര	10		✓				3.000	8മീ.	✗
50	നിരന്നപറമ്പ് - അമ്പണ്ണുവഴങ്ങോടൻ കുന്ന്	10	✓					0.500	3മീ.	✗
51	പഴംതോട്ടുങ്ങൽ	10	✓					0.500	3മീ.	✗
52	വെട്ടത്തൂർസബ് സെൻറർ - കാവണ്ണപ്പാടം	10		✓				0.600	4മീ.	✗
53	പളളിപ്പടി - പൂളക്കുന്ന്	10	✓					1.500	3മീ.	✗
54	ഏഴുതല - കാരാപാലം	10		✓				1.300	6മീ.	✓
55	നീറംകുഴികുന്ന് - മായാത്തപാറ	10	✓					1.000	3മീ.	✗
56	നീറംകുഴികുന്ന് - നീരംകുഴിപാടം	10	✓					0.500	3മീ	✗
57	ഏഴുതല - പരിയാരത്ത്പാടം	9	✓					0.150	8മീ.	✗
58	മില്ലുംപടി - കാക്കപ്പാറപാടം	9		✓				0.500	4മീ.	✓
59	വെട്ടത്തൂർ എസ്.എൻ.കാവണ്ണപാടം	9	✓					0.500	3മീ.	✗
60.	മില്ലുംപടി(ഏഴുതല)പുക്കാട്ടുപാടം	9		✓				0.400	3മീ	✗

പ്രശ്നങ്ങൾ

1. പഞ്ചായത്തിന്റെ നിലവിലുള്ള റോഡുകളിൽ പലതും ഭൂമി വിടുതൽ സർട്ടിഫിക്കറ്റ് വാങ്ങി,റോഡുകൾ പഞ്ചായത്തിന് വിട്ടു തരാത്തവയാണ്.അതുകൊണ്ട് പഞ്ചായത്തിലെ ഫണ്ടുപയോഗിച്ച് ഇത്തരം റോഡുകളുടെ അറ്റകുറ്റ പണികൾ നടത്താൻ കഴിയാത്ത സ്ഥിതി നിലനിൽക്കുന്നു.ജനങ്ങൾ സൗകര്യപ്രദമായ വിധത്തിൽ സ്ഥലം വിട്ടുകൊടുക്കുവാൻ തയ്യാറാവാത്തതുകൊണ്ട് റോഡ് വികസനം മുരടിക്കുന്നു.
2. ജനങ്ങൾ ആവശ്യത്തിനു സ്ഥലം വിട്ടുകൊടുക്കാൻ തയ്യാറാവാത്തതുകൊണ്ട് ഫഭഴ ഫണ്ടുപയോഗിച്ച് റോഡ് അറ്റകുറ്റപണികൾ ചെയ്യാൻ കഴിയാത്ത സ്ഥിതിയും നിലവിലുണ്ട്.അൺടൈഡ് ഫണ്ടിൽ നിന്നും ലഭിക്കുന്ന വളരെ തുച്ഛമായ സംഖ്യകൊണ്ടാണ് ഇത്തരം വീതി കുറഞ്ഞ റോഡുകളുടെ അറ്റകുറ്റ പണികൾ ചെയ്തുവരുന്നത്.
3. ഡ്രൈനേജുകൾ ഇല്ലാത്തതുകൊണ്ട് വെള്ളം റോഡുകളിലൂടെ ഒഴുകുന്നതുകൊണ്ട് റോഡുകൾ വളരെ വേഗം നാശമാകുന്നു.ഡ്രൈനേജുകൾ ഉള്ളിടത്ത് ജനങ്ങൾ വീട്ടിലേക്കും വാഹനങ്ങൾ പ്രവേശിപ്പിക്കുന്നതിന് അവ നികത്തുന്നു.
4. ഉൾപ്രദേശങ്ങളിലേക്ക് പോകുന്ന റോഡുകൾ പാലങ്ങളുടെ അഭാവം മൂലം ബന്ധപ്പെടുത്താൻ കഴിയാത്ത ഒരു സ്ഥിതി നിലവിലുണ്ട്.
5. പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും റോഡുകളുടെ അപര്യാപ്തത നിലനിൽക്കുന്നു.
6. കോൺട്രാക്റ്റർമാരും ഉദ്യോഗസ്ഥൻമാരും തമ്മിലുള്ള ഒത്തുകളി റോഡുകളുടെ ഗുണനിലവാരം കുറക്കുന്നു.
7. ഗ്രമീണ റോഡുകൾ പലയിടത്തും ടാർ ചെയ്യാത്തതുകൊണ്ട് ബസ്സ് സൗകര്യം ഇല്ല.
8. പഞ്ചായത്തിൽ നടപ്പാലങ്ങളുടെ കുറവ് കൊണ്ട് ജനങ്ങളുടെ കാൽനട യാത്രക്കും വിദ്യാർത്ഥികൾക്ക് സ്കൂളിൽ പോകുന്നതിനും ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.

പരിഹാരനിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ നിലവിലുള്ള റോഡുകളിൽ ഭൂമിവിടുതൽ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ലാത്ത (പഞ്ചായത്തിൽ ഏല്പിച്ചിട്ടില്ലാത്ത)വയുടെ രേഖകൾ ശരിയാക്കുന്നതിന് ജനകീയ സമിതികൾ രൂപീകരിച്ച് പ്രവർത്തനം നടത്തേണ്ടതാണ്. വരും കാലങ്ങളിൽ റോഡുകൾ നിർമ്മിക്കുമ്പോൾ അത്തരം രേഖകൾ ശേഖരിച്ചുവെയ്ക്കേണ്ടതാണ്.

2. നിലവിലുള്ള വീതികുറഞ്ഞറോഡുകളുടെ വികസനത്തിന് ഫണ്ട് അനുവദിക്കുമ്പോൾ കൂടുതൽ നിബന്ധനയില്ലാത്ത ഫണ്ടായിരിക്കുകയും പുതിയ റോഡുകൾ, ആവശ്യത്തിന് വീതിയുള്ള വയായിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

3. റോഡുനിർമ്മാണത്തിനോടനുബന്ധിച്ച് തന്നെ ആവശ്യമായ ഡ്രൈനേജുകൾ നിർമ്മിക്കുകയും ഉള്ള ഡ്രൈനേജുകൾ തടസ്സപ്പെടുത്തികൊണ്ടുള്ള പ്രവർത്തനങ്ങൾ കർശനമായി തടയുകയും വേണം.

4. പഞ്ചായത്തിൽ ആവശ്യമുള്ള സ്ഥലങ്ങളിൽ പാലങ്ങൾ നിർമ്മിച്ച് റോഡുകൾ തമ്മിൽ ബന്ധിപ്പിക്കേണ്ടതാണ്. ഇത്തരം കാര്യങ്ങളിൽ ജനപങ്കാളിത്തം ഉറപ്പാക്കേണ്ടതുണ്ട്.

5. അതാതുവാർഡുകളിൽ ജനപങ്കാളിത്തത്തോടുകൂടിയും, ലഭ്യമാവുന്ന ഫണ്ടുകൾ ഉപയോഗിച്ചും ആവശ്യമായ റോഡുകളുടെ നിർമ്മാണപ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്താവുന്നതാണ്. (നിർമ്മിക്കേണ്ടറോഡുകളുടെ വിവരം പട്ടിക - 2 പ്രകാരം ചേർത്തിട്ടുണ്ട്.

6. ജനപങ്കാളിത്തത്തോടുകൂടിയുള്ള റോഡുനിർമ്മാണം ഉറപ്പാക്കിയാൽ അഴിമതി ഇല്ലാതാക്കാനും, റോഡുകളുടെ ഗുണമേൻമ ഉറപ്പാക്കുവാനും കഴിയും.

7. ഗതാഗതയോഗ്യമായ ഉൾനാടൻ റോഡുകളിൽ, സ്വകാര്യസർക്കാർ ബസ്സുകാർക്ക് പർമിറ്റ് കൊടുത്ത്, ബസ്സോടിപ്പിക്കാൻ നടപടിയെടുക്കേണ്ടതാണ്.

8. പഞ്ചായത്തിൽ ആവശ്യമായ സ്ഥലങ്ങൾ കണ്ടെത്തി ജനശക്തിയും, ഫണ്ടും ഉപയോഗിച്ച് നടപ്പാലങ്ങൾ ഉണ്ടാക്കാവുന്നതാണ്.

പുതുതായി നിർമ്മിക്കേണ്ട റോഡുകൾ

പട്ടിക – 2

വാഡ് നമ്പർ	പേര് സ്ഥലം	ദൂരം മീറ്ററിൽ
1	കിളക്കേപളളിക്കുത്ത് - കൂരികുന്ന്	300
1	കല്ലംചിറ - കൂരികുന്ന്	400
1	ആലുവായ്കോളനി - പട്ടിക്കാട്	1000
1	ചാരുപ്പടി - ചെരുയാലിച്ചത്ത് കൂരികുന്ന് റോഡ്	150
1	കുട്ടാടൻപടി - പൊട്ടച്ചിറ	200
1	കളത്തിൽമുഹമ്മദുകുട്ടി - മാട്റോഡ്	300
2	വില്ലേജ്ഓഫീസ് -പൂഞ്ചോലക്കൽപാറ മുഖാംറോഡ്	400
2	കാര്യാവട്ടം - കാരകുന്ന്	500
2,4	പാത്തിപ്പാറ - പച്ചീരിപൊരിപ്പത്ത്	1500
2	പാത്തിപ്പാറ - ഓട്ടകല്ല്തൊടി - പച്ചീരിസ്കൂൾ	1000
3	പുതിയപറമ്പുകോളനി - വെളളക്കോടിറോഡ്	3000
3	ചേരിയങ്ങൽ - തണ്ണീർറോഡ്	3250
3,4	പീടികപടി - വയ്യിലെതോട് - മദീനറോഡ്	750
4	അറബികയറ്റം - പൂളത്തകുണ്ട്	1000
4	മുച്ചിക്കൽ - വലിയതൊടികകുന്ന് - പച്ചീരി	900
4	കാരടത്ത്പാറ - പച്ചീരിപളളിപടിറോഡ്	1000
5	ചെരങ്ങരകുന്ന് - പുളിയങ്ങൽപാടം	1000
6	മുക്കനങ്ങാട് - മാഞ്ചീരിഎസ്റ്റേറ്റ്	1500
6	പാങ്ങ് - മങ്ങാട്	1600
6	കരുവാത്തകുന്ന് - വെളളാരംപാറ	1000
6	പീടികപടി - എസ്റ്റേറ്റ്റോഡ്	1000
7	കിളിയം - തെക്കൻമല	1500
7	പൊതാക്കല്ല് - കുളപറമ്പ്	600
7	കാപ്പ്മദ്രസ - കാഞ്ഞിരംപാറ	2000
7	കുണ്ടപാടം - കിളിയംകോളനി	1500
8	നടകളത്തിൽകുന്ന് - ഇരുമ്പനോട്ടുകോളനി	600
8	പൂരോണകുന്ന് - പൊതാക്കല്ല്	500
8	ഇരുമ്പനോട്ടുൽപടി - ഇരുമ്പനോട്ടുകോളനി	200
8	നടകളത്തിൽപടി - ചാവാലിത്തോട്പാലം	1000
9	തെക്കൻമലകവല - AMUPവെട്ടത്തൂർ സ്കൂൾപടി	1000
9	മില്ലുംപടി - രാമൻചാടി	300
9	മില്ലുംപടി - കൊളപ്പറമ്പ്ഷാപ്പുംപടി	1000

10	ഉണ്യാൽ - പാലക്കുണ്ട്അംഗൻവാടി വെട്ടത്തൂർ	1000
10	പറയൻകുന്ന് - കാരപളളിപടിറോഡ്	1500
10	മില്ലുംപടി - കിഴേകളത്തിൽപാടം	500
10	നിരന്നപറമ്പ് - പറയൻകോളനി	800
10	പൊൽപാറകുന്ന് - വഴക്കോടൻകുളമ്പ്	1500

പുതുതായി റോഡുകൾ നിർമ്മിക്കാനാവശ്യമായ സ്ഥലവും, 50% വരുന്ന മനുഷ്യാദ്ധ്വാനവും അതാതുഭാഗങ്ങൾഇൽ നിന്നും ലഭിക്കേണ്ടതുണ്ട്.

ഊർജ്ജം

പഞ്ചായത്തിലെ ഒന്നാം വാർഡായപളളിക്കുത്ത് പ്രദേശത്ത് 1968ലും കാപ്പ് പ്രദേശത്ത് 81ലും വെട്ടത്തൂരിൽ 84ലും ആദ്യമായി വൈദ്യുതി എത്തിച്ചേർന്നു. പഞ്ചായത്തിലെ പകുതിയിലധികം വീടുകളിലും പ്രദേശങ്ങളിലും ഇനിയും വൈദ്യുതി എത്തിച്ചേരേണ്ടിയിരിക്കുന്നു.

വിവിധ ആവശ്യങ്ങൾക്കായി പഞ്ചായത്തിൽ വൈദ്യുതീയുപഭോഗ്താക്കളുടെഭെണ്ണം 1800നും 2000ത്തിനും ഇടയിലാണ് കണക്ഷൻ ലഭിക്കുന്നതിന് വേണ്ടി ഓർഡിനറിലീസ്റ്റിൽ 200ഉം OYECലീസ്റ്റിൽ 80 പേരും കാത്തിരിക്കുന്നു.

പെരിന്തൽമണ്ണ, മണ്ണാർക്കാട് സബ്സ്റ്റേഷനുകളിൽ നിന്ന് മേലാറ്റൂർ സെക്ഷൻ ഓഫീസ് മുഖേന 12 ട്രാൻസ്ഫോർവഴിയാണ് പഞ്ചായത്തിൽ വൈദ്യുതിവിതരണം ചിട്ടപ്പെടുത്തിയിട്ടുളളത്.

ഉപഭോക്തൃതാക്കളിൽ 84 ശതമാനം ഗാർഹികം, 95 വ്യാപാരം, 6% കാർഷികം, ഒരു ശതമാനം വ്യാവസായികം എന്നീ ആവശ്യങ്ങൾക്കാണ് വൈദ്യുതി ഉപയോഗിക്കുന്നത്.

കണക്ഷൻ ലഭിക്കാനുളള ഓഫീസ് നടപടിക്രമങ്ങളുടെ സങ്കീർണ്ണതകൾ കാരണം. വൈദ്യുതിസഹായത്തോടെ നടത്തേണ്ട ചെറുകിടവ്യവസായരംഗത്തേക്കും, കാർഷികരംഗത്തേക്കും, കടന്നുവരാൻ ജനങ്ങൾ അറച്ചുനിൽക്കുന്നു.

പഞ്ചായത്തിൽ വോൾട്ടേജ്ക്ഷാമം അതിരൂക്ഷമാണ്. വൈകുന്നേരങ്ങളിൽ 50 വോൾട്ട് പോലും വൈദ്യുതിലഭിക്കാത്ത പ്രദേശങ്ങളുണ്ട്. വോൾട്ടേജ്ക്ഷാമം കൃഷി, വ്യവസായം എന്നുവേണ്ട വിദ്യാർത്ഥികളുടെ പഠനത്തെപോലും സാരമായി ബാധിക്കുന്നു.

പഞ്ചായത്തിന്റെ നാനാഭാഗത്തുകൂടിയും 11K.V.ലൈൻ കടന്നുപോവുന്നുണ്ടെങ്കിലും ആവശ്യമായ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് വോൾട്ടേജ്ക്ഷാമം പരിഹരിക്കാൻ നടപടിസ്വീകരിച്ചിട്ടില്ല. അംഗീകരിച്ച് 22 ഹരിജൻ കോളനികളും അംഗീകരിച്ചിട്ടില്ലാത്ത 8ഓളം പരിജൻകോളനികളും ഉള്ളതിൽ 2വാർഡിലെ ഓട്ടകല്ല് തൊടികോളനിയിലെ 5 വീടുകൾക്ക് വൈദ്യുതികണക്ഷൻ ലഭിക്കുകയും 3 വാർഡിലെ വാടയിൽ കോളനിയിൽ ഏതാനും സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുകയും, മേൽകുളങ്ങരകോളനിയിലേക്ക് വൈദ്യുതി എത്തിക്കാനുളള നടപടികളും സ്വീകരിച്ചിട്ടുണ്ട് എന്ന തൊഴിച്ചാൽ ഹരിജൻ കോളനികളിലേക്ക് വൈദ്യുതിഎത്തിക്കുന്ന കാര്യത്തിൽ മറ്റുപ്രവർത്തന

ങ്ങളൊന്നും ഉണ്ടായിട്ടില്ല.

6 വാർഡിലെ ഒറവിങ്ങൽ കോളനിയിലേക്ക് വർഷങ്ങൾക്കുമുമ്പ് വൈദ്യുതി ലൈൻ വലിച്ചിട്ടുണ്ട്. എങ്കിലും ഇതുവരെ ചാർജ്ജ് ചെയ്തിട്ടില്ല.

ഒന്നാംവാർഡിൽ 10 സ്ട്രീറ്റുലൈറ്റ് ബൾബുകളും, മൂന്നാം വാർഡിൽ 3 സോഡിയംവാപ്പർലാമ്പുകളും, 4 ബൽബുകളും ഒഴിച്ചാൽ പഞ്ചായത്തിന്റെ മറ്റുഭാഗങ്ങളിൽ ഒന്നുംതന്നെ തെരുവുവിളക്കുകൾ സ്ഥാപിച്ചിട്ടില്ല.

പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ മിക്ക സ്ഥലങ്ങളിലുംവോൾട്ടേജ് ക്ഷാമം അതിരൂക്ഷമാണ്. കുറഞ്ഞവോൾട്ടേജ്ക്ഷമത കാർഷികരംഗത്തെതുരടിപ്പിനു ഇടയാക്കുന്നു.

2. ഉൾപ്രദേശങ്ങളിൽ ഇനിയും വൈദ്യുതി എത്തിക്കേണ്ടിയിരിക്കുന്നു.

3. അംഗീകരിച്ചിട്ടുള്ള 20 ഹരിജൻകോളനികളിലും, അംഗീകരിക്കാത്ത 8 ഹരിജൻ കോളനികളിലും വൈദ്യുതീകരണം നടന്നിട്ടില്ല.

4. പഞ്ചായത്തിലെ പ്രധാനപ്പെട്ട സ്ഥലങ്ങളിൽപോലും തെരുവുവിളക്കുകൽ സ്ഥാപിച്ചിട്ടില്ല.

5. ട്രാൻസ്ഫോർമറുകൾക്കും ബന്ധപ്പെട്ട ലൈനുകൾക്കും ആവശ്യമായ പരിചരണം ലഭിക്കാത്തതുകൊണ്ടും ലൈനിൽ മുട്ടിനിൽക്കുന്ന മരച്ചില്ലകളും മറ്റും യഥാസമയം മുറിച്ചു മാറ്റാത്തതുകൊണ്ടും വിതരണരംഗത്ത്, വോൾട്ടേജ്കുറവ് അടക്കമുള്ള പ്രശ്നങ്ങൾ ഉണ്ടാവുന്നു. ബോർഡ് ജീവനക്കാരിൽ പലരുടേയും അനാസ്ഥ, പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള അലസത, അഴിമതി എന്നിവയുള്ള വിഷമങ്ങൾ കൂടുകയും പലപ്പോഴും പുതിയ പ്രശ്നങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു.

6. മേലാറ്റൂർ സെക്ഷൻ ഓഫീസുമായി ബന്ധപ്പെടുന്നതിന് പഞ്ചായത്തിലെ ജനങ്ങൾക്ക് കി.മീ. മുതൽ 18കി.മീ. വരെ ദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു. കറൻറുചാർജ്ജ് സ്വീകരിക്കുന്നതിന് മാസത്തിൽ 3 ദിവസം പഞ്ചായത്തിന്റെ ഒരറ്റത്തുള്ള ഒന്നാം വാർഡിൽ സംവിധാനം ഏർപ്പെടുത്തയുട്ടുണ്ടെങ്കിലും, വളരെകുറച്ച് ഉപഭോക്താക്കൾക്ക് മാത്രമേ ഉപകരിക്കുന്നുള്ളൂ.

പരിഹാര – നിർദ്ദേശങ്ങൾ

1. വീടുകളിൽ പാചകത്തിന് വേണ്ടിയുള്ള വൈദ്യുതി ഉപയോഗത്തിലും, ലൈറ്റുകളുടേയും മറ്റും അമിതമായ ദുരുപയോഗത്തിലും കർശനമായ നിയന്ത്രണം ഏർപ്പെചുത്താവുന്നതാണ്. ഇതുമൂലം കുറെയധികം വൈദ്യുതി ലാഭിക്കാൻ കഴിയും.

2. വെട്ടത്തൂരോ, സമീപപ്രദേശങ്ങളിലോ, സബ്സ്റ്റേഷൻ നിർമ്മിച്ചുകൊണ്ട്, വെട്ടത്തൂരടക്കമുള്ള രണ്ടോ, മൂന്നോ പഞ്ചായത്തുകളുടെ വോൾട്ടേജ് ക്ഷാമത്തിന് ഒരുപരിധിവരെ ആശ്വാസം

കണ്ടെത്താവുന്നതാണ്.

3. നിലവിലുള്ള 12 ട്രാൻസ്ഫോർമറുകൾക്ക് പുറമെ കിഴക്കേപള്ളിക്കുത്ത്, മണ്ണാർമലപീടികപടി, തെക്കൻമല ജംഗ്ഷൻ, കാര്യവട്ടം ഓട്ടകല്ല്തൊടി ഭാഗം എന്നിവിടങ്ങളിൽ പുതിയട്രാൻസ്ഫോർമറുകൾ സ്ഥാപിക്കാവുന്നതാണ്.

4. ഉപയോഗശൂന്യമായികിടക്കുന്ന പുങ്കാവനം ഇറിഗേഷൻ ഡാം, മിനി വൈദ്യുതി ഉൽപ്പാദനകേന്ദ്രമായി മാറ്റാൻ കഴിയുമോ എന്ന് ആലോചിക്കേണ്ടതുണ്ട്.

5. മിനിമംഗാരണ്ടി വ്യവസ്ഥകൾ ലഘൂകരിക്കുക, ഒ.വൈ.ഇ.സി. സ്കീം പ്രകാരം അടക്കേണ്ടുന്നതുക ഗഡുക്കളായി അടക്കുന്നതിനുള്ള വ്യവസ്ഥകൾ ഉണ്ടാക്കുക. ബന്ധപ്പെട്ട ഓഫീസ് പണികൾക്ക് ആക്കം കൂട്ടുക എന്നീ കാര്യങ്ങൾ നടപ്പാക്കി താഴേക്കിടയിലുള്ളവരും, ഇടത്തരക്കാരുമായ ജനങ്ങൾ താമസിക്കുന്ന മേഖലകളിലേക്ക് വൈദ്യുതി എത്തിക്കാനുള്ള പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടാവുന്നതാണ്.

6. ഒ.വൈ.ഇ.സി.ക്കുപകരം ആവശ്യമായ മെറ്റീരിയൽസ് ഉപഭോക്താവുതന്നെ വാങ്ങി, സ്ഥാപിച്ച് കണക്ഷനുവേണ്ടി അപേക്ഷിക്കുന്ന സമ്പ്രാദയം ഉണ്ടാക്കിയെടുത്താൽ കണക്ഷനുവേണ്ടിയുള്ള കാത്തിരിപ്പ് ഒരു പരിധിവരെ ഒഴിവാക്കിൻ കഴിയും

7. അംഗീകരിച്ചതും അല്ലാത്തവയുമായ 30 ഓളം ഹരിജൻ കോളനികളുള്ളതിൽ, പകുതിയിലധികം വരുന്ന കോളനികൾക്ക് തൊട്ടടുത്തായി വൈദ്യുതി ലൈൻ വന്നു നിൽക്കുന്നു. ഈകോളനികൾ അടിയന്തിരമായി വൈദ്യുതികരിക്കാനുള്ള നടപടികൾ ഉണ്ടാവേണ്ടതുണ്ട്. (പുതിയ ലൈൻ വലിക്കേണ്ട ഹരിജൻ കോളനികളുടെ പട്ടിക നമ്പർ 1 ഇതോടൊപ്പം ചേർക്കുന്നു)

8. പഞ്ചായത്തിലെ 8 ഓളം കേന്ദ്രങ്ങളിൽ 25 സോഡിയം - വോപ്പർ ലാമ്പുകൾ സ്ഥാപിക്കേണ്ടതാണ്. സ്ഥാപിക്കുന്ന കേന്ദ്രങ്ങളിൽ ജനപങ്കാളിത്തവും, വിഭവസമാഹരണവും നടത്താവുന്നതാണ്.

9. മരക്കുടിലുകൾക്കിടയിൽകൂടെ പോവുന്ന വൈദ്യുതിലൈനുകൾ ജനപങ്കാളിത്തത്തോടുകൂടി റോഡ് സൈഡിലേക്ക് മാറ്റിസ്ഥാപിച്ചാൽ വിതരണം കുറ്റമറ്റതാക്കാൻ കഴിയും. ലൈനിൽ മുട്ടി നിൽക്കുന്ന മരങ്ങളും ചില്ലകളും വെട്ടിമുറിക്കുകയും അതിന് തടസ്സം സൃഷ്ടിക്കുന്ന സ്ഥലങ്ങളിൽ പഞ്ചായത്തിന്റെ ഇടപെടലുകൾ ഉണ്ടാവുകയും വേണം. 50 ശതമാനം വരുന്ന മീറ്ററുകൾ പ്രവർത്തനരഹിതമാണെന്നറിയുന്നു. അവ മാറ്റി സ്ഥാപിച്ച് ബോർഡിന് വരുമാനം കൂടുന്നതോടൊപ്പം ഉപഭോക്തതാക്കൾക്ക് വരുന്ന പ്രയാസവും ഒഴിവാക്കാവുന്നതാണ്. കാർഷികാവശ്യത്തിനുള്ള വൈദ്യുതി അപേക്ഷളിൻമേൽ പെട്ടെന്ന് തീരുമാനം ഉണ്ടാവുകയും കണക്ഷൻ ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്. ഗ്രാമസഭകളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികൾ ഉൾക്കൊളളുന്ന കമ്മിറ്റികൾ ബന്ധപ്പെട്ട സെക്ഷൻ ഓഫീസിന്റെ പരിധിയിൽ പ്രവർത്തിക്കുകയും, ഇടക്കിടെ ഉയർന്ന ഉദ്യോഗസ്ഥൻമാരുടെ 'മുഖാമുഖം' പരിപാടിയും സംഘടിപ്പിക്കുകയും ചെയ്താൽ വൈദ്യുതിരംഗത്തുവരുന്ന ഒട്ടേറെപ്രയാസങ്ങൾ പരിഹരിക്കുന്നതിനും, ഉപഭോക്താക്കളും ജീവനക്കാരും തമ്മിലുള്ള അകൽച്ചകുറക്കുന്നതിനും, ഒരു പരിധിവരെ അഴിമതി ഇല്ലാതാക്കുന്നതിനും ഉപകരിക്കും.

10. പഞ്ചായത്തിൽ പളളിക്കുത്ത്പ്രദേശത്ത് ഒരു സബ് എൻജിനിയർ ഓഫീസ് പ്രവർത്തിപ്പിക്കേണ്ടത് അത്യാവശ്യമാണ്. വൈദ്യുതിവിതരണം കാര്യക്ഷമമാക്കുന്നതിനും ഉപഭോക്താക്കളുടെ

ദൈനംദിനാവശ്യങ്ങൾ നിറവേറ്റുന്നതിനും, ഇത് സഹായകരമായിരിക്കും. പഞ്ചായത്തിന്റെ ഏതാനും കേന്ദ്രങ്ങളിൽകൂടി വൈദ്യുതി ചാർജ്ജ് സ്വീകരിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഉണ്ടായിരിക്കുകയും. സ്പോട്ട് ബില്ലിങ്ങ് സമ്പ്രദായം നടപ്പിലാക്കുകയും ചെയ്യേണ്ടതാണ്.

പട്ടിക നമ്പർ 1

പുതിയ ലൈനുകൾ വലിക്കേണ്ടഹരിജൻ കോളനികൾ

വാഡ് നമ്പർ	കോളനിയുടെ പേര്	ദൂരം.മീ.	വീടുകളുടെ എണ്ണം	സംഖ്യ
1	പള്ളിക്കൂത്ത് 2ഭാഗത്തായി	250	10	-
,,	,,	100	8	-
,,	കൊടുവാമ്പിക്കൽകോളനി	150	14	-
2	മേലോടംകോളനി	300	10	1000
,,	കോലോത്തുചാള	300	7	-
,,	കോരോത്തുപാറ	150	15	-
,,	ഉണ്ണിയമ്പത്ത്	300	5	-
,,	കൊങ്ങനാരുകുളം	200	5	-
,,	പെരുന്താറ്റിൽ	200	10	-
3	പുതിയപറമ്പ്	700	20	20,000
5	തീരുത്തിയിൽകോളനി	800	12	20,000
7	കിളിയംകോളനി	1.500	20	20,000
,,	കാപ്പുങ്ങൽ കോളനി	400	10	-
8	പുത്തങ്ങോട്ടുപുരാണകുന്ന്	300	10	5000
,,	ഇരുമ്പനോട്	400	10	-
,,	നടകളത്തിൽ	250	11	-
9	മറത്തൊടി	300	15	-
10	കണ്ണംതൊടി	350	15	2000
,,	തോരകക്കാട്ടിൽ	150	17	-
,,	വിത്തനോട്	300	14	-
,,	കിഴക്കെകളം	250	12	2000
,,	വാക്കയിൽ	250	12	-
,,	പരിയാരത്ത്	350	18	-

6 ഓറവിങ്ങൽകോളനി വർഷങ്ങളായി ലൈൻ വലിച്ചിട്ടിരിക്കുന്നു. ചാർജ്ജ് ചെയ്യണം.

ലൈൻവലിക്കുന്നതുമായി ബന്ധപ്പെട്ട പണികൾക്ക് എല്ലാ പ്രദേശത്തും പൂർണ്ണമായ മനുഷ്യാദ്ധ്വാനം ലഭിക്കേണ്ടതുണ്ട്.

സാമ്പത്തികസഹായം ലഭിക്കുമെന്ന് സൂചിപ്പിച്ചസ്ഥലങ്ങളിൽ ഹരിജൻസ് അല്ലാത്തവർക്കും ഉപകാരപ്പെടുത്താവുന്നതാണ്.

ഇന്ധനം

പഞ്ചായത്തിൽ പ്രധാനമായും ഇന്ധനമായി ഉപയോഗിച്ചുവരുന്ന വിറകിന്റെ ലഭ്യത കുറഞ്ഞുവർുകയാണ്. കാടുകളിൽ നിന്ന് ശേഖരിച്ച് കൊണ്ടുവന്നിരുന്ന ചുളളിക്കമ്പുകൾ പോലും കിട്ടാതായിരിക്കുന്നു. ഈ പ്രദേശത്തുനിന്നും വെട്ടിമുറിക്കുന്ന മരങ്ങൾ വിറകിനുവേണ്ടിതന്നെ അന്യജില്ലകളിലേയ്ക്ക് കേറ്റി പോകുന്നു. പാഴ്മരങ്ങൾ എന്നുവിശേഷിപ്പിച്ചിരിക്കുന്ന പലമരങ്ങളും ഇന്ന് കെട്ടിടാവശ്യങ്ങൾക്ക് വേണ്ടി ഉപയോഗിക്കുന്നതിനാൽ ആ നിലക്കുളള വിറക് ലഭ്യതയും നിലച്ചിരിക്കുന്നു. കൂടാതെ ഉപയോഗിച്ചിരുന്ന ചെരട്ടയും, ചകിരിയും വിവിധാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതുകൊണ്ട് വിറകാവശ്യത്തിനായി കുറേശെ മാത്രമെ കിട്ടുന്നുളളൂ.

പുകയില്ലാത്ത അടുപ്പുകളെ പറ്റികഴിഞ്ഞകാലങ്ങളിൽ നല്ല പ്രചരണം ഉണ്ടായിട്ടുപൊലും വേണ്ടത്ര ഉപയോഗത്തിൽ വരുത്താൻ കഴിഞ്ഞിട്ടില്ല. കൂടാതെ പാചകത്തിന് ഉപയോഗിക്കുന്ന മണ്ണെണ്ണയുടെ ദൗർലഭ്യവും വിലകൂടുതലും കാരണം സാധാരണ ജനങ്ങൾ വ്യാപകമായും ഉപയോഗിക്കുന്നില്ല. പാചകഗ്യാസ് സ്വകാര്യ ഏജൻസികൾ മുഖേന വേഗത്തിലും ഇഷ്ടാനുസരണവും കിട്ടിക്കൊണ്ടിരിക്കുന്നതിനാൽ സമ്പന്നരും അപൂർവ്വം ഇടത്തരക്കാരുമായി ആളുകൾ അതുപയോഗിച്ചുതുടങ്ങിയിരിക്കുന്നു. വിലകൂടുതൽ കാരണം സാധാരണ ജനങ്ങൾക്ക് ഇതുവാങ്ങി ഉപയോഗിക്കാൻ കഴിയുന്നുല്ല. സർക്കാർ വിതരണം ചെയ്യുന്ന പാചകഗ്യാസ് കിട്ടുന്നതിന് നാലുവർഷത്തിലധികം കാത്തുനിൽക്കേണ്ടി വരുന്നു. ഇതിന് മാറ്റം വരുത്തേണ്ടതാണ്.

നിർദ്ദേശങ്ങൾ

1. പുകയില്ലാത്ത അടുപ്പുകളെപ്പറ്റിയും ഗോവർഗ്യാസിന്റെ ഉപയോഗത്തെപ്പറ്റിയും സോളാർവിളക്കുകളെപ്പറ്റിയും ജനങ്ങൾക്കിടയിൽ ബോധവൽക്കരണം നടത്തേണ്ടതാണ്.

2. സ,ർക്കാർതലത്തിലുളള പാചകഗ്യാസ് ലഭ്യത വർദ്ധിക്കുകയും വേഗത്തിൽ കിട്ടാൻ വേണ്ട നടപടിയുണ്ടാകുകയും വേണം.

3. പാചകാവശ്യത്തിന് മണ്ണെണ്ണ പർമിറ്റുകൾ കൂടുതലായി അനുവദിക്കേണ്ടതാണ്.

മാർക്കറ്റ്

പഞ്ചായത്ത് അധീനതയിലുളള ഏകമാർക്കറ്റ് സ്ഥിതിചെയ്യുന്നത് പളളിക്കൂത്ത് പ്രദേശത്താണ്. 75വർഷത്തിലധികം പഴക്കം ഈ ചന്തയ്ക്കുണ്ട് മുൻകാലങ്ങളിൽ ഇത് ആഴ്ച ചന്തയായി പ്രവർത്തിച്ചിരുന്നു. ഇപ്പോൾ പൊളിഞ്ഞുവീഴാറായ കെട്ടിടവും വൃത്തികേടായി കിടക്കുന്ന പരിസരവുമാണുളളത് വലിയ സാമ്പത്തിക ബാധ്യതയില്ലാതെ തന്നെ കെട്ടിടം നിർമ്മിക്കാവുന്നതും കെട്ടിടം ഉണ്ടായാൽ ദിവസചന്തയായി മാറാനുളള സാദ്ധ്യതയും ഉണ്ട്. മാത്രമല്ല ഇപ്പോഴുളള ചന്തയിൽ മത്സ്യക്കച്ചവടം നടക്കുന്നത് റോഡിനുസമീപവും ബാലവാടിക്കടുത്തുമുളള താൽക്കാലിക ഷെഡ്ഡിലാണ്. ആയത് പരിസരമലിനീകരണത്തിനും പകർച്ചവ്യാധികൾ വരുത്താനും ഇടവരുത്തുന്നു. കെട്ടിടം ഉണ്ടാകുന്നപക്ഷം ഇക്കാര്യത്തിനും പരിഹാരം ഉണ്ടാവും.

നെല്ല്, നാളികേരം, നേന്ത്രവാഴ, കശുവണ്ടി, കുരുമുളക്, അടക്ക, റബ്ബർ എന്നിവയാണ് പഞ്ചായത്തിലെ പ്രധാന വിളകൾ. വാഴ, നാളികേരം, കുരുമുളക്, അടക്ക എന്നിവയുടെ ചെറുകിട കൃഷിക്കാർ പൊതുമാർക്കറ്റോ ആഴ്ചചന്തയോ സഹകരണസംഘങ്ങളോ ഇല്ലാത്ത കാരണം വിളവെടുപ്പിന് മുമ്പായിത്തന്നെ ഉല്പന്നങ്ങൾ കുറഞ്ഞ വിലയ്ക്ക് വിൽക്കാൻ നിർബന്ധിതരായിത്തീരുന്നു.

കാർഷികമേഖലയിൽ വരുന്ന ഉല്പന്നങ്ങളുടെ വർദ്ധനവിന് അനുസരിച്ച് അവയുടെ സംഭരണത്തിനും വിതരണത്തിനും ആവശ്യമായ സൗകര്യങ്ങൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉണ്ടാവേണ്ടതുണ്ട്.

പാർപ്പിടവും സാമൂഹ്യക്ഷേമവും

പാർപ്പിടം

വിദ്യാഭ്യാസപരമായും സാംസ്കാരികപരമായും വളരെയേറെ മുൻപന്തിയിലല്ലെങ്കിലും സാമാന്യം ഭേദപ്പെട്ട ഒരു പഞ്ചായത്താണിത്. വെട്ടത്തൂർ,കാര്യവട്ടം എന്നീ വില്ലേജുകൾ ഇതിൽ ഉൾപ്പെടുന്നു.

ഗൾഫ് പണത്തിന്റെ സ്വാധീനം ഈ പഞ്ചായത്തിന്റെ സാമ്പത്തിക മേഖലയിലെ നിർണ്ണായക ഘടകമാണ്. എന്നാൽ ഈ പണം ക്രിയാത്മകമായ രീതിയിൽ ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. ഭവനനിർമ്മാണ രംഗത്ത് പടുകൂറ്റൻ സൗധങ്ങളിൽ മാത്രം ഒതുങ്ങി നിൽക്കുന്നു.

കൂലിപണിയെടുത്ത് ഉപജീവനം നടത്തുന്നവരാണ് പഞ്ചായത്തിൽ കൂടുതലും ഉള്ളത്. അതുകൊണ്ടു തന്നെ അല്പ സ്വല്പം കുടിലുകളും ഇടത്തരം വീടുകളുമാണ് ഭൂരിഭാഗവും.പഞ്ചായത്തിലെ 4718 വീടുകളിൽ 560 കോൺക്രീറ്റ് വീടുകളും 2386 ഓടിട്ട സാമാന്യം ഭേദപ്പെട്ട വീടുകളും 1762 വീടുകൾ ഓലമേഞ്ഞതുമാണ്. 10 വാർഡുകളിലായി നിർമ്മിച്ച വീടുകളിൽ ഏതാനം തുല്യത പുലർത്തുന്നതാണെങ്കിലും കോൺക്രീറ്റ് കെട്ടിടങ്ങളുടെ നിർമ്മാണച്ചിലവ് വളരെയേറെ വർദ്ധിച്ചതായി കാണുന്നു. വയൽ നികത്തി കെട്ടിടം പണിയുന്ന അവസ്ഥയും ഇല്ലാതില്ല.

ഭവനനിർമ്മാണരംഗത്ത് മലപ്പുറം ജില്ലാ സഹകരണ ബാങ്കിന്റെ പെരിന്തൽമണ്ണ ശാഖ, പെരിന്തൽമണ്ണ കാർഷിക വികസന ബാങ്ക്, കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ മലപ്പുറം ശാഖ എന്നിവയാണ് ഈ പഞ്ചായത്തിലെ ജനങ്ങളെ സഹായിക്കുന്നത്. എന്നാൽ അമിതമായ പലിശയും സങ്കീർണ്ണമായ ജാമ്യ വ്യവസ്ഥയും വായ്പ ലഭിക്കുവാനുള്ള കാലതാമസവും കാരണം ഈ വായ്പ സാധാരണക്കാരന് ലഭിക്കാത്ത സ്ഥിതിയാണുള്ളത്. അഥവാ ഇതിനു വേണ്ടി നെട്ടോട്ടമോടുന്നതു തന്നെ ജനങ്ങൾക്ക് വലിയ മടിയായിരിക്കുന്നു. തന്മൂലം വിരലിലെണ്ണാവുന്നവർ മാത്രമാണ് ഇത്തരം പദ്ധതികളുടെ ഗുണഭോക്താക്കളാവുന്നത്.

ഈ വായ്പകൾ സാധാരണക്കാരന് ലഭിക്കത്തക്ക രീതിയിൽ ഭവനവായ്പാ വ്യവസ്ഥകൾ ഉദാരമാകേണ്ടതുണ്ട്. താഴേപറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

1. നിർമ്മിക്കുന്ന വീട് ഈടായി സ്വീകരിച്ച് വായ്പ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുക.

2. പലിശ നിരക്ക് 9 ശതമാനമാക്കി നിജപ്പെടുത്തുക.

3. പ്ലോട്ടടിസ്ഥാനത്തിൽ തവണവ്യവസ്ഥയോടു കൂടി വീട് നിർമ്മിച്ച് നൽകുക

ജനകീയാവശ്യങ്ങളിൽ വലിയ സ്വാധീനം ചെലുത്തപ്പെടുന്ന പാർപ്പിട പ്രശ്നം അടിയന്തിര പ്രാധാന്യത്തോടെ പരിഹരിക്കപ്പെടേണ്ടതും, അതു വഴി നാടിന്റെ വിവിധ രംഗങ്ങളിൽ ആത്മാർത്ഥതയോടെയും ഉത്സാഹത്തോടെയും സമസ്ത ജനവിഭാഗങ്ങളെയും സജീവമാക്കാൻ കഴിയേണ്ടിയുമിരിക്കുന്നു.

പഞ്ചായത്തിൽ വിവിധ പദ്ധതികളായ RLEGP, IAY, MWS, JRY എന്നിവയിലൂടെ നടപ്പാക്കിയ വീടുകളുടെ എണ്ണം കൃത്യമായി ലഭ്യമല്ലാത്തതിനാൽ ഇവിടെ ചേർക്കുന്നില്ല. ഭവനനിർമ്മാണ ബോർഡു വഴി മുൻഗണനാവിഭാഗങ്ങൾക്ക് നൽകുന്ന സഹായങ്ങളും വായ്പയും വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. ഭവന നിർമാണ സാമഗ്രികളുടെ അമിതമായ വിലകയറ്റം, കൂലിനിരക്കിലെ ക്രമാതീതമായ വർദ്ധനയും നിമിത്തം പാവപ്പെട്ടവന്റെ സ്വന്തമായ ഒരു വീട് എന്ന സ്വപ്നം വെറും സ്വപ്നമായി തന്നെ അവശേഷിക്കുന്നു. തന്മൂലം കിട്ടിയ ആനുകൂല്യങ്ങൾ കൊണ്ട് വീട് നിർമ്മിക്കാൻ കഴിയാത്ത അവസ്ഥയുണ്ട്. അതിനാൽ സർക്കാർ വിവിധ പദ്ധതികളിലൂടെ ബ്ലോക്കു വഴി നൽകി വരുന്ന ഭവനനിർമ്മാണ പദ്ധതിയുടെയും രാജീവ് ദശലക്ഷം പാർപ്പിട പദ്ധതിയുടെയും പരിധി വർദ്ധിപ്പിക്കുകയും, വായ്പക്കുള്ള സാങ്കേതികവും സാമ്പത്തികവുമായ ബുദ്ധിമുട്ടുകൾ ഒഴിവാക്കപ്പെടേണ്ടതുമാണ്.

പാർപ്പിടരംഗത്തെ സങ്കീർണ്ണമായ പ്രശ്നങ്ങൾ പരിഹരിക്കാൻ ചില നിർദേശങ്ങൾ താഴെ ചേർക്കുന്നു.

1. പഞ്ചായത്തു തലത്തിൽ ഭവന നിർമ്മാണ സഹകരണ സംഘം രൂപീകരിക്കുക. എഞ്ചിനീയർ മുതൽ ലേബർവരെയുള്ളവരെ സംഘത്തിലൂടെ സപ്ലൈ ചെയ്യുക. സർക്കാർ പദ്ധതികൾ പഞ്ചായത്തിലെത്തിക്കുന്ന ഏജൻസിയായി ഈ സംഘത്തെ പ്രവർത്തിപ്പിക്കുക.

2. കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിതരണത്തിൽ സിവിൽസപ്ലൈസ് ഇടപ്പെടുക.

3. 2 ലക്ഷം രൂപയ്ക്ക് മുകളിൽ നിർമ്മാണ ചെലവ് വരുന്ന വീടുകൾക്ക് കർശനമായി പരിധി ഏർപ്പെടുത്തുക.

4. സർക്കാർ വിതരണം ചെയ്യുന്ന വായ്പകൾക്കുള്ള സങ്കീർണ്ണത ഒഴിവാക്കുക.

5. അപേക്ഷകൾ ഗ്രാമപഞ്ചായത്തുവഴി വിതരണം ചെയ്യുക.

6. സ്റ്റേജ് സർട്ടിഫിക്കറ്റ് നൽകാനുള്ള അധികാരം ഗ്രാമപഞ്ചായത്തു മെമ്പർമാർക്ക് നൽകുക.

7. വിതരണം ചെയ്യുന്ന വായ്പകളുടെ രേഖകൾ പഞ്ചായത്തുതലത്തിൽ സൂക്ഷിക്കുക.

8. IAY, JRY, RLEGP എന്നീ പദ്ധതികളിലൂടെ നടപ്പാക്കുന്ന പദ്ധതികളുടെ സംഖ്യ 30,000 രൂപയാക്കി ഉയർത്തുക.

9. രാജീവ് ദശലക്ഷം പാർപ്പിടപദ്ധതി 26,400 – ൽ നിന്ന് 50,000 രൂപയാക്കി ഉയർത്തുക.

10. പ്രകൃതിക്ഷോഭ പുനരധിവാസ പദ്ധതി 15,000 രൂപയിൽ നിന്ന് 25,000 രൂപയാക്കി ഉയർത്തുക.

ഭവന രഹിതരുടെ പ്രശ്നം പരിഹരിക്കണമെങ്കിൽ പലർക്കും പ്രാഥമികമായി ഭൂമി ലഭ്യമാക്കേണ്ടതുണ്ട്. പഞ്ചായത്തിലെ മിച്ച ഭൂമിയും, പുറമ്പോക്ക് ഭൂമിയും, പഞ്ചായത്ത് ലീസ് ഭൂമിയും ഇതിനായി വിനിയോഗിക്കാവുന്നതാണ്. ഭൂരഹിതർക്ക് 5 സെന്റ് ഭൂമി സൗജന്യമായി നൽകുകയും അവിടങ്ങളിൽ എൽ.ഐ.സി.തുടങ്ങിയ കേന്ദ്ര പൊതു സ്ഥാപനങ്ങളിലൂടെ ഏറ്റവും ചുരുങ്ങിയ പലിശക്കുള്ള വായ്പ ലഭ്യമാക്കി വീടിന്റെ നിർമ്മാണം, നിർമ്മിതികേന്ദ്രം പോലെയുള്ള ഏജൻസികളെക്കൊണ്ട്നടത്തിക്കുകയും ചെയ്യാവുന്നതാണ്. ഗുണഭോക്താക്കളെ തിരഞ്ഞെടുക്കാനുള്ള അധികാരം ഗ്രാമപഞ്ചായത്തിനു നൽകുകയും വേണം. ഇതിനായി ഗുണഭോക്താക്കളുടെയും സന്നദ്ധയുവജന സംഘടനകളുടെയും മനുഷ്യാദ്ധ്വാനം ഉപയോഗപ്പെടുത്തേണ്ടതുണ്ട്.

നമ്മുടെ ലക്ഷ്യം 5 വർഷം കൊണ്ട് പഞ്ചായത്തിലെ പാർപ്പിട പ്രശ്നം " പൂർണ്ണമായില്ലെങ്കിലും പരമാവധി പരിഹരിക്കുവാൻ കഴിയുക" എന്നതാവട്ടെ. അതിനുള്ള കൂട്ടായ്മക്കായ് നമുക്ക് ഒന്നിക്കാം – ഒരുമിക്കു.

സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമരംഗത്ത് ദാരിദ്രരേഖക്കു താഴയുള്ളവരെ ഉദ്ധരിക്കാനുള്ള ദാരിദ്രനിർമ്മാർജ്ജന പദ്ധതിയും, സംഘടിത – അസംഘടിത തൊഴിലാളികളുടെ ക്ഷേമപദ്ധതികളുമാണ് നിലവിലുള്ളത്. ഇവ രണ്ടു തരമാണ്

1. പൂർണ്ണമായും കേന്ദ്രസംസ്ഥാന ഗവൺമെന്റുകൾ വഹിക്കുന്ന ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതി.

2. തൊഴിലാളി – തൊഴിലുടമ സഹകരണത്തോടെ ക്ഷേമനിധി ബോർഡുകൾ വഴി നടപ്പാക്കുന്ന പദ്ധതി.

ഇവയ്ക്കു പുറമെ പട്ടികജാതി – പട്ടിക വർഗ്ഗ വികസന കോർപ്പറേഷനും, വനിതാ വികസന കോർപ്പറേഷനും പ്രവർത്തിക്കുന്നുണ്ട്.

ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ മുഖേനയുള്ള സഹായങ്ങളാണ് ചുരുങ്ങിയ തോതിലെങ്കിലും പഞ്ചായത്തിൽ ലഭിക്കുന്നത്. മറ്റു പദ്ധതികളിലൂടെയുള്ള സഹായം നാമമാത്രമാണ്.

നിലവിലുള്ള പദ്ധതികളുടെ അപര്യാപ്തത പ്രകടമാണ് - അജ്ഞത. അർഹതപ്പെട്ടവർക്ക് ലഭ്യമല്ലാത്ത അവസ്ഥ, ഉദ്യോഗസ്ഥ തലത്തിലുള്ള സഹകരണകുറവ്, ആവശ്യത്തിനും സമയത്തിനും ലഭിക്കായ്ക , ഉപയോഗപ്പെടുത്തുമ്പോഴുള്ള സാങ്കേതിക നൂലാമാലകൾ എന്നിവ ഉദാഹരണങ്ങളാണ്.

ക്ഷേമനിധി ബോർഡുകൾ വഴിയുള്ള പ്രവർത്തനം കാര്യക്ഷമമായിട്ടില്ല. വിവിധ തൊഴിൽ രംഗത്തെ മുഴുവൻ തൊഴിലാളികളേയും ക്ഷേമനിധിയിൽ ചേർത്തിട്ടില്ല. കെട്ടിട നിർമ്മാണ തൊഴിലാളികൾ , കരിങ്കൽ തൊഴിലാളികൾ, തയ്യൽ തൊഴിലാളികൾ, തെങ്ങു കയറ്റ തൊഴിലാളികൾ, കർഷക തൊഴിലാളികൾ എന്നിവരാണ് തൊഴിൽ മേഖലയിൽ ഭൂരിഭാഗവുമുള്ളത്.

പട്ടികജാതി - പട്ടികവർഗ്ഗ കോർപ്പറേപ്പൻ വഴിയുള്ള ആനുകൂല്യങ്ങളുടെ ലഭ്യത കുറവാണ്. ഇക്കാലമത്രയും ഓഫീസ് പാലക്കാട്ടായിരുന്നു. അടുത്ത കാലത്താണ് മലപ്പുറത്ത് ഓഫീസ് പ്രവർത്തനം തുടങ്ങിയത്.

വനിതാ വികസന കോർപ്പറേഷൻ ഓഫീസ് തിരുവനന്തപുരത്തായതിനാൽ പഞ്ചായത്തിലെ സധാരണ സ്ത്രീകൾക്ക് ഇതിന്റെ യാതൊരുവിധ ആനുകൂല്യങ്ങളും ലഭ്യമാകാറില്ല. പൊതു രംഗത്ത് പ്രവർത്തിക്കുന്ന പലരും ഇതേകുറിച്ച് അറിവില്ലാത്തവരുമാണ്. വനിതകൾക്ക് അന്യമാണ് ഈ കോർപ്പറേഷൻ.

ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസുകൾ വഴി കിട്ടുന്ന ആനുകൂല്യങ്ങളാണ് കാര്യമായി പഞ്ചായത്തിലെ ജനങ്ങൾക്ക് ലഭിക്കുന്നത്. IRDP സർവ്വേ പ്രകാരം1327 കുടുംബങ്ങളാണ് വിവിധ വാർഡുകളിലായി പഞ്ചായത്തിലുള്ളത്. പ്രസ്തുത സർവ്വേയിൽ കണ്ടെത്തിയ പലർക്കും സഹായ ധനം അനുവദിച്ചിട്ടുണ്ട്. കൃത്യമായ കണക്ക് ലഭ്യമല്ലാത്തതിനാൽ ഇവിടെ ചേർക്കുന്നില്ല. ഇനിയും പല ഗുണഭോക്താക്കൾക്കും ഇതിന്റെ പ്രയോജനം ലഭ്യമാകേണ്ടതുണ്ട്.

ഈ പദ്ധതിയെകുറിച്ചുള്ള സർക്കാറിന്റെ നിർവ്വചനം കാലോചിതമായി മാറ്റേണ്ടതുണ്ട്. ദാരിദ്ര രേഖയുടെ പരിധി 25,000 രൂപയെങ്കിലും ആക്കി വർദ്ധിപ്പിക്കേണ്ടതുണ്ട്.

ദേശസാൽകൃത ബാങ്കുകൾ ഇത്തരം പരിപാടികളിൽ വലിയ ഉദാസീനത കാണിക്കുന്നു. അതിനാൽ സഹകരണമേഖലയ്ക്ക് പരമാവധി ഫണ്ട് അനുവദിച്ചുകൊണ്ട് സഹകരണബാങ്കുകൾ വഴി ഗുണഭോക്താക്കൾക്ക് സഹായം ലഭിക്കാനുള്ള നടപടികൾ സർക്കാർ സ്വീകരിക്കേണ്ടതുണ്ട്.

DWCRA സഹായലഭ്യത

സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിന് രൂപകൽപ്പന ചെയ്ത് നടപ്പിലാക്കി വരുന്ന ഒരു പദ്ധതിയാണ് ഇത്. മൂന്നാം വാർഡിലെ പായനെയ്ത്തുകേന്ദ്രമാണ് ഈ സഹായത്തോടെ പ്രവർത്തിപ്പിക്കുന്ന ഏക കേന്ദ്രം. 4ാം വാർഡിലെ പായനെയ്ത്തു കേന്ദ്രം കൃത്യമായി പ്രവർത്തിക്കുന്നില്ല

അഭിവാഞ്ജയുള്ളവരെ കണ്ടെത്തി ഓരോ പ്രദേശത്തിനും അനുയാജ്യമായ യൂണിറ്റുകൾ ആരംഭിക്കാൻ വേണ്ട പരിപാടി തയ്യാറാകണം. യൂണിറ്റുകളുടെ പ്രവർത്തനം വിലയിരുത്താനും ആവശ്യമായ സഹായം നൽകുവാനും അതാതു പ്രദേശത്തെ സന്നദ്ധസംഘടനാ പ്രവർത്തകരടങ്ങുന്ന കമ്മിറ്റി രൂപീകരിക്കണം. ഉൽപ്പന്നങ്ങൾക്ക് മാർക്കറ്റ് കണ്ടെത്തണം. " എന്തുൽപ്പാദിപ്പിക്കണം, എന്തിനുൽപ്പാദിപ്പിക്കണം, എങ്ങനെയുൽപ്പാദിപ്പിക്കണം, എവിടെ ചിലവഴിക്കണം" എന്ന സാമ്പത്തിക ശാസ്ത്ര നിർവ്വചനം ഇവിടെ അത്യന്ത്യാപേക്ഷിതമാണ്. ICDSന്റെ കീഴിലുള്ള അംഗനവാടികളിലൂടെ വർഷം തോറും കുട്ടികൾക്കാവശ്യമായ കിറ്റുകൾ വിതരണം ചെയ്തു വരുന്നു. ഈ ഉടുപ്പുകളും മറ്റും ഇവിടെതന്നെയുൽപ്പാദിപ്പിക്കണം.

ട്രൈസം

18 മുതൽ 35 വയസ്സു വരെയുള്ള യുവതീയുവാക്കൾക്ക് സ്വയം തൊഴിൽ പരിശീലനം നൽകുന്നതാണ് ട്രൈസം. ഗ്രാമസഭകളിലെ ചർച്ചകളിൽ നിന്നും വ്യക്തമാകുന്നത് വിരലിലെണ്ണാവുന്നവർ മാത്രമാണ്. ഈ പരിശീലനപരിപാടിയിൽ പങ്കെടുത്തിട്ടുള്ളത് എന്നാണ് . കൃത്യമായ കണക്ക് ലഭ്യമല്ല.. താത്പര്യമുള്ളവരെ ഇനിയും കണ്ടെത്തി പരിശീലനം നൽകേണ്ടതുണ്ട്.

ടൂൾകിറ്റ്

ഗ്രാമീണ കൈതൊഴിലുകാർക്ക് തൊഴിലുപകരണങ്ങൾ വിതരണം ചെയ്യുന്ന പദ്ധതിയാണ് ടൂൾകിറ്റ്. പരമാ,വുധി കൈതൊഴിലുകാർക്ക് ഈ ആനുകൂല്യം ലഭിച്ചിട്ടുണ്ട് എന്നാണ് ഗ്രാമസഭകളിൽ നിന്നും ലഭിച്ച വിവരം – എന്നാൽ കൃത്യമായ കണക്ക് ലഭ്യമല്ല. പരമ്പരാഗത തൊഴിലെടുക്കുന്നവർക്ക് മാത്രമായി ഇപ്പോൾ നൽകി വരുന്ന ടൂൾകിറ്റ് അതേ ജോലി ചെയ്യുന്ന മറ്റുസമുദായ അംഗങ്ങൾക്കും ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

CRSP

ദാരിദ്രരേഖക്കു താഴേയുള്ളവർക്ക് കക്കൂസ് നിർമ്മിക്കുന്ന പദ്ധതിയാണ് CRSP. വിവിധ വാർഡുകളിലായി കാര്യാവട്ടം, വെട്ടത്തൂർ സർക്കിളുകളിൽ ചുരുക്കം കുടുംബങ്ങൾക്ക് കക്കൂസ് ലഭ്യമായിട്ടുണ്ട്.കൃത്യമായ കണക്ക് ലഭ്യമല്ല. കൂടുതൽ ആളുകൾക്ക് ഈ പദ്ധതിയുടെ ഗുണം ലഭ്യമാക്കേണ്ടതും ഇതിനുള്ള സംഖ്യ 2000 രൂപയിൽ നിന്നും ഉയർത്തേണ്ടതുമാണ്.

പെൻഷനുകൾ സംബന്ധിച്ച്

വിധവാപെൻഷൻ

പ്രായപൂർത്തിയായ ആൺകുട്ടികളുണ്ടെങ്കിൽ ഈ പെൻഷൻ ലഭിക്കാറില്ല. ഈ നിയമത്തിൽ മാറ്റം വരുത്തി വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ ലഭ്യമാക്കാൻ നടപടി വേണം. പഞ്ചായത്തിൽ അർഹതപ്പെട്ടവരിൽ ഭൂരിഭാഗവും പേർക്ക് പെൻഷൻ ലഭിച്ചു വരുന്നു.

വികലാംഗ പെൻഷൻ

പഞ്ചായത്തിൽ അർഹതപ്പെട്ട പലർക്കും വികലാംഗ പെൻഷൻ ലഭ്യമാക്കാൻ കഴിഞ്ഞിട്ടില്ല. ജില്ലാ ആശുപത്രിയിൽ നിന്നാണ് സർട്ടിഫിക്കേറ്റ് വാങ്ങേണ്ടത്. ഇത് ലഭിക്കാൻ കാലതാമസം വരുന്നു. വികലാംഗത്വം തെളിയിക്കാനുള്ള സർട്ടിഫിക്കറ്റ് നൽകുവാനുള്ള അധികാരം PHC യിലെ ഡോക്ടർക്കു നൽകണം

കർഷക തൊഴിലാളി പെൻഷൻ

അനർഹരായ ചിലർക്ക് ലഭിക്കുകയും അർഹരായ പലർക്കും ലഭിക്കാതെ വരികയും ചെയ്യുന്ന ഒരവസ്ഥ ഈ മേഖലയിലുണ്ട്. അർഹരായവരെ തിരഞ്ഞെടുക്കാനുള്ള അധികാരം ഗ്രാമപഞ്ചായത്തിനു നൽകണം. തിരഞ്ഞെടുത്തവരുടെ ലിസ്റ്റ് പ്രസിദ്ധപ്പെടുത്തണം. പഞ്ചായത്തിൽ വാർദ്ധക്യകാല പെൻഷനും മാതൃ സഹായവും അർഹരായവർക്ക് കിട്ടി വരുന്നു.

തൊഴിലില്ലായ്മ വേതനം

അർഹരായവർക്ക് കിട്ടാതെ വരികയും അനർഹർ കടന്നു കൂടുകയും ചെയ്യുന്ന ഒരു മേഖലയായിരിക്കുന്നു ഇത്. അദ്ധ്വാനിക്കാതെ വേതനം പറ്റുന്ന യുവാക്കളെ വാസ്തവത്തിൽ മടിയന്മാരാക്കുകയാണ്. ഇതിന്നായി വിനിയോഗിക്കുന്ന തുക ഉൽപ്പാദന രംഗത്തേക്ക് വിടുകയാണെങ്കിൽ ധാരാളം യുവാക്കൾക്ക് ജോലി ലഭിക്കും. ഇത് ഗൗരവമായി ആലോചിക്കേണ്ട വസ്തുതയാണ്.

അംഗനവാടികൾ

സാമൂഹ്യ ക്ഷേമ രംഗത്ത് അടിസ്ഥാനപരമായ പ്രവർത്തനം കാഴ്ച വക്കുന്ന അംഗനവാടികൾ നമ്മുടെ പഞ്ചായത്തിലും ഏറെകുറെയുണ്ട്. 10 വാർഡുകളിലായി 13 എണ്ണം പ്രവർത്തിക്കുന്നു. 1000 ജനങ്ങൾക്ക് ഒരു അംഗനവാടി എന്നാണ് ICDS ന്റെ ലക്ഷ്യമെങ്കിലും ഇത് നമ്മുടെ പഞ്ചായത്തിൽ

ബാധകമായിട്ടില്ല. പുത്തൻ വിദ്യാഭ്യാസ സംസ്കാരം നമ്മുടെ പഞ്ചായത്തിലും കടന്നു കയറുന്നു. നിലവിലുള്ള അംഗനവാടികളിലെ പ്രാഥമിക സൗകര്യത്തിന്റെ അഭാവം ജീവനക്കാർക്കും കുട്ടികൾക്കും പ്രയാസമുണ്ടാക്കുന്നു. സ്വന്തമായി സ്ഥലമില്ലാത്തതും കെട്ടിടമില്ലാത്തതും ഉള്ളതിന്റെ അറ്റകുറ്റ പണി നടത്താത്തതും കളിപ്പാട്ടങ്ങളില്ലാത്തതും വലിയ പ്രശ്നമായിട്ടുണ്ട്. വരും തലമുറയെ വാർത്തെടുക്കുന്ന അങ്കകളരിയായി നാം വിഭാവനം ചെയ്യുന്ന അംഗനവാടികളിലെ ജീവനക്കാരുടെ സ്ഥിതിയും ശോചനീയം തന്നെ. വർക്കർ, ഹെൽപ്പർ എന്നീ രണ്ടു തസ്തികകളാണ് ഇതിലുള്ളത്. രാവിലെ 9 മുതൽ വൈകുന്നേരം 3.30 വരെ ജോലി ചെയ്യുന്ന ഇവർ അതിനുശേഷം ആരോഗ്യമേഖലയിലെ ഗൃഹസന്ദർശനം വരെ നടത്തേണ്ടതായും വരുന്നു. പ്രയാസങ്ങൾ സഹിച്ചും നാടിന്റെ ഉന്നമനത്തിനു വേണ്ടി പ്രവർത്തിക്കുന്ന പ്രസ്തുത ജീവനക്കാരുടെ വേതനം വളരെ തുച്ഛമാണ്. ഈ അവസ്ഥയ്ക്ക് മാറ്റം ഉടനടി വരുത്തേണ്ടതുണ്ട്.

പഞ്ചായത്തിൽ 10 വാർഡുകളിലായി 13 അംഗനവാടികൾ ഉണ്ടെന്നു പറഞ്ഞുവല്ലോ എന്നിട്ടും 7-ാം വാർഡിൽ ഒരു അംഗനവാടി പോലുമില്ല. വാർഡുകളിലെ അംഗനവാടികളുടെ സൗകര്യം സംബന്ധിച്ച വിശദവിവരങ്ങളും നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

വാർഡ്	അംഗന വാടികളുടെ എണ്ണം	കെട്ടിടം		സ്ഥലം		ഇനിയും വേണ്ട അംഗന വാടികൾ എണ്ണം	സ്ഥലം
		ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല		
1	1	✓		✓		2	ശാന്തപുരം E.പളളിക്കുത്ത്
2	1		✓		✓	2	ആലുങ്ങൽ ഉണ്യേമ്പ്രത്തകര
3	2	1ന്✓	1ന്ഇല്ല	✓		1	മണ്ണാർമലപളളിപടി
4	2	1ന്✓	1ന്ഇല്ല	1ന്✓	1ന്✓	-	
5	2	1ന്✓	1ന്ഇല്ല	1ന്	2ന്✓	1	പഞ്ചായത്ത് പരിസരം
6	1		✓		✓	1	കരുവാത്തകുന്ന്
7						2	കാപ്പ കിളിയം
8	1	✓		✓		3	ഹൈസ്കൂൾപ്പടി നിരന്നപറമ്പ്, തെക്കൻമല
9	1	✓		✓		1	മഠത്തൊടി കോളനി
10	2	1ന്✓	1ന്ഇല്ല	2ന്✓			

നിർദ്ദേശങ്ങൾ

1. ഏതെങ്കിലും സാമ്പത്തിക ഏജൻസികളെ കൊണ്ടോ / ജെ. ആർ.വൈ ഫണ്ടോ ഉപയോഗിച്ച് അംഗനവാടികൾക്ക് സ്വന്തമായി കെട്ടിടം ഉണ്ടാക്കുകയും ഉള്ളവയുടെ അറ്റകുറ്റ പണി നടത്തിക്കുകയും ചെയ്യുക.

2. പഞ്ചായത്തിലെ സൗകര്യമുള്ള പുറമ്പോക്ക് സ്ഥലങ്ങൾ അംഗനവാടികൾക്ക് കെട്ടിടം പണിയാൻ നൽകുക.

3. DWCRA യൂണിറ്റുകൾക്ക് നൽകുന്ന ഫണ്ടിന്റെ നിശ്ചിത ശതമാനം കളിപ്പാട്ടങ്ങൾ വാങ്ങാൻ നൽകുക.

4. പോഷകാഹാരങ്ങൾ വാങ്ങുന്ന സംഖ്യയുടെ പരിധി ഉയർത്തുക.

5. പാഴ്വസ്തുക്കളും മലിന വസ്തുക്കളും നീക്കം ചെയ്യാൻ സംവിധാനമുണ്ടാക്കുക

6. അംഗനവാടി വർക്കർമാരേയും ഹെൽപ്പർമാരേയും സർക്കാർ ജീവനക്കാരായി അംഗീകരിച്ച് സേവന - വേതന വ്യവസ്ഥകൾ ഉയർത്തുക.

7. താൽക്കാലികക്കാരെ സ്ഥിരപ്പെടുത്തുക.

8. 10 വർഷത്തിൽ കൂടുതൽ സർവ്വീസിലുള്ള അംഗനവാടി വർക്കർമാരെ സൂപ്പർവൈസർ തസ്തികയിലും ഹെൽപ്പർമാരെ വർക്കർമാരായും പ്രമോട്ട് ചെയ്യുക

9. പൊതു പ്രവർത്തനത്തിൽ വർക്കർ, ഹെൽപ്പർ എന്നിവരെ സജീവമാക്കാൻ ബോധവൽക്കരണം നടത്തുക.

10. സമയ കൃത്യത പാലിച്ച് അംഗനവാടികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക

ക്ഷേമനിധികൾ

കെട്ടിട നിർമ്മാണം, തെങ്ങുകയറ്റം, കൃഷിപ്പണി, തയ്യൽ, ബാർബർ എന്നീ രംഗങ്ങളിലുള്ള തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും മുഴുവൻ തൊഴിലാളികളും ഇതിൽ ചേർന്നിട്ടില്ല. ബോധവൽക്കരണം നടത്തി മുഴുവൻ തൊഴിലാളികളേയും ഇതിൽ ചേർക്കേണ്ടതുണ്ട്. ടാപ്പിങ്ങ് തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തണം.

സാമൂഹ്യക്ഷേമവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ജനങ്ങളിലെത്തിക്കാനും അർഹമായവർക്ക് ലഭ്യമാക്കാനും പഞ്ചായത്തു തലത്തിൽ ഒരു സമിതി രൂപീകരിക്കണം. അതാതു ഗ്രാമസഭകൾ അതിനു കീഴിലുള്ള സമിതി രൂപീകരിച്ച് ബോധവൽക്കരണം നടത്തി സജീവമാക്കി അർഹതപ്പെട്ടവർക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കുകയും ചെയ്യേണ്ടതുണ്ട്.

സംസ്കാരം

കലാ - സാഹിത്യ - കായിക രംഗങ്ങളിൽ അത്ര വലിയ പാരമ്പര്യമൊന്നും അവകാശപ്പെടാനില്ലാത്ത ഒരു പ്രദേശമാണ് ഈ ഗ്രാമം. എങ്കിലും തനിച്ച് "അൽഫാറൂഖ്" " പ്രധാനം" എന്നീ മാസികകൾ പുറത്തിറക്കാൻ വരെ ധൈര്യം കാണിച്ച " സാദിഖ് മൗലവി"യേ പോലുള്ളവരും കല്യാണങ്ങളോടനുബന്ധിച്ച് വധുവരന്മാരുടെ കുടുംബങ്ങളുടെ ഭാഗക്കാരായി നിന്നുകൊണ്ട് മത്സരിച്ചു പാടുന്ന ഒപ്പനപ്പാട്ടുകളിലും,കോൽക്കളികളിലും പ്രസിദ്ധരായിരുന്ന "പാട്ടുകാരത്തി കതിയതാത്ത"യും [illegible] മുഹമദും, മാപ്പിളകവിയായിരുന്ന പുത്തൻകോട്ട് മുക്കാട്ട് സൈതാലികുട്ടിയും മറ്റും മൺമറഞ്ഞു പോയെങ്കിലും, പരിചമുട്ടുകളിയുടെ പ്രസിദ്ധനായ ആശാൻ കുഞ്ഞൻ മാസ്റ്ററും കോൽക്കളിക്ക് ഇന്നും ഗ്രാമത്തിൽ ജീവൻ നിലനിർത്തി വരുന്ന തട്ടാരക്കാടൻ കുഞ്ഞയമ്മദുഹാജിയും, അബ്ബു മാസ്റ്ററും നമുക്കിടയിലുണ്ട്.

1943-45 കാലഘട്ടത്തിൽ ഈ പ്രദേശത്തു പ്രവർത്തിച്ചിരുന്ന യുവജനസംഘങ്ങൾ അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങളക്കുമെതിരെ നാടകങ്ങളും മറ്റു കലാരൂപങ്ങളും ആയുധമാക്കി രംഗത്തു വന്നിരുന്നു. ബ്രിട്ടീഷുകാരോടുള്ള എതിർപ്പിന്റെ ഭാഗമായിട്ടാണെങ്കിലും ആധുനിക വിദ്യാഭ്യാസത്തോട് വിമുഖത കാണിച്ചിരുന്ന ഒരു സമൂഹ അന്തരീഷത്തിൽ വളർന്നു വന്ന പല സ്ത്രീകളും അക്ഷരാഭ്യാസമുള്ളവരായിരുന്നു എന്നത് ഈ ഗ്രാമത്തിന്റെ വിദ്യാഭ്യാസ - സാംസ്കാരിക പാരമ്പര്യത്തിനുള്ള തെളിവാണ്.

ഈ പ്രദേശത്ത് ഒരു പ്രത്യേക സമൂഹത്തിൽ നിലനിന്നിരുന്ന ബഹു ഭർത്തൃത്വം ഈ നൂറ്റാണ്ടിന്റെ ആദ്യ പകുതിയോടെ അവസാനിക്കുകയും, ഇന്ന് ഒരുകേട്ടു കേൾവി മാത്രമായി അവശേഷിക്കുകയും ചെയ്യുന്നു. സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ സാമൂഹ്യ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് പുതിയ ഒരു മാനം കൈവന്നു. ദേശഭക്തി, വിദ്യാഭ്യാസം, ആരോഗ്യം, പരിസരശുചിത്വം തുടങ്ങി വിവിധ തുറകളിൽ ബോധവൽക്കരണം ലഷ്യം വച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് ഈ ഗ്രാമത്തിലെ യുവജനസംഘങ്ങളും സാംസ്കാരിക പ്രവർത്തകരും ഏറ്റെടുത്തത്. കല്ലുമാലകൾ കൊണ്ടു മാത്രം മാറു മറച്ചിരുന്ന ഒരു സ്ത്രീ സമൂഹത്തെ കല്ലുമാലകൾ അഴിച്ചു മാറ്റി ബ്ലൗസ് ധരിപ്പിക്കുന്ന സാംസ്കാരിക പരിവർത്തന പ്രക്രിയയിൽ ഈ ഗ്രാമത്തിലെ യുവജനസംഘങ്ങളുടെ സേവനം സതുത്യർഹമാണ്.

അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ മുൻതലമുറയിലെ സാംസ്കാരിക സംഘടനകളുടെ കഠിനാദ്ധ്വാനത്തിനു ശേഷവും ഈ ഗ്രാമത്തിൽ നിന്ന് അവ പൂർണ്ണമായി ഇല്ലാതാക്കാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് തന്നെ പുതിയ തലമുറ ഈ ബാദ്ധ്യത ഏറ്റെടുത്ത് രംഗത്തു വരേണ്ടതുണ്ട്.

മാനവസമൂഹത്തിന്റെ നാനാതുറകളിൽ സ്തുത്യർഹമായ സേവനം കാഴ്ച വയ്ക്കുന്ന വ്യക്തിത്വങ്ങളെ വാർത്തെടുത്തു കൊണ്ട് 2 പ്രശസ്ത സ്ഥാപനങ്ങൾ ഈ ഗ്രാമത്തിൽ നിലകൊള്ളുന്നുണ്ടെങ്കിലും പ്രാദേശികമായി അവയുടെ ഗുണഫലങ്ങൾ ഉപയോഗപ്പെടുത്താൻ നമ്മുക്ക് ആയിട്ടില്ല. സി.പി.ഐ.(എം), ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ്, കോൺഗ്രസ്സ് (ഐ) എന്നീ രാഷ്ട്രീയ പാർട്ടികളിലാണ് ഭൂരിഭാഗം ജനങ്ങളും അണിനിരന്നിട്ടുള്ളത്. ജാതി മത രാഷ്ട്രീയ അഭിപ്രായവ്യത്യാസങ്ങൾ ഒന്നും തന്നെ ജനങ്ങളുടെ പരസ്പര സ്നേഹ ബന്ധങ്ങളെ ബാധിക്കാറില്ല.

കലാരംഗം

ഒപ്പനപ്പാട്ടുകളുടെ ശീലുകളും, കോൽക്കളിയുടെ താളങ്ങളും ഉയർന്ന ഈ ഗ്രാമത്തിൽ ഒരു കാലത്ത് പരിചമുട്ട കളിയുടെ ആരവവും ഉടുക്കുകൊട്ടിന്റെ മാസ്മരികതയും ഉയർന്നിരുന്നു. ദഫ്മുട്ട്, അറവനമുട്ട് തുടങ്ങിയ കലാരൂപങ്ങളും ദിവസങ്ങളോളം നീണ്ടു നിന്നിരുന്ന പകിട കളിയുടെ ആർപ്പു വിളികളും മുൻ തലമുറയുടെ സംഘബോധത്തിന്റെയും കൂട്ടായ്മയുടെയും വിളക്കുകണ്ണികളായിരുന്നു. ഒരുമയിൽ നിന്നും ഉയർന്നു വന്ന സ്നേഹ സാഹോദര്യത്തിന്റെ മാസ്മരികത അന്ന് ഈ ഗ്രാമത്തിൽ വിളയാടിയിരുന്നു.

എന്നാൽ ആധുനിക യുഗത്തിൽ ദൃശ്യ ശ്രവ്യ മാധ്യമങ്ങളുടെ കുതിച്ചു കയറ്റം പരമ്പരകളായി കൈമാറി വന്ന ഗ്രാമീണ കലാരൂപങ്ങളേയും ഏതാനം മത്സരവേദികളിലും വാർഷികാഘോഷ സ്റ്റേജുകളിലുമായി ഒതുക്കി നിർത്തി. മുൻതലമുറ ബോധവൽക്കരണമാധ്യമമായി ഉപയോഗിച്ച നാടക വേദിക്കും ഈ നാശത്തിൽ നിന്ന് രക്ഷ നേടാൻ ആയില്ല. ഒരു പ്രത്യേക ജനവിഭാഗത്തിന്റെ തനതുകലയായ "ചെറുമക്കളി" എന്ന പേരിൽ അറിയപ്പെടുന്ന, രസകരവും ആവേശകരവുമായ കലാരൂപം നാമമാത്രമായെങ്കിലും ഇന്ന് നിലനിൽക്കുന്നു.

കായികരംഗം

കായികരംഗത്ത് പ്രശസ്തരായ താരങ്ങളെ സംഭാവന ചെയ്യാൻ കഴിയാത്ത ഒരു ഗ്രാമമാണ് ഇതെങ്കിലും പലതരം കളികളിൽ ഏർപ്പെടുന്ന യുവജനങ്ങളാണ് ഈ ഗ്രാമത്തിലുള്ളത്. ഫുഡ്ബോൾ രംഗത്ത് ജില്ലാതലം വരെ ഉയരാൻ മാത്രമെ കഴിഞ്ഞിട്ടുള്ളൂ. വോളിബോൾ രംഗത്ത് മികച്ചു നിന്നിരുന്ന മുൻതലമുറയുടെ പാരമ്പര്യം നിലനിർത്താൻ ഈ ഗ്രാമത്തിലെ യുവജനങ്ങൾക്ക് ആയിട്ടില്ല.

ഇന്ന് ഗ്രാമത്തിൽ സഞ്ചരിക്കുമ്പോൾ കാണാൻ കഴിയുന്നത് കൈയ്യിൽ മടക്കനെതണ്ടും റബ്ബർ പന്തുമായി കളിക്കുന്ന കൊച്ചു കുട്ടികളേയും അല്പം കളിസ്ഥലമുള്ളിടത്ത് വെള്ളവേഷമണിഞ്ഞ് സ്റ്റമ്പും, ബാറ്റും പന്തുമായി പൊള്ളുന്ന ഉച്ചവെയിലിൽ പൊരിയുന്ന, രാത്രിയിൽ "ഹ ഹൂ" എന്നു ശബ്ദം മുഴക്കി വിദേശത്തു നിന്നും എത്തിയ കരാട്ടെ അഭ്യാസത്തിൽ മുഴുകിയ ഗ്രാമീണ യുവത്വത്തെയാണ്.

എന്നാൽ മുൻകാലങ്ങളിലേക്ക് തിരിഞ്ഞു നോക്കിയാൽ മുള്ളുകടിയാത്ത മുളങ്കൂട്ടത്തിന്റെ മദ്ധ്യത്തിൽ വെട്ടി നിർത്തിയ മുള വലിച്ചുരുന്ന പടകളി തല്ലു വീരൻ കാപ്പുങ്ങൾ രായൻ എന്ന ശക്തനെയും, പുറത്തോടു പുറം ചേർന്നു നിന്ന് ആക്രമിക്കുന്ന എതിരാളികളേയും തന്ത്രപൂർവം ചാടിപിടിച്ച് കളത്തിനുപുറത്തേക്കു വലിച്ചെത്തിക്കുന്ന ആട്ടക്കള വീരന്മാരെയും കൊയ്തൊഴിഞ്ഞ വയലിൽ തലപ്പന്തു കളിക്കുന്ന കരുമാടികുട്ടന്മാരെയും, വഴിയോരങ്ങളിൽ തേക്കുട്ടം ചൊല്ലുന്ന കുട്ടിയും കോലും കളിക്കാരായ കുസൃതികളേയുമാണ് കാണാൻ കഴിയുക. ജനങ്ങളുടെ കായികവും മാനസികവുമായ ആരോഗ്യവും സമൂഹത്തിന്റെ കൂട്ടായ്മയും നിലനിർത്തുന്നതിന് കലാകായിക രംഗങ്ങളുടെ പരിപോഷണം അനിവാര്യമാണ്. ഈ രംഗത്തു പ്രവർത്തിക്കുന്ന വിവിധ സംഘങ്ങളെ ഏകോപിപ്പിക്കുകയും പ്രവർത്തനങ്ങൾ ആസൂത്രിതമായി ചിട്ടപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്.

ഈ ഗ്രാമത്തിൽ പൊതു ആരാധനാലയങ്ങളായി 10 മുസ്ലീം പള്ളികളും 3 ക്ഷേത്രങ്ങളും 3 ക്രൈസ്തവൻ പള്ളികളുമുണ്ട്. വായനശാലകൾ, ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ എന്നിവയുടെ വിവരം പട്ടികപ്പെടുത്തിയിരിക്കുന്നു.
(അനുബന്ധം 1 ും 2 ും നോക്കുക)

ഈ ഗ്രാമത്തിൽ പ്രചാരത്തിലുള്ള പ്രധാന ദിനപത്രങ്ങളാണ് മാതൃഭൂമി, മലയാള മനോരമ, ദേശാഭിമാനി, മാധ്യമം, ചന്ദ്രിക, കേരളകൗമുദി എന്നിവ. മനോരമ,മാതൃഭൂമി, കേരളശബ്ദം, ദേശാഭിമാനി, മംഗളം, ചന്ദ്രിക തുടങ്ങിയ വാരികളും പ്രചാരത്തിലുണ്ട്.

ആധുനിക ഇലക്ട്രോണിക് മാധ്യമങ്ങളുടെ കടന്നുകയറ്റം ജനങ്ങളുടെ വായനാശീലത്തെ മന്ദീഭവിച്ചിട്ടുണ്ട്. വായനാശീലം നിലനിർത്തുന്നതിൽ ഭൂരിഭാഗവും "പൈങ്കിളി" സാഹിത്യത്തിന്റെ പിറകെ പോകുന്നവരാണ്. അംഗീകൃത നാടകസംഘങ്ങളുടെ പ്രവർത്തനം ഇല്ല.

ജനങ്ങളുടെ കൂട്ടായ്മയുടെയും സാഹോദര്യ ബോധത്തിന്റെയും നിദർശനങ്ങളായിരുന്ന ഗ്രാമത്തിലെ പ്രാചീന ആഘോഷങ്ങൾ കാലപ്രവാഹത്തിന്റെ കുത്തൊഴുക്കിൽ പെട്ടു നാമാവശേഷമാവുകയോ, കേവലം ചടങ്ങുകൾ മാത്രമായി നിലനിൽക്കുകയോ ചെയ്യുന്നു.പെരുന്നാളുകൾ, ക്രിസ്തുമസ്സ്, ഓണം, വിഷു,തിരുവാതിര തുടങ്ങിയ ആഘോഷങ്ങളുടെ ആവേശം എങ്ങോ പോയി മറഞ്ഞിരിക്കുന്നു. തിരുവാതിരയിലെ ഊഞ്ഞാലും, തുടിച്ചുപാട്ടും, കുളിയും പഴങ്കഥകൾ മാത്രമായിരിക്കുന്നു. തിരുവാതിരകളി ഇന്ന് മത്സരവേദികളിൽ മാത്രമാണ് കണാൻ കഴിയുന്നത്. 1966-67 കാലം വരെ മണ്ണാർമലയിൽ നടന്ന താലപ്പൊലി പ്രസിദ്ധമായിരുന്നു. പൂതം കളി, പറക്കാള, പാണം കളി, മണ്ണാൻ കുതിര തുടങ്ങിയ കലാരൂപങ്ങൾ ഈ താലപ്പൊലിയോടനുബന്ധിച്ച് കാണാമായിരുന്നു. വെട്ടത്തൂർ പാലമുറ്റത്തു ഭഗവതി ക്ഷേത്രത്തിലെ താലപ്പൊലി ഇന്നും പ്രാദേശിക ഉൽസവമായി കൊണ്ടാടുന്നു.

പ്രശ്നങ്ങൾ

1. മൂന്നു വാർഡുകളിൽ ഗ്രന്ഥശാലകളോ വായനശാലകളോ സാംസ്കാരിക സ്ഥാപനങ്ങളോ ഇല്ല.

2. 11 സ്ഥാപനങ്ങൾക്ക് സ്വന്തമായി കെട്ടിടങ്ങളോ മറ്റു സൗകര്യങ്ങളോ ഇല്ല.

3. രണ്ടെണ്ണം സൗകര്യങ്ങൾ ഉണ്ടായിട്ടുപോലും നിർജ്ജീവങ്ങളാണ്

4. സാക്ഷരതാ പ്രവർത്തനം നിർജ്ജീവാവസ്ഥയിലാണ്.

5. ആവശ്യമായ പ്രോത്സാഹനമോ, സംരക്ഷണമോ നൽകാത്തതു മൂലം ഒട്ടുമിക്ക പരമ്പരാഗത നാടൻ കലകളും കായിക വിനോദങ്ങളും നാട്ടിൽ നിന്ന് അപ്രത്യക്ഷമായികൊണ്ടിരിക്കുന്നു.

6. സാംസ്കാരിക സ്ഥാപനങ്ങൾ എണ്ണത്തിൽ ഉണ്ടെങ്കിലും പ്രവർത്തനത്തിൽ ഒട്ടു വളരെ പുറകിൽ നിൽക്കുന്നവയും വാർഷിക പരിപാടിയിൽ ഒതുങ്ങി നിൽക്കുന്നവയും ദീർഘായുസ്സ് ഇല്ലാത്തവയുമാണ്.

7. സാംസ്കാരിക നിലയത്തിന്റെ പ്രവർത്തനം തൃപ്തികരമല്ല.

8. പൊതുകളിസ്ഥലം ഇല്ല.

9. കലാസാംസ്കാരിക രംഗങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം ശുഷ്കമാണ്.

പരിഹാരങ്ങളും നിർദ്ദേശങ്ങളും

1. വായനശാലകളോ ഗ്രന്ഥശാലകളോ ഇല്ലാത്ത വാർഡുകളിൽ യുവജനസന്നദ്ധപ്രവർത്തകരെ സംഘടിച്ച് അവ സ്ഥാപിച്ചെടുക്കാൻ കഴിയും.

2. സാക്ഷരതാ പ്രവർത്തനം പുരുജ്ജീവിപ്പിക്കുക. ജനവിദ്യാകേന്ദ്രങ്ങൾ സജീവമാക്കുക. ഇതിന് ചുരുങ്ങിയ തോതിലെങ്കിലും സാമ്പത്തിക സഹായങ്ങൾ നൽകി കൊണ്ട് കൺവീനർമാരെ നിയമിക്കുക.

3. അപ്രത്യക്ഷമായികൊണ്ടിരിക്കുന്ന നാടൻ കലാരൂപങ്ങൾക്കും കായിക വിനോദങ്ങൾക്കും പ്രോത്സാഹനം കൊടുക്കുന്നതിനായി പരിപാടികൾ ആവിഷ്കരിക്കേണ്ടതുണ്ട്. പ്രദേശത്തെ

അത്തരം കലാകാരന്മാരെ കണ്ടെത്തി പിൻതലമുറയിലേക്ക് പകർന്നു കൊടുക്കാനുള്ള സംവിധാനങ്ങൾ കലാ സാംസ്കാരിക സംഘടനകളുടെ കീഴിൽ ഗ്രാമത്തിന്റെ 3ഓ 4ഓ മേഖലകളിലായി ഒരുക്കാവുന്നതാണ്.

4. സാംസ്കാരിക നിലയത്തെ ഗ്രാമത്തിലെ കലാ സാംസ്കാരിക സംഘടനകളുടെ കേന്ദ്രബിന്ദുവായി ഉയർത്തുക.

5. ഗ്രാമത്തിൽ സൗകര്യപ്രദമായ സ്ഥലം കണ്ടെത്തി ഒരു സ്റ്റേഡിയം പണിയുന്നതു കായിക രംഗത്തുള്ള പുതിയ ഉണർവ്വിനു കാരണമാവും.

6. ഇത്തരം പ്രവർത്തനങ്ങൾക്കു ആവശ്യമായ ഫണ്ട് ലഭ്യമാക്കുകയും യുവജന സംഘടനകളുടെ പങ്കാളിത്തം ഉറപ്പു വരുത്തുകയും ചെയ്യേണ്ടതാണ്.

സാദ്ധ്യതകൾ

സാംസ്കാരിക നിലയത്തിന്റെ പ്രവർത്തനങ്ങൾ ഒരു ജനകീയ സമിതിക്കു കീഴിൽ കൊണ്ടുവരിക. ഈ സമിതി രൂപീകരിക്കുമ്പോൾ, ഗ്രാമത്തിലെ മുഴുവൻ കലാ സാംസ്കാരിക പ്രവർത്തകർക്കും സംഘടനകൾക്കു പ്രാതിനിദ്ധ്യം നൽകേണ്ടതാണ്. പ്രസ്തുത സമിതിയിൽ നിന്ന് ഗ്രാമത്തിലെ വിവിധ കലാ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനായി ഉപസമിതികൾക്ക് രൂപം നൽകാവുന്നതാണ്.

സമിതിയുടെ പ്രവർത്തനങ്ങൾ

1. നിരക്ഷരതക്കും അന്ധവിശ്വാസങ്ങളക്കുമെതിരായി മതേരത്വത്തിൽ വിശ്വസിക്കുന്ന ഒരു ജനതയേ പുരോഗതിയുടെ പാതയിലേക്ക് നയിക്കാൻ കലാ സാംസ്കാരിക സംഘടനകളുടെ ഐക്യനിര സൃഷ്ടിക്കുക.

2. സംഘബോധത്തിന്റെയും സാഹോദര്യബോധത്തിന്റെയും നിദർശനങ്ങളായ പ്രാചീനകലാ രൂപങ്ങളെ പ്രോത്സാഹിപ്പിക്കുകയും നിലനിറുത്തുകയും ചെയ്യുക.

3. വായനാശീലം പരിപോഷിപ്പിക്കുന്നതിനും സാഹിത്യപുരോഗതിക്കും ജനവിദ്യാ കേന്ദ്രങ്ങളുടെയും ഗ്രന്ഥശാലകളുടെയും വായനശാലകളുടെയും പ്രവർത്തകരെ ഏകോപിപ്പിക്കുകയും കർമ്മമേഖല ചിട്ടപ്പെടുത്തി കാര്യക്ഷമത വളർത്തുന്നതിനാവശ്യമായ പ്രോത്സാഹനം നൽകുകയും ചെയ്യുക.

4. അംഗസംഘടനകളുടെ വർഷാദ്യത്തിലെ പ്രവർത്തനരൂപരേഖയും വർഷാന്ത്യത്തിലെ പ്രവർത്തനറിപ്പോർട്ടും ശാസ്ത്രീയമായി വിലയിരുത്തുക.

5. വായനശാലകളും ഗ്രന്ഥശാലകളും ഇല്ലാത്ത സ്ഥലങ്ങൾ കണ്ടെത്തി അവ സംഘടിപ്പചക്കാനുള്ള ശ്രമം നടത്തുക.

6. ഓണാഘോഷം, കേരളോൽസവം, എന്നിവ ഏറ്റെടുത്ത് ജനപങ്കാളിത്തത്തോടെ നടത്തുക.

7. മദ്ധ്യവേനൽ അവധിക്കാലത്ത് സ്ക്കൂൾ വിദ്യാർത്ഥികളുടെ കൂടിച്ചേരൽ സംഘടിപ്പിക്കുകയും അവരുടെ സർഗ്ഗവാസനകളെ തട്ടിയുണർത്താൻ ആവശ്യമായ പ്രവർത്തനങ്ങൾക്ക് രൂപം നൽകകയും ചെയ്യുക.

8. പഞ്ചായത്ത് തലത്തിൽ കാലിക പ്രാധ്യാന്യമുള്ള വിഷയങ്ങളെ അടിസ്ഥാനമാക്കി സെമിനാറുകളും ചർച്ചാ ക്ലാസ്സുകളും സംഘടിപ്പിക്കുക.

9. സാംസ്കാരിക നിലയത്തിന്റെ പ്രവർത്തനം ചിട്ടപ്പെടുത്തി അവയുടെ മേൽനോട്ടം വഹിക്കുക.

വർത്തമാനകാലത്ത് ഇലക്ട്രോണിക് മാദ്ധ്യമങ്ങൾ വഴി പാശ്ചാത്യ സംസ്കാരത്തിന്റെ നാറ്റം നമ്മുടെ അടുക്കളയിൽ വരെ എത്തിനിൽക്കുന്നു. നമ്മുടെ കുടുംബസങ്കൽപ്പവും സാമൂഹ്യ ബോധവും ധാർമ്മിക മൂല്യങ്ങളും ഈ സാംസ്കാരിക വേലിയേറ്റത്തിൽ തകർന്നടിയുന്നു. കാലിന്നടിയിലെ മണ്ണ് ഒലിച്ചു പോവുന്നു എന്ന സത്യം നാം തിരിച്ചറിയേണ്ടിയിരിക്കുന്നു ഈ തിരിച്ചറിവ് നമ്മെ ജാഗരൂകരാക്കണം.

വരുന്ന 5 വർഷത്തെ സാംസ്കാരിക രംഗത്തെ നമ്മുടെ പ്രവർത്തനം കൊണ്ട് പുതിയൊരു മാനവ ഐക്യത്തിന്റെയും പ്രവർത്തനങ്ങളുടെ കൂട്ടായ്മയുടേയും സംസ്ക്കാരം വളർന്നു വരേണ്ടതുണ്ട്. ഇതിന്നായി തോളോട് തോൾ ചേർന്നു പ്രവർത്തിക്കും എന്നായിയിരിക്കട്ടെ ഈ അവസരത്തിൽ നമ്മുടെ പ്രതിജ്ഞ.

അനുബന്ധം 1

നിലവിലുള്ള കലാ സാംസ്കാരിക സ്ഥാപനങ്ങൾ

ക്രമ നമ്പർ	പേരും മേൽവിലാസവും	വാർഡ്	മെമ്പർമാരുടെ എണ്ണം	കെട്ടിട സ്വഭാവം	ധനസഹായത്തിന്റെ വിവരം	ഏതു സ്ഥാപനത്തോടു അഫിലിയേറ്റു ചെയ്തിരിക്കുന്നു	പ്രവർത്തനത്തിന്റെ വിവരം	മറ്റഭിപ്രായം
1	സാസ്, ശാന്തപുരം	1	–	ഇല്ല	–	–	കായികം (ഫുഡ്ബോൾ)	–
2	ട്രാക്ക് ഫോഴ്സ്, ശാന്തപുരം	1	–	”	–	–	കായികം	–
3	സ്വർഗവേദി, ശാന്തപുരം	1	–	”	–	–	സാംസ്കാരികം	–
4	വേദി, പള്ളിക്കുന്ന്	1	–	”	–	–	”	–
5	ദീപ്തി, തേലക്കാട്	5	–	ഉണ്ട്	–	–	കലാ – കായികം	–
6	ഗ്രാമീൺ യൂത്ത് വെൽഫെയർ അസോസിയേഷൻ (ജൈവ) മണ്ണാർമല	3	60	ഇല്ല	ഇല്ല	നെഹ്റു യുവകേന്ദ്ര മലപ്പുറം	”	–
7	സി.എച്ച്.മുഹമ്മദ്കോയ സ്മാരക കൾച്ചറൽ സെന്റർ, മണ്ണാർമല	3	80	”	”	”	”	–
8	വാസ്, വെട്ടത്തൂർ	9	–	”	”	–	കായികം	–
9	ചേതന, പച്ചീരി	4	–	”	”	–	കലാ സാംസ്ക്കാരികം	–
10	സൗഹൃദ – മുച്ചിക്കൽ, പച്ചീരി	4	–	”	”	നെഹ്റു [illegible] കേന്ദ്രം	”	–

അനുബന്ധം 2

നിലവിൽ പ്രവർത്തിക്കുന്ന ഗ്രന്ഥാലയങ്ങൾ

ക്രമ നമ്പർ	പേരും മേൽവിലാസവും	വാർഡ്	പുസ്തകങ്ങളുടെ എണ്ണം	കെട്ടിട വിവരം	ലഭ്യമായ പത്രങ്ങളുടെ എണ്ണം	പ്രവർത്തന സ്വഭാവം	റേഡിയോ ടി.വി. ഉണ്ടോ	വൈദ്യുതി	മറ്റഭിപ്രായങ്ങൾ
1	സാംസ്കാരിക നിലയം, ചുങ്കം – പട്ടിക്കാട്	1	–	ഉണ്ട്	4	വായനശാല, ഗ്രന്ഥാലയം, ജനവിദ്യാകേന്ദ്രം	ടി.വി	ഉണ്ട്	–
2	പൊതുജന വായനശാല, ലൈബ്രറി	1	–	ഇല്ല	–	ഗ്രന്ഥാലയം	–	–	–
3	യുവജന വായനശാല, തേലക്കാട്	5	2318	ഉണ്ട്	3	വായനശാല ഗ്രന്ഥാലയം	ഇല്ല	ഇല്ല	–
4	വിദ്യാപോഷിണി ഗ്രന്ഥാലയം, മണ്ണാർമല	3	2475	ഇല്ല	1	വായനശാല ഗ്രന്ഥാലയം ജനവിദ്യാകേന്ദ്രം	–	ഇല്ല	–
5	ഗ്രാമീണ വായനശാല വെട്ടത്തൂർ	9	4250	ഉണ്ട്	7	വായനശാല ഗ്രന്ഥാലയം	ഉണ്ട്	ഉണ്ട്	–
6	ഹംസ മെമ്മോറിയൽ വായനശാല, സ്പോർട്ടസ് ക്ലബ്ബ്	6	650	ഉണ്ട്	1	വായനശാല	–	–	–
7	പുലരി ഗ്രന്ഥാലയം, കാപ്പ്	6	2300	ഉണ്ട്	3	ഗ്രന്ഥാലയം	–	–	–

വനിത

സ്ത്രീകളും സാമൂഹ്യപങ്കാളിത്തവും

വനിതകളുടെ അവകാശവാദങ്ങളും അവരുടെ സാമൂഹ്യപങ്കാളിത്തവും കഴിഞ്ഞ ഏതാനും ദശകങ്ങളായി അഭൂതപൂർവ്വമായ ആഗോളശ്രദ്ധനേടിയ വിഷയങ്ങളാണ്. ഒട്ടുവളരെ ഗവേഷണങ്ങളും പഠനങ്ങളും സെമിനാറുകളുമൊക്കെ ഈവിഷയവംമായി ബന്ധപ്പെട്ട് സംഘടിപ്പിക്കപ്പെട്ടുവരുന്നു. ഒപ്പം ക്രിയാത്മമായ രാഷ്ട്രീയനീക്കങ്ങളും ഉണ്ടായിക്കൊണ്ടിരിക്കുന്നു.

തദ്ദേസ്വയംഭരണസ്ഥാപനങ്ങളിൽ 33% സീറ്റുകൾ സ്ത്രീകൾക്കായി സംവരണം ചെയ്തു കൊണ്ടുള്ള നിയമനിർമ്മാണവും സ്ത്രീകളുടെ അന്യായത്തിൻമേൽ അടിയന്തരനടപടികളെടുക്കാൻ ജുടീഷറി കാണിച്ചു വരുന്ന പ്രത്യേക താൽപര്യം ശുഭോദർക്ക നീക്കങ്ങൾ തന്നെയാണ്.

വനിതാക്ഷേമത്തിനായി പ്രത്യേക കാർഷിക വിദ്യാഭ്യാസപദ്ധതികളും തൊഴിൽസംരംഭങ്ങളും ആവിഷ്കരിച്ചു കൊണ്ടുള്ള നീക്കങ്ങളും കണ്ടുവരുന്നുണ്ട്. പോരാത്തതിന് സ്ത്രീകളുടെ താൽപര്യത്തിന് മുന്തിയ പരിഗണനയും ലഭിച്ചുവരുന്നു.

സാമൂഹ്യരാഷ്ട്രീയ ചുറ്റുപാട് ഈ വിധമായിരിക്കെ നമ്മുടെ പഞ്ചായത്തിലെ സ്ത്രീകൾ പുറംലോകവുമായി ബന്ധമൊന്നുമില്ലാതെ സ്വന്തം വാതീകങ്ങളിൽതൊതുങ്ങുന്നതിനുള്ള പ്രവണത എന്തുകൊണ്ട് പ്രകടിപ്പിക്കുന്നു.

ഗൗരവമായ ഈ പ്രശ്നം പരിഗണനെയ്ക്കെടുക്കുന്നതിന് മുമ്പ് ഈ ഒതുങ്ങലിന് പ്രേരകമായി തീർന്ന ചരിത്രസാമൂഹ്യഘടകങ്ങൾ ആഴത്തിൽ ഇറങ്ങിച്ചെന്നപരിശോധിക്കേണ്ടതുതന്നെയാണ്. അത്തരം ഒരു ദ്യമത്തിന് മുതിർന്നില്ലെങ്കിലും ചില പ്രശ്നങ്ങൾ പരിശോധിക്കുന്നത് നന്നായിരിക്കും.

ആദ്യകാലങ്ങളിൽ പെൺകുട്ടികൾക്ക് വിദ്യാഭ്യാസം നൽകുന്ന കാര്യത്തിൽ ഈ പ്രദേശത്തുള്ളവർ വിമുഖതകാണിച്ചിരുന്നു. എങ്കിലും ഒറ്റപ്പെട്ട പ്രദേശങ്ങളിൽ 'ഓത്തുപള്ളികളിലാണ്' വിദ്യാഭ്യാസം നൽകിയിരുന്നത്. സാമ്പത്തികമായും മറ്റും മുന്നോക്കം നിന്നിരുന്ന വീടുകളിൽ മതപഠനത്തോടൊപ്പം ഭൗധീകവിദ്യാഭ്യാസവും നേരിയതോതിലെങ്കിലും നൽകിവന്നിരുന്നു.

സമൂഹത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും ഒരുപോലെ വിദ്യാഭ്യസം നേടുന്നതിനുള്ള സൗകര്യം പഞ്ചായത്തിൽ ഉണ്ടായിരുന്നില്ലതാനും. വളരെചെറിയ പ്രായത്തിൽതന്നെ പെൺകുട്ടികളെ വിവാഹം ചെയ്തു അയക്കുന്ന രീതിയും സ്ത്രീകളെ വിദ്യാഭ്യസരംഗത്തുനിന്ന് അകറ്റിനിർത്തുകയും ചെയ്തു.

19921 കാലഘട്ടത്തിൽ ബ്രിട്ടീഷ് വിരോധത്തിന്റെ ഭാഗമായി നടന്ന മാപ്പിളലഹളയും അതിനോടനുബന്ധിച്ച് പുരുഷൻമാർ ഒളിവിൽ പോവുകയോ നാടുകടത്തപ്പെടുകയോ ചെയ്തതും വനിതാപിന്നോക്കാവസ്ഥയ്ക്ക് നിമിത്തമായി തീർന്നിട്ടുണ്ടാവും.

സ്ത്രീ പ്രാതിനിധ്യം – ജനസംഖ്യയിൽ

ജനസംഖ്യ	പുരുഷനൻമാർ	സ്ത്രീകൾ	പട്ടികജാതിസ്ത്രീകൾ	പട്ടികവർഗസ്ത്രീകൾ
23825	11690	12135	3705	12

മേൽപട്ടികയിൽ നിന്ന് പഞ്ചായത്തിലെ സ്ത്രീപുരുഷ അനുപാതത്തിന്റെ നിലയും പുരുഷൻമാരെക്കാൾ 445 സ്ത്രീകൾ എണ്ണത്തിൽ കൂടുതലാണെന്നും കാണാവുന്നതാണ്. സാരമായ ഈ വ്യത്യാസം സമൂഹത്തിൽ വനിതകൾക്ക് നൽകേണ്ട പരിഗണന എത്രത്തോളം ഉയർന്നതാണെന്ന് കാണിക്കുന്നു.

1940തുകളിൽ വിവിധപ്രദേശങ്ങളിൽ പ്രാഥമീകവിദ്യാഭ്യാസസൗകര്യം വർദ്ധിച്ചുവന്നുവെങ്കിലും പെൺകുട്ടികൾ അവഗണിക്കപ്പെടുകയോ അറിഞ്ഞോ അറിയാതെയോ മാറ്റപ്പെടുകയോ ആണ് ഉണ്ടായത്. അതുകൊണ്ടുതന്നെ സ്വാതന്ത്ര്യാനന്തര ഭാരതത്തിന്റെ ആദ്യദശകങ്ങളിലും ഈ നില തുടരുകതന്നെ ചെയ്തു.

കേരളപിറവിക്കുശേഷം ജോസഫ് മുണ്ടശ്ശേരി കൊണ്ടുവന്ന വിദ്യാഭ്യസ പരിഷ്കരണത്തിലൂടെയും തുടർന്നുവന്ന ഈ.എം.എസ് മന്ത്രിസഭയിലെ വിദ്യാഭ്യസമന്ത്രിയായിരുന്ന സി.എച്ച്. മുഹമ്മദ്കോയ സാഹിബിന്റെ വിദ്യാഭ്യസനയചാതുരിയിലൂടെയും കേരളക്കരയിൽ വിദ്യാഭ്യസരംഗത്തുണ്ടായ കുതിച്ചുചാട്ടവും പുത്തനുണർവ്വും പിന്നോക്ക ന്യൂനപക്ഷ വിഭാഗങ്ങളുടെ വിദ്യാഭ്യസകാര്യത്തിൽ ഒരു വലിയ മുന്നേറ്റം തന്നെ കാണുകയുണ്ടായി.

ഈ ചലനത്തിന്റെ അലകൾ ക്രമത്തിൽ നമ്മുടെ ഗ്രാമപഞ്ചായത്തിലും അടിക്കുകയുണ്ടായി. പുതിയ പ്രൈമറി, അപ്പർപ്രൈമറി ഹൈസ്കൂൾ തുടിങ്ങിയവ സ്ഥാപിക്കപ്പെടുകയും പ്രാഥമിക ഉന്നത വിദ്യാഭ്യസരംഗങ്ങളിൽ വനിതാ പങ്കാളിത്തം വർദ്ധിച്ചു വരുകയും ചെയ്തു.

എന്നിരുന്നാലും ഇന്നും നമ്മുടെ പഞ്ചായത്തിലെ സ്ത്രീവിദ്യാഭ്യസരംഗം ആശങ്കാജനകമായ നിലയിൽ തന്നെ നിലനിൽക്കുന്നു.

വനിതകൾ തൊഴിൽരംഗത്ത്

വനിതകൾ പാടെ അവഗണിക്കപ്പെട്ട മറ്റൊരു മേഖലയാണ് തൊഴിൽരംഗം. സ്ത്രീകൾക്കായുള്ള പ്രത്യേക തൊഴിൽ സംരംഭങ്ങളൊന്നും തന്നെ നമ്മുടെ ഗ്രാമപഞ്ചായത്തിലില്ല. സ്ത്രീകളെ കേന്ദ്രീകരിച്ച്കൊണ്ടുള്ള ഒരു പച്ചക്കറിവ്യാപനപദ്ധതിപോലും നമ്മുടെ പഞ്ചായത്തിൽ ആവിഷ്കരിക്കപ്പെട്ടിട്ടില്ല. എന്നാൽ 1950തുകളിൽ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ത്രീകൾ മുൻകൈയ്യെടുത്ത് നടത്തുന്ന ചായപ്പീടികകളും ചെറുകിടകച്ചവടസ്ഥാപനങ്ങളും ഉണ്ടായിരുന്നുവെങ്കിലും ഇന്ന് അത്തരം സംരംഭങ്ങൾ വിരളമായി കഴിഞ്ഞിരിക്കുന്നു.

എന്നാൽ ഇന്ന് പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ സി.ബി.എൻ.പി. നടത്തുന്ന പ്രവർത്തനങ്ങൾ ഒരു നല്ല തുടക്കവും ചലനവും കാണിക്കുന്നതുമാണ്. സി.ബി.എൻ.പി. യ്ക്കു കീഴിലുള്ള 'ത്രിഫ്ട്ട് സൊസൈറ്റി' പ്രവർത്തനം എടുത്ത് പറയാവുന്നത് തന്നെയാണ്.

വനിതകൾ സാംസ്കാരികരംഗത്ത് –

സ്വാതന്ത്ര്യസമരകാലഘട്ടത്തിലോ സ്വാതന്ത്ര്യാനന്തരകാലഘട്ടത്തിൽ നടന്ന് സാമൂഹ്യപരിഷ്കരണവേദികളിലൊ നേതൃത്വപരമായ പങ്കുവഹിച്ചയെടുത്ത് പറയത്തക്ക വനിതാവ്യക്തിത്വങ്ങളുടെ എണ്ണം വളരെ കുറവുതന്നെയാണ്.

എന്നാൽ വെങ്കിട്ടപാത്തോമ ടീച്ചർ, അധ്യാപകരംഗത്തുനിന്ന് ദേശിയ അവാർഡ് നേടിയ ശാന്തപുരത്തെ കുഞ്ഞിരുമ്മ ടീച്ചർ തുടങ്ങിയവർ നേതൃത്വം നൽകി. പളളിക്കൂത്ത് മണ്ണാർമല വെട്ടത്തൂർ തുടങ്ങിയപ്രദേശങ്ങളിൽ സംഘടിപ്പിച്ചിരുന്ന മഹിളാസമാജങ്ങളും അവയുടെ നേതൃത്വത്തിൽ നടന്നിരുന്ന ബാലവാടികളും സമൂഹത്തിന് നല്കിയിരുന്ന സേവനം ഉദാത്തമാതൃകതന്നെയാണ്.

പഞ്ചായത്തിലെ ആദ്യത്തെ ബിരുദധാരിണി മാടുമ്മത്തൊടി ആസ്യടീച്ചരാണ്. 'ആരാമം' പത്രാധിപ കെ.കെ. സുഹറ ഈപഞ്ചായത്തുകാരിയാണ്. വനിതാമുസ്ലീംലീഗ് കമ്മറ്റികൾ, ജനാധിപത്യമഹിള, അസോസിയേഷൻ, മഹിള കോൺഗ്രസ്സ്, ഗേൾസ് ഇസ്ലാമിക് ഓർഡനൈസേഷൻ, ഇന്ത്യൻ ജമാഅത്തെ ഇസ്ലാമിയുടെ വനിതാവിഭാഗം, സി.പി.ഐ.എം. വനിതാബ്രാൻഞ്ചുകൾ തുടങ്ങിയ മത, സാംസ്കാരിക, സാമൂഹ്യ രാഷ്ട്രീയ സംഘടനകളിൽ വളരെ സജ്ജീവമായി പ്രവർത്തിക്കുന്ന ഒട്ടനവധി വനിതകൾ ഇന്ന് നമ്മുടെ പഞ്ചായത്തിലുണ്ട് എന്നത് എടുത്തുപറയത്തക്ക വിശേഷംതന്നെയാണ്.

വനിതകളുടേതുമാത്രമായി പ്രവർത്തിക്കുന്ന ഏതാനും ഡി.ഡബ്ലിയു.സി.ആർ.എ. യൂനിറ്റുകളും ഇന്ന് പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ നേതൃത്വപരമായ പങ്കിന്റെ അഭാവം മൂലം ഇടക്കാലത്ത് പ്രവർത്തരഹിതമായ പായനെയ്ത്തു യൂണിറ്റുകൾ ഇല്ലാതില്ല.

വനിതാസാക്ഷരത

സാചര്യങ്ങളുടെ സമ്മർദ്ദം മൂലം വിദ്യാഭ്യാസരംഗത്ത് കണ്ട പിന്നോക്കാവസ്ഥ അതിശയോക്തിപരമല്ല. സമ്പൂർണ്ണസാക്ഷരതായത്നത്തിൽ ബഹുജനങ്ങളുടേയും വനിതാസംഘതനകളുടേയും ശക്തമായ ഇടപെടൽമൂലം വനിതാ നിരക്ഷത പരിഹരിക്കുന്നതിൽ ഒരു നല്ല മുന്നേറ്റം നടത്താൻ കഴിയുകയുണ്ടായി.

പൊതുപ്രശ്നങ്ങൾ

മുഖ്യപ്രശ്നം വനിതാതൊഴിൽമേഖല തന്നെയാണ്. നിലവിലുളള തൊഴിൽ മേഖലകളിൽ തന്നെ കൂലി നിരക്കുകളിൽ വലിയ വിവേചനം നില നില്ക്കുന്നു.

തൊഴിൽ മേഖലകളിലേക്ക് കടന്നുവരാൻ വനിതകൾ വിമുഖതകാണിക്കുകയും, ഉത്തരവാദിത്വങ്ങൾ ഏൽപ്പിക്കാൻ പുരുഷൻമാർ താല്പര്യക്കുറവ് കാണിക്കുകയും ചെയ്യുന്നു.

സമൂഹത്തിലെ ഭൂരിഭാഗം വരുന്ന ജനങ്ങൾ തങ്ങളാണെന്നും പുരുഷന്നൊപ്പം നില്ക്കാൻ തങ്ങൾക്കും അവകാശമുണ്ടെന്നും സ്ത്രീ അബലയല്ലെന്നും വിളിച്ചുപറയുവാനുളള തന്റേടം പ്രകടിപ്പിക്കുന്നതിനാവശ്യമായ പൗരബോധം പ്രകടമാവുന്നില്ല.

സാദ്ധ്യതകൾ

പൊതുവേദികളിൽ ജനപങ്കാളിത്തം വർദ്ധിക്കുന്നതിനാവശ്യമായ ബോധവൽക്കരണപരിപാടികൾ ആവിഷ്കരിക്കേണ്ടിയിരിക്കുന്നു. രാഷ്ട്രീയസംസ്കാരിക സംഘടനകൾ അവരുടെ വനിതാവിഭാഗങ്ങളെ കൂടുതൽ സജ്ജീവമാക്കുന്നതിലൂടെ ഇതുനേടിയെടുക്കാവുന്നതാണ്.

വിദ്യാലയമാതൃസംഗമങ്ങളിലും, അധ്യാപകരക്ഷാകർത്തൃസമിതികളിലും, അയൽക്കൂട്ടസമിതികൾ തുടങ്ങിയ സംഘടനകളിലും വനിതാപ്രാധിനിധ്യം വർദ്ധിപ്പിക്കുകയും, സ്വതന്ത്രപ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കാവുന്ന തരത്തിലുളള ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുന്നതിനാവശ്യമായ പ്രചോദനം നല്കുകയും ചെയ്യേണ്ടതാണം.

തൊഴിൽയൂണിറ്റുകൾ, വനിതാസഹകരണസംഘങ്ങൾ തുടങ്ങിയവ രൂപീകരിക്കുന്നതിനാവശ്യമായ ഉപദേശനിർദ്ദേശങ്ങൾ നല്കി ഉത്തരവാദിത്വങ്ങൾ ഏല്പിപ്പിക്കേണ്ടതാണ്.

പഞ്ചായത്തിൽ നിന്ന് ലഭിക്കുന്ന നാളികേരം, റബ്ബർ തുടങ്ങിയവ ഉപയോഗിച്ചുളള ചെറുകിടവ്യവസായസ്ഥാപനങ്ങൾ സ്ത്രീകൾക്കുമാത്രമായി സംഘടിപ്പിക്കാവുന്നതാണ്.

ഗാർമെൻറസ് മെയ്ക്കിംഗ്, കരകൗശലവസ്തുനിർമ്മാണം, അടുക്കളപച്ചക്കറിത്തോട്ടം തുടങ്ങിയവയിലൂടെ ഓരോവീടും ഒരു കൊച്ചു പണിശാലയോ, വിപണകേന്ദ്രമോ ആക്കി മാറ്റാവുന്ന രീതിയിലേക്ക് ഉയർത്തികൊണ്ടുവരിക തുടങ്ങിയ നിർദ്ദേശങ്ങൾ സാധ്യതകളായി നിർദ്ദേശിക്കാവുന്നതാണ്.

വനിത മേഖല നേരിടുന്ന പ്രശ്നങ്ങൾ

1. തൊഴിൽ സംരഭങ്ങൾക്കാവശ്യമുളള പണം ലഭിക്കുന്നില്ല.
2. സർക്കാർപദ്ധതികളെക്കുറിച്ച് വ്യക്തമായ ബോധമില്ല.
3. തൊഴിൽമേഖലകളിൽ പാടെ അവഗണിക്കപ്പെടുന്നു.
4. ലഭ്യമാകുന്ന മേഖലകളിൽ പലതിനും ന്യയമായ വേതനമല്ല ലഭിക്കുന്നത്.
5. സർക്കാറിൽ നിന്ന് വനിതാതൊഴിൽ സംരഭങ്ങൾക്ക് അർഹമായ പപ്രോത്സാഹനം ലഭിക്കുന്നില്ല.
6. വനിതകൾ സാങ്കേതികജ്ഞാനത്തിൽ ഒട്ടുവളരെ പിറകിലാണ്.
7. സർക്കാർ ആഭിമുഖ്യത്തിൽ നടക്കുന്ന തൊഴിൽ പരിശീലനപരിപാടികളിൽ മതിയായ പ്രാതിനിധ്യം ലഭിക്കുന്നില്ല.
8. തൊഴിൽ സംരഭങ്ങൾക്ക് യഥാസമയം വായ്പ ലഭ്യമാക്കാൻ കഴിയുന്നില്ല. സാങ്കേതിക തടസ്സങ്ങൾ നീക്കുന്നതിനാവശ്യമായ അറിവുലഭിക്കുന്നില്ല.
9. കാർഷികരംഗത്തൊഴികെ മറ്റൊരു തൊഴിൽ മേഖലയിലും. പരിഗണിക്കപ്പെടുന്നില്ല.
10. അംഗനവാടി അധ്യാപന മേഖലകളിൽ ന്യായമായ വേതനം ലഭിക്കുന്നില്ല.

11. സ്ത്രീപ്രാമുഖ്യമുള്ള അംഗനവാടികളുടെ ഭൗതികസൗകര്യങ്ങൾ കൂറ്റമറ്റതാക്കുന്നതിനാവശ്യമായ പരിഗണന ലഭിക്കുന്നില്ല.

പ്രശ്നപരിഹാരങ്ങൾ

1. ഉല്പാദനവിപണന സൗകര്യമുള്ള മേഖലകളിൽ തൊഴിൽ സംരഭങ്ങൾ ആരംഭിക്കുന്നതിന് മുൻകൈയ്യെടുക്കുക.
2. പ്രാദേശിക വിഭവസമാഹരണ സാധ്യതയുള്ള സ്വയം തൊഴിൽ യൂണിറ്റുകൾ ആരംഭിക്കുന്നതിനാവശ്യമായ പരിശീലനപരിപാടികൾക്കും മാർക്കറ്റിങ്ങിനും ആവശ്യമായ സാഹചര്യം ഒരുക്കുക.
3. തുല്യജോലിക്ക് തുല്യവേതനം ഉറപ്പുവരുത്തുക.
4. തൊഴിലവസരങ്ങളെക്കുറിച്ചും തൊഴൽനിയമങ്ങളെക്കുറിച്ചും യഥാസമയം വിവരം നല്കുക.
5. തൊഴിൽ യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കുക.
6. തൊഴിൽ യൂനിറ്റുകൾ ആരംഭിക്കുന്നതിനുള്ള സാമ്പത്തിക സഹായം എളുപ്പത്തിൽ ലഭ്യമാക്കുക.
7. അംഗനവാടികളുടെ പ്രവർത്തനം മെച്ചപ്പടുത്തുക
8. അംഗനവാടികളോടനുബന്ധിച്ച് വനിതാകലാസാംസ്കാരിക വേദികൾ സ്ഥാപിക്കുക.
9. വിധവ, വാർദ്ധക്യകർഷകത്തൊഴിലാളി, അഗതിപെൻഷനുകളും, മാതൃപദ്ധതിയിലെ ആനുകൂല്യങ്ങളും അർഹരായ മുഴുവൻ പേർക്കും ലഭ്യമാക്കുക.
10. മാതൃകാ അടുക്കളത്തോട്ടങ്ങൾ സമ്മാനങ്ങൾ നല്കുക.
11. പ്രാദേശികവിപണന സൗകര്യം മുൻനിർത്തിയ കൈത്തൊഴിൽ യൂനിറ്റുകൾ ഗ്രാമതലത്തിൽ ആവശ്യാനുസരണം ആരംഭിക്കുക.

സഹകരണം

സഹകരണം എന്നാൽ 'പരസ്പരസഹകരണത്തിലൂടെയുളള സ്വാശ്രയം' എന്നതാണല്ലോ ആപ്തവാക്യം. കടത്തിൽ ജനിച്ച് കടത്തിൽ വളർന്ന് കടത്തിൽ മരിക്കുക. അമിതമായ പലിശനിരക്ക് പണംകടംവാങ്ങി സ്വന്തം കൃഷിഭൂമി അന്യാധീനപ്പെട്ട് വീണ്ടും ബാധ്യത പിൻ തലമുറക്ക് ബാക്കിവെക്കുന്ന ഇന്ത്യൻ കർഷകനെ ഉദ്ധരിക്കുന്നതിനായി ഇന്ത്യയിൽ രൂപീകരിച്ചതാണ് സഹകരണസംഘങ്ങൾ. ഇന്ന് ജീവിതത്തിന്റെ എല്ലാ തുറകളിലും സഹകരണകേഖല പന്തലിച്ചു നിൽക്കുന്നു. നിറഞ്ഞ സഹകാരികളുടെ ഒരു സമൂഹമാണ് കേരളം. ക്രഡിറ്റ് മേഖല ഇന്ന് ഇന്ത്യക്കാകെ മാതൃകയാണ് എന്ന് പ്രത്യേകം എടുത്തുപറയേണ്ടതുണ്ട്.

വെട്ടത്തൂർ പഞ്ചായത്തിന്റെ സഹകരണചരിത്രം

വെട്ടത്തൂർ പഞ്ചായത്തിന്റെ സഹകരണചരിത്രം പരിശോധിക്കുമ്പോൾ സ്വന്തമായ ഒരു സംരംഭം ആദ്യകാലങ്ങളിൽ നമുക്ക് കണ്ടെത്താൻ കഴിയുകയില്ല. സമീപ പഞ്ചായത്തുകളായ കീഴാറ്റൂർ - മേലാറ്റൂർ എന്നീ പ്രദേശങ്ങൾ ഉൾപ്പെടുത്തി 1959ൽ രൂപീകരിച്ച പരസ്പര സഹായ ഐക്യനാണയസംഘം രൂപീകരിച്ചത് ഈ മേഖലയിലെ ആദ്യകാൽവെപ്പാണ്. ഇതേ രൂപത്തിലും കാലഘട്ടത്തിലുമായി മേലാറ്റൂർ പരസ്പരസഹായസഹകരണസംഘം പ്രവർത്തനമാരംഭിച്ചു.

ഇന്നത്തെ സംഘങ്ങളുടെ അവസ്ഥ

നല്ലനിലയിൽ ലാഭകരമായി പ്രവർത്തിക്കുന്ന രണ്ട് സഹകരണബാങ്കുകൾ പ്രവർത്തിക്കുന്നു. രണ്ടു ക്ഷീരവ്യവസായസംഘങ്ങളുമുണ്ട്. ഇവയിൽ ഒന്നിന്റെ പ്രവർത്തനം നിർജ്ജീവമാണ്. കൂടാതെ പെരിന്തൽമണ്ണ അർബൻബാങ്ക്, പെരിന്തൽമണ്ണ ഭൂവികസന ബാങ്ക് റ്റുറൽ ഹൗസിംഗ് സൊസൈറ്റി, ഗവൺമെൻറ് ഹൈസ്കൂൾ ടീച്ചേഴ്സ് സൊസൈറ്റി, എയിഡഡ് സ്കൂൾ ടീച്ചേഴ്സ് സൊസൈറ്റി എന്നീ സംഘങ്ങളിലും അംഗത്വവും കടങ്ങളുമുണ്ട്.

പട്ടിക്കാട് സർവ്വീസ് സഹകരണ ബാങ്ക്

1959 ൽ കീഴാറ്റൂർ പഞ്ചായത്തിൽപെട്ട മുഖാമുങ്ങൽ അരിപ്രനാരായണൻനായരുടെ വീട്ടിലെ ഒരു മുറിയിൽ പ്രവർത്തിച്ചുതുടങ്ങിയ ഈ സംഘം പിന്നീട് ആ പ്രദേശത്തുതന്നെ റോഡ്സൈഡിൽ 0.10 സെൻറ് സ്ഥലം വാങ്ങി സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കാൻ തുടങ്ങി. ഈ പ്രദേശത്തുകാരുടെ കാർഷികകടാവശ്യങ്ങൾ നിറവേറ്റുന്നതിലും വിത്ത്, വളം, കീടനാശിനികൾ എന്നിവവിതരണം ചെയ്യുന്നതിലും ശ്രദ്ധചെലുത്തിപോന്നു. അടുത്തകാലം വരെ വളം ഡിപ്പോയും, ഒരു ടെക്സ്റ്റൈലും നടത്തിപ്പോന്നു. ഇപ്പോൾ ഇവ അസൗകര്യംമൂലം നിർത്തി. ഇന്ന് ഈ പ്രസ്ഥാനത്തിന്റെ സാരഥികൾ മലപ്പുറം ജില്ലയിൽ തന്നെ സഹകരണപ്രസ്ഥാനത്തിന് നേതൃത്വംകൊടുക്കുന്ന അവസ്ഥ

നമുക്ക് കാണാൻ കഴിയും. ഇന്ന് ഈ ബാങ്ക് 43686000 നിക്ഷേപവും 21931939 രൂപ കടങ്ങളും 6467 മെമ്പർമാരു ഉളള സ്ഥാപനമാണ്. 28000രൂപലാഭമുണ്ട്. കൂടാതെ നമ്മുടെ പൊതുവിതരണമേഖലയിൽ 16 റേഷൻഷാപ്പുകളും നടത്തിവരുന്നുണ്ട്. ഓണക്കാലത്തു വിലനിലവാരം പിടിച്ചു നിർത്തുവാൻ ഓണച്ചന്തകൾ നടത്തിവരുന്നു. ഒരു മെമ്പർക്ക് 5000രൂപ വരെ കാർഷിക കടങ്ങളും 50,000രൂപ വരെ കാർഷികേതരഭൂപണയകടങ്ങളും 50,000രൂപ വരെ സ്വർണ്ണപണയകടങ്ങളും വിതരണം ചെയ്യുന്നു. പഞ്ചായത്തുപതിച്ചു നൽകിയ 15 സെൻറു സ്ഥലത്ത് പുതിയ കെട്ടിടം നിർമ്മിച്ച് പ്രവർത്തന മാരംഭിച്ചതോടെയാണ് ഈ അഭിവൃദ്ധിയുണ്ടായത്. അവധിബാക്കി വർദ്ധിച്ചുവരുന്നത് സംഘത്തിൻെറ പ്രവർത്തനത്തിന് ഭീഷണിയാണ്.

അംഗങ്ങൾക്ക് ചുരുങ്ങിയ പലിശനിരക്കിൽ കടം ലഭിക്കുന്നതിനു വേണ്ടി മാത്രമേ ജില്ലാ ബാങ്കിനെ ആശ്രയിച്ചുവരുന്നുളളൂ.

പ്രവർത്തനം ആരംഭിച്ച വർഷം	പ്രവർത്തന പരിധി	വ്യക്തി അംഗത്വം	ഓഹരി സംഖ്യ (1000ൽ)	കടം (1000ൽ)	നിക്ഷേപം (1000ൽ)	കാർഷികം (1000ൽ)
1959	കീഴാറ്റൂർ കാര്യവട്ടം വില്ലേജ്	6469	1636	1281	43686	3015

പ്രവർത്തന മൂലധനം (1000ൽ)	ലാഭം (1000ൽ)	ജീവനക്കാർസ്ഥിരം	മറ്റുളളവർ	അവധി ബാക്കി	കാർഷികേതരം (1000ൽ)
45322	28	16	10	5712	28413

നബാഡ് ചുരുങ്ങിയ പലിശനിരക്കിൽ വായ്പ അനുവദിക്കാത്തതിനാൽ കാർ എകവായ്പാ പരിധികൂട്ടാൻ സംഘത്തിന് കഴിഞ്ഞില്ല.

വെട്ടത്തൂർ സർവ്വീസ് സഹകരണ ബാങ്ക്

വെട്ടത്തൂർ വില്ലേജിൽ പെട്ട ജനങ്ങൾ അവരുടെ കാർഷിക, കാർഷികേതര ആവശ്യങ്ങൾക്കായി ആശ്രയിച്ചിരുന്നത് മേലാറ്റൂർ കോർപ്പറേറ്റീവ് ബാങ്കിനെ ആയിരുന്നു. 1989ൽ പി. മുഹമ്മദാലിഹാജി ചീഫ് പ്രമോട്ടറായി വെട്ടത്തൂർ സർവ്വീസ ബാങ്ക് റജിസ്ട്രർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു.

ഇന്നീ സംഘത്തിൽ 1482 അംഗങ്ങളും 48140രൂപ നിക്ഷേപവും 4481380 രൂപ കടവുമുണ്ട്. സംഘത്തിൽ 4 ജീവനക്കാരുണ്ട്. 70000 രൂപ ലാഭവുമുണ്ട്.

നബാഡിന്റെ ചുരുങ്ങിയ പലിശനിരക്കുള്ള കടവിതരണ പദ്ധതിയിൽ കൂടുതൽ തുക അനുവദിക്കാത്തതിനാൽ കാർഷികവായ്പപരിധി കൂട്ടാൻ സാധിക്കുന്നില്ല. ടി.എൻ ഉണ്ണീൻമാസ്റ്ററുടെ നേതൃത്വത്തിലുള്ള ഭരണസമിതിബാങ്കിനെ പുരോഗതിയിലേക്കു നയിച്ചുകൊണ്ടിരിക്കുന്നു.

ക്ഷീരോല്പാദകസഹകരണസംഘങ്ങൾ

വെട്ടത്തൂർക്ഷീരോല്പാദകസഹകരസംഘത്തിൽ 220 അംഗങ്ങൾ ഉണ്ട്. 100 ലിറ്റർ പാൽ ദിനം തോറും വിതരണം ചെയ്തു വരുന്നു. സാമ്പത്തികസഹായം ലഭിക്കുകയാണെങ്കിൽ സംഘത്തിന്റെ പ്രവർത്തനം ഇനിയും അഭിവൃദ്ധിപ്പെടുത്താവുന്നതാണ്. സ്ഥലവും കെട്ടിടവും സ്വന്തമായിയില്ല.

മണ്ണാർമലക്ഷീരോല്പാദകസഹകരണസംഘം ഇപ്പോൾ പ്രവർത്തിക്കുന്നില്ല. വെട്ടത്തൂർ - പട്ടിക്കാട് ക്ഷീരോല്പാദകസഹകരണസംഘവും ഭാഗികമായി പ്രവർത്തിക്കുന്നു.

പെരിന്തൽമണ്ണ ഭൂവികസന ബാങ്ക്, പെരിന്തൽമണ്ണ അർബൻ ബാങ്ക്, പെരിന്തൽമണ്ണ റൂറൽ ഹൗസിങ്ങ് സൊസൈറ്റി, മലപ്പുറം ജില്ലാ സഹകരണ ഹാങ്ക് എന്നിവയുടെ പരിധിയിൽ ഈ പഞ്ചായത്തു കൂടിഉൾപ്പെടുന്നതുകൊണ്ട് ജനങ്ങൾ പാലയിനം വായ്പകൾക്കും ആനുകൂല്യങ്ങൾക്കും അവയെ ആശ്രയിക്കുന്നു.

പ്രശ്നങ്ങൾ

1. ദേശിയഗ്രാമവികസനബാങ്ക് കടം അനുവദിക്കുന്നതിൽ വരുത്തിയമാറ്റങ്ങൾ കാരണം കുറഞ്ഞ പലിശനിരക്കിൽ അംഗങ്ങൾക്ക് കടം വിതരണം ചെയ്യാൻ ബാങ്കുകൾക്ക് കഴിയുന്നില്ല.
2. സഹകരണസ്ഥാപനങ്ങളോട് ജനങ്ങളുടെ സമീപനത്തിൽ മാറ്റം വരുത്തേണ്ടതുണ്ട്.
3. സഹകരണസ്ഥാപനങ്ങളുടെ ഫണ്ട് തങ്ങളുടേതുകൂടിയാണെന്നബോധം ജനങ്ങൾക്കു ഉണ്ടാകേണ്ടതുണ്ട്.
4. വിവിധമേഖലയിൽ സഹകരണസംഘങ്ങൾക്കുള്ള സാധ്യതകളെക്കുറിച്ച് ജനങ്ങൾ ബൗധവൻമാരല്ല.
5. അംഗത്വം എല്ലാ സഹകരണസ്ഥാപനങ്ങളിലും ലളിതവ്യവസ്ഥയിൽ ആണെങ്കിലും പലപ്പോഴും ലഭിക്കാൻ ബുദ്ധിമുട്ടനുഭവപ്പെടുന്നു.
6. സഹകരണസംഘങ്ങളെക്കുറിച്ചുള്ള യഥാർത്ഥബോധം ജനങ്ങളിൽ ഉണ്ടാവേണ്ടതുണ്ട്.

സാധ്യതകൾ

1. പഞ്ചായത്തിൽ സഹകരണാശുപത്രി സ്ഥാപിക്കുക.
2. പഞ്ചായത്തിൽ വനിതാ - പട്ടികജാതി സഹകരണസംഘങ്ങൾക്ക് സാധ്യതയുണ്ട്.
3. വ്യവസായമേഖലയിൽ സഹകരണസ്ഥാപനങ്ങൾ തുടരാൻ ഏറെ സാധ്യതയുണ്ട്.
4. കോഴിവളർത്തൽ, കൊപ്ര, പ്രിൻറിംഗ്, ഭക്ഷ്യസംസ്ക്കരണസംഘങ്ങൾ എന്നിവയ്ക്ക് സാധ്യതയുണ്ട്.
5. പട്ടുനൂൽപുഴു, തേനീച്ചവളർത്തൽ, സഹകരണ മാവേലിസ്റ്റോറുകൾ എന്നീ സംഘങ്ങൾ സ്ഥാപിക്കാവുന്നതാണ്.

സഹകരണ രംഗത്തെ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതമാക്കാൻ ഒരു ജനകീയ സഹകരണ സെൽ രൂപീകരിക്കാവുന്നതാണ്. 'ഓരോരുത്തരും എല്ലാവർക്കും, എല്ലാവരും ഓരോരുത്തർക്കും' എന്ന സഹകരണതത്വം പ്രാവർത്തികമാക്കാൻ നമുക്ക് കൂട്ടായിയത്നിക്കാം.

പട്ടികജാതി – പട്ടികവർഗ്ഗക്ഷേമം

പഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ 13.45% പട്ടികജാതിയാണ്. 512 പട്ടികജാതി കുടുംബവും 6 പട്ടികവർഗ്ഗകുടുംബവും ഇവിടെ താമസിച്ചുവരുന്നു. 30 കോളനികളിൽ 22 എണ്ണം അംഗീകരിച്ചതും 8 എണ്ണം അംഗീകരിക്കാനുളളതുമാണ്. ആകെ 3205 പട്ടികജാതി അംഗങ്ങൾ ഈ കോളനികളിൽ ഉണ്ട്. 19 പട്ടികവർഗ്ഗാംഗങ്ങളും ഉണ്ട്.

വിദ്യാഭ്യാസസാമൂഹികരംഗങ്ങളിൽ ഒട്ടേറെ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ടെങ്കിലും സാമ്പത്തിക രംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കുന്നതിന് കഴിഞ്ഞിട്ടില്ല. നിരവധിക്കാലം ചൂഷണത്തിന് വിധേയമായിരുന്ന ഈ വിഭാഗത്തിന് കുടികിടപ്പവകാശവും മിച്ച ഭൂമിയുടെ ലഭ്യതയും ഒരു പരിധിവരെ സാമൂഹ്യപുരോഗതി കൈവരിക്കാൻ സഹായിച്ചിട്ടുണ്ട്. മുൻകാലത്ത് നിലവിലിരുന്ന ഉച്ചനീചത്വങ്ങൾ ഇല്ലാതായിട്ടുണ്ട്.

ഈ വിഭാഗത്തിന്റെ ഉയർച്ചക്കുവേണ്ടി സർക്കാർ നടപ്പിലാക്കിവരുന്ന പല പദ്ധതികളെക്കുറിച്ചും വേണ്ടത്ര അറിവില്ലായ്മ, പദ്ധതികളുടെ പ്രയാസമേറിയ നിബന്ധനകൾ എന്നിവയാൽ ഫലപ്രദമായി അവ ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. എന്നാൽ സർക്കാർ നൽകിവരുന്ന പലസൗജന്യങ്ങളും ഈ വിഭാഗത്തിന് ഭാഗികമായ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

അംഗീകരിക്കാത്ത കോളനികൾ അംഗീകരിച്ചുകിട്ടേണ്ടതുണ്ട്. മറ്റുനിരവധി പ്രശ്നങ്ങൾ പരിഹരിച്ചുകിട്ടേണ്ടതുണ്ട്.

വിദ്യാഭ്യാസം

പൊതുവെ നിരക്ഷരർ കുറവാണ്. വിദ്യാഭ്യാസരംഗത്ത് വേണ്ടത്രപുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. എസ്.എസ്.എൽ.സി. വരെ എത്തുന്നവർ ചുരുക്കം. കുടുംബബാധ്യത ഏറ്റെടുക്കേണ്ടിവരുന്നതും രക്ഷിതാക്കളുടെ ശ്രദ്ധക്കുറവും പ്രധാനകാരണം.

വിദ്യാഭ്യാസത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നതിന് വിദ്യാസമ്പന്നരായ ആളുകളെ ഉപയോഗപ്പെടുത്തി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതുണ്ട്. 96 - 97 ആധ്യായനവർഷത്തിൽ 980 പട്ടികജാതി വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. ഒരു പട്ടികവർഗ്ഗ വിദ്യാർത്ഥിയാണുളളത്. ഭൂരിഭാഗവും യു.പി. വിഭാഗത്തിൽവച്ചുതന്നെ പഠനം നിർത്തുന്നു.

തൊഴിൽ

ഭൂരിപക്ഷവും കാർഷികമേഖലയിൽ ജോലി ചെയ്യുന്നു. അടുത്തകാലത്ത് കാർഷികമേഖലയിൽ

വന്ന തകർച്ച, ഈ വിഭാഗത്തിന്റെ തൊഴിൽ നഷ്ടപ്പെടുത്തി. തൻമൂലം മറ്റുമേഖലകളിലേക്ക് പോവാൻ നിർബന്ധിതരായി. നിർമ്മാണരംഗത്ത് പലരും എത്തിച്ചേർന്നു. ഈ മേഖലയിൽ പുരുഷന് 125 രൂപയും സ്ത്രീക്ക് 65 രൂപയും കൂലി കിട്ടുന്നു. തൃപ്തികരമായ കൂലി ലഭിക്കുന്നതിനാൽ പുതിയ തലമുറ കാർഷികമേഖലയിൽനിന്നും മാറി സ്ത്രീകൾ മാത്രം ചെയ്തിരുന്ന 'നടീൽ' പരിപാടിക്ക് ആളെ കിട്ടാതായിട്ടുണ്ട്. ഭക്ഷ്യോൽപാദന വർദ്ധനവിന്റെ ആവശ്യകത കണക്കിലെടുത്ത് ഈ മേഖലയിലേക്ക് തൊഴിലാളികളെ ആകർഷിക്കേണ്ടതുണ്ട്.

പാർപ്പിടം

പാർപ്പിടപ്രശ്നം പൂർണ്ണമായും പരിഹരിക്കപ്പെട്ടിട്ടില്ല. ഒരു പരിധിവരെ സർക്കാർ ഏജൻസികൾ നടപ്പാക്കിവരുന്ന പദ്ധതികൾ സഹായകമായിട്ടുണ്ട്. അനുവദിച്ച വീടുകൾ തകർന്ന് റിപ്പേർ ചെയ്യേണ്ടതുണ്ട്. പരിമിതമായ സൗകര്യങ്ങളേ കോളനികളിൽ ഉള്ളൂ. ചെറ്റക്കുടിലുകളിൽ നിന്നും മോചനമായിട്ടുണ്ട്. വീടിന്റെ നിർമ്മാണത്തിന് അനുവദിക്കുന്ന തുകയുടെ അപര്യാപ്തതയും, നിബന്ധനകളുടെ നൂലാമാലയും മൂലം പൂർത്തിയാകാത്തവീടുകളും ഉണ്ട്. സ്ഥലമില്ലാത്തവർക്ക് സ്ഥലവും വീടുനിർമ്മാണത്തിനുള്ള ധനസഹായവും പുനരധിവാസപദ്ധതിപ്രകാരം അനുവദിച്ചുകൊടുത്താൽ മാത്രമേ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയുള്ളൂ. രണ്ടുകുടുംബങ്ങൾ താമസിക്കുന്ന ഗിരിജൻ കുടുംബങ്ങൾക്ക് പുതിയ പദ്ധതി ആവിഷ്കരിച്ച് പ്രത്യേക വീടുകൾ നിർമ്മിച്ചു കൊടുക്കേണ്ടതുണ്ട്.

പലകോളനികളിലും കക്കൂസ് ഇല്ല. ഉള്ളവർ അതുപയോഗിക്കുന്നില്ല. നിർബന്ധമായും ഓരോവീടിനും ഓരോ കക്കൂസ് അനുവദിക്കേണ്ടതുണ്ട്. അവ ഉപയോഗിക്കാനുള്ള ബോധവൽക്കരണം നടത്തേണ്ടതുണ്ട്. ഗ്രാമസഭകളിൽ പൊന്തിവന്ന ചർച്ചകളിൽ 400ലധികം കക്കൂസുകളും 250ഓളം വീടുകളും അനുവദിക്കേണ്ടതുണ്ട്.

പ്രശ്നങ്ങൾ

1. സ്വന്തമായി സ്ഥലമില്ലാത്തതിനാൽ പട്ടികജാതിക്കാർ കൂട്ടുകുടുംബമായി താമസിക്കുന്നു.
2. വീടുവെക്കാൻ പട്ടികജാതിക്കാരിൽ പലരും സ്വന്തമായി സ്ഥലമുള്ളവരോ സ്ഥലം വാങ്ങാൻ കഴിവുള്ളവരോ അല്ല.
3. ഉന്നതവിദ്യാഭ്യാസം നേടുന്നതിൽ വിമുഖരാണ്.
4. കാർഷികമേഖലയിൽ തൊഴിൽ ലഭ്യതകുറവായതിനാൽ തൊഴിലില്ലായ്മരൂക്ഷമാണ്.
5. ഹരിജനക്ഷേമപ്രവർത്തനങ്ങളെകുറിച്ച് ബോധവൻമാരല്ലാത്തതിനാൽ അർഹതപ്പെട്ടവതേടിയെടുക്കുന്നില്ല.
6. പട്ടികവർഗ്ഗം സാമൂഹികമായി ഇടപെടുന്നവരിൽ വിമുഖരാണ്.
7. 22 അംഗീകൃതകോളനികളുണ്ട്. 8 എണ്ണം അംഗീകരിക്കേണ്ടതുണ്ട്. അടിസ്ഥാനസൗകര്യങ്ങൾ

കോളനികളിലില്ല.

8. സ്ഥലം കൈവശമുള്ളവർക്ക് കൈവശസർട്ടിഫിക്കറ്റ് ഇല്ലാത്തതിനാൽ പദ്ധതികളുടെ സഹായം അനുഭവിക്കാൻ കഴിയുന്നില്ല.

9. കടക്കെണിയിൽ പെട്ടുപോകുന്നു.

സാധ്യതകൾ

വൈദ്യുതി

പഞ്ചായത്തിലെ വാടയിൽ, ഓട്ടുക്കല്ലുതൊടി എന്നീകോളനികളിൽ മാത്രമാണ് വൈദ്യുതി എത്തിയിട്ടുള്ളത്. മറ്റു കോളനികൾ വൈദ്യുതീകരിക്കാനുള്ള പദ്ധതികൾക്ക് രൂപം നൽകണം.

ഗതാഗതം

ഓട്ടക്കല്ലുതൊടി, പച്ചീരിവാക്കയിൽ, തോരക്കാട്ട്, ഇരുമ്പനോട്ടിൽ, മഠത്തൊടി തുടങ്ങിയ കോളനികളിലേക്ക് ലിങ്ക് റോഡുകൾ ആവശ്യമാണ്. അതുണ്ടാകേണ്ടതുണ്ട്.

കുടിവെള്ളം

കോളനികളിൽ കുടിവെള്ളപ്രശ്നം രൂക്ഷമാണ്. ഇതുപരിഹരിക്കാൻ പഞ്ചായത്ത്, ബ്ലോക്ക് എന്നീ ഏജൻസികൾ കിണറുകളും കുഴൽക്കിണറുകളും നിർമ്മിച്ചിരിക്കുന്നത് ചിലത് ഗുണകര മാണെങ്കിലും പലതും ഉപയോഗശൂന്യമാണ്. ഇതിനുപരിഹാരം കണ്ടേണ്ടതുണ്ട്.

ക്ഷേമപദ്ധതികളെക്കുറിച്ച് ബോധവൽക്കരണം നടത്തണം നിബന്ധനകൾ ലളിതമാക്കണം. മാനദണ്ഡങ്ങളിൽ കാര്യമായ മാറ്റം വരുത്തണം. എന്നാൽ മാത്രമേ ഈ വിഭാഗത്തിന് വായ്പകളും ധനസഹായങ്ങളും ഉപയോഗപ്പെടുത്തി തൊഴിൽ സംരംഭങ്ങളും മറ്റും ആരംഭിക്കാൻ കഴിയുകയുള്ളു. ഇത്തരം പദ്ധതികൾ ഗ്രാമ പഞ്ചായത്തുമുഖാന്തരം നടപ്പാക്കിയാൽ ഫലപ്രദമാക്കാൻ കഴിയും.

പട്ടികജാതി - പട്ടികവർഗ്ഗക്ഷേമം മുൻ നിർത്തി അടിയന്തിര ശ്രദ്ധപതിയേണ്ട ചില നിർദ്ദേശങ്ങൾ ഇവിടെ കൊടുക്കുന്നു.

1. കാർഷികമേഖല അഭിവൃദ്ധിപ്പെടുത്തി തൊഴിൽ സാധ്യതവർദ്ധിപ്പിക്കുക.
2. പായ നെയ്ത്ത്, വട്ടി, കൊട്ട, പരമ്പ് നിർമ്മാണം, വ്യവസായികാടിസ്ഥാനത്തിൽ സംഘടിപ്പിക്കുക.
3. പട്ടികജാതി സർവ്വീസ്സഹകരണസംഘം രൂപീകരിച്ച് കോളനികളിലെ പെൺകുട്ടികൾക്ക്

കൈത്തൊഴിൽ പരിശീലിപ്പിക്കുക. അതിന് എല്ലാവിധ സഹായവും നൽകുക.

4. കുടിവെള്ളപ്രശ്നം പരിഹരിക്കുക.

5. അഭ്യസ്തവിദ്യർക്ക് നല്കിവരുന്ന സഹായങ്ങൾ ഗ്രാമപഞ്ചായത്തുമുഖേന നടപ്പിലാക്കാൻ നടപടി സ്വീകരിക്കുക.

6. വ്യവസായ പരിശീലനം നൽകി ധനസഹായം അനുവദിക്കുകയും അത് വേണ്ടവിധം ഉപയോഗപ്പെടുത്തുന്നുണ്ടോ എന്ന് പരിശോധിക്കുകയും അധികാരം ഗ്രാമപഞ്ചായത്തിന് നൽകുകയും ചെയ്യുക.

7. ഭവനനിർമ്മാണസഹായധനം വർദ്ധിപ്പിക്കുക.

8. പദ്ധതികൾക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് പഞ്ചായത്ത് സമിതികളെ ചുമതലപ്പെടുത്തുകയും മേൽനോട്ടത്തിന് സംവിധാനം ഉണ്ടാക്കുകയും ചെയ്യുക.

9. വീടുപുതുക്കിപ്പണിയുന്നതിനും അറ്റകുറ്റപണികൾക്കും പലിശരഹിതവായ്പകൾ ലളിതമായ രീതിയിൽ നടപ്പാക്കുക.

പ്രസ്തുത നിർദ്ദേശങ്ങൾ ചർച്ചയുടെ അടിസ്ഥാനത്തിൽ മുൻഗണനാക്രമം നിശ്ചയിച്ച് നടപ്പാക്കിയാൽ നമ്മുടെ പഞ്ചായത്തിൽ പട്ടികജാതി - പട്ടികവർഗ്ഗക്ഷേമരംഗത്ത് കാര്യമായ അഭിവൃദ്ധിയുണ്ടാക്കാൻ കഴിയും. കാർഷികമേഖലയെ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം നല്ലൊരു ശതമാനം തൊഴിലാളികൾക്ക് തൊഴിൽ നൽകാൻ കഴിയും പുതിയ സാമൂഹ്യജീവിതാനുഭവങ്ങൾ ഈ വിഭാഗത്തിന് ആസ്വദിക്കാൻ കഴിയുന്നതോടൊപ്പം വികസനരംഗത്ത് സാക്ഷരത വളർന്നു വരാൻ കഴിയുകയും ചെയ്യും.

വിഭവ സമാഹരണം

ഭരണച്ചെലവുകൾ കൂടുതലും,വരുമാനം കുറവുമുള്ള നമ്മുടെ പഞ്ചായത്തിൽ വിഭവശേഖരണമേഖലകൾ വിരളമാണ്.പഞ്ചായത്തിലെ വിഭവശേഖരണത്തിന്റെ 20%ത്തോളം ലഭിച്ചുകൊണ്ടിരിക്കുന്ന കാർഷിക മേഖല ദൈനംദിനം മുരടിച്ചുകൊണ്ടിരിക്കുന്നു.കൃഷിനിലങ്ങൾ പുരയിടങ്ങളായി അനുദിനം മാറിക്കൊണ്ടിരിക്കുന്നു.ഉൽപാദനക്ഷമത അനുദിനം കുറഞ്ഞുകൊണ്ടിരിക്കുന്നു.കാർഷികോൽപാദനചിലവ് അനുദിനം വർദ്ധിക്കുകയും ചെയ്യുന്നു.ജലസേജനസൗകര്യങ്ങൾ വർദ്ധിപ്പിക്കുക,ആധുനിക യന്ത്രങ്ങളുടെ സഹായത്തോടെ കാർഷികരംഗത്ത് ഉൽപാദന ചിലവ് കുറച്ചുകൊണ്ട് വാഹിക,രാസവള ഉപഭോഗം ഉണ്ടാക്കുന്ന ദോഷഫലങ്ങൾ ഒഴിവാക്കി ജൈവവളപ്രയോഗത്തിന് പ്രാധാന്യം നൽകുക.കാർഷിക ഉൽപന്നങ്ങളുടെ വിപണന സൗകര്യം വർദ്ധിപ്പിക്കുക,കൃഷിക്കാവശ്യമായ ഉദാര വായ്പാ സമ്പ്രദായം ആവിഷ്കരിക്കുക,കാർഷിക മേഖലയുടെ ആവശ്യകതയെക്കുറിച്ച് ബോധവൽക്കരണ് നടത്തുക എന്നിവയിലൂടെയല്ലാതെ കാർഷിക രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കാനും,വിഭവസമാഹരണം വർദ്ധിപ്പിക്കാനും സാധിക്കുകയില്ല.

നമ്മുടെ ഗ്രാമം ഇന്ന് നേരിടുന്ന മറ്റൊരു പ്രശ്നം വ്യവസായികമേഖലയിലെ പിന്നോക്കാവസ്ഥയാണ്.പൊതുമേഖലയിൽ വൻകിടവ്യവസായമോ,ചെറുകിടവ്യവസായമോ ഇല്ലാത്ത ഈ പഞ്ചായത്തിൽ അംഗുലീ പരിമിതമായ ചെറുകിട സ്വകാര്യ വ്യവസായങ്ങൾ മാത്രമേയുള്ളൂ.വ്യവസായത്തിന്റെ അടിസ്ഥാന ആവശ്യങ്ങളിൽപ്പെട്ട വൈദ്യുതിയും,മൂലധനവും ,സാങ്കേതികജ്ഞാനവും ലഭ്യമാക്കിക്കൊണ്ടല്ലാതെ ഈ രംഗത്തുള്ള വർദ്ധനവിനും വിഭവ സമാഹരണത്തിനും സാധ്യമല്ല.കാർഷിക വ്യവസായിക മേഖലകളിൽ ഫലപ്രദമായി ഇടപെടാനുള്ള അധികാരം ഗ്രാമ പഞ്ചായത്തുകൾക്ക് നൽകിയാൽ ഒരു പരിധിവരെ ഈ മേഖലയിൽ മാറ്റങ്ങൾ വരുത്താം.ഗ്രാൻറുകൾ പിരിക്കുന്ന മേഖലയിൽ വെച്ച് തന്നെ പഞ്ചായത്തുകൾക്ക് കൈമാറാൻ നിയമനിർമാണം നടത്തണം സ്റ്റാമ്പ് ഡ്യൂട്ടി ഗ്രാൻറുകൾ,വെഹിക്കൾ ടാക്സസ് തുടങ്ങിയവ ഉദാഹരണമായി എടുത്താൽ ഒന്നും രണ്ടും വർഷം കഴിഞ്ഞാണ് ഈ ഗ്രാൻറുകൾ പഞ്ചായത്തുകളിൽ എത്തുന്നത്.ഇത് ഫണ്ടിന്റെ ദുരുപയോഗത്തിന് കാരണമാകുന്നു. ജനസംഖ്യ,ദാരിദ്ര്യരേഖക്കടിയിലെ ജനസംഖ്യ,പട്ടിക ജാതി ജനസംഖ്യ,സ്ത്രീകളുടെ എണ്ണം എന്നിങ്ങനെ ജനസംഖ്യാനുപാതികമായി മാത്രമേ ഗ്രാൻറുകൾ വിതരണം ചെയ്യാൻ പാടുള്ളൂ.ഗ്രാൻറുകളുടെ നീതിപൂർവ്വകമായ വിതരണത്തിന് ഇതാവശ്യമാണ്.

പഞ്ചായത്തിലെ 15% വരുന്ന കുടുംബങ്ങൾക്ക് ഗൾഫ് ജോലിയാണ് പ്രധാന വരുമാനമാർഗ്ഗം.ഇവരിൽതന്നെ ഉയർന്ന സാമ്പത്തിക നില കൈവരിച്ചവർ വളരെ കുറവാണ്.എന്നിരുന്നാലും ഫലപ്രദമായ ഇടപെടലിലൂടെ ഈ മേഖലയിൽ നിന്നും പണം സ്വരൂപിക്കാനും,പഞ്ചായത്തിന്റെ വികസനത്തിന് ഉതകുന്ന വ്യവസായങ്ങളിലേക്ക് തിരിച്ചുവിടാനും സാധിക്കും.

നമ്മുടെ പഞ്ചായത്തിൽ കച്ചവടസ്ഥാപനങ്ങളുടെ ലൈസൻസ് ഫീസായി കഴിഞ്ഞ വർഷം 4440 രൂപ 25 പൈസ ലഭിച്ചിട്ടുണ്ട്.പക്ഷെ മുഴുവൻ കച്ചവടക്കാരെയും നികുതി കൊടുക്കുന്നവരാക്കാൻ കഴിഞ്ഞിട്ടില്ല.ലോൺ വാങ്ങേണ്ട ആവശ്യം ഉള്ളപ്പോഴെ ഏതെങ്കിലും ആവശ്യങ്ങൾക്കായി പഞ്ചായത്തിൽ വരുമ്പോഴോ നികുതി കൊടുക്കുന്ന ഒരു സമ്പ്രദായമാണ് ഇപ്പോൾ ഉള്ളത്.

കാർഷികവും അല്ലാത്തതുമായ കൂലിപണികളിൽ ഏർപ്പെടുന്നവരാണ് നമ്മുടെ പഞ്ചായത്തിലെ 37% ഓളം വരുന്ന ആളുകൾ.ഈ മേഖലയിൽ നിന്നും കൂടുതൽ വിഭവ സമാഹരണം സാധ്യമല്ല.നിലവിലുള്ള നികുതികൾ യുക്തിസഹമാക്കുകയും പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ തങ്ങളുടേതായ പങ്കു വഹിക്കലാണ് നികുതി കൊടുക്കൽ വഴി ചെയ്യുന്നതെന്ന് ജനങ്ങളെ .ബോധിപ്പിക്കുകയും ചെയ്താൽ പഞ്ചായത്തിന്റെ വരുമാനം കൂട്ടാൻ കഴിയും. പഞ്ചായത്തിൽ നിലവിൽ വന്നിരിക്കുന്ന വാർഡ് വികസന സമിതികളും വാർഡ് പ്രതിനിധികളും കൂട്ടായി പരിശ്രമിച്ചുകൊണ്ട് നികുതി കൊടുക്കേണ്ടവരെല്ലാം നികുതി കൊടുക്കുന്ന ആദ്യത്തെ പഞ്ചായത്താകാൻ വെട്ടത്തൂരിനു കഴിഞ്ഞാൽ നമ്മുടെ വികസന പ്രവർത്തനങ്ങൾ വളരെ മെച്ചപ്പെട്ട രീതിയിൽ മുന്നേറും.

ഇങ്ങനെ നികുതിയായി തങ്ങളുടെ വരുമാനത്തിന്റെ ഒരു ചെറിയ ഭാഗം പഞ്ചായത്തിന് കൊടുക്കുവാൻ സാധ്യമാക്കുന്ന നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

1. വിലക്കയറ്റം ദുസ്സഹമായിരിക്കുന്ന ഈ കാലഘട്ടത്തിൽ നികുതി മറ്റൊരു ഭാരമാകരുത്.വരുമാനത്തിന്റെ ഒരു ചെറിയ ശതമാനമേ നികുതിയായി പാടുള്ളൂ.അങ്ങനെ ആകുമ്പോൾ എല്ലാവരും അതു കൊടുക്കുവാൻ താൽപര്യമുള്ളവരാകും.
2. വരുമാനമുള്ള മുഴുവൻ ആളുകളിൽ നിന്നും നികുതി വസൂലാക്കാൻ കഴിയും.
3. നികുതി കൊടുക്കുന്നതം വഴി തങ്ങളും പഞ്ചായത്തന്റെ വികസനപ്രവർത്തനങ്ങളിൽ പങ്കുചേരുകയാണെന്നണ ജനങ്ങലെ ബോധ്യപ്പെടുത്തണം.അതുകൊണ്ടുതന്നെ ചിലവിന്റെ കണക്കിൽ സുതാര്യത ഉണ്ടായിരിക്കണം.
4. നികുതി പിരിക്കാൻ ലേതൃത്വം കൊടുക്കാൻ വാർഡ് പ്രതിനിധികളും വാർഡ് വികസന സമിതികളും തയ്യാറാവണം.ഇതും ഒരു വികസന പ്രവർത്തനമണെന്ന് പഞ്ചായത്തിലെ ബഹുജനനേതാക്കൾക്കുണ്ടാവണം.
5. കണക്കുകൾ കൃത്യമായി സൂക്ഷിക്കാനും അതു ജനങ്ങളെ ബോധ്യപ്പെടുത്താനുള്ള . സംവിധാനം പഞ്ചായത്ത് ഓഫീസിൽ ഉണ്ടാകണം.

കെട്ടിട നികുതി

ഇപ്പോൾ കെട്ടിട നികുതി കണക്കാക്കുന്ന രീതി ശാസ്ത്രീയമായല്ല. നികുതി ചുമത്തുമ്പോൾ കെട്ടിടങ്ങളുടെ തറ വിസ്തീർണ്ണം മാത്രമല്ല ആഡംബരത്വവും വില കൂടുതലുള്ള സാമഗ്രികളുടെ

ഉപയോഗവും മാനദണ്ഡമാക്കണം.സ്ഥിരമായ ചുമരുകളുള്ള എല്ലാ കെട്ടിടങ്ങൾക്കും നികുതി ഏർപ്പെടുത്തണം.വീട് നിർമാണത്തിലെ അനാവശ്യ ധൂർത്ത് ഒഴിവാക്കാൻ നികുതി ഏർപെടുത്തമ്പോൾ സ്ലാബ് സമ്പ്രദായം ആവിഷ്ക്കരിക്കാവുന്നതാണ്.വീട് അസ്സസ്സ് ചെയ്തത് എങ്ങിനെയാണെന്ന് ഓരോ വീട്ടുടമസ്ഥനേയും ബോധ്യപ്പെടുത്താൻ ഉദ്യോഗഥൻമാർ തയ്യാറാവണം അഴിമതി കുറക്കാൻ ഒരു അസ്സസ്സ്മെൻറ് കമ്മറ്റി ഉചിതമായിരിക്കും.കാലപവക്കത്തിൻെറ അടിസ്ഥാനത്തിൽ നികുതി കുറക്കണമെന്ന നിർദ്ദേശം വരുമാനതോത് കുറക്കുമെന്നതിനാൽ ഇപ്പോൾ പ്രായോഗികമല്ല.
വീടുകളല്ലാത്ത കെട്ടിടങ്ങൾക്ക് വാടകയുടെ അടിസ്ഥാനത്തിൽ നികുതി ചുമത്തേണ്ടതാണ്.
നികുതി പിരിച്ചെടുക്കാനുള്ള സംവിധാനം ഒന്നുകൂടി ശക്തമാക്കേണ്ടതുണ്ട്.ഓരോ വാർഡിലും നികുതി പിരിക്കുന്ന ദിവസവും സ്ഥലവും സമയവും മുൻകൂട്ടി അവിടെയുള്ള അയൽകൂട്ട സമിതികളെ അറിയിക്കുക.അവരുടെ ഇടപെടലോടെയും സഹകരണത്തോടെയും നികുതി പിരിച്ചെടുക്കുന്നത് കൂടിശ്ശിക ഇല്ലാതാക്കാൻ സഹായിക്കും.

തൊഴിൽ നികുതി

പഞ്ചായത്തിലെ ഏതെങ്കിലും സർക്കാർ സ്ഥാപനങ്ങളിലും,എയ്ഡ്സ് സ്ക്കൂളിലും മറ്റു ജോലി ചെയ്യുന്നവരിൽ നിന്നു മാത്രമെ തൊഴിൽ നികുതി ലഭിക്കുന്നുള്ളു.ഇങ്ങനെയുള്ളവരെയല്ലാതെ തൊഴിൽ ചെയ്യുന്ന മുഴുവൻ പേരും തൊഴിൽ നികുതി നൽകേണ്ടതാണ്.തൊഴിലാളികളെ മുഴുവനും പഞ്ചായത്തടിസ്ഥാനത്തിൽ ഗ്രൂപ്പ് ഇൻഷൂറൻസ് സ്കീമിൻെറ കീഴിൽ കൊണ്ടുവരികയും അഗത്വമുള്ളവരിൽനിന്ന് തൊഴിൽ നികുതി വസൂലാക്കുകയും ചെയ്യാം.ഇത് കച്ചവടക്കാർക്കും നിർമ്മാണ തൊഴിലാളികൾക്കും മറ്റു തൊഴിലാളികൾക്കും ബാധകമാവുന്നതാണ്.

വിനോദനികുതി

സ്ക്കൂളുകളല്ലാതെ പൊതുസമ്മേളനങ്ങൾക്കോ വിവാഹ ആവശ്യങ്ങൾക്കോ യാതൊരുവാധ പൊതുസ്ഥലങ്ങളും നിലവിലില്ല.പഞ്ചായത്തിൽ ഒരു പഞ്ചായത്ത് ഓഡിറ്റോറിയം നിർമ്മിക്കുകയും ഒരു മിനി സ്റ്റേഡിയം നിർമ്മിച്ച് അതിൽ നടത്തുന്ന പരിപാടികൾക്ക് നികുതി ഏർപ്പെടുത്താവുന്നതാണ്.

മറ്റു ധനാഗമ മാർഗ്ഗങ്ങൾ

പഞ്ചായത്തിൽ പല സ്ഥലങ്ങളിലും കരിങ്കൽ ക്വാറികളും വെട്ടുകൽ ക്വാറികളും നടത്തുന്നുണ്ട്.ആ ക്വാറികളിൽ നിന്നുള്ള വരുമാനത്തിൽ നിന്ന് ചെറിയ തോതിൽ നികുതി ഈടാക്കാവുന്നതാണ്.

ബാങ്ക് ഫൈനാൻസിയേഴ്സ്

നമ്മുടെ പഞ്ചായത്തിൽ രണ്ട് സഹകരണ ബാങ്കുകളും സൗത്ത് മലബാർ ഗ്രമീണ ബാങ്കിൻെറ

ഒരു ശാഖയുമുണ്ട്. സ്വകാര്യ ഫൈനാൻസിയേഴ്സ് മിക്ക വാർഡിലും പ്രവർത്തിക്കുന്നു.നിക്ഷേപങ്ങളെ അപേക്ഷിച്ച് വായ്പകൾ കുറവാണെങ്കിലും നിക്ഷേപങ്ങളുടെ 60-70% വായ്പയായി കൊടുക്കുന്നു.വായ്പകൾ യഥാസമയം തിരിച്ചടവ് വരാത്തതുകൊണ്ട് ധനകാര്യസ്ഥാപനങ്ങൾ വായ്പക്കെടുക്കുവാൻ മടിക്കുന്നു.ജനങ്ങളിൽ ബോധം വളർത്തി ഇത് പരിഹരിക്കാവുന്നതാണ്.നമ്മുടെ പഞ്ചായത്തിൽ നിന്നും സമാഹരിക്കുന്ന നിക്ഷേപങ്ങളുടെ 80-90ശതമാനമെങ്കിലും പഞ്ചായത്തിൽതന്നെ വായ്പയായി കൊടുക്കേണ്ടതാണ്.പഞ്ചായത്തുകൾക്ക് വായ്പ എടുക്കുവാനുള്ള സാധ്യത പുതിയ പഞ്ചായത്ത്ആക്ടിലുണ്ട്.ഗ്രാമസഭകളോ,പഞ്ചായത്തോ അംഗീകരിക്കുന്ന പദ്ധതികൾക്ക് വായ്പ കൊടുക്കാൻ ബാങ്കുകൾ ബാധ്യസ്ഥരാവുന്ന വിധമം ഈ രംഗത്ത് ഉണ്ടാവേണ്ടിയിരിക്കുന്നു.

ചെലവുകൾ

വളരെ ദാരിദ്രമായ നമ്മുടെ പഞ്ചായത്തിലെ വിഭവങ്ങൾ ചെലവഴിക്കുന്നത് ഇതുവരെ തീരെ പ്രത്യുൽതാദനപരമല്ലാത്ത രീതിയിലായിരുന്നു.

പൊതുമരാമത്തിൽ 55% ഭരണ ചിലവുകൾക്ക് 28%ഉം വിദ്യാഭ്യാസം,സാമൂഹ്യക്ഷേമം എന്നിവക്ക് 2%ഉം വീതമാണ് പഞ്ചായത്ത് ഫണ്ട് ചിലവഴിച്ചത്.ഇതിൽ പൊതുമരാമത്തിന് ചിലവഴിച്ചത് പഞ്ചായത്ത് റോഡുകളുടെ റിപ്പയർ ജോലിക്കായിരുന്നു.10,000-ക വീതം ചിലവഴിച്ചുകൊണ്ടുള്ള റിപ്പയർ വർക്ക് ഏതാണ്ട് എല്ലാ വാർഡ്ിലും നടത്തിയിട്ടുണ്ട്.പഴയ റോഡിൽ ഇട്ട മണ്ണു മുഴുവൻ മഴക്കാലത്ത് ഒലിച്ചുപോയി.റോഡ് വീണ്ടും പഴയ സ്ഥിതിയിലാവുകയും ചെയ്യുന്നു.ഇത്തരത്തിലുള്ള താത്കാലിക റിപ്പയർ വർക്കുകൾ ഒരു ഗുണവും ചെയ്യുന്നില്ല എന്നു മാത്രമല്ല, പഞ്ചായത്തിന്റെ ഫണ്ട് പാഴായിപ്പോവുന്നതിന് കാരണമാകുകയും ചെയ്യുന്നു.പഞ്ചായത്തിന്റെ വിഭവ ചോർച്ച തടയുന്നതിന് റോഡ് സംരക്ഷണം അനിവാര്യമാണെന്ന് കാണാം.പഞ്ചായത്തിലെ മണ്ണ് റോഡുകൾ സംരക്ഷിക്കേണ്ടതിന്റെ ഉത്തരവാദിത്വം ആ റോഡുകൾക്കിരുവശവുമുള്ള അയൽകൂട്ടങ്ങൾക്കായിരിക്കണം. മഴക്കാലം തുടങ്ങുന്നതിനു മുമ്പേ റോഡുകളിലുള്ള അരിച്ചാലുകൾ സന്നദ്ധപ്രവർത്തനം വഴി ഉണ്ടാക്കണം.വെള്ളം ഒലിച്ചുപോവാൻ ചാലുകളില്ലാത്തതുകാരണമാണ് റോഡുകൾ തോടുകളായി മാറുന്നത്.

ഭൂനികുതി

ഭൂനികുതി ചിലതത്വങ്ങൾ അടിസ്ഥാനമാക്കി നിർണായിക്കുന്നതിനും അത് പിരിച്ചെടുക്കുന്നതിനും പഞ്ചായത്തുകളെ ഏല്പിക്കാം. ഇപ്പോൾ നിലവിലുള്ള നിരക്കു വളരെ കുറവാണ്. ഏക്കറിന് 20.കയാണ് നിലവിൽ. ഭൂമിയുടെ തരമനുസരിച്ച് നിരക്കിൽ വ്യത്യാസം വരുത്താം. തരിശയാട്ടിരിക്കുന്ന പുരയിടത്തിനും പരമാവധിനിരക്കും വയലുകൾക്ക് ഏറ്റവും കുറവുമാകണം. നികുതിയിൽ പറഞ്ഞ സമീപനം സ്വീകരിക്കാവുന്നതാണ്. ഒരു വർഷത്തിൽത്തന്നെവ്യത്യസ്ത സമയങ്ങളിലാവണം നികുതി പിരിക്കേണ്ടത്. ജനങ്ങൾക്ക് ബുദ്ധിമുട്ട് പരമാവധികുറക്കാൻ ഇത് സഹായകമാകും.

ഷോപ്പിങ്ങ് കോംപ്ലക്സ്

വെട്ടത്തൂരിൽ പളളിക്കുത്തു ഷോപ്പിങ്ങ് കോപ്ലക്സിന്റെ മുകളിലെ നിലയിലെ ഹാൾഷട്ടറിട്ട് റൂമുകളാക്കിയാൽ പഞ്ചായത്തിലേക്ക് വരുമാനം കൂടും. വെട്ടത്തൂരിലും, കാപ്പിലും പളളിക്കുത്തും ഓരോടാക്സിസ്റ്റാൻറ് നിർമ്മിക്കുകയും ചെയ്യേണ്ടതുണ്ട്. പഞ്ചായത്തിന് വരുമാനം വർദ്ധിക്കുന്നതിനു പുറമേ റോഡ് സൈഡിൽ പാർക്കു ചെയ്യുന്ന വാഹനങ്ങൾക്ക് പാർക്കിങ്ങ് സൗകര്യമുണ്ടാവുകയും ചെയ്യും.

ഗ്രാമചന്ത, മത്സ്യമാർക്കറ്റ്

പളളിക്കൂത്ത് ഗ്രാമചന്തവിപുലമാക്കുകയും വെട്ടത്തൂരിൽ ഒരു ഗ്രാമചന്തയും മത്സ്യമാർക്കറ്റും തുടങ്ങുകയും ചെയ്യുന്നതിനുളള നിർദ്ദേശങ്ങൾ ഗ്രാമസഭ റിപ്പോർട്ടുകളിൽ ഉണ്ട്. ഇവയും പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കും. പച്ചക്കറി, കൃഷി, അഭിവൃദ്ധിപ്പെടുകയാണെങ്കിൽ ഒരു ആഴ്ച ചന്ത ആരംഭിക്കാവുന്നതാണ്. ഗ്രാമീണർക്ക് ഇടത്തട്ടുകാരുടെ സഹായമില്ലാതെ അവരുടെ ഉൽപന്നങ്ങൾ വില്ക്കുവാനും അത്യാവശ്യം വേണ്ട സാധനങ്ങൾ വാങ്ങുവാനും കഴിയും.

ടൂറിസം

നമ്മുടെ പഞ്ചായത്ത് ടൂറിസത്തിനും സാധ്യതകളുണ്ട്. പൂങ്കാവനം, റിസർവോയറിന് സമീപം പാർക്ക് നിർമ്മിക്കാവുന്നതാണ്.

കച്ചവടലൈസൻസ്

കച്ചവടം തുടങ്ങുന്നതിനുള്ള ലൈസൻസ് ഫീ വർദ്ധിപ്പിച്ചിട്ടുണ്ട് നമ്മുടെ പഞ്ചായത്തിൽ ഇതു ശരിയാകും വിധം പിരിച്ചെടുക്കുന്നില്ല. ഇത് കൃത്യമായി പിരിച്ചെടുക്കുന്നതിന് വാർഡ് തോറും കച്ചവടക്കാരുടെ കണക്ക് ശേഖരിക്കുകയും ലൈസൻസ് ഫീ പിരിച്ചെടുക്കുകയും വേണം.

നാഷ്ണൽസേവിങ്ങ്സ്കീം

ഓരോ പഞ്ചായത്തിൽ നിന്നും പിരിച്ചെടുക്കുന്ന ഇന്ദിരാവികാസ് പത്രയുടെ 15 മുതൽ 25% വരെ ആ പഞ്ചായത്തിന്തന്നെ കിട്ടുന്ന ഒരു വ്യവസ്ഥ ഇന്നുണ്ട്. അതിനാൽ പഞ്ചായത്ത് ഭരണസമിതിയും അയൽക്കൂട്ടങ്ങളും ഉൾപ്പെടുത്തിക്കൊണ്ട് പഞ്ചായത്തിൽ നിന്നും പരമാവധി സമ്പാദ്യനിക്ഷേപം (മഹിളാ പ്രധാൻ ഏജൻറ് മുഖേന)ഉണ്ടാക്കിയാൽ പഞ്ചായത്തിന് വരുമാനമാകും.

മനുഷ്യാധ്വാനം

നമ്മുടെ പഞ്ചായത്തിലെ ഏറ്റവും പ്രധാനമായ വിഭവം മനുഷ്യവിഭവം തന്നെയാണ്. എല്ലാ ഗ്രാമ സഭാ റിപ്പോർട്ടുകളിലും മനുഷ്യാധ്വാനം വികസനപ്രവർത്തനങ്ങൾക്ക് സംഭാവന ചെയ്യാനുള്ള പ്രഖ്യാപനങ്ങൾ ഉണ്ടായിട്ടുണ്ട്. ജാതിമതകക്ഷി ചിന്തകൾക്കതീതമായി സ്വന്തം നാടിൻെറ വികസനത്തിന് തൻെറ അദ്ധ്വാനം സംഭാവന നൽകുക എന്നത് വളരെ മഹത്തായ ഒരാശയമാണ്.

പഞ്ചായത്തിലെ ചെറിയറോഡുകൾ മഴക്കാലം വരുന്നതിനുമുമ്പ് അരിച്ചാലുകൾ ഉണ്ടാക്കി മഴക്കാലത്ത് റോഡ് ചീത്തയാവാതെ സൂക്ഷിക്കാൻ ആ റോഡ് ഉപയോഗിക്കുന്നവരും ഇരുവശം താമസിക്കുന്നവരും മനസ്സുവെച്ചാൽ മതി. പഞ്ചായത്തിൻെറ സഹായം വേണ്ടിടത്ത് അത് സ്വീകരിക്കുകയും ആവാം.

പഞ്ചായത്തിലെ വിദ്യാഭ്യാനിലവാരം ഉയർത്താൻ സ്കൂൾ പരിസരഅയൽക്കൂട്ട സമിതികളിലെ എസ്.എസ്.എൽ.സി. പാസ്സായകുട്ടികളെ ഉപയോഗപ്പെടുത്തി പ്രവർത്തിച്ചാൽ മതിയാകും.

എല്ലാബഹുജനസംഘടനകൾക്കും സ്വാധീനമുള്ള പഞ്ചായത്താണ് നമ്മുടേത്. അതുകൊണ്ടുതന്നെ ബഹുജന സംഘടനകളുടെ ഇടപെടൽ ഈ മേഖലയിൽ വമ്പിച്ച മാറ്റങ്ങൾ ഉണ്ടാക്കും.

മുകളിൽ എഴുതിയത് മനുഷ്യാധ്വാനം, വികസനപ്രവർത്തനങ്ങൾക്ക് മുതൽക്കൂട്ടാവുന്ന ചില മേഖലകൾ മാത്രമാണ്. ഗ്രാമസഭകളിലെ റിപ്പോർട്ടുകളിൽ എല്ലാവിധ വികസന മേഖലകളിലും മനഷ്യാധ്വാനം സംഭാവന നൽകാമെന്ന വാഗ്ദാനങ്ങളുണ്ട്.

ഉപസംഹാരം

ഒമ്പതാം പദ്ധതി ജനകീയ പദ്ധതിയാക്കി രൂപം നൽകുന്നതിനുള്ള ജനകീയ ചർച്ചകളും, ജന മുന്നേറ്റവും കേരളത്തെ വീണ്ടും ശ്രദ്ധേയമാക്കിയിരിക്കുന്നു. പുതിയവികസന സംസ്ക്കാരം കരുപ്പിടിപ്പിക്കുന്നതിലും, ആസൂത്രണപ്രക്രിയക്ക് ഒരു പുതിയ മാനം നൽകുന്നതിലും, ചെറുതല്ലാത്ത പങ്ക് നിർവഹിക്കാൻ നമ്മുക്കു കഴിഞ്ഞിട്ടുണ്ട്.

സാമ്പത്തിക ഉൽപ്പാദനമേഖലകളിൽ കാര്യമായ വളർച്ച നേടാൻ കഴിഞ്ഞില്ലെങ്കിലും മെച്ചപ്പെട്ട ജീവിതഗുണമേൻമ ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടുള്ള ഒരു സംസ്ഥാനമാണ് നമ്മുടേത്. സമ്പത്തിന്റെ നീതി പൂർവ്വമായ വിതരണം നമ്മുടെ വികസന പ്രക്രിയയുടെ എടുത്തുകാണിക്കാവുന്ന നേട്ടങ്ങളിൽ ഒന്നത്ര. സാമൂഹ്യനീതിക്കുവേണ്ടിയുള്ള നിരവധി ജനമുന്നേറ്റങ്ങൾ, അവ ഉയർത്തിയ സാമൂഹ്യ സമ്മർദ്ധം എന്നിവ ഈ നേട്ടത്തിനുപിന്നിലുള്ള മുഖ്യധാരയായികാണാനാവും, സാമൂഹ്യമായ ഈ നേട്ടങ്ങൾ നിലനിർത്താനും വളർത്താനും ശക്തമായ ജനകീയ ഇടപെടലുകളിലൂടെ മാത്രമേ കഴിയൂ.

ജനകീയ ആസൂത്രണപ്രസ്ഥാനത്തിന്റെ ഭാഗമാവുന്നതോടെ ദേശാഭിമാനപ്രചോദിതമായ ഒരു സാമൂഹ്യ ഉത്തരവാദിത്തം നിറവേറ്റുകയാണ് നാം ചെയ്യുന്നത്. ഇതാവട്ടെ കേരളത്തിൽ സാമൂഹ്യപരിഷ്കരണപോരാട്ടങ്ങളുടെ തുടർച്ചയാണുതാനും.

ദ്രുതഗതിയിലുള്ള സാമ്പത്തിക വളർച്ച ലക്ഷ്യമാക്കി കൃഷി, ചെറുകിടവ്യവസായം, മത്സ്യബന്ധനം, മൃഗപരിപാലനം തുടങ്ങിയ അടിസ്ഥാനമേഖലകളിലെ ഉൽപ്പാദനവും ഉൽപ്പാദന ക്ഷമതയും വർദ്ധിപ്പിക്കാനുള്ള കർമ്മപരിപാടികൾ, വിദ്യാഭ്യാസം, ആരോഗ്യം, തുടങ്ങിയ സേവനമേഖലകളിലെ ഗുണനിലവാരം ഉറപ്പിക്കുന്നതിനുള്ള പ്രാദേശികമായ ജനകീയ ഇടപെടലുകൾ, എന്നിവയാണ് ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന്റെ രണ്ടു മുഖ്യധാരകൾ

ബഹുപൂരിപക്ഷത്തിന്റെ ആവശ്യങ്ങൾ നിറവേറ്റാൻ പര്യാപ്തമല്ല നിലവിലുള്ള സമീപനം. വികസനത്തിന്റെ മൂന്നുപാധികളായ ദ്രുതഗതിയിലുള്ള സാമ്പത്തിക വളർച്ച തുടർനിലനിൽപ്പ് നീതിപൂർവ്വമായ വിതരണം എന്നിവകൂടി കണക്കിലെടുക്കുമ്പോൾ നിലവിലുള്ള വികസനം അശാസ്ത്രീയമാണെന്ന് കാണാൻ കഴിയും. റോഡും പാലങ്ങളും കെട്ടിടവുമാണ് വികസനമെന്ന കാഴ്ചപ്പാട് ഒട്ടൊക്കെ ജനങ്ങളിൽ രൂഢമൂലമായിട്ടുണ്ടുതാനും.

ഉപ്പുതൊട്ടുകർപ്പൂരംവരെയുള്ള എല്ലാ സാധനങ്ങൾക്കും, അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ട അവസ്ഥയിലാണ് നാം. ഭക്ഷ്യാവശ്യത്തിനുള്ള അരിയുടെ 20%ത്തോളം മാത്രമെ ഇവിടെ ഉൽപ്പാദിപ്പിക്കപ്പെടുന്നുള്ളൂ എന്നത് നാം ഗൗരവമായി കാണണം. തമിഴ്നാട്ടിൽ നിന്നും വരുന്ന പച്ചക്കറിയേയും മറ്റു വിഭവങ്ങളേയും ആശ്രയിച്ചുകൊണ്ടുള്ള ഭക്ഷ്യരീതി ഏറെക്കാലമൊന്നും

നമ്മുക്കുതുടരാനാവില്ല.

അഭ്യസ്ത വാദ്യരായ സംഘടിതതൊഴിൽശേഷിയെ ക്രിയാത്മകമായി ഉപയോഗപ്പെടുത്താൻ കഴിയാത്ത അവസ്ഥഭീതിജനകമായി തന്നെതുടരുന്നു പണിയെടുക്കാൻ കഴിയുന്ന 40 ലക്ഷത്തിലേറെ തൊഴിൽ രഹിതരായ ചെറുപ്പക്കാരുടെ അദ്ധ്വാനശേഷിയെ ഉൽപ്പാദനമേഖലകളുമായി ബന്ധപ്പെടുത്തികൊണ്ടുള്ള ഒരു സമീപനം ഉണ്ടാക്കിയെടുത്തുകൊണ്ടല്ലാതെ രൂക്ഷമായ തൊഴിലില്ലായ്മക്ക് പരിഹാരം കാണാനാവില്ല.

സാമൂഹ്യസേവനമേഖലകളായ ആരോഗ്യ - വിദ്യാഭ്യാസരംഗങ്ങളിൽ ജനകീയ ഇടപെടൽ വളർത്തികൊണ്ടുവരാനും, ഗുണനിലവാരം ഉറപ്പുവരുത്താനുമുള്ള തനതുമാതൃകകൾ പ്രാദേശികമായി ഉണ്ടാക്കിയെടുക്കേണ്ടതുണ്ട്. സേവനതുറകളിൽ നാം നേടിയിട്ടുള്ള നേട്ടങ്ങൾക്ക് സാമ്പത്തിക വളർച്ചയുടെ പിൻ ബലമോ, തുടർ നിലനില്പ്പോ ഇല്ല എന്നത് കേരളത്തിന്റെ വികസനരംഗത്ത് പ്രതി സന്ധിയുളവാക്കിയിട്ടുണ്ട്. അന്യരാജ്യങ്ങളിൽ പണിയെടുക്കുന്ന നമ്മുടെ സഹോദരൻമാർ നേടിതരുന്ന വിദേശനാണ്യമാണ്. ഈ പ്രതിസന്ധിയുടെ രൂക്ഷത കുറക്കുന്നതെന്നസത്യം കാണാതിരുന്നുകൂട. ഗൾഫ്പണത്തിന്റെ നല്ലൊരുഭാഗം ആഡംബരവസ്തുക്കൾ വാങ്ങാനും കെട്ടിടനിർമ്മാണത്തിനുമായാണ് വിനിയോഗിക്കുന്നത്. വരുമാനത്തിന്റെ ഈ ഒഴുക്ക് ഉൽപ്പാദനമേഖലകളിലേക്ക് തിരിച്ചുവിടാൻ ആവുന്നില്ലെന്നുമാത്രമല്ല, ആഡംബരത്തിലും സുഖലോലുപതയിലും പൊങ്ങച്ചത്തിലും ഊന്നിയ ഉപഭോഗസംസ്കാരത്തിലേക്ക് നമ്മെ നയിക്കുകയും ചെയ്യുന്നു.

വികസന പ്രവർത്തനങ്ങളുടെയെല്ലാം ഗുണഭോക്താക്കളായ ജനങ്ങളെ വിശ്വാസത്തിലെടുത്തു കൊണ്ട് അവരുടെ മുൻകൈയ്യോടെ പദ്ധതി ആസൂത്രണവും നടത്തിപ്പും എന്ന പുതിയ വികസന കാഴ്ചപ്പാട് പ്രസ്ക്തമാവുന്നത് ഈ പസ്ചാത്തലത്തിലാണ്. പഡ്ചായത്ത് രാജ് നിയമത്തിന്റെ ഭാഗമായ തദ്ദേശഭരണസമിതികളുടെ നേതൃത്വത്തിൽ നടക്കുന്ന സമഗ്രവികസനത്തിനായുള്ള ജനകീയമുന്നേറ്റമാണ് ഒമ്പതാംപദ്ധതിയെ ശ്രദ്ധേയമാക്കുന്നത്.

ഭരണഘടനാപിൻബലമുള്ള തദ്ദേശഭരണസ്ഥാപനങ്ങൾ ഗ്രാമസഭകൾ എന്നിവയുടെ രൂപീകരണത്തോടെ വികേന്ദ്രീകൃത വികസനം വീണ്ടും സജ്ജീവമായ ചർച്ചാവിഷയമായിരിക്കുന്നു. ഒമ്പതാംപദ്ധതിയുടെ അടങ്കലിന്റെ 35 - 40 ശതമാനത്തോളം വരുന്ന തുക (5920 കോടി രൂപ) തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ തയ്യാറാക്കുന്ന വികസനപ്രവർത്തനങ്ങൾക്കായി ചിലവഴിക്കപ്പെടണമെന്ന സംസ്ഥാനാസൂത്രണബോർഡിന്റെയും സർക്കാറിന്റെയും തീരുമാനം പ്രതീക്ഷക്കുവകനൽകുന്നു.

ഗ്രാമസങ്കളിലെ ചർച്ചകളിലൂടെ ഉരുത്തിരിഞ്ഞ വികസനപ്രശ്നങ്ങൾ വീണ്ടും നാം കൂട്ടായ പരിശോധനക്കുവിധേയമാക്കാൻ പോവുകയാണ്. ഗ്രാമസഭകളിൽ പങ്കെടുക്കാനും വികസന

പ്രശ്നങ്ങൾ ചർച്ച ചെയ്യാനും ജനങ്ങൾ കാണിച്ച താൽപ്പര്യം ശുഭോർദർക്കമാണ്. ഇതാവട്ടെഒമ്പതാം പദ്ധതിയുടെ സമീപനം ജനങ്ങളിൽ ഉണ്ടാക്കിയിട്ടുള്ള ആത്മവിശ്വാസത്തിൻെറകൂടി പ്രതിഫലനമാണ്.

എല്ലാ പ്രശ്നങ്ങൾക്കും ഒറ്റയടിക്ക് പരിഹാരം കാണാനാവില്ല. അതുകൊണ്ടുതന്നെ ആസൂത്രണം അനിവാര്യമാകുന്നു. ലഭ്യമായ വിഭവങ്ങൾ പരമാവധി ആളുകൾക്ക് ഏറെക്കാലത്തേക്ക് പ്രയോജനപ്രദമായ രീതിയിൽ വിനിയോഗിക്കപ്പെടണം. വിവിധസംഘടിതപ്രസ്ഥാനങ്ങൾക്കു കീഴിൽ അണിനിരന്നിട്ടുള്ള സാമാന്യജനങ്ങളെ വികസന രാഷ്ട്രീയത്തിൻെറ മുദ്രാവാക്യത്തിനു കീഴിൽ അണിനിരത്താൻ കഴിയണം. പാഴായി പോവുന്ന യുവജനങ്ങളുടെ അദ്ധ്വാനശേഷിയെ വികസന പ്രവർത്തനങ്ങൾക്ക് ഉപയുക്തമാക്കാനാവുന്ന കർമ്മപരിപാടികൾക്ക് രൂപം നൽകണം.

ആസൂത്രണവും പദ്ധതിനടത്തിപ്പും പൂർണ്ണമായും ജനകീയ ഇടപെടലിന് വിധേയമാവണം. അതിനാവശ്യമായ ജനകീയ ഇച്ഛാശക്തി വളർത്തി എടുക്കുക എന്ന ശ്രമകരമായ ദൗത്യം ഏറ്റെടുക്കാൻ ഈ ആശയം സ്വാംശീകരിച്ചനമുക്കേകഴിയൂ. ചരിത്രപരമായ ഈനിയോഗം ഏറ്റെടുക്കാൻ സ്വയം സജ്ജരാവുകയും മറ്റുള്ളവരെ സജ്ജരാക്കുകയും ചെയ്യുക എന്നതാണ് നമ്മുടെ മുമ്പിലുള്ള അടിയന്തിര കടമ. കക്ഷിരാഷ്ട്രീയത്തിന്നതീതമായി ഗ്രാമത്തിൻെറ സർവ്വതോത്മുഖമായ വികസനം ലക്ഷ്യമാക്കുന്ന യഥാർത്ഥ 'ജനകീയരാഷ്ട്രീയം' ജനങ്ങളുടേയും ജനകീയപ്രസ്ഥാനങ്ങളുടെയും ദൈനംദിന പ്രവർത്തനങ്ങളുടെ ഭാഗമായി മാറണം. ഇതിലൂടെ വികസനത്തിൻെറ പുതിയ വാതായനങ്ങൾ വെട്ടി തുറക്കാനും പ്രതി ബദ്ധങ്ങളെ മറികടക്കാനും നമുക്കു കഴിയണം.

ഇതിനാവശ്യമായ വ്യാപകമായ സംവാദങ്ങൾ, ചർച്ചകൾ എന്നിവ നടക്കേണ്ടതുണ്ട് പഞ്ചായത്തിൻെറ 'വികസന രേഖ'യെ മുൻനിർത്തി നടക്കുന്ന ചർച്ചയിലൂടെ വികസന പ്രശ്നങ്ങൾ വിശകലനം ചെയ്യാനും പരിഹാര നിർദ്ദേശങ്ങൾ രൂപപ്പെടുത്തിയെടുക്കാനും നമുക്കു കഴിയണം അതിനായി ഈ വികസന രേഖ വെട്ടത്തൂർ ഗ്രാമപഞ്ചായത്ത് വികസന സെമിനാറിനു മുമ്പാകെ സമർപ്പിക്കുന്നു.

അഭിവാദനങ്ങളോടെ

കെ.മുഹമ്മദ് എന്ന മമ്മു
പ്രസിഡൻറ്
വെട്ടത്തൂർ ഗ്രാമപഞ്ചായത്ത്.

With best Compliments from The Pattikkad Service Co - operative Bank L.T.D.
Po.Pattikkad. Malappuram DT.

Working Capital	:	440 Lakhs
Share Capital	:	15 "
Deposits	:	420 "
Loans and Advances	:	334 "

Linder take all kinds of Banking Business at Attractive rate of interest on deposits.
"Make the hay while the Sun Shines" Deposit with us for your better future

P.Radha
Secretary

P.Abdul hameed
President.

ആശംസകളോടെ,

സെൻട്രൽസ്റ്റോഴ്സ്
ശാന്തപുരം.

Foot Print Shoe & Chappals
ശാന്തപുരം.

Prop. K.V. Mohammed Akbar. Ph : 326743

ആശംസകളോടെ,

ടോപ്പ് ഹോം ഫർണീച്ചർ
പട്ടിക്കാട് – ചുങ്കം. Ph : 327744

ആശംസകളോടെ,

വെട്ടത്തൂർ സർവ്വീസ് സഹകരണബാങ്ക്
നമ്പർ. എം. 397
Po. വെട്ടത്തൂർ. മലപ്പുറംജില്ല
Pin. 679326. Ph : 45110

നിങ്ങളുടെ ഭാവിഭാസുരമാക്കാൻ ഞങ്ങളെ സമീപിക്കൂ.
ആകർഷകമായ പലിശനിരക്കിൽ ഞങ്ങൾ ഡെപ്പോസിറ്റുകൾ സ്വീകരിക്കുന്നു.
"പ്രാദേശികവികസനം സഹകരണത്തിലൂടെ!

P.രത്നകുമാരി
സെക്രട്ടറി

T.N. ഉണ്ണീൻ
പ്രസിഡൻറ്

വിശ്വസ്തസേവനത്തിന്റെ രണ്ടുദശാബ്ദങ്ങൾ

സന്തോഷ് ട്രാവൽ സർവ്വീസ്

പെരിന്തൽമണ്ണ

IATA APPLICANT

ഫോൺ : ഓഫീസ് : 327495, 327160 റെസി : 326295

1. ഇന്ത്യാ ഗവൺമെൻറിന്റെ വിദേശകാര്യവകുപ്പിന്റെയും തൊഴിൽവകുപ്പിന്റെയും സംയുക്താംഗീകാരം.
2. ഇൻറർനാഷണൽ എയർട്രാൻസ്പോർട്ട് അസോസിയേഷൻ അംഗീകാരം
3. യാത്രാസേവനരംഗത്ത് രണ്ടു ദശാബ്ദങ്ങളുടെ സേവനപാരമ്പര്യം.

രുചികരമായ ബേക്കറിവിഭവങ്ങൾക്ക്

പുഞ്ചിരി ബേക്കറി & കൂൾബാർ

HMK. കോപ്ലക്സ്, പെരിന്തൽമണ്ണ.

ആശംസകൾ!

ആശംസകളോടെ,

Electro Sales & Services

Perintalmanna.

Prop. K.V. Rasheed, Ph : 327956, Resi : 327954.

ആശംസകളോടെ,

കിഡ്ഡീസ് മിഠായികൾ

ചുങ്കം – പട്ടിക്കാട്.

Ph : 327192 (Resi)

POABSON GRANATES PVT LTD.

THELAKKAD PO, PERINTALMANNA, MALAPPURAM DT.

PH: OFF: 04933-45189, RESI: 327832

Mfrs. of 20MM, 12MM, 6MM METALS,

ROAD SANDS FOR CONCREETING & PLASTERING


AUTOMATIC LOADING, BULK ORDERS ACCEPTED

DELIVERY AT REQUIRED SITE

Glory Pmna

4305

KERALA INSTITUTE OF L
THRIS



പെൺ തനിമയ്ക്ക്
പൊന്നണിയിക്കാം

മഞ്ഞിലാസ്

പെരിന്തൽമണ്ണയിലും ചരിത്ര ഗാഥയ്ക്ക് തുടക്കം കുറിക്കുവാനെത്തിയിരിക്കുന്നു.
തൃശ്ശൂരിലെ സാംസ്കാരിക പാരമ്പര്യത്തിന്റെ ഹൃദയ ചൈതന്യവുമായി,
പൊന്നണിഞ്ഞ പുലരിക്കു തുല്യമായി, വൈവിദ്ധ്യത്തിന്റെ കവിതയെഴും
സ്വർണശേഖരവുമായി ഞങ്ങൾ എത്തിയിരിക്കുന്നു.



സമുജ്ജ്വല പാരമ്പര്യം,
കുലീനമാർന്ന സുവർണ സംരംഭം!





മഞ്ഞിലാസ്

ജ്വല്ലറി

ഊട്ടി റോഡ്, പെരിന്തൽമണ്ണ ✆ 326977

ശാഖകൾ – പേരാമ്പ്ര, ബാലുശ്ശേരി, താമരശ്ശേരി,
നിലമ്പൂർ, എടക്കര, കോട്ടക്കൽ